


കവർ ചിത്രം: ഇൻർനെറ്റ്

# സംഘടിത

സംഘടിത/ നവംബർ 2020/വോള്യം 20/ലക്കം 1


സിനിമ ഞങ്ങളുടെയും തൊഴിലിടമാണ് 7
**രേവതി സമ്പത്ത്**

"എങ്ങനെയെങ്കിലും" ഒരു ശരാശരി മലയാളി ഫിലിംമേക്കറുടെ മുദ്രാവാക്യം 11
**ഉമ കുമരപുരം**

എന്റെ ജലമേ... 15
കവിത /**ആതിര.ആർ**

മുഖം മൂട്, അവര് കാണണ്ട 16
**ദിവ്യ ഗോപിനാഥ്**

ബാല്യം കടക്കുന്ന ഡബ്ള്യുസിസി 21
**ആശ ആച്ചി ജോസഫ്**

തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ ഭരണഘടനാപരമായ ഉത്തരവാദിത്വം 24
**ആശ**

നീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ 28
**ബീന പോൾ**

സ്ത്രീവിരുദ്ധതയിൽ നിന്നും പുറത്തുകടക്കേണ്ട സിനിമാ തൊഴിൽ 33
**ദിയ സന**

നീതിയുടെ പ്രക്രിയ ഇനിയും അകലെയാണ് ! 36
പെൺപക്ഷം/**അജിത കെ.**

ഇവിടെ പുരുഷനും സ്ത്രീക്കും രണ്ടു നീതി 37
**ബെറ്റി ലൂയിസ്**

പുനർജ്ജന്മം 36
കവിത/**വിജയലക്ഷ്മി**

തൊഴിലിടത്തിലെ ലിംഗനീതി 38
**പി.ഇ.ഉഷ**

അണിയറയിലെ അദൃശ്യ ശരീരങ്ങൾ 41
**നസീമ നസ്റീൻ**

സംഘടിക്കുക, പ്രതിരോധിക്കുക 44
**വിജി പെൺകൂട്ട്**

വാസ്തവം 46
**ഡോ.ജാൻസി ജോസ്**

സ്ത്രീകൾക്ക് സ്വന്തമാകേണ്ട ഭൂമികകൾ 47
**ജയശ്രീ. ഏ. കെ**

തൊഴിലുമായി ബന്ധപ്പെട്ട ഏതു സ്ഥലവും തൊഴിലിടം ആണ് 54
**പ്രീത കെ.കെ.**

**ബിമലയെ വീണ്ടും കാണുമ്പോൾ**
വഴിത്താരകൾ/ജാനകി 58

വാളയാർ കേസ് പുനരന്വേഷണം വേണം 60
ഉപ്പും മുളകും/**പി.ഗീത**

സ്ത്രീ സൗഹൃദപരമായ സിനിമ മേഖല 61
**മിനി മോഹൻ**

അന്താരാഷ്ട്ര ബഹിരാകാശ നിലയം- 64
ശാസ്ത്രം/**സീമാ ശ്രീലയം**

വികാരങ്ങളുടെ കളിയൂഞ്ഞാൽ 66
കഥ/**വത്സല നിലമ്പൂർ**




**ഫോട്ടോ ഫീച്ചർ** : ചരിത്രത്തിൽ ഇടം നഷ്ടപ്പെട്ട ചലച്ചിത്ര പ്രവർത്തകർ

**എഡിറ്റർ:**ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ:**കെ.അജിത **ഗസ്റ്റ് എഡിറ്റർ:** ദീദി, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, അഡ്വ.കെ.കെ.പ്രീത, ഡോ. ഷീബ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ഡോ. സോണിയ ജോർജ്. അമീറ വി.യു, ഡോ.ഷർമ്മിള.ആർ, ഗാർഗി ഹരിതകം, ഡോ.മുത്തുലക്ഷ്മി കെ., ശ്രീജിത **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** : സുവിജ.കെ, **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

എത്രയും വേദനയോടെയും നിരാശയോടെയുമാണ് ഒക്ടോബർ മാസം കടന്നുപോയത്. വാളയാറിലെ പെൺകുട്ടികൾക്ക് നീതി ലഭിച്ചില്ല എന്ന സത്യം നമ്മുടെ പ്രതീക്ഷകളെ വല്ലാതെ കെടുത്തുന്നതായിരുന്നു. അന്വേഷണത്തിലെ ഗുരുതരമായ വീഴ്ചകൾ, തെളിവ് നശിപ്പിക്കൽ തുടങ്ങി നീതി സാധ്യതകളെ അടച്ചു കളയുന്ന നടപടികൾ ഏറെയുണ്ടായി. ഭരണകൂടത്തിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയുടെ കുറവ് രൂക്ഷമായി അനുഭവപ്പെട്ട സന്ദർഭം കൂടിയായി ഇത് മാറി. ശക്തമായ പ്രതിഷേധങ്ങൾ ഉണ്ടാവുമ്പോഴും അത് എളുപ്പം അവഗണിക്കാവുന്നതാണെന്ന സൂചന ഒരു ഭരണകൂടത്തിന്റെ ജനാധിപത്യബോധത്തെ പ്രതിക്കൂട്ടിൽ നിർത്താൻ പോന്നതാണ്.

ലൈംഗികാതിക്രമങ്ങൾക്ക് ഇരയാവുന്നവർ കടന്നുപോകുന്ന അതിഭീകര മാനസിക – ശാരീരിക അവസ്ഥകൾ അതനുഭവിക്കാത്തവർക്ക് മനസ്സിലായെന്ന് വരില്ല. പക്ഷേ ഇരയോടൊപ്പം നിൽക്കാനും അതിജീവനത്തിന്റെ  കൈത്താങ്ങാവാനും അനുതാപവും രാഷ്ട്രീയ ബോധവും മാത്രമാണ് ആവശ്യം. അതില്ലാതെ അതിക്രമങ്ങൾക്ക് കാരണം ഇര തന്നെയെന്നും  ഇരയാക്കപ്പെട്ടാൽ മരണമല്ലാതെ മറ്റൊരു മാർഗ്ഗവും മുന്നിലില്ല എന്നും വിളിച്ചു പറയുന്നത് കടുത്ത ഹിംസയും സ്ത്രീവിരുദ്ധതയുമാണ്. ഈ പ്രതികരണം കേരളത്തിലെ സമുന്നത നേതാവായ മുല്ലപ്പള്ളി രാമചന്ദ്രനിൽ നിന്നുമാകുമ്പോൾ പ്രശ്നം ഏറെ ഗുരുതരമാകുന്നു. നേതൃസ്ഥാനം ഏതു നീച നിലപാടുകളും  വിളിച്ചുപറയാനുള്ള അവസരമാകുന്നതിനോടും ഇക്കൂട്ടർക്ക് ശിക്ഷയേതുമില്ലാതെ  രക്ഷപ്പെടാൻ സാധിക്കുന്നതിനോടും കഠിനമായി പ്രതിഷേധിക്കുന്നു.

രാഷ്ട്രീയപ്രവർത്തനങ്ങളുടെ നേരും നെറിയും തീരുമാനിക്കപ്പെടുന്നതിന്റെ ഭാഗമായി സ്ത്രീപക്ഷചിന്തകൾ ഉൾക്കൊള്ളപ്പെടാറുണ്ടോ? നവംബർ ഒന്ന് കേരളപ്പിറവി ദിനമായി ആചരിക്കപ്പെടുമ്പോൾ  സംസ്ഥാനമൊട്ടാകെ ഒരു പ്രതിഷേധ ദിനം കൂടിയാവുകയാണ് ഈ ദിവസം . സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾക്കും ദലിത് ആദിവാസി മുസ്‌ലിം ലിംഗലൈംഗികസ്വത്വ  പീഡനങ്ങൾക്കുമെതിരെ പ്രതിഷേധജ്വാല ഉയരുന്ന ദിവസമാവും അത്. ഒരു ചങ്ങലയുടെ യഥാർത്ഥ ശക്തി അതിന്റെ ഏറ്റവും ദുർബലമായ കണ്ണിയെ മുൻനിർത്തിയാണ് അളക്കേണ്ടതെന്ന പ്രമാണം ഇവിടെ ശരിവെക്കപ്പെടുന്നു. ഈ സർക്കാറിന്റെ നേതൃത്വത്തിൽ പല മേഖലകളിലും ഏറെ പുരോഗമനപരമായ പദ്ധതികളും  നടപടികളും ഉണ്ടാവുമ്പോഴും സ്ത്രീ വിരുദ്ധതകളെ കാര്യക്ഷമമായി നേരിടാനുള്ള കരുത്തും ലക്ഷ്യബോധവും ആശങ്കാജനകമാം വിധം പിറകിലാണെന്ന് കാണുന്നു. മേൽ സൂചിപ്പിച്ച കോൺഗ്രസ്സ് നേതാവ് പറഞ്ഞതിനോടുള്ള ഔദ്യോഗിക പ്രതികരണം പോലും ഇതിന് ഉദാഹരണമാണ്.

സാമ്പത്തിക സംവരണത്തെക്കുറിച്ചുള്ള സർക്കാർ മുൻതീരുമാനം ജാതി എന്നത് വെറുമൊരു വർഗ്ഗാനുഭവം മാത്രമാക്കി ചുരുക്കിക്കളഞ്ഞു. ഈ പരിപ്രേക്ഷ്യം ജാതിവ്യവസ്ഥ എന്ന അധികാരശ്രേണിയിൽ നൂറ്റാണ്ടുകളായി നിലനിന്ന സ്വാധീനങ്ങളുടെ (പ്രിവിലേജ്) സാന്നിധ്യം തീരെ അവഗണിച്ചു കളഞ്ഞു. ചരിത്രപരമായ  അനുഭവങ്ങളുടെ നിഷേധമായി ഇത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന് അവലോകന കണക്കുകൾ തെളിയിക്കുകയും ചെയ്യുന്നു. ജാതി എന്ന സംവർഗ്ഗം അതിന്റെ തന്നെ യാഥാർത്ഥ്യങ്ങളിൽ മനസ്സിലാക്കപ്പെട്ട് അഭിമുഖീകരിക്കപ്പെടേണ്ടതാണ്. സർക്കാർ പദ്ധതികളിലും നിയമന ഉത്തരവുകളിലും ഇത് ഫലപ്രദമായി പ്രതിഫലിക്കുന്നതിലാവണം ജനാധിപത്യ സാമൂഹ്യനിർമ്മിതിയുടെ അടിസ്ഥാനവും.

മാതൃഭാഷയ്ക്ക് വേണ്ടിയുള്ള പ്രചാരണം ഏറ്റവും ശക്തമായ രീതിയിൽ ഏറ്റെടുക്കപ്പെട്ട കാലം ആണല്ലോ ഇത്. ഭാഷയെ പരിപോഷിപ്പിക്കാനും ഭരണഭാഷയായി മാറ്റാനും 'തനത് ' എന്ന ഭാഷാസ്വത്വബോധത്തെ ദൃഢപ്പെടുത്താനും ഒരു പ്രസ്ഥാനം തന്നെ രൂപപ്പെടേണ്ടി വന്നു. അധിനിവേശ ആശയങ്ങൾ  ഭാഷയിലൂടെ സംസ്ക്കാരത്തെ കീഴടുക്കുന്നതിൽ നിന്നുമുള്ള വിടുതി ഭാഷയ്ക്കുമപ്പുറമുള്ള ഒരു രാഷ്ട്രീയ പ്രശ്നമാണ്. ഈ കരുത്ത് അധിനിവേശാനന്തര സമൂഹങ്ങളിലെ എല്ലാ ഭാഷാ പ്രസ്ഥാനങ്ങളിലും കാണാം. എന്നാൽ ഭാഷയുടെ രാഷ്ട്രീയത്തിന്റെ സൂക്ഷ്മവശങ്ങൾ കൂടി ചർച്ചയ്ക്ക് വിധേയമാകേണ്ടതുണ്ട്. ദലിതർ ഇംഗ്ലീഷിലൂടെ പുരോഗമനം നേടുന്നതിനെക്കുറിച്ചുള്ള വ്യവഹാരങ്ങളും (ഇംഗ്ലീഷിങ്ങ് ദലിത് സ് ) , ആദിവാസികൾ മലയാള ഭാഷയുടെ സമ്മർദ്ദങ്ങളിൽ സ്വന്തമായ അനേകം ഭാഷകളിൽ നിന്നും അകന്നുപോകേണ്ടി വരുന്ന യാഥാർത്ഥ്യങ്ങളും എല്ലാം പരിഗണിക്കപ്പെടുന്ന ഒരു ജൈവചർച്ച ഇതോടനുബന്ധിച്ച് നടക്കേണ്ടതുണ്ട് എന്നാണ് അഭിപ്രായം.

സിനിമാലോകം പൊതുവിൽ ആണുങ്ങളുടെയും ആണത്തത്തിന്റെയും മേഖലയായാണ്  അനുഭവപ്പെട്ടു വന്നിട്ടുള്ളത്. ചലച്ചിത്ര സംവിധാനം  ഒരു തൊഴിൽ പോലും ആയിരുന്നില്ലാത്ത കാലത്ത് 1896ൽ 'ദ് കേബേജ് ഫെയ്റി' എന്ന ആദ്യ ചലച്ചിത്രം സംവിധാനം ചെയ്ത ഏലിസ് ഗീ ബ്ലാഷേ യെ  പിൻതള്ളി 1915 ൽ  'ബർത്ത് ഒഫ് എ നേഷൻ ' എന്ന സിനിമ സംവിധാനം ചെയ്ത ഡേവിഡ് വാർക്ക് ഗ്രിഫിത്തിനെയാണ് ഹോളിവുഡ് സിനിമയുടെ പിതാവായി അവരോധിച്ചിട്ടുള്ളത്.ഇത്തരം ആൺലോക കാഴ്ചകൾ മാത്രമേ നമ്മുടെ ചരിത്രത്തിൽ ഉള്ളൂ. ഒന്നേകാൽ നൂറ്റാണ്ട് മുമ്പ്  ഫ്രാൻസിൽ ഏലീസ് കൊളുത്തിയ തീനാളം ഈ കാലമത്ര കഴിഞ്ഞിട്ടും ആളിക്കത്തിയിട്ടില്ല. അത്രമേൽ തടസ്സങ്ങളും പിന്തിരിപ്പിക്കലുകളും അവഗണനകളും നിറഞ്ഞതായി തുടരുകയാണ് സ്ത്രീകൾക്കിന്നും സിനിമ എന്ന തൊഴിൽരംഗം. എന്നാൽ കുറച്ചു കാലങ്ങളായി ലോകത്താകമാനം സ്ത്രീകൾ ഇതിനെതിരെ സംഘടിച്ചു ശക്തരാവുന്നതും ശബ്ദമുയർത്തുന്നതും ഏറെ പ്രതീക്ഷകൾക്ക് വക നൽകുന്നു. ഒറ്റപ്പെട്ടു പോകുന്ന, പക പോക്കലുകൾക്ക് മുന്നിൽ തൊഴിൽ പോലും നഷ്ടമാവുന്ന പ്രതിരോധങ്ങളാണെന്നറിഞ്ഞിട്ടും സിനിമ എന്ന തൊഴിൽ രംഗം സ്ത്രീകൾക്ക് കൂടി അവകാശപ്പെട്ടതാക്കാൻ നടക്കുന്ന പ്രയത്നങ്ങളെ അവലോകനം ചെയ്യുകയാണ് ദീദി ദാമോദരൻ അതിഥി പത്രാധിപയായ നവംബർ മാസം സംഘടിത . വായനയ്ക്കും പിൻബലത്തിനുമായി സമർപ്പിക്കുന്നു.

■

## അതിഥിപത്രാധിപക്കുറിപ്പ്



ദീദി

# ലിംഗനീതി പുലരാത്ത തൊഴിലിടം

**തൊ**ഴിലിടത്ത് വച്ച് നിഷ്ഠൂരമായി ആക്രമിപ്പെട്ടിട്ടും ഇരയായിരിയ്ക്കാൻ വിസമ്മതിച്ച ഒരു നടി നിശബ്ദതയുടെ നീണ്ട ചരിത്രം അട്ടിമറിച്ച ദിവസമാണ് . അവൾ നീതിന്യായ സംവിധാനത്തിന് മുമ്പാകെ നൽകിയ മൊഴി നാളിതുവരെയും ആരാലും തിരുത്തി എഴുതാൻ ഇടവന്നിട്ടില്ല .

മലയാള സിനിമ എന്ന തൊഴിലിടത്തിൽ ഈ ഒച്ച വയ്ക്കലുണ്ടാക്കിയ ഭൂകമ്പം ചെറുതല്ല . അതിന്റെ തുടർച്ചയാണ് മലയാള സിനിമയിലെ പ്രതിരോധ കൂട്ടായ്മയായ ഡബ്ല്യു. സി.സി. ( വിമൻ ഇൻ സിനിമാ കലക്ടീവ് ). തുടർന്ന് 2017 മെയ് 18 ന് സിനിമയിൽ ലിംഗനീതി ഉറപ്പു വരുത്തണമെന്നാവശ്യപ്പെട്ട് സബ്ല്യു.സി.സി. മുഖ്യമന്ത്രിക്ക് നേരിട്ട് നൽകിയ പരാതിക്ക് ഉടൻ ഫലവുമുണ്ടായി. 2017 ജൂലൈ ഒന്നിന് 90 വർഷത്തെ ചരിത്രത്തിൽ ആദ്യമായി മലയാള സിനിമയിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് ഹേമ അധ്യക്ഷയായി ഒരു കമ്മീഷൻ നിലവിൽ വന്നു. ദേശീയ അവാർഡ് ജേതാവും മലയാളത്തിന്റെ പ്രിയനടി ശാരദയും ഐ.എ.എസ്. ഉദ്യോഗസ്ഥയായ കെ.ബി. വത്സലകുമാരിയും അടങ്ങുന്ന മൂന്നംഗ സമിതിയെയാണ് സർക്കാർ ഇതിന് നിയോഗിച്ചത് . വൻ തുക ചിലവിട്ട് രണ്ടര വർഷക്കാലം കൊണ്ട് നടത്തിയ പഠനങ്ങൾക്കും അന്വേഷണങ്ങൾക്കും ശേഷം 2019 ഡിസംബർ 31 ന് ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയതു . എന്നാൽ കഴിഞ്ഞ പത്തു മാസക്കാലമായി ഇതിന്മേൽ ഒരു തീരുമാനമുണ്ടായിട്ടില്ല. അതിനി ഇരുളിലാകാതെ മുന്നോട്ടു കൊണ്ടു പോകേണ്ട ഉത്തരവാദിത്വം കേരളത്തിലെ സ്ത്രീ സമൂഹത്തിനുണ്ട് , പൊതു സമൂഹത്തിനുണ്ട്.

' മലയാളസിനിമ എന്ന തൊഴിലിടം' എന്ന സംഘടിതയുടെ ഈയൊരു ലക്കം എഡിറ്റ് ചെയ്യാൻ എനിക്ക് പ്രേരകശക്തിയായത് പെൺധീരതകൾ പകർന്നു നൽകുന്ന കരുത്താണ്. കൃത്യമായി പറഞ്ഞാൽ 2014 മാർച്ച് 9 നാണ് സംഘടിതയുടെ എഡിറ്റോറിയൽ ബോർഡിൽ അവസാനമായി എന്റെ പേരച്ചടിച്ചു വരുന്നത് . അതിൽ പിന്നെ ആറ് വർഷം പിന്നിട്ടു. ആരും തളർന്നു പോയിട്ടില്ല. പോരാട്ടത്തിന്റെ പുതിയവഴികളിൽ ഇക്കാലത്ത് രൂപം കൊണ്ട ഡബ്ല്യു.സി.സി.ക്കൊപ്പം നടന്നതിന്റെ അനുഭവങ്ങൾ കൂടിയാണ് ഇവിടെ സമാഹരിക്കുന്നത്.

മലയാളസിനിമ എന്ന തൊഴിലിടത്തിന്റെ പെൺചരിത്രം തുടങ്ങുന്നത് 1928 ൽ ആദ്യനായിക പി.കെ. റോസിയെ അഞ്ചു രൂപ ദിവസക്കൂലിക്ക് അഭിനയിക്കാൻ കരാറാക്കുന്നിടത്താണ് . പ്രതിദിനം 500 രൂപക്ക് മുബൈയിൽ നിന്നും കൊണ്ടുവന്ന നായിക സൗകര്യങ്ങൾ പോരാത്തതിനാൽ തിരിച്ചു പോയപ്പോൾ ഉണ്ടായ പ്രതിസന്ധി തീർക്കാനാണ് അഞ്ചു രൂപക്ക് നാട്ടിൽ നിന്നു തന്നെ ഒരു നടിയെ കരാറാക്കുന്നത് . എന്നാൽ ഒരു ദളിത് സ്ത്രീ ഒരു ഉന്നതകുലജാതയുടെ വേഷമണിഞ്ഞ് വെള്ളിത്തിരയിലെത്തിയതിൽ രോഷാകുലരായ ആൺകാണിക്കൂട്ടത്തിന്റെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ ആ നായികക്ക് ജന്മനാടുവിട്ടോടേണ്ടി വന്നു. റോസിയുടെ ഒച്ചവയ്ക്കൽ നാം കേട്ടിട്ടില്ല. എന്നാൽ നിശബ്ദമാക്കപ്പെട്ട ഒട്ടേറെ നിലവിളികൾ നിറഞ്ഞ ആ തൊഴിലിടത്തിന്റെ ദുരവസ്ഥകൾ ഇന്നും മാറ്റമില്ലാതെ തുടരുന്നു . നവോത്ഥാനകേരളത്തിന്റെ നാണക്കേടായിട്ട്.

റോസിക്ക് ലഭിക്കാതെ പോയ നീതിയിൽ നിന്നേ നമുക്ക് തുടങ്ങാനാവൂ . അന്ന് നിയമങ്ങളില്ലായിരുന്നു. എന്നാൽ ഇന്ന് നിയമങ്ങളുണ്ടായിട്ടും സിനിമയിലെ സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വരുന്ന വിവേചനങ്ങൾക്ക് അറുതിയുണ്ടാകുന്നില്ല . ഇന്ന് നിയമങ്ങളുണ്ട്, എന്നിട്ടും നീതിയില്ല. ലിംഗവിവേചനങ്ങളെക്കുറിച്ച് ഉച്ചരിക്കുന്നത് പോലും ഇവിടെ അസാധ്യമാണ് . തുറന്നു പറയുക എന്നാൽ നിലനില്പ് തന്നെ അപകടപ്പെടുത്തുക എന്നാണർത്ഥം.

2017 ൽ നടിക്ക് നേരെ നടന്ന ആക്രമണത്തിലൂടെ തുറന്നുകാട്ടപ്പെട്ടത് സുപ്രീം കോടതി നിർദ്ദേശിച്ച തൊഴിൽ നിയമം അംഗീകരിക്കാനും നടപ്പിലാക്കാനും വിസമ്മതിച്ചു നിൽക്കുന്ന ഒരു തൊഴിലിടത്തിന്റെ സ്ത്രീവിരുദ്ധതയും മനുഷ്യത്വഹീനതയുമാണ് . നമ്മുടെ വിനോദ വ്യവസായത്തിന്റെ വികൃതമുഖമാണത് .

ഇരുപതിൽ കൂടുതൽ പേർ പണിയെടുക്കുന്ന ഏത് തൊഴിലിടത്തിലും ലിംഗസുരക്ഷ ഉറപ്പു വരുത്താൻ അനിവാര്യമായും ഉണ്ടായിരിക്കേണ്ട നിയമപരമായ ബാധ്യതയാണ് ഒരു അഭ്യന്തര പരാതി പരിഹാര സമിതി . 90 വയസ്സ് പിന്നിട്ടിട്ട മലയാള സിനിമയിൽ അത് ഇതുവരെയും ഉണ്ടായിട്ടില്ല. അത് നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട സിനിമയിലെ നിർമ്മാണ സംഘടനാ സംവിധാനങ്ങൾ പുറം തിരിഞ്ഞു നിൽക്കുകയാണ്.

മാത്രമല്ല നിയമം പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ ഉത്തരവാദപ്പെട്ട സർക്കാർ സംവിധാനങ്ങളും ഈ അന്യായം കണ്ടില്ലെന്നു നടിയ്ക്കുന്നു .

നിയമത്തെക്കുറിച്ചുള്ള അജ്ഞത ഒരു കാരണവശാലും നിയമപരമായ ബാധ്യതകൾ നിറവേറ്റേണ്ട ഉത്തരവാദിത്വത്തിൽ നിന്നും ഒരു സംഘടനാ സംവിധാനത്തെയും സ്വതന്ത്രമാക്കുന്നില്ല. തൊഴിലിടത്തെ അത് സ്ത്രീ സൗഹാർദ്ദപരമല്ലാതാക്കുന്നു . അലിഖിതവും ചൂഷണോന്മുഖവുമായ ആണധികാരത്തിന് ആധിപത്യത്തിൽ തുടരാൻ അവസരമൊരുക്കുന്നു . അത് പൊളിച്ചെഴുതാതെ സിനിമയിലെ സ്ത്രീയ്ക്ക് ഇനി മുന്നോട്ട് പോകാനേ കഴിയില്ല.

തൊഴിൽ അവസാനിക്കുന്നിടത്താണല്ലോ ജീവിതം തുടങ്ങുന്നത് . അവസാനിക്കാത്ത തൊഴിൽ എട്ടു മണിക്കൂർ ജോലി, എട്ടു മണിക്കൂർ വിനോദം , എട്ടു മണിക്കൂർ വിശ്രമം എന്ന സ്വപ്നത്തെ ഉണർത്തി . തൊഴിലിടങ്ങളെ കുറച്ചൊന്നുമല്ല അത് സമരാത്മകമാക്കിയത് . എണ്ണമറ്റ ബലികളുണ്ടായി അതിന്റെ പേരിൽ. ഓരോ നേട്ടത്തിനും പണിയെടുക്കുന്ന തൊഴിലാളി വർഗ്ഗം വലിയ വില കൊടുക്കേണ്ടി വന്നിട്ടുണ്ട്. ഒരു സ്വാതന്ത്ര്യവും വെറുതെ കിട്ടിയതല്ല. നീണ്ട അവകാശ പോരാട്ടങ്ങളിലൂടെ നേടിയെടുക്കപ്പെട്ടതാണ് . എന്നാൽ ഈ പരിണാമത്തിൽ സവിശേഷ ശ്രദ്ധ കിട്ടാതെ പോയ ഒരു മേഖലയാണ് സ്ത്രീകളുടെ അവകാശങ്ങൾ . ലിംഗസമത്വവും തുല്യജോലിക്ക് തുല്യവേതനവും സ്ത്രീയുടെ മൗലീകാവകാശമാണെന്ന വസ്തുതയോട് സിനിമയടക്കമുള്ള തൊഴിലിടങ്ങൾ നിഷേധാത്മകമായ നിലപാടാണെടുത്തത് . അതിനി മാറിയേ തീരൂ.മാററിയേ തീരൂ.



പുരുഷന് എടുക്കേണ്ടി വരുന്നതിന്റെ എത്രയോ ഇരട്ടി ഭാരം ചുമന്നാണ് ഏതൊരു സ്ത്രീയ്ക്കും സിനിമയിലൊരു ഇടമുണ്ടാക്കാൻ ഓടേണ്ടി വരുന്നത്. ആണത്തം ഏല്പിക്കുന്ന ഭാരം അതിലൊന്നാണ്. തീരുമാനമെടുക്കപ്പെടുന്ന ഇടങ്ങളൊക്കെ നിയന്ത്രിക്കപ്പെടുന്നത് പുരുഷാധികാരത്തിന്റെ പ്രത്യയശാസ്ത്രവക്താക്കളാണ്. അതാണ് മാറ്റമില്ലാതെ തുടരുന്നത് . അതാണ് ഈ തൊഴിലിടത്തെ വിവേചന പൂർണ്ണമാക്കുന്നതും. എൺപതുകളുടെ മധ്യത്തിലാണ് പെണ്ണുണർച്ചകളുടെ വിളി കേട്ട് ഞാനടക്കമുള്ള തലമുറ ഫെമിനിസത്തിന്റെ പതാക കയ്യിലേന്തിയത്. സ്ത്രീകളുടെതായ സംഘടനാ സംവിധാനങ്ങൾ അന്ന് രൂപം കൊള്ളുന്നതേയുള്ളൂ . മാനുഷിയും ബോധനയുമൊക്കെ ഉയിർ കൊണ്ട കാലമാണത് . 1990 ഡിസംബറിൽ നാലാമത് അന്താരാഷ്ട്ര സ്ത്രീ വിമോചന സംഘടനകളുടെ സമ്മേളനം കോഴിക്കോട്ട് ദേവഗിരി കോളേജിൽ ചേരുമ്പോൾ ഒന്നല്ല പല തരം പെൺകൂട്ടായ്മകളുടെ വസന്തം ഞാൻ നേരിട്ടനുഭവിച്ചിട്ടുണ്ട്. അതിന്റെ ബഹുസ്വരത ഹൃദയത്തിൽ ഏറ്റുവാങ്ങിയിട്ടുണ്ട് . ഈ ഫെമിനിസ്റ്റ് കൂട്ടായ്മ പകരുന്ന ഊർജ്ജമാണ് മൂന്നര പതിറ്റാണ്ട് പിന്നിട്ട് ഡബ്ല്യു. സി.സി. ക്കൊപ്പം നിന്ന് പോരാടുമ്പോഴും അനുഭവിക്കാനാകുന്നത് .

സിനിമ എനിക്ക് സിദ്ധാന്തം മാത്രമല്ല. തൊണ്ണൂറുകളുടെ തുടക്കം മുതൽ ഫിലിം ഫെസ്റ്റിവലുകളിലൂടെയും 2004 മുതൽ സിനിമ എന്ന തൊഴിലിടത്തിനുള്ളിലൂടെയുമുള്ള യാത്രയാണ്. അത് എന്നെ പഠിപ്പിച്ചത് സിനിമ എന്ന ആണിടത്തിൽ പോരാടി നിൽക്കാനാണ്. അവിടെ താഴ്ത്താതെ വയ്ക്കേണ്ടത് പെണ്ണിന്റെ ആത്മാഭിമാനത്തിന്റെ കൊടിക്കൂറയാണ്.

നീണ്ട മുറവിളികൾക്കൊടുവിലാണ് 1998 ൽ സിനിമ ഒരു വ്യവസായമായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടത് . 2013 മുതൽ തൊഴിലിടങ്ങളിലെ ലിംഗവിവേചനം തടയാൻ ഇവിടെ നിയമമുണ്ടായി. എന്നാൽ സിനിമയിലെ തൊഴിലിടങ്ങളിൽ ലിംഗനീതി മാത്രം പുലർന്നില്ല. അതിന് ഇനിയുമെത്രയോ അഴിച്ചുപണികൾ ഇവിടുത്തെ ആണത്തങ്ങളിലും അവരുടെ കാഴ്ചപ്പാടുകളിലും ഉണ്ടാകേണ്ടതുണ്ട്.

സംഘടിതയുടെ ഈ ലക്കം സിനിമ എന്ന തൊഴിലിടം മുന്നോട്ടു വയ്ക്കുന്ന ഒട്ടേറെ പ്രശ്നങ്ങളുടെയും പ്രതിസന്ധികളുടെയും ഒരു നഖചിത്രം അവതരിപ്പിക്കുകയാണ്. കാഴ്ചപ്പാടുകളിലും തീരുമാനങ്ങളിലും വരാനിരിക്കുന്ന മാറ്റങ്ങളുടെ ഒരു മുന്നോടി മാത്രമാണിത്.

പൊതുജനങ്ങളുടെ നികുതിപ്പണം കൊണ്ട് ഉണ്ടായ ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്ത്രീ സൗഹാർദ്ദപരമായ നയങ്ങളും നടപടികളുമുണ്ടാകണം . ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളുടെ തുടർച്ചകളും അവയുടെ തുടർചലനങ്ങളും സമൂഹത്തിലുണ്ടാകുമ്പോൾ മാത്രമേ അത്തരമൊരു മാറ്റം സാധ്യമാകൂ. ഈ ലക്കം സംഘടിത അതിനായി സമർപ്പിക്കുന്നു.

തിരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്. അതിൽ മുങ്ങിപ്പോകരുത് ലിംഗനീതിയുടെ വിഷയങ്ങൾ. നമുക്കും വേണം നമ്മുടെ മുദ്രാവാക്യങ്ങൾ. നാം നമ്മുടെ പോരാട്ടം അടിയറവ് വയ്ക്കുന്ന പ്രശ്നമില്ല. അത് മുന്നോട്ട് കൊണ്ട് പോവുക തന്നെ ചെയ്യും . ഒരു സ്ത്രീയും സ്വന്തം തൊഴിലിടത്തിലും വീട്ടകത്തിലും പൊതു ഇടത്തിലും ആക്രമിക്കപ്പെടാത്ത കാലം വരും വരെ നമുക്ക് വിശ്രമമില്ല.

*( ഫെമിനിസ്റ്റ് , തിരക്കഥാകൃത്ത് . നിരവധി സ്ത്രീ /ചലച്ചിത്ര പഠനഗ്രന്ഥങ്ങളുടെ കർത്താവ് , കോളേജ് അധ്യാപിക.)*



**രേവതി സമ്പത്ത്**

നടിയും തിയേറ്റർ ആർട്ടിസ്റ്റും ആക്ടിവിസ്റ്റും. നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ നേടിയ 'വാഫ്റ്റ്' എന്ന ഹ്രസ്വചിത്രത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടു. റാമോജി ഫിലിം സിറ്റി ഹൈദരാബാദിന്റെ മിസ് ഇൻഡിവുഡ് 2016ലെ രണ്ടാം റണ്ണർ അപ്പ്, മിസ് പേഴ്സണാലിറ്റി പുരസ്കാരം നേടുകയും ചെയ്തിട്ടുണ്ട്.

# സിനിമ ഞങ്ങളുടെയും തൊഴിലിടമാണ്

"തൊഴിലാളികൾക്ക് സ്വന്തം ചങ്ങലകളല്ലാതെ മറ്റൊന്നും നഷ്ടപ്പെടാനില്ല. അവർക്ക് നേടാനോ ഒരു ലോകമുണ്ടുതാനും"

– കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ

തൊഴിൽ എല്ലാ മനുഷ്യർക്കും ഒന്നുപോലെ അവകാശപ്പെട്ട ഇടമാണ്. തൊഴിലിന്റെ ജനാധിപത്യവൽക്കരണം പുരോഗമനാത്മകമായ സമൂഹം കെട്ടിപ്പടുക്കുന്നതിൽ സുപ്രധാനമായിരുന്നു. അവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങൾ പോലും ഒരർത്ഥത്തിൽ തൊഴിൽ സമരങ്ങൾ തന്നെയായിരുന്നു. എന്നാൽ തൊഴിലിടങ്ങൾ സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി എല്ലാകാലവും ചിലർ കയ്യടക്കി വയ്ക്കാറുണ്ട്. സവർണ്ണ-പുരുഷ കേന്ദ്രീകൃത സമൂഹത്തിൽ അധികാരം അവരിൽ നിക്ഷിപ്തമാണ്. അതിനുള്ളിൽ തൊഴിൽ എടുക്കുക എന്നത് തന്നെ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വലിയൊരു പോരാട്ടമാണ്. തൊഴിൽപരമായ വ്യത്യാസങ്ങളില്ല എന്ന പൊതുബോധം സൃഷ്ടിക്കാൻ ശ്രമിക്കുമ്പോഴും വസ്തുതകളും യാഥാർത്ഥ്യങ്ങളും അതിനു വിരുദ്ധമായാണ് നിലകൊള്ളുന്നത്.

സ്ത്രീകൾ വ്യവസ്ഥാപിതമായ തൊഴിൽ സങ്കല്പങ്ങളെ എല്ലാം അട്ടിമറിച്ച കാലത്താണ് നാം ഈ വിഷയം ചർച്ച ചെയ്യുന്നത്. 'നിങ്ങൾക്ക് തെങ്ങിൽ കയറാനാവുമോ' എന്ന ക്ലിഷേ ചോദ്യം പോലും അഴുകിപ്പോയ കാലമാണ്. പക്ഷേ സ്ത്രീകളുടെയും മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങളുടെയും അതിശക്തമായ സാമൂഹ്യ ഇടപെടലുകൾ പരമ്പരാഗത പുരുഷബോധം പേറുന്നവരെ വല്ലാതെ ചൊടിപ്പിച്ചിട്ടുണ്ട്. അതിനാൽ തന്നെ അധികാരം കൈയടക്കി വെച്ചിരിക്കുന്ന ഈ വിഭാഗം ഇപ്പോഴും സ്ത്രീകളെ തൊഴിലിടങ്ങളിൽ അടിച്ചമർത്താനാണ് ശ്രമിക്കുന്നത്. വീടിനുള്ളിലും തൊഴിലിടങ്ങളിലും ഇടവേളകളില്ലാതെ മാറി മാറി ജോലി ചെയ്യുന്നവരാണ് സ്ത്രീകൾ. വീട്ടുജോലി ഒരുത്തരവാദിത്തമായി പ്രകീർത്തിക്കുന്നത് പാർട്രിയാർക്കിയുടെ നിലനിൽപ്പിനുവേണ്ടിയാണ്. പലതരം ഭാരമേൽപ്പിക്കലുകൾക്കും (അ)ബോധ സ്നേഹചങ്ങലകൾക്കിടയിലും സ്ത്രീകൾ തൊഴിലിടങ്ങളിൽ അവരുടെ കരുത്ത് അടയാളപ്പെടുത്തികൊണ്ടേയിരിക്കുന്നുണ്ട്.


സിനിമയിലെ സ്ത്രീകളുടെ ഇടത്തെക്കുറിച്ചാണ് ഈ ലേഖനം മുഖ്യമായും അന്വേഷിക്കുന്നത്. മറ്റേതൊരു തൊഴിലും പോലെ ഒരു തൊഴിൽ മേഖലയാണ് സിനിമ. അവിടെ വിവിധ മനുഷ്യർ മറ്റെല്ലാ ഇടങ്ങളിലെയും പോലെ ജോലി ചെയ്യുന്നു. സിനിമയുടെ എല്ലാ 'നക്ഷത്ര' പരിവേഷങ്ങളും



മാറ്റി നോക്കുന്ന ഒരാൾക്ക് ഇത് വ്യക്തവുമാണ്. സിനിമ എന്ന തൊഴിലിടത്തിലെ സ്ത്രീകളുടെ അഭാവം സിനിമ എന്ന സർഗ്ഗാത്മക ആവിഷ്കാരത്തിലും പ്രകടമാണ്. ഓസ്കാർ അവാർഡിൽ കഴിഞ്ഞ 18 വർഷമായി മികച്ച ചിത്രത്തിനുള്ള പുരസ്കാരം ലഭിച്ച സിനിമകളിലെ സ്ത്രീ-പുരുഷ സംഭാഷണങ്ങളുടെ കണക്ക് പുഡിങ്.കൂൾ എന്ന വെബ്സൈറ്റ് അധികാരികമായി പുറത്തുവിട്ടിരുന്നു. പുരുഷന്മാരുടെ മൂന്നിലൊന്ന് സംഭാഷണങ്ങൾ പോലും സ്ത്രീകൾക്ക് ഇവയിലില്ല എന്ന് തിരിച്ചറിയുമ്പോഴാണ് എത്രമാത്രം ഭീകരമായ അസാന്നിധ്യം സ്ത്രീകളെ അടയാളപ്പെടുത്തുന്നതിൽ സിനിമയിൽ ഉണ്ടാകുന്നുണ്ടെന്നത് നാം തിരിച്ചറിയുന്നത്.

മുഖ്യധാരാ മലയാള സിനിമ പൊതുവേ ആണധികാര നിർമിതികളാണ്. ചരിത്രപരമായി പരിശോധിച്ചാൽ സിനിമയുടെ മിക്കവാറും എല്ലാ മേഖലകളിലും സ്ത്രീകൾ അദൃശ്യരായിരുന്നു. എണ്ണിപ്പറയാവുന്ന ചില പേരുകൾക്കപ്പുറം സ്ത്രീകളെ തിരസ്കരിക്കുകയും അവഗണിക്കുകയും ചെയ്യുകയായിരുന്നു മുഖ്യധാരാ മലയാള സിനിമ. പ്രമേയപരമായി സ്ത്രീപക്ഷ ലേബലിൽ സിനിമകൾ പുറത്തിറങ്ങിയിട്ടുണ്ടെങ്കിലും പലതും ഘടകവിരുദ്ധമായ രാഷ്ട്രീയത്തെയാണ് ഉത്പാദിപ്പിച്ചിരുന്നത്. മിക്കവാറും സിനിമകളുടെയെല്ലാം പിന്നണിയിൽ സ്ത്രീകൾ ഇല്ലായിരുന്നു എന്നു തന്നെ പറയാം. ആണിന്റെ ഭാഷയിലും ആഖ്യാനത്തിലും അനുഭവ പരിസരത്തിലുമെല്ലാമാണ് സ്ത്രീകളെ ചിത്രീകരിക്കാറുള്ളത്. സിനിമയിലെ സ്ത്രീകളുടെ കാഴ്ചയും ആഖ്യാനവും സമൂഹത്തെ തന്നെ ചോദ്യം ചെയ്യുമെന്ന് അവർ ഭയന്നിരുന്നു. സ്ത്രീകൾക്ക് തൊഴിലെടുക്കാൻ കഴിയാത്ത സാഹചര്യം സിനിമാ മാഫിയ നിരന്തരം ഇതിനാൽ സൃഷ്ടിച്ചുകൊണ്ടിരുന്നു. ലോക സിനിമയിലും സ്ത്രീകളുടെ തൊഴിലവസരങ്ങൾ പലപ്പോഴും നിഷേധിക്കപ്പെട്ടിട്ടുണ്ട്. ഇത് സ്വാഭാവികമായി സംഭവിക്കുന്നതല്ലെന്നും സ്ത്രീകൾ കടന്നുവരാതിരിക്കാനുള്ള പരിസരം സൃഷ്ടിക്കുന്നതിന് ആണത്ത സമൂഹം സാംസ്കാരികമായ വേലിക്കെട്ടുകൾ നിർമിച്ചിരുന്നുവെന്നും ചരിത്രം ഓർമിപ്പിക്കുന്നുണ്ട്. ഫ്രഞ്ച് നവതരംഗകാലത്ത് പുരുഷാധിപത്യ സിനിമയിൽ അതിശക്തമായി ഇടപെട്ട ആഗ്നസ് വാർദ, അമേരിക്കൻ സംവിധായികയായ ഡൊറോത്തി ആർസ്ന എന്നിവരുടെ സാന്നിധ്യം സിനിമയുടെ ഭൂപടത്ത മാറ്റി വരയ്ക്കുന്നതായിരുന്നു. എന്നാൽ 80 വർഷങ്ങൾക്കു ശേഷം 2009ൽ കാതറീൻ ബിഗ്ലോവിലൂടെയാണ് ആദ്യമായി ഒരു വനിതാ സംവിധായകയ്ക്ക് ഓസ്കാർ കിട്ടുന്നതെന്നറിയുമ്പോഴാണ് സിനിമ എത്രമാത്രം പുരുഷാധിപത്യത്തിനുള്ളിൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു എന്ന് നമ്മൾ തിരിച്ചറിയുന്നത്.

1926ൽ കൊല്ലം പട്ടണത്തിലെ സിനിമാശാലകളുടെ പ്രവർത്തനം തങ്ങളുടെ സൗകര്യത്തിനു കൂടിയാകണമെന്ന് ആവശ്യപ്പെട്ട് ഫാക്ടറി തൊഴിലാളികളായ സ്ത്രീകൾ സമരം ചെയ്തിരുന്നു. സിനിമ സ്ത്രീകളുടെ ഇടയിൽ



അത്രയധികം സ്വാധീനം ചെലുത്തിയിരുന്നെങ്കിലും അണിയറയിൽ സ്ത്രീകൾ അപ്രസക്തരായിരുന്നു. മലയാളത്തിലെ ആദ്യ നായിക പി.കെ റോസിയുടെ സംഭവം ഒറ്റപ്പെട്ട അനുഭവമായിരുന്നില്ല. അഭിനയരംഗത്തും ഗാനരംഗത്തും ഡബിംഗിലും സ്ത്രീകൾ സജീവമായിരുന്നെങ്കിലും അവരുടെ തൊഴിൽപരമായ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നില്ല. ദൃശ്യാവിഷ്കാരത്തിൽ സ്ത്രീയെ വിൽപ്പന മൂല്യമുള്ള വസ്തുവായി ഉപയോഗിച്ചുകൊണ്ട് പൊതുസമൂഹത്തെ ആനന്ദിപ്പിക്കാനും അടിച്ചമർത്തലുകളെ സാധാരണവൽക്കരിക്കാനുമാണ് പലപ്പോഴും സിനിമ ശ്രമിച്ചിട്ടുള്ളത്. ഇതിനിടയിൽ സിനിമയുടെ അണിയറയിലേക്ക് കടന്നുവരാൻ സ്ത്രീകളുടെ ചില പ്രയത്നങ്ങൾ ഉണ്ടായിട്ടുണ്ട്. ലളിതാംബിക അന്തർജനം, കോന്നിയൂർ മീനാക്ഷി എന്നിവർ തിരക്കഥയിലും വിജയനിർമല, ഷീല എന്നിവർ സംവിധാനത്തിലും മറിയാമ്മ എഡിറ്റിംഗിലും സുഗതകുമാരി, ഒ.വി. ഉഷ, മുടവൻമുകൾ വസന്തകുമാരി എന്നിവർ പാട്ടെഴുത്തിലും ആദ്യകാലത്ത് തങ്ങളുടെ മുദ്രകൾ പതിപ്പിച്ചെങ്കിലും മുഖ്യധാരയിൽ ഈ പേരുകൾ പ്രസ്തുത രംഗങ്ങളിൽ വേണ്ട വിധത്തിൽ അംഗീകരിക്കപ്പെട്ടിരുന്നില്ല.



ഇരുപതാം നൂറ്റാണ്ടിനുശേഷം എല്ലാ മാറ്റി നിറുത്തലുകളെയും അതിജീവിച്ചുകൊണ്ട് മലയാള സിനിമയിൽ പല മേഖലകളിലും സ്ത്രീകളുടെ സാന്നിധ്യം വർദ്ധിച്ചിട്ടുണ്ട്. അഞ്ജലി മേനോൻ, ഗീതു മോഹൻദാസ്, വിധു വിൻസെന്റ്, രേവതി, രോഷ്നി ദിനകർ, ശ്രീബാല കെ മേനോൻ, സുധ പത്മജ ഫ്രാൻസിസ്, പ്രീതി പണിക്കർ, സൗമ്യ സദാനന്ദൻ, ഹസീന മുനീർ, ലീല സന്തോഷ്, ആശ അച്ചി ജോസഫ്, ഇന്ദു വി.എസ് (സംവിധാനം), ഫൗസിയ ഫാത്തിമ, അഞ്ജലി ശുക്ല (ഛായാഗ്രഹണം), ദീദി ദാമോദരൻ (തിരക്കഥ), ബീനാ പോൾ, നിഷിദ സാഹിർ (എഡിറ്റിംഗ്), സയനോര, നേഹ നായർ (സംഗീത സംവിധാനം), കുക്കു പരമേശ്വരൻ, സബിത ജയരാജ് (വസ്ത്രാലങ്കാരം), മിറിയം ജോസഫ്, സാന്ദ്ര തോമസ്, നസ്റിയ നസ്രിൻ, സുപ്രിയ മേനോൻ(നിർമാണം), സംഗീത ജനചന്ദ്രൻ (മാർക്കറ്റിംഗ് ആന്റ് കമ്മ്യൂണിക്കേഷൻസ് ), ആശ രമേഷ്, അനു എലിസബത്ത്, എം.ആർ. ജയഗീത, ധന്യ സുരേഷ്, ശശികല മേനോൻ (ഗാനരചന) തുടങ്ങി നിരവധി സ്ത്രീകളുടെ അണിയറയിലെ സാന്നിധ്യം സിനിമയുടെ സാധ്യതകളെ കൂടുതൽ വിപുലപ്പെടുത്തിയിട്ടുണ്ട്. തൊഴിലിടത്തിലെ ആൺഭയപ്പെടുത്തലുകളെ വകവയ്ക്കാതെ കൃത്യമായ ഫെമിനിസ്റ്റ് രാഷ്ട്രീയത്തെ അവതരിപ്പിക്കാൻ പത്മപ്രിയ, പാർവതി തിരുവോത്ത്, രമ്യ നമ്പീശൻ, രഞ്ജിനി, രേവതി, റിമ കല്ലിങ്കൽ തുടങ്ങിയ അഭിനേതാക്കൾക്ക് സാധിച്ചു എന്നത് തൊഴിലിടത്തിലെ സ്ത്രീകളുടെ അവസ്ഥ കുറച്ചെങ്കിലും മെച്ചപ്പെടുത്തുന്നതിൽ സഹായിച്ചിട്ടുണ്ട്. എങ്കിലും ഇപ്പോഴും മലയാള സിനിമയിൽ 2-3% മാത്രമാണ് അണിയറയിലെ സ്ത്രീകളുടെ സാന്നിധ്യം എന്നത് തൊഴിലിടം എത്രത്തോളം ആണത്തവൽക്കരിച്ചിരിക്കുന്നു എന്നതിന്റെ സാക്ഷ്യമാണ്.

സ്ത്രീകളുടെ എല്ലാ രംഗത്തുമുള്ള കുതിച്ചുവരവിനെ മലയാള സിനിമ നീതി നിഷേധവും അവഗണനയും കൊണ്ടാണ് നേരിട്ടത്. സ്ത്രീകൾക്ക് തൊഴിലെടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകാതിരിക്കാൻ ഫിലിം മാഫിയ പരമാവധി ശ്രമിച്ചിട്ടുണ്ട്. സിനിമയിൽ തൊഴിലെടുക്കുക എന്നാൽ വിധേയരായിരിക്കുക എന്നാണ് അവരുടെ പക്ഷം. അതിന് തയ്യാറാകാത്തവരെ കൃത്യമായി മാറ്റിനിറുത്താനും അവർക്ക് പരോക്ഷമായ അന്തർധാരകളുണ്ട്. ഈ ആൺബോധ ഫാഷിസത്തിനു മുന്നിൽ ആത്മാഭിമാനം അടിയറവ് വയ്ക്കില്ല എന്ന പ്രഖ്യാപനത്തോടു കൂടിയാണ് വിമൺ ഇൻ സിനിമ കളക്ടീവ്(*WCC*) എന്ന സംഘടന 2017ൽ രൂപം കൊണ്ടത്. സിനിമയിൽ ലിംഗസമത്വത്തിനായുള്ള പോരാട്ടം ശക്തിപ്പെടുത്താനും സ്ത്രീകൾക്കെതിരെയുള്ള തൊഴിലിടത്തിലെ ചൂഷണങ്ങളും ലൈംഗിക അതിക്രമങ്ങളും അവസാനിപ്പിക്കാനും ക്രിയാത്മകമായ ഇടപെടലുകളാണ് *ഡബ്ല്യൂ* സി സി നടത്തികൊണ്ടിരിക്കുന്നത്. സാധാരണ ഗതിയിൽ ഒരു മനുഷ്യന് ലഭ്യമാകേണ്ട നീതിപോലും സിനിമയിൽ സ്ത്രീകൾക്കു ലഭിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

അസമത്വങ്ങളുടെ വിളനിലമാണ് സിനിമ എന്ന തൊഴിലിടം. നടന്മാരുടെ പ്രതിഫലം തന്നെ സിനിമയിലെ പുരുഷമേധാവിത്വത്തിന്റെ പ്രതിഫലനമാണ്. മുഖ്യ റോളുകളിലുള്ള



സ്ത്രീകൾക്ക് ലഭിക്കുന്നതിനെക്കാൾ മൂന്നിരട്ടി സഹനടന്മാർക്ക് ലഭിക്കുന്നുണ്ട്. തുല്യമായ പരിശ്രമങ്ങളും ത്യാഗങ്ങളും ഉണ്ടായിട്ടും ഒരേ തൊഴിലിന് രണ്ട് കൂലി എന്നത് തന്നെ സ്ത്രീകളുടെ ശ്രമങ്ങളെ എത്ര നിസ്സാരമായി സമീപിക്കുന്നു എന്നതിന്റെ ഉദാഹരണമാണ്. സ്ത്രീകളെ ഉൾപ്പെടുത്തുക എന്നത് ഔദാര്യമായി ചിലർ കാണുന്നതുകൊണ്ടു തന്നെ ജോലിയുടെ പ്രതിഫലം ചോദിക്കുന്നത് അവരെ അസ്വസ്ഥരാക്കും. പുതുമുഖങ്ങളായ സ്ത്രീകൾക്ക് അടിസ്ഥാനപരമായ അവകാശങ്ങൾ പോലും പലപ്പോഴും ലഭിക്കാറില്ല. മാനസിക സമ്മർദങ്ങളിലൂടെയും പലവിധത്തിലുള്ള ചൂഷണങ്ങളിലൂടെയും കടന്നുപോകാൻ അവർ വിധിക്കപ്പെടുന്നുണ്ട്. നിശ്ചയിക്കപ്പെട്ടിരിക്കുന്നത് വേദനകൾ കടിച്ചമർത്തി ചെയ്യുക എന്നതിനപ്പുറം തങ്ങളുടെ കംഫർട്ടബിൾ സോണിനെപ്പറ്റി മിണ്ടാൻ പോലും അവർക്ക് അവകാശമില്ല. സമയത്ത് ആഹാരം ലഭിച്ചില്ലെന്ന് പറയുമ്പോൾ 'ആഹാരം കഴിക്കാനാണോ വന്നതെന്ന്' ചോദ്യം ഒരിക്കലും ഒരു നടൻ കേൾക്കേണ്ടി വരില്ല. കുടിക്കുന്ന ഗ്ലാസ് മുതൽ ഡ്രസിങ്ങ് റൂമിലും മൂത്രപ്പുരകളിലും വരെ വിവേചനങ്ങൾ നീളുന്നുണ്ട്. അധികാരത്തിലൂടെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുക എന്ന രീതിയാണ് പുതുമുഖങ്ങളോട് പലപ്പോഴും കാണിക്കാറുള്ളത്. അവകാശങ്ങൾക്കു വേണ്ടിയുള്ള ശബ്ദത്തെ ധിക്കാരവും അഹങ്കാരവും ആക്കുന്നത് പുരുഷാ ധിപത്യത്തിന്റെ വിവരമില്ലായ്മയാണ്.

താരമൂല്യാധിഷ്ഠിത മാർക്കറ്റിംഗ് എന്ന സങ്കൽപ്പത്തിൽ നിന്ന് ആശയാധിഷ്ഠിത രാഷ്ട്രീയ സ്വഭാവം സിനിമയ്ക്ക് കൈവരിക്കേണ്ടതുണ്ട്. അഭിനേതാക്കൾ സിനിമ എന്ന തൊഴിലിടത്തിലെ തൊഴിലാളികൾ മാത്രമാണ്. ഒരു സിനിമ രൂപീകരിക്കപ്പെടുന്നതിൽ ഒരു കുഞ്ഞു ഭാഗം മാത്രമാണ് അഭിനേതാക്കൾ എന്നും എല്ലാം ചേരുന്നതാണ് സിനിമ എന്ന കലയെന്നും നാം ഉൾകൊള്ളേണ്ടതുണ്ട്. പൊതുസമൂഹത്തിന്റെ താരപട്ടം പലപ്പോഴും സ്ത്രീകളെ ചൂഷണം ചെയ്യാനുള്ള ലൈസൻസായി പലരും ഉപയോഗിക്കുന്നുണ്ട്. സ്ക്രീനിൽ കാണുന്നതിനപ്പുറം ശബ്ദവും നിശബ്ദവുമായ ധാരാളം ആഖ്യാനങ്ങൾ സിനിമയുടെ നിർമിതിയിലുണ്ടെന്നും സിനിമയിലൂടെ പ്രകടമാകുന്ന രാഷ്ട്രീയം അതിന്റെ നിർമിതിയിലും അടങ്ങിയിട്ടുണ്ടോ എന്ന ചോദ്യം ആസ്വാദകർ നിർബന്ധമായും ഉയർത്തേണ്ടതുണ്ടെന്നും കരുതുന്നു. ഹേമ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ എത്രയും വേഗം സാധ്യമാവുകയും സിനിമയെ ലിംഗസമത്വത്തിലൂന്നിയ തൊഴിലിടമാക്കി നിലനിറുത്താൻ പൊതുജനങ്ങളുടെയും നിയമത്തിന്റെയും സർക്കാരിന്റെയുമെല്ലാം ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുമുണ്ട്.



ഉമ കുമരപുരം
ഫെഫ്കയുടെ കീഴിലെ സിനിമാറ്റോഗ്രഫേഴ്സ് യൂണിയൻ ഓഫ് മലയാളം സിനിമയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർ ആണ്, കൂടാതെ ഇന്ത്യൻ വിമെൺ സിനിമാറ്റോഗ്രഫേഴ്സ് കളക്റ്റിവ്, വിമെൺ ഇൻ സിനിമ കളക്റ്റിവ് എന്നിവയുടെയും ആക്റ്റിവ് മെമ്പർ ആണ്.

# "എങ്ങനെയെങ്കിലും"

## ഒരു ശരാശരി മലയാളി ഫിലിംമേക്കറുടെ മുദ്രാവാക്യം

മലയാളസിനിമ ഉണ്ടായ കാലം തൊട്ട്, ബൈ ഡെഫിനിഷൻ, ക്രിയേറ്റീവ് മനസ്സുകളുടെ ഒരു സംഗമസ്ഥാനമാണ്. ക്രിയേറ്റീവ് മനസ്സുകളോടൊപ്പം -ഒരുപക്ഷേ ക്രിയേറ്റീവ് മനസ്സുകളെക്കാൾ- കോർപ്പറേറ്റ് ബുദ്ധിമാന്മാരും അവരുടെ തൊഴിലാളികളും കൂടെ ഉണ്ടാക്കിയെടുത്ത ഹോളിവുഡിൽ നിന്നും വിഭിന്നമായി, ഒരു പറ്റം ക്രിയേറ്റീവ് ആയ മനുഷ്യർ, യൂറോപ്യൻ ആർട്സി-സയന്റിഫിക് സർക്കിളുകളിൽ നിന്നും, ഹോളിവുഡ് ഫാക്ടറികളിൽ നിന്നും വന്നുകൊണ്ടിരുന്ന ഓഡിയോ-വിഷ്വൽ അദ്ഭുതങ്ങൾ കണ്ടു സ്വന്തമായി അത്തരം അത്ഭുതങ്ങൾ തങ്ങൾക്കും സൃഷ്ടിക്കണമെന്ന ആഗ്രഹത്തോടെ പരിശ്രമിക്കാൻ ഒത്തുകൂടിയതിന്റെ ഫലമായി പിറന്നതാണ് ഇന്ത്യൻ സിനിമ. അതിന്റെ ഒരു ഭാഗമായി ജനിച്ചതാണ് മലയാളസിനിമയും. ഇല്ലായ്മകളുടെ എല്ലാ ബാലാരിഷ്ടതകളിൽനിന്നും, പൊങ്ങി വന്നതാണത്. തൊഴിലാളികളും മുതലാളികളുമൊന്നുമായിരുന്നില്ല അന്ന് സിനിമയിൽ ഉണ്ടായിരുന്നത്. സിനിമ എന്ന സ്വപ്നം മാത്രം കണ്ടുനടക്കുന്ന, ഭ്രാന്തൻ എന്നു നാട്ടുക്കാർ മുദ്ര കുത്തുന്ന തരം ക്രിയേറ്റീവ് ജീനിയസുകളും അവരുടെ ഒപ്പം കൂടിയ കുറച്ചു സുഹൃത്തുകളുമായിരുന്നു. അതിൽ ചിലർ കാശിറക്കി, ചിലർ സംവിധാനിച്ചു, ചിലർ അഭിനയിച്ചു, ചിലർക്കു സത്യൻമാഷ്ക്കു സീനിൽ വലിക്കാൻ ബീഡികൊടുത്തു തൃപ്തിയടയേണ്ടി വന്നു.

ഇന്നും അതിന്റെ പിന്തുടർച്ചയിലാണ് സിനിമാലോകം നിൽക്കുന്നത്. നോക്കിപ്പഠിക്കുന്നത് പടിഞ്ഞാട്ടേക്കും വടക്കോട്ടും ഒക്കെ ആണെങ്കിലും

**തൊഴിലാളികളും മുതലാളികളുമൊന്നുമായിരുന്നില്ല സിനിമയിൽ ഉണ്ടായിരുന്നത് സിനിമ എന്ന സ്വപ്നം മാത്രം കണ്ടുനടക്കുന്ന, ഭ്രാന്തൻ എന്നു നാട്ടുക്കാർ മുദ്ര കുത്തുന്ന തരം ക്രിയേറ്റീവ് ജീനിയസുകളും അവരുടെ ഒപ്പം കൂടിയ കുറച്ചു സുഹൃത്തുകളുമായിരുന്നു. അതിൽ ചിലർ കാശിറക്കി, ചിലർ സംവിധാനിച്ചു, ചിലർ അഭിനയിച്ചു, ചിലർക്കു സത്യൻമാഷ്ക്കു സീനിൽ വലിക്കാൻ ബീഡികൊടുത്തു തൃപ്തിയടയേണ്ടി വന്നു.**

മനോഗതി ഇപ്പോഴും നാലഞ്ചു പതിറ്റാണ്ട് മുൻപത്തെ തന്നെയാണ് എന്നതാണ് അവസ്ഥ. "എങ്ങനെയെങ്കിലും" എന്നതാണ് ഒരു ശരാശരി മലയാളി ഫിലിംമേക്കറുടെ മുദ്രാവാക്യം. (തൽകാലം നമുക്ക് മലയാളത്തെ കുറിച്ച് മാത്രം സംസാരിക്കാം). എങ്ങനെയെങ്കിലും തന്റെ സിനിമ എന്ന സ്വപ്നം സാക്ഷാത്കരിക്കണം എന്നാണ് അയാളുടെ/അവളുടെ ആഗ്രഹം.

ശുദ്ധമായ കലയാണ് അവരിൽ പലരെയും സംബന്ധിച്ച് സിനിമ. ചിലർക്കാവട്ടെ വാണിജ്യകലയും. എന്തായാലും കഥയെഴുതുന്നു, ഷൂട്ട് ചെയ്യുന്നു, കാണിക്കുന്നു, കാശ് വരുന്നു. സിമ്പിൾ. പക്ഷേ ഇതെല്ലാം ഒരാളെക്കൊണ്ട് മാത്രം നടക്കില്ല എന്നിടത്താണ് പ്രധാനമായ പ്രശ്നം വരുന്നത്. ഒരു പറ്റം ആളുകൾ വേണമല്ലോ. ആള് ഇന്ത്യൻ മനസ്സിന് ഏറ്റവും എളുപ്പത്തിൽ അനുകരിക്കാൻ പറ്റിയ ഒരെണ്ണമായിരുന്നു- ഫ്യൂഡൽ, അഥവാ ജന്മിത്വ സ്ട്രക്ചർ. ഏറ്റവും മുകളിൽ പ്രൊഡ്യൂസർ, ഡയറക്ടർ, അല്ലെങ്കിൽ/ ഒപ്പം സ്റ്റാർ, തൊട്ട്താഴെ അവരുടെ ശിങ്കിടികൾ, അതിനും താഴെ പണിയെടുക്കുന്ന അടിയാളന്മാർ. ഫ്യൂഡൽ വ്യവസ്ഥിതി പോലെത്തന്നെ അവിടേയും സ്ത്രീകൾ പവർ പൊസിഷനിൽ എന്ന ചോദ്യം ഉയരുന്നേ ഇല്ല.

താഴേക്കിടയിൽ നിന്നും പ്രതിഫലത്തെയും ചൂഷണത്തെയും കുറിച്ചുള്ള ചോദ്യങ്ങൾ കൂടുതൽ ഉയരുകയും, ഏകദേശം ആ സമയങ്ങളിൽ തന്നെ സ്ത്രീകൾ കൂടുതലായി ക്യാമറയ്ക്ക് പിന്നിലുള്ള ജോലികളിലേക്ക് കടന്നുവരാൻ തുടങ്ങുകയും ചെയ്തപ്പോഴാണ് സിനിമയ്ക്കകത്തെ ഫ്യൂഡൽ



കൂടിയാൽ സ്വാഭാവികമായും പല പല ഇഷ്യൂകൾ ഉണ്ടാവാം. പ്രതിഫലത്തിന്റെ പേരിൽ പ്രശ്നം, ചൂഷണത്തിന്റെ പേരിൽ പ്രശ്നം, കിട്ടുന്ന ഭക്ഷണത്തിന്റെ ക്വാളിറ്റിയുടെ പേരിൽ വരെ പ്രശ്നം വരാം. ഏതൊക്കെ പ്രശ്നങ്ങളിൽ ആരാണ് ഇടപെടേണ്ടത്, ആരാണ് തീർപ്പ് കൽപ്പിക്കേണ്ടത്, എങ്ങനെയുള്ള തീർപ്പാണ് വേണ്ടത്? സ്വാഭാവികമായും അതിന് ഒരു സ്ട്രക്ചർ വേണം. ഈ അടുത്ത കാലം വരെ സിനിമാവ്യവസായം തുടർന്ന് പോന്ന സ്ട്രക്ചർ വ്യവസ്ഥിതിയ്ക്ക് ഇളക്കം തട്ടുകയും, ഇതിനെ ഒരു വ്യവസായമായി തന്നെ കണ്ട് സിനിമ കൂടുതൽ കോർപ്പറേറ്റ് രീതിയിലേക്ക് മാറാൻ തുടങ്ങുകയും ചെയ്തത്.

പക്ഷേ എന്നിട്ടും, കൃത്യമായി നിർവചിക്കാനാവാത്ത ഒരു ജോലിസ്ഥലമാണ് നമ്മുടെ സിനിമ. ഒരു പക്ഷേ, ഫിസിക്കൽ ലേബർ എടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ച് സിനിമയിലെ ജോലിസ്ഥലം നിർവചിക്കൽ കുറച്ചു കൂടെ എളുപ്പമാണ് എന്നു കരുതാം. അവർ എവിടെ ജോലി ചെയ്യുന്നോ അതു ജോലിസ്ഥലം. എപ്പോൾ

ജോലി ചെയ്യുന്നോ അത് വർക്ക് അവേർസ്.

പക്ഷേ ആണോ?

ഷൂട്ടിന് വരുന്ന ദിവസങ്ങളിൽ, ജോലി കഴിഞ്ഞു വിശ്രമിക്കുന്ന സമയത്തും സ്ഥലത്തും എന്തെങ്കിലും പ്രശ്നം നേരിട്ടാൽ അത് ഏത് രീതിയിൽ പെടും? ഷൂട്ടിന് മുന്നേ ലൊക്കേഷൻ പോയിക്കാണുന്ന യാത്രദിവസവും, ടെസ്റ്റുകൾ നടത്തുന്ന ദിവസങ്ങളും എവിടെ പെടും?

ഇന്റലെക്ച്യുൽ-ലേബർ എടുക്കുന്ന ക്രിയേറ്റീവുകളെ സംബന്ധിച്ചാണെങ്കിൽ കുറച്ചുകൂടെ കുഴഞ്ഞാണ് കാര്യങ്ങൾ. ഒരു വിഷയം എഴുതിക്കൊടുക്കാൻ വേണ്ടി ചിന്തിക്കാനെടുക്കുന്ന സമയം മുഴുവൻ വർക്ക് അവറിൽ പെടുമോ? ഡിസ്കഷനുകൾ നടക്കുന്ന സമയവും സ്ഥലവും, ജോലിസ്ഥലവും ജോലിസമയവുമാണോ? എപ്പോഴാണ് ചിന്ത വരുന്നത്, എപ്പോഴാണ് ഡിസ്കഷൻ നടക്കുന്നത്, ഏത് പാതിരാത്രിക്കാണ് കഥ ആവശ്യപ്പെടുന്ന ഷോട്ട് എടുക്കേണ്ടത് ഇതെല്ലാം ഏത് രീതിയിൽ ആണ് കൈകാര്യം ചെയ്യേണ്ടത് തുടങ്ങി കുഴക്കുന്ന ചോദ്യങ്ങൾ അനവധിയാണ്. ഇത് ഏറ്റവും അധികം ബാധിക്കുന്നതാകട്ടെ അസിസ്റ്റൻറ്, അപ്രേൻറീസ് തുടങ്ങിയ റോളുകളിൽ ജോലിയ്ക്ക് കയറുന്ന മെന്റൽ-തൊഴി ലാളികളെയാണ്.

തമാശ എന്തെന്നാൽ, തൊഴിലാളി എന്ന കോൺസെപ്റ്റ് വളരെ അടുത്തയിടയ്ക്ക് മാത്രമാണ് സിനിമയിൽ വന്നിട്ടുള്ളത്, ക്രിയേറ്റീവുകളായിരുന്നു ആദ്യന്തം ഈ ഫീൽഡിൽ. എന്നിട്ട് പോലും ഇതിൽ ഒരു സ്ട്രക്ചർ, അല്ലെങ്കിൽ ഒരു നിർവചനം എന്നത് ഉണ്ടാക്കിയെടുക്കുന്നതിനെുക്കറിച്ച് ആലോചിക്കാൻ തൊഴിലാളി യൂണിയൻ ഉണ്ടാവേണ്ടി വന്നു. ഒരു പക്ഷേ ക്രിയേറ്റീവ് ജീനിയസുകൾക്ക് അരാജകത്വത്തോടുള്ള ആരാധനയും, സ്ട്രക്ചറുകളോടുള്ള പുച്ഛവുമായിരിക്കാം ഇത് വരെ ഒരു വർക്ക്പ്ലേസ് നിർവചനം സിനിമയിൽ ഉണ്ടാക്കിയെടുക്കുന്നതിൽ നിന്നും അവരെ തടഞ്ഞത്.

ഇത്രയധികം മനുഷ്യർ ഒത്തുകൂടി ജോലി ചെയ്യുന്നു എന്നത് കൊണ്ടും, ഇത്രയധികം


## തൊഴിലാളി എന്ന കോൺസെപ്റ്റ് വളരെ അടുത്തയിടയ്ക്ക് മാത്രമാണ് സിനിമയിൽ വന്നിട്ടുള്ളത്, ക്രിയേറ്റീവുകളായിരുന്നു ആദ്യന്തം ഈ ഫീൽഡിൽ. എന്നിട്ട് പോലും ഇതിൽ ഒരു സ്ട്രക്ചർ, അല്ലെങ്കിൽ ഒരു നിർവചനം എന്നത് ഉണ്ടാക്കിയെടുക്കുന്നതിനെുക്കറിച്ച് ആലോചിക്കാൻ തൊഴിലാളി യൂണിയൻ ഉണ്ടാവേണ്ടി വന്നു.


സമയം, പണം, മറ്റ് റിസോഴ്സുകൾ എന്നിവ ചിലവാക്കപ്പെടുന്നു എന്നത് കൊണ്ടും സിനിമ മറ്റ് കലകളിൽ നിന്നും വിഭിന്നമാണ്. അതിനെ ഒരു വർക്ക്പ്ലേസ് ആയിട്ട് തന്നെ കാണേണ്ടതാണ്; അതിന് ഒരു വർക്ക്പ്ലേസ് ഡെഫിനിഷൻ അത്യാവശ്യമാണ്. ശ്രദ്ധിച്ചാൽ, വർക്ക്പ്ലേസ് ഡെഫിനിഷൻ വേണ്ടിവരുന്ന, എന്നാൽ ഇത് വരെ അത് നടപ്പിലാക്കാത്ത ആദ്യത്തെ വ്യവസായമാവാം



സിനിമ- സ്വയം വ്യവസായമെന്ന് വിളിക്കുകയും എന്നാൽ അതിന്റെ നിയന്ത്രണങ്ങൾ പാലിക്കാതിരിക്കുയും ചെയ്യുന്ന ചുരുക്കം വാണിജ്യ കലകളിലൊന്നാണ് സിനിമ. അതിലേക്ക് ഒഴുക്കപ്പെടുന്നതും, അതിൽ ചിലവാക്കപ്പെടുന്നതുമായ വിഭവങ്ങളുടെ അളവും ക്വാളിറ്റിയും പ്രകാരവും, അതിൽ നിന്നുണ്ടാക്കിയെടുക്കപ്പെടുന്ന പ്രോഡക്റ്റിന്റെ സാമൂഹ്യ-സാംസ്കാരിക-ചരിത്രപരമായ ഇംപാക്ട് കൊണ്ടും, കല എന്നതിനെക്കാൾ കലാപരമായ വ്യവസായം എന്നതിനോടാണ് സിനിമ അടുത്ത് നിൽക്കുന്നത്. പുറംനാടുകളിലെ ഓഡിയോ-വിഷ്വൽ അത്ഭുതങ്ങൾ കണ്ടു അതുപോലെ ചെയ്യാൻ ശ്രമിച്ച ബാലാരിഷ്ടതകളുടെ നടുവിലുള്ള ജീനിയസുകളല്ല ഇപ്പോൾ ഇവിടെ ഉള്ളത്. ലോകത്തെ മറ്റേതൊരു ഭാഷയിലെ സിനിമ ഇൻഡസ്ട്രിയോടും കിടപിടിക്കുന്ന സൗകര്യങ്ങൾ ലഭ്യമാവുന്ന ഒരു വ്യവസായമാണ്. അത് കൊണ്ടു തന്നെ മറ്റേതൊരു വ്യവസായത്തിനും ഉള്ളത്പോലെയുള്ള റെഗുലേഷൻസും നിർവചനങ്ങളും ഇവിടെയും ആവശ്യമാണ്. പ്രത്യേകിച്ച് നിർവചിക്കാൻ ബുദ്ധിമുട്ടായ ഇൻറലെക്ച്യുൽ-ലേബർ തൊഴിലാളികൾ പണിയെടുക്കുന്നിടത്ത്.


ഇതിൽ സ്ത്രീകൾ/മറ്റ് ജൻഡറുകൾ തുടങ്ങിയവർ കൂടി കയറുമ്പോൾ, മുതലാളി-തൊഴിലാളി സ്ട്രക്ചറിലേക്ക്, അധികാരയുദ്ധത്തിലേക്ക് ഇനിയും കുഴക്കുന്ന മറ്റ് വേരിയബിളുകൾ കൂടെ കൂട്ടിച്ചേർക്കപ്പെടുന്നു. ഫലം, കൂടുതൽ വ്യവസ്ഥിതികളും നിയമങ്ങളും വേണ്ട ഒരു തൊഴിലിടം! ഈ തൊഴിലിടത്തിൽ പണിയെടുക്കുന്ന എല്ലാ തട്ടിലുള്ള തൊഴിലാളികൾക്കും വർക്ക്പ്ലേസ് അനുസരിച്ച തൊഴിൽനിയമങ്ങളും, തൊഴിലിടത്തിന് വേണ്ടി, അനുയോജ്യമായ രീതിയിൽ ഡിസൈൻ ചെയ്യപ്പെടുന്ന നിർവചനങ്ങളും റെഗുലേഷനുകളും ഉണ്ടാക്കിയെടുക്കാൻ ചില്ലറ പണിയല്ല വേണ്ടത്. പക്ഷേ ഇതുവരെയുള്ള എളുപ്പപ്പണി വിട്ടു പോരാൻ വയ്യാത്തത് കൊണ്ടോ എന്തോ, ഇന്നും അതു നടന്നിട്ടില്ലാത്ത ഒരിടമാണ് നമ്മുടെ സിനിമ. കുറച്ചെങ്കിലും ആ രീതിയിലേക്കുള്ള കാൽവെപ്പായിരുന്നു സിനിമയ്ക്കകത്തെ തൊഴിലാളി യൂണിയൻ ഫോർമേഷൻ. പക്ഷേ, അതും ജൻഡർ എന്ന മതിലിൽ തട്ടി നിന്നു. തൊഴിലിടത്തിലെ, തൊഴിലാളികളിലെ ജൻഡർ വിഷയത്തെ ഒരു പരിധിയിൽ കൂടുതൽ അഡ്രെസ്സ് ചെയ്യാൻ യൂണിയനുകളും ശ്രമിച്ചിട്ടില്ല. വഴിയരികിലെ ഒരു സാദാ റസ്റ്റോറൻറിൽ ഉണ്ടാക്കിവെക്കുന്ന വേറെ വേറെ ആൺ-പെൺ ശുചിമുറികളുടെ ഐഡിയ പോലും ആരുടെയും മനസ്സിലൂടെ പോയിട്ടുണ്ടാവില്ല എന്നു വേണം മനസ്സിലാക്കാൻ. കേരളത്തിലെ, നീണ്ട ചരിത്രമുള്ള ഒരു പ്രമുഖ ചലച്ചിത്ര സ്റ്റുഡിയോയിൽ, വളരെ അടുത്ത് മാത്രമാണ് സ്ത്രീകൾക്കായുള്ള ശുചിമുറി വന്നത് എന്നു കേട്ടാൽ അത്ഭുതം തോന്നാത്ത ഒരേ ഒരു കൂട്ടർ സിനിമക്കാർ മാത്രമാണ്. കാരണം അവർക്കത് പുതുമയുള്ള കാര്യമല്ല. എണ്ണത്തിൽ കുറവുള്ള സ്ത്രീകൾക്കായി എന്തിന് ലക്ഷങ്ങൾ മുടക്കി കാരവാൻ വരുത്തണം എന്ന് ഒരു പ്രൊഡ്യൂസർ ചിന്തിച്ചാൽ, മുതലാളിത്തത്തിന്റെ വീക്ഷണത്തിൽ അതിൽ ഒരു തെറ്റുമില്ല. അത് അങ്ങനെയല്ല, ഒരു ശരികേടാണു എന്ന് കാണിച്ചുകൊടുക്കാനുള്ള നിയമങ്ങളും റെഗുലേഷനുകളുമാകട്ടെ ഈ തൊഴിലിടത്തിന് ഒട്ടുമില്ല താനും. കുറഞ്ഞ ശമ്പളത്തിന്റെയും, കൂടിയ ജോലിഭാരത്തിന്റെയും, ചുറ്റുമുള്ളവരുടെ കയ്യിൽ നിന്നും ശല്യപ്പെടുത്തലിന്റെയും തരംതാഴ്ത്തലിന്റെയും, മറ്റൊരു കണ്ണിലൂടെയുള്ള നോട്ടങ്ങളുടെയും ഒപ്പം യൂറിനറി ഇൻഫെക്ഷനും അങ്ങനത്തെ ഒരു പത്തു-പതിനാല് ആരോഗ്യപ്രശ്നങ്ങളും കൂടെയാണ് ഫ്രീ ആയി കിട്ടുന്നത് ഒരു ആവറേജ് സ്ത്രീതൊഴിലാളിക്ക്. നീണ്ട കാലയളവിൽ ഇതെല്ലാം ഉണ്ടാക്കുന്ന മാനസികപ്രശ്നങ്ങൾ വേറെ. സിനിമയിൽ ജോലിചെയ്യുന്ന സ്ത്രീകൾ കാരണം സ്റ്റോക്ക് മാർക്കറ്റ് വാല്യൂ കൂടിയ ഫാർമ കമ്പനികളുടെ ഒരു നീണ്ട ലിസ്റ്റ് തന്നെ ചിലപ്പോൾ കണ്ടേക്കാം. എന്നിട്ടും ഇതൊക്കെ സഹിച്ച് സ്വപ്നങ്ങളുടെ പിന്നാലെ പോവാൻ ശ്രമിക്കുന്ന സ്ത്രീകൾക്കും മറ്റുള്ളവർക്കും, മുന്നോട്ട് പോവണമെങ്കിൽ അത്യാവശ്യമായ ഒരു സ്റ്റെപ്പ് ആണ് ഈ തൊഴിലിടത്തെ നിർവചിക്കുക എന്നത്. സ്ത്രീകൾക്ക് മാത്രമല്ല ഇവിടെ ജോലി ചെയ്യുന്ന, അവകാശബോധമുള്ള ഒരു ശരാശരി മനുഷ്യന് അത്യാവശ്യമായതാണ് തൊഴിൽസമയങ്ങളെ, വേതനത്തിനെ, കോൺട്രാക്റ്റിനെ, ഈ വർക്ക്പ്ലേസിലെ എന്തിനേയും കൃത്യമായ നിയമങ്ങളുടെയും റെഗുലേഷനുകളുടെയും ഉള്ളിൽ കൊണ്ടുവരുക എന്നത്. എന്നാൽ മാത്രമേ മറ്റേതൊരു ജോലിയും പോലെ ആത്മാഭിമാനത്തോടെ ജോലി ചെയ്തു ജീവിക്കാനുള്ള ഒരു വ്യവസ്ഥ ഇതിൽ ഉണ്ടാകുകയുള്ളൂ.

കഥകൾ വേറെ, കഥകൾ പറയുന്ന തൊഴിൽ വേറെ.

കവിത



**ആതിര. ആർ**
ഗവേഷക മലയാളവിഭാഗം
ഗവ.ബ്രണ്ണൻ കോളേജ്,ധർമടം



# എന്റെ ജലമേ...

**നി**നക്കെഴുതിയ
ആദ്യത്തെ കത്തിൽ
അക്ഷരത്തെറ്റുകളുണ്ടായിരുന്നു
വേണമെങ്കിലത്
കണ്ടില്ലെന്ന് നടിക്കാം
എങ്കിലും അതിലെ
അലങ്കാര വാക്യങ്ങൾ
എന്ത് ബോറായിരുന്നു..
ജീവനാണെന്നും
പ്രാണനാണെന്നും
ഒന്നു വീതം മൂന്നു നേരമെന്ന പോലെ
ആവർത്തിച്ച്
പറ്റിക്കുകയായിരുന്നില്ലേ ഞാൻ..
ഇനിയെങ്കിലും സത്യം പറയട്ടെ
നീ എനിക്ക് 'ജല'മാണ്
മധുരം കുറഞ്ഞെന്നോ
ഉപ്പ് കൂടിയെന്നോ
പരാതി പറയാൻ
കഴിയാത്ത വിധം
എരിവിന്റെയും
ചവർപ്പിന്റെയും
ഏറ്റക്കുറച്ചിലെകളെക്കുറിച്ച്
പരിഭവം
പറയാനാവാത്ത വിധം
കലർപ്പുകളില്ലാത്ത
ജലമാണ്
നീ എനിക്ക്

എന്റെ ജലമേ
എന്ന് നീട്ടിവിളിക്കുമ്പോൾ
പ്രണയത്തിന്റേതായ തീവ്രതയോ
ഉള്ളിലൊരു കുളിരോ
തോന്നിയില്ലെങ്കിലും
നോക്കു കുഞ്ഞേ...
പ്രാണനിലേക്ക്
നീ ഒഴിച്ച
ഒരു തുള്ളിയിൽ
നിന്നല്ലേ
ആയുസ്സിന്റെ പകുതിയിലേറെയും
നമ്മൾ ജീവിക്കാൻ പോവുന്നത്



**ദിവ്യ ഗോപിനാഥ്**
അഭിനേത്രി, മോഡൽ,
അസി.ഡയറക്ടർ, എറണാകുളം



# മുഖം മൂട്, അവര് കാണണ്ട

എന്റെ പേര് ...അയ്യോ പേര് പറയരുതെന്നാണ് എല്ലാരും പറയാറ്. നമ്മുടെ ഐഡൻറിറ്റി പുറത്ത് വിടരുതെന്ന്. നമ്മളെ ഒരാൾ ഏത് രീതിയിൽ ശല്യം ചെയ്താലും അതിന് ബലിയാടാവേണ്ടിവരുന്നത് നമ്മളാണ് പോലും. മുഖം മൂട് അവര് കാണണ്ട എന്നെ അയാൾ ഉപദ്രവിച്ചു ഞാൻ എന്താ ചെയ്യണ്ടേ?

ഇത് ആരോടും പറയണ്ട, ഇല വന്നു മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും ഇലക്കാണ് ദോഷമെന്ന് കേട്ടിട്ടില്ലേ...

“ചേച്ചി..പുറകിലിരിക്കുന്നയാൾ വല്ലാതെ ഉപദ്രവിക്കുന്നു..എനിക്ക് പേടിയാവുന്നു.”
“അതിനെന്തിനാ പേടിക്കണേ? നീ അങ്ങോട്ടേക്ക് മാറിയിരുന്നാൽ പോരെ? അപ്പൊ പ്രശ്നമൊന്നും ഉണ്ടാവില്ല.”

“ഈ സമയത്ത് എന്തിനാ നീ പുറത്ത് പോണത്? നീ ഇപ്പോൾ പോകണ്ട. അവിടെയൊക്കെ

വൃത്തികെട്ട ആൾക്കാർ ഉണ്ടാവും." നാട്ടിൽ 'ഇങ്ങനത്തെ' ആൾക്കാർ ഉള്ളതുകൊണ്ട് എനിക്ക് ചെയ്യണ്ട കാര്യങ്ങൾ മാറ്റിവെച്ച് ഞാൻ പുറത്ത് പോകാതിരിക്കണോ??

ഇവന്മാരൊക്കെ അല്ലേ പുറത്തിറങ്ങാൻ മടിക്കേണ്ടത്?

ഇവരൊക്കെ പുറത്തിറങ്ങി നടക്കുകയും, നമ്മളെയൊക്കെ അകത്ത് ഇരുത്തുകയുമാണോ വേണ്ടത്?

ഇതൊക്കെയാണോ ശരിയായ വഴി എന്ന് ആലോചിച്ചു തുടങ്ങിയ നിമിഷം മുതലാണ് ഞാൻ സ്വയം മനസ്സിലാക്കി തുടങ്ങിയത്,ഇന്ന് വരെ നമുക്ക് നേടിത്തന്ന സ്വാതന്ത്ര്യത്തെ ഞാൻ എങ്ങനെയാണ് ഉപയോഗിച്ചിരുന്നതെന്ന്.

നമുക്ക് ഇഷ്ടമുള്ള ഭക്ഷണം കഴിക്കാൻ, നമുക്ക് ഇഷ്ടമുള്ള വസ്ത്രം ധരിക്കാൻ, നമുക്കിഷ്ടമുള്ള സമയത്ത് സഞ്ചരിക്കാൻ ,നമുക്ക് ഇഷ്ടമുള്ള കാര്യങ്ങൾ സംസാരിക്കാൻ, നമുക്കിഷ്ടമുള്ള ജോലിചെയ്യാൻ നേടിത്തന്നു എന്നുപറയുന്ന സ്വാതന്ത്ര്യത്തെ ,എങ്ങിനെ നമ്മൾ ഉപയോഗിക്കണമെന്ന്

ഡിസൈൻ ചെയ്യുന്നത് നമുക്ക്

**100 ആൺകുട്ടികൾ പഠിക്കുമ്പോൾ കൂടിപ്പോയാൽ 8 പെൺകുട്ടികളാണ് അവിടെ പഠിക്കാൻ എത്തുന്നത്. ഞാൻ നേരത്തെ പറഞ്ഞ നീ സൂക്ഷിക്കണം എന്നുള്ള വാക്കുകൾ തരണം ചെയ്ത് സ്വന്തം വഴി തിരഞ്ഞെടുക്കാൻ പലർക്കും കഴിയാത്തത് കൊണ്ടാവാം 100 ആൺകുട്ടികൾ ഉള്ളിടത്ത് 8 പെൺകുട്ടികളെ മാത്രം കാണാൻ കഴിഞ്ഞത്.**

ചുറ്റുമുള്ള സമൂഹമാണെന്ന തിരിച്ചറിവിലാണ്, എൻറെ സ്വാതന്ത്ര്യം എനിക്ക് ചുറ്റും ഉള്ളവരല്ല ഞാനാണ് തിരഞ്ഞെടുക്കേണ്ടത് എന്ന് മനസിലാക്കുകയും ,ഇന്നുകാണുന്ന രീതിയിലേക്ക് എന്നെ തന്നെ മോൾഡ് ചെയ്യുകയും ചെയ്തത്.

ഒരുപാട് യാത്രകൾ, ഒരുപാട് ആളുകളുമായുള്ള ചർച്ചകൾ, വ്യത്യസ്തമായ ചിന്താധാരകൾ എല്ലാം എന്റെ ജീവിതത്തെ ഏറെ സ്വാധീനിക്കുകയും എന്റെ സ്വഭാവരൂപീകരണത്തിനും വളർച്ചയ്ക്കും അത് ഗുണമാവുകയും ചെയ്തിട്ടുമുണ്ട്. അങ്ങനെയുള്ള ഒരു കാലത്താണ് എന്റെ കലാലയവുമായി ബന്ധപ്പെട്ട നാടക



കലോത്സവം വരുകയും നാടകത്തിൽ അഭിനയിക്കാൻ താല്പര്യമുള്ള കുട്ടികളെ തേടുകയും ചെയ്തത്. ചെറുപ്പം മുതലേ കണ്ണാടിക്കു മുമ്പിൽ നിന്ന് മറ്റൊരാളുടെ വേഷം പകർന്നാടാൻ ഇഷ്ടമുള്ള ഒരാളായിരുന്നു ഞാൻ. രാജകുമാരിയായും, വലിയൊരു നർത്തകിയായും ഡോക്ടറായും, ടീച്ചറായും ,വയലിലെ പണിക്കാരിയാകും , പോലീസ് ഓഫീസറായും അങ്ങിനെ

എല്ലാ തരത്തിലുമുള്ള വേഷങ്ങൾ പകർന്നാടാനും എനിക്ക് ഇഷ്ടമായിരുന്നു. അങ്ങനെ ഞാൻ എന്റെ കോളേജിൽ അഞ്ച് വർഷവും നാടക സംഘത്തിന്റെ ഭാഗമാകുകയും, കലോത്സവങ്ങളിൽ പങ്കെടുക്കുകയും വിജയങ്ങൾ കൈവരിക്കുകയും ചെയ്തു.അതിനെത്തുടർന്നാണ് നാടകം വളരെ കാര്യമായി പഠനവിഷയമാക്കിയാലോ എന്നൊരു ആലോചന തോന്നിയത് .പക്ഷേ അവിടെയും വീണ്ടും ആശങ്കകൾ തന്നെയാണ് ഉണ്ടായത്. കുടുംബാംഗങ്ങളുടെ ആശയക്കുഴപ്പങ്ങൾ, സമൂഹം എങ്ങനെ നോക്കിക്കാണുമെന്ന പേടികൾ , ശരിക്കും ആ ചർച്ചകളിൽ നിന്നൊക്കെ എനിക്ക് മനസ്സിലായത് അവർ പറയാൻ ശ്രമിക്കുന്നത് ഈ ചുറ്റുപാടും അത്ര ശരിയല്ല 'നീ സൂക്ഷിക്കണം' , ആളുകൾ ഒന്നും ശരിയല്ല 'നീ സൂക്ഷിക്കണം' അങ്ങനെ ഒരുപാട്പേർ ശരിയല്ലാത്തതു കൊണ്ട് നീ സൂക്ഷിക്കണം എന്ന് ചെറുപ്പം മുതൽ കേട്ടുവളർന്ന എനിക്ക് അവരുടെ ആ ആകുലതകളെ മനസ്സിലാക്കുന്നതിനോടൊപ്പം തന്നെ, എന്റെ ഇഷ്ടങ്ങളെയും ഏറെ ബഹുമാനിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നതുകൊണ്ട് എനിക്ക് ഇഷ്ടമുള്ള വഴി തന്നെ സ്വയം തിരഞ്ഞെടുത്തു മുന്നോട്ടു നടക്കാൻ തുടങ്ങുകയും എന്റെ ജീവിതത്തിലെ മറ്റൊരു ഘട്ടമായ സ്കൂൾ ഓഫ് ഡ്രാമയിലെ പഠനം ആരംഭിക്കുന്നതും. അവിടുത്തെ ചുറ്റുപാടും എനിക്ക് തികച്ചും പുതുമയുള്ളതായിരുന്നു.

100 ആൺകുട്ടികൾ പഠിക്കുമ്പോൾ കൂടിപ്പോയാൽ 8 പെൺകുട്ടികളാണ് അവിടെ പഠിക്കാൻ എത്തുന്നത്. ഞാൻ നേരത്തെ പറഞ്ഞ നീ സൂക്ഷിക്കണം എന്നുള്ള വാക്കുകൾ തരണം ചെയ്ത് സ്വന്തം വഴി തിരഞ്ഞെടുക്കാൻ പലർക്കും കഴിയാത്തത് കൊണ്ടാവാം 100 ആൺകുട്ടികൾ ഉള്ളിടത്ത് 8 പെൺകുട്ടികളെ മാത്രം കാണാൻ കഴിഞ്ഞത്.

ഈ അവസ്ഥകളെ ഒക്കെ കാലം മാറ്റി മാറ്റിയെടുക്കും എന്ന് വിശ്വസിക്കാൻ തന്നെയാണ് ഇന്നും എനിക്കിഷ്ടം. അതിനുള്ള പോരട്ടങ്ങളാണ് ഓരോ സ്ത്രീയുടെയും ശബ്ദമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഓരോ പെൺകുട്ടിയും അവരുടെ വഴി സ്വയം കണ്ടെത്തുമ്പോൾ, ആ വഴിയിൽ വരുന്ന എല്ലാ കല്ലും,മുള്ളും നമുക്കു ചുറ്റുമുള്ള സമൂഹം നമ്മുടെ മുന്നിലേക്കെറിഞ്ഞ് നമ്മളെ വീഴ്ത്താൻ ശ്രമിക്കുമെന്നറിഞ്ഞിട്ടും, ആ പ്രശ്നങ്ങൾ എല്ലാം തരണം ചെയ്ത് അതിലൂടെ തന്നെ ഓരോ നിമിഷവും വളരെ സൂക്ഷിച്ച് മുന്നോട്ട് നടക്കുന്നത്.

അങ്ങനെ സ്കൂൾ ഓഫ് ഡ്രാമ ജീവിതത്തിൽ ,സ്വയം തിരഞ്ഞെടുത്ത വഴികളിൽ നടക്കുന്ന ഒരു കാലഘട്ടത്തിലാണ് സിനിമ എന്ന മാസ്മരികമായ ഒരു മീഡിയത്തിലേക്ക്, അഭിനയിക്കാൻ എനിക്ക് ഒരു അവസരം വരുന്നത്. അവിടെയും ഉണ്ടായിരുന്നു 'നീ സൂക്ഷിക്കണം' ഇതൊരു ചെറിയ ഇടമല്ല നിനക്ക് ചുറ്റും ഒരുപാട് ആളുകളുണ്ട് എന്ന അതേ പ്രയോഗങ്ങൾ ചെവിയിൽ വീണ്ടും വീണ്ടും മുഴങ്ങിക്കൊണ്ടിരുന്നത്. പക്ഷെ ഇതിനെല്ലാമപ്പുറം ,ഞാൻ എപ്പോഴും എന്റെ ഇഷ്ടങ്ങൾക്കും താൽപര്യങ്ങൾക്കുമാണ് പ്രാമുഖ്യം കൊടുത്തിരുന്നത് എന്നുള്ളതുകൊണ്ട് തന്നെ ഞാൻ എടുത്ത തീരുമാനത്തിൽ ഉറച്ച്, എനിക്ക് ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്ത് മുന്നോട്ട് പോകാൻ തന്നെ തീരുമാനിച്ചു .എൻറെ സിനിമയിലുള്ള അഭിനയം എന്ന മോഹത്തിൻറെ തുടക്കം അവിടെ സാക്ഷാത്കരിച്ചു. ആ വഴിയിലെ തുടക്കത്തിൽ വന്ന ചെറിയ കല്ലുകൾ എല്ലാം കയ്യിലെടുത്ത് ശക്തിയായി ഞാൻ ദൂരേക്കെറിഞ്ഞു. പക്ഷേ ഒരു ഘട്ടത്തിൽ വഴിയിൽ ഞാനൊരു അല്പം ഭയന്ന് നിന്നുപോയി എന്നുള്ളത് സത്യമാണ്. ആ സത്യം മനസിലാകുമ്പോഴും എന്റെ യാത്ര തുടരണം എന്നുള്ളതുകൊണ്ട് തന്നെ നീ സൂക്ഷിക്കണം എന്നതിനപ്പുറം, എന്റെ യാത്ര തടസ്സപ്പെടുത്തുന്ന ആളുകൾ എങ്ങനെ സൂക്ഷിക്കണം എന്ന് മനസ്സിലാക്കാനായിരുന്നു പിന്നീട് കുറച്ചുകാലത്തെ യാത്ര. ഒരു സിനിമയുടെ സെറ്റിൽ എനിക്കുണ്ടായ ഒരു മോശമായ അനുഭവവും, അത് ചെയ്ത ആ വ്യക്തിയുടെ സിനിമയിലെ സ്വാധീനം കൊണ്ട് ഈയൊരു പ്രശ്നത്തെ എങ്ങനെ കൈകാര്യം ചെയ്യുമെന്നും ഞാൻ പല വഴിയിലൂടെ ആലോചിച്ചുനോക്കി. അന്വേഷണത്തിന് പുറകെ

**ഞാൻ ഭയപ്പെട്ടിരുന്നത് പണ്ട് കേട്ട് തഴമ്പിച്ച ആ പഴഞ്ചൊല്ലിനെയാണെന്നാണ് 'ഇല വന്ന് മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും ഇലക്കാണ് കേട്'.അന്വേഷണങ്ങളിലൂടെയെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞത് ഇലകൾ എന്നും ദുർബലരായി പോയിക്കൊണ്ടിരിക്കുകയാണ് എന്നാണ്. കളിയാക്കലുകൾ ,കുത്തുവാക്കുകൾ ഒത്തുതീർപ്പുകൾ അങ്ങനെ പോകുന്നു ഇത്തരം വെർബൽ അബ്യൂസ്സിന്റെയും , സെക്സ് അബ്യൂസുകളുടെയും പോരാട്ടങ്ങളെന്നും.**

പോയപ്പോൾ പലരുടെയും നിയമപരമായ പോരാട്ടങ്ങളെ കുറിച്ച് മനസ്സിലാക്കാൻ ശ്രമിച്ചു . എല്ലാ ശ്രമങ്ങൾക്കും ഒടുവിൽ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് , ഞാൻ ഭയപ്പെട്ടിരുന്നത് പണ്ട് കേട്ട് തഴമ്പിച്ച ആ പഴഞ്ചൊല്ലിനെയാണെന്നാണ് 'ഇല വന്ന് മുള്ളിൽ വീണാലും മുള്ള് വന്ന് ഇലയിൽ വീണാലും ഇലക്കാണ് കേട്'.അന്വേഷണങ്ങളിലൂടെയെല്ലാം മനസ്സിലാക്കാൻ കഴിഞ്ഞത് ഇലകൾ എന്നും ദുർബലരായി പോയിക്കൊണ്ടിരിക്കുകയാണ് എന്നാണ്. കളിയാക്കലുകൾ ,കുത്തുവാക്കുകൾ ഒത്തുതീർപ്പുകൾ അങ്ങനെ പോകുന്നു ഇത്തരം വെർബൽ അബ്യൂസ്സിന്റെയും , സെക്സ് അബ്യൂസുകളുടെയും പോരാട്ടങ്ങളെന്നും. ചുറ്റുമുള്ളവരോട് ഞാൻ ചോദിച്ചു എനിക്ക് ഇങ്ങനെ ഒരു പ്രശ്നം ഉണ്ടായിട്ടുണ്ട്. ഞാൻ എന്താണ് ചെയ്യേണ്ടത് ,ഞാൻ എവിടെയാണ് ഇതിനെക്കുറിച്ച് സംസാരിക്കേണ്ടത്. അതനുസരിച്ച് എനിക്ക് മനസ്സിലായത് ഇത്തരം പ്രശ്നങ്ങൾക്ക് ഇപ്പോഴുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ട് പോകുമ്പോൾ, കേസ് നടത്തി അതിനൊരു



പരിഹാരം ഉണ്ടാവാനുള്ള കാലയളവ് ഒരുപാട് വിദൂരം ആണെന്നും, കൂട്ടത്തിൽ വെർബൽ അബ്യൂസിനിരയായ വ്യക്തിയെ വീണ്ടും അത്തരം ചോദ്യങ്ങൾ ഉയർത്തി വ്യക്തിഹത്യ നടത്തുന്നത്തുമെന്നും. വീണ്ടും അതിലൂടെയെല്ലാം കടന്ന് പോകാൻ താല്പര്യമില്ലാത്തത് കൊണ്ട് തന്നെ പിന്നീട് ഞാൻ ജോലി ചെയ്യുന്ന സ്ഥലത്ത് അതായത് സിനിമ രംഗത്ത് ഇത്തരം പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള ഒരു ഇടം ഉണ്ടോ എന്ന് തേടിത്തുടങ്ങി . ആ വഴിയിലാണ് ഒരു കൂട്ടം സ്ത്രീകൾ അവരുടെ സുഹൃത്തിനു സംഭവിച്ച ഒരു വലിയ അതിക്രമത്തിനെതിരെ ശബ്ദമുയർത്തുകയും അവൾക്ക് നീതി കിട്ടുന്നതിനുവേണ്ടി നിരന്തരം പോരാട്ടം നടത്തുന്നതും ഞാൻ ശ്രദ്ധിച്ചു തുടങ്ങുന്നത്.

Women in cinema collective അതെ ആ പെൺകൂട്ടം എനിക്ക് തന്ന ശക്തി ഒരുപാട് ഏറെയാണ്. അങ്ങനെ പതിയെ ഞാനും ആ കൂട്ടത്തിലെ ഒരു ഭാഗമായി മാറുകയും എനിക്ക് നേരിടേണ്ടി വന്ന ദുരനുഭവവും അവിടെ തുറന്നു പറയുകയും ചെയ്തു. അങ്ങനെ അവിടെവെച്ചാണ് ഇൻറണൽ കംപ്ലൈന്റ് കമ്മിറ്റി സെല്ലിനെ (ICC) കുറിച്ച് എനിക്ക് അറിയാൻ കഴിഞ്ഞത്. അതിൽ പറയുന്ന പ്രകാരം ഇൻഡസ്ട്രി ആക്ടിന് കീഴിൽ നടക്കുന്ന ഏതൊരു വ്യവസായത്തിലും, അതിൽ 20 തൊഴിലാളികളിൽ കൂടുതലുണ്ടെങ്കിൽ, പ്രത്യേകിച്ച് അതിൽ സ്ത്രീകൾ ഉണ്ടെങ്കിൽ, അത്തരം വ്യവസായങ്ങളിൽ ഇൻറണൽ കംപ്ലൈന്റ് കമ്മിറ്റി സെൽ വർക്ക് ചെയ്യണം എന്നുള്ള നിർബന്ധമായ

**നമ്മുടെ മലയാള സിനിമ രംഗത്ത് അതിനായി പോരാട്ടം ഇന്നും ഒരു കൂട്ടം നടത്തികൊണ്ടിരിക്കുന്നു. കൃത്യമായി അതിനെക്കുറിച്ച് പഠിക്കുകയാണെങ്കിൽ മലയാള സിനിമ മേഖലയ്ക്കും ആ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിക്കും ,അതിൽ നടികൾക്ക് മാത്രമല്ല ഏറ്റവും താഴേ തട്ടിൽ തുടങ്ങി ഏറ്റവും മുകളിലുള്ള പ്രൊഡ്യൂസർ സ്ഥാനം വഹിക്കുന്നവർക്ക് വരെ ഗുണം ചെയ്യാവുന്ന ഒരു നിയമ സാധ്യതയാണ് ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റി സെൽ എന്നുള്ളതാണ് പഠനത്തിലൂടെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.**

നിയമവ്യവസ്ഥ നിലനിൽക്കുന്നുണ്ടെന്നും, അത്തരം സ്പേസിൽ എന്തെങ്കിലും സെക്ഷ്വലോയോ വെർബലായോ ഉള്ള അബ്യൂസുകൾക്ക് ആരെങ്കിലും ഇരയാകുകയാണെങ്കിൽ ഈ കമ്മിറ്റിക്ക് മുമ്പാകെ പ്രൈവറ്റായി നമ്മുടെ ജോലിയെ ഒരുതരത്തിലും ബാധിക്കാത്ത രീതിയിൽ പരാതി കൊടുക്കാൻ കഴിയുമെന്നും ആ സെൽ കൃത്യമായ പരിശോധന നടത്തി 90 ദിവസത്തിനുള്ളിൽ പരാതിക്കാരിയെയും കുറ്റാരോപിതനെയും വിളിച്ച് തെളിവെടുപ്പ് നടത്തുകയും ,കുറ്റം ചെയ്തു എന്ന് കണ്ടെത്തിയാൽ, പ്രശ്നപരിഹാരത്തിനുള്ള വേദി ഐ സി സി സൃഷ്ടിക്കുമെന്നും അറിയാൻ സാധിച്ചു. ഇന്റേണൽ കമ്മിറ്റി സെൽ ഒരു സ്ത്രീക്ക് വർക്ക് ചെയ്യുന്ന ഇടത്തിൽ കൊടുക്കുന്ന സെക്യൂരിറ്റി എന്നുള്ളത് വളരെ വലുതാണ്. സ്വയം വഴികൾ തിരഞ്ഞെടുത്തതിന്റെ പേരിൽ യാത്രകളിൽ ഒറ്റയ്ക്കാവാതിരിക്കാനും പൊതു സമൂഹത്തിന്റെ മുന്നിൽ ഇരയെന്ന് വിളിച്ചു കല്ലേറുകൾ കൊള്ളതെ സ്വയം സംരക്ഷിക്കാനും ,വളരെ എളുപ്പത്തിൽ സ്വകാര്യമായി എനിക്കുണ്ടായ പ്രശ്നങ്ങൾ അറിയിക്കാനും, അതിൽ നിയമത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി പോരാടാനും കഴിയും എന്നത് ഞങ്ങളെ പോലുള്ള പെൺകുട്ടികൾക്ക് വലിയൊരു ബലമാണ് തരിക. അത്തരമൊരു നിയമത്തിന്റെ പോരായ്മ ഇന്ന് ഞങ്ങളുടെ ഇൻഡസ്ട്രിയിൽ നിലനിൽക്കുന്നതുകൊണ്ട് ഒരുപാട് ആളുകൾ അവർക്കുണ്ടാവുന്ന ഇത്തരം അനുഭവങ്ങൾ മൂടിവയ്ക്കാൻ നിർബന്ധിതരാകുന്നുമുണ്ട് .

നമ്മുടെ മലയാള സിനിമ രംഗത്ത് അതിനായി പോരാട്ടം ഇന്നും ഒരു കൂട്ടം നടത്തികൊണ്ടിരിക്കുന്നു. കൃത്യമായി അതിനെക്കുറിച്ച് പഠിക്കുകയാണെങ്കിൽ മലയാള സിനിമ മേഖലയ്ക്കും ആ മേഖലയിൽ പ്രവർത്തിക്കുന്ന ഓരോ വ്യക്തിക്കും ,അതിൽ നടികൾക്ക് മാത്രമല്ല ഏറ്റവും താഴേ തട്ടിൽ തുടങ്ങി ഏറ്റവും മുകളിലുള്ള പ്രൊഡ്യൂസർ സ്ഥാനം വഹിക്കുന്നവർക്ക് വരെ ഗുണം ചെയ്യാവുന്ന ഒരു നിയമ സാധ്യതയാണ് ഇന്റേണൽ കംപ്ലൈന്റ് കമ്മിറ്റി സെൽ എന്നുള്ളതാണ് അനുഭവത്തിലൂടെ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

ഒരു സ്ത്രീക്ക് വർഷങ്ങൾ കഴിഞ്ഞ് അവളുടെ ജോലിസ്ഥലത്ത് ഉണ്ടായ ഒരു മോശമായ അനുഭവം തുറന്നുപറയേണ്ടി വരുന്നുണ്ടെങ്കിൽ, അത് അവസരം മുതലെടുക്കൽ അല്ല മറിച്ച് ' നീ സൂക്ഷിക്കണം ' എന്ന് കേട്ട് പഴകിയ അവളുടെ മനസ്സിന് ,അത് തുറന്നുപറയാനുള്ള കരുത്ത് നേടിയെടുക്കുവാനുള്ള *കാലമായെന്നാണ്* കാണേണ്ടത്. അതിന്റെ പേരിൽ അവളെയും അവൾ പറയുന്നതിനെയും അളക്കുവാനുള്ള അർഹത, എന്നും അവളോട് മാത്രം സൂക്ഷിക്കണം എന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന ഈ പൊതുസമൂഹത്തിന് തീരെയില്ല.

അതുകൊണ്ടുതന്നെ ഇനിയുള്ള കാലത്തെങ്കിലും തലയുയർത്തി പിടിച്ച് , കല്ലേറിൽ പെടാതെ ജോലി ചെയ്യുന്നിടത്ത് തങ്ങൾക്കുണ്ടാവുന്ന മോശമായ അനുഭവങ്ങൾ, തുറന്നുപറയാനും അതിന് വ്യക്തമായ ഒരു പരിഹാരം ഉണ്ടാക്കാനും, ഞാനടക്കം വരുന്ന ഒട്ടേറെ സാധാരണക്കാരായ മനുഷ്യർ ജോലി ചെയ്യുന്ന സിനിമാ വ്യവസായത്തിന് സാധിക്കട്ടെ എന്നും അതിനുള്ള പോരാട്ടം തുടരാൻ ഈ രംഗത്തിലെ സ്ത്രീ പുരുഷ ഭേദമന്യേ എല്ലാ മേലധികാരികൾക്കും ഊർജ്ജം ഉണ്ടാകട്ടെ എന്നും അതിയായി ആഗ്രഹിക്കുന്നു.



**ആശ ആച്ചി ജോസഫ്**

തേവര എസ്.എച്ച്. കോളേജിൽ സിനിമയും ടെലിവിഷനും പഠിപ്പിക്കുന്നു. നിരവധി ഡോക്യുമെന്ററികളുടെയും ഹൃസ്വചിത്രങ്ങളുടെയും സംവിധായിക. ഡബ്ല്യു.സി.സി. സ്ഥാപകാംഗമാണ്



# ബാല്യം കടക്കുന്ന ഡബ്ള്യുസിസി

ഒരു പ്രസ്ഥാനത്തിന്റെ വളർച്ചക്കിടയിൽ താക്കോൽവാക്കുകൾക്കുള്ള പങ്ക് സൂക്ഷ്മമാണ്. ഡബ്ള്യുസിസിയുടെകാര്യത്തിൽ വാക്കുകളിലൂടെയുള്ള വളർച്ച കൗതുകകരമാണ്.

1975 അന്താരാഷ്ട്ര വനിതാവർഷമായി പ്രഖ്യാപിക്കുമ്പോൾ 'സ്ത്രീശാക്തീകരണം' അഥവാ വിമൻ എംപവർമെൻറ് എന്ന വാക്ക് അപരിചിതമായിരുന്നു. 'വിമെൻസ് ലിബറേഷൻ'/ വനിതാ വിമോചനം അന്ന് സാമൂഹ്യസാംസ്കാരിക മണ്ഡലങ്ങളിൽ പ്രവർത്തിച്ചിരുന്ന സ്ത്രീകൾക്ക് കൂടുതൽ പരിചിതമായ ഒരു പദമായിരുന്നു. ആശയപരമായി വിമോചനം 'ശാക്തീകരണ'ത്തെക്കാൾ വിപ്ലവകരമായ പദമല്ലേ എന്ന് പിന്നീട് സ്ത്രീപ്രസ്ഥാനങ്ങൾ തന്നെ വാദിച്ചിരുന്ന സന്ദർഭങ്ങളുമുണ്ടായിട്ടുണ്ട്. സ്ത്രീവാദരാഷ്ട്രീയത്തിന്റെയും ജ്ഞാന മേഖലയുടെയും വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ ഓരോ വാക്കുകളും അതാതിന്റെ സംവാദാന്തരീക്ഷങ്ങൾ സൃഷ്ടിക്കുകയും പുതിയ അറിവുകൾ രൂപപ്പെടുന്നതിന് കളമൊരുക്കുകയും ചെയ്തിട്ടുണ്ട്.

സ്ത്രീവാദത്തിന്റെ നാലാം തരംഗം ആഗോളമായി ചർച്ചചെയ്യപ്പെടുമ്പോൾ, സ്വന്തം ശരീരത്തെയും ഇടത്തെയും സംരക്ഷിക്കാൻ ബോധപൂർവ്വമായ ഇടപെടലുകൾ നടത്തുന്ന സ്ത്രീകളെ സഹിച്ചുകൂടാത്ത വലിയൊരു വിഭാഗം മലയാളി സമൂഹത്തിന്റെ പല തട്ടുകളിലും ഉണ്ട് എന്ന് 'ഫെമിനിച്ചി' എന്ന അഭിസംബോധന ബോധ്യപ്പെടുത്തുന്നു. ഫെമിനിസം എന്ന വാക്കു ഉച്ചരിക്കുകയോ അറിയുകയോ ചെയ്തില്ലെങ്കിൽ പോലും തുല്യത എന്ന ആശയത്തെ അഭിസംബോധന ചെയ്യാൻ വൈമുഖ്യമുള്ള ഒരു തൊഴിൽ മേഖലയായി സാംസ്കാരിക വ്യവസായത്തിന്റെ ചുക്കാൻ പിടിക്കുന്ന സിനിമ മാറുന്നത് ഒട്ടും അഭിലഷണീയമല്ല. പുരോഗതിയെ സംബന്ധിച്ചുള്ള മൈതാന പ്രസംഗങ്ങളിൽ സ്ത്രീകളുടെ പങ്കിനെ വാനോളം ഉയർത്തി പ്രതിഷ്ഠിക്കുകയും സ്ത്രീകൾ അവരുടെ ഭാവി സ്വയം നിർണ്ണയിക്കാൻ മുന്നിട്ടിറങ്ങുമ്പോൾ തലയ്ക്കു തീ പിടിച്ചതുപോലെ പെരുമാറുകയും ചെയ്യുന്നത് സമൂഹത്തിന്റെ രീതിയായി മാറിയിട്ടുണ്ട്.

പാശ്ചാത്യ രാജ്യങ്ങളിൽ സ്ത്രീപുരുഷതുല്യതയുമായി ബന്ധമുള്ള

ആശയങ്ങളും പദങ്ങളും രൂപപ്പെട്ടതിനും ഇന്ത്യൻ സാഹചര്യത്തിനും തമ്മിൽ വളരെയേറെ അന്തരമുണ്ട്; ചരിത്രപരമായി സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പരിതഃസ്ഥിതികൾ മനസ്സിലാക്കി വേണം പാശ്ചാത്യ ഫെമിനിസത്തെയും അവിടത്തെയും ഇവിടത്തെയും സ്ത്രീപ്രസ്ഥാനങ്ങളെയും വിലയിരുത്താനെന്നും ഇതിനോടകം ധാരണയായിട്ടുണ്ട്. വിമൻ ഇൻ സിനിമ കളക്ടീവ് എന്ന സിനിമാ മേഖലയിലെ സ്ത്രീ കൂട്ടായ്മയുടെ രൂപീകരണത്തോടെ തുല്യതയെ സംബന്ധിക്കുന്ന മലയാളി പൊതു സമൂഹത്തിന്റെ ഇരട്ടത്താപ്പുകൾ വ്യക്തമായിക്കൊണ്ടിരിക്കുന്നു.

രണ്ടായിരത്തിനു ശേഷം കേരളം കണ്ട പ്രധാനപ്പെട്ട സ്ത്രീ സമരങ്ങളെല്ലാം പ്രസക്തമാകുന്നതും പ്രത്യേക പഠനത്തിന് വിധേയമാകേണ്ടതും ഈ സാഹചര്യത്തിലാണ്. സ്ത്രീയുടെ ആളത്വത്തെ അവളുടെ ശരീരത്തിന്റെയും മനസ്സിന്റെയും അവയുടെ സ്വതന്ത്രമായ വ്യവഹാരങ്ങളുടെയും ഭാഗമായി അംഗീകരിക്കാൻ ഇന്നും കഴിയാതെ പോകുന്നതിന്റെ യഥാർത്ഥ കാരണം നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സ്ത്രീവിരുദ്ധ സമീപനമാണ്.

മിനിമം വേതനത്തിനുള്ള അവകാശം, ശരീരത്തിനും ജീവനും സ്വത്തിനും മേലുള്ള അവകാശം, അഭിപ്രായ സ്വാതന്ത്ര്യത്തിനുള്ള അവകാശം എന്നിങ്ങനെ ഇന്ത്യൻ ഭരണഘടന ഉറപ്പുതന്നിട്ടുള്ള അടിസ്ഥാന വിഷയങ്ങളിന്മേൽ കേരളത്തിൽ സ്ത്രീകൾ ഇപ്പോഴും നിരന്തരം ശബ്ദമുയർത്തേണ്ടി വരുന്നുണ്ടെങ്കിൽ പിന്നെ, ഇന്ത്യയുടെ മൊത്തം അവസ്ഥയെക്കുറിച്ച് എന്ത് പറയാൻ? ഈ മുറവിളി ഇവിടത്തെ പുരുഷസമൂഹത്തോടു എന്താണ് അറിയിക്കുന്നത്? സെയിൽസ് ഗേൾസിന്റെ, തേയിലത്തോട്ടം തൊഴിലാളികളുടെ, നഴ്സുമാരുടെ, കന്യാസ്ത്രീകളുടെ, ഒപ്പം ഡബ്ല്യൂസിസിയുടെ, പ്രതിരോധങ്ങളിലെ ഭാഷ സ്പഷ്ടമാണ്. ജൻഡർ പൊളിറ്റിക്സ് ഗൗരവത്തോടെ സമീപിക്കപ്പെടേണ്ടതാണ് എന്ന് ഇവ ഓരോന്നും ഊന്നിപ്പറയുന്നു.

1975 ൽ താൻ പങ്കെടുത്ത ചർച്ചകളെയും മുന്നേറ്റങ്ങളെയും കുറിച്ച് പ്രസിദ്ധ ഫെമിനിസ്റ്റ് ചിന്തക ലോറ മൾവി 2020 ഫെബ്രുവരിയിൽ ഡബ്ള്യുസിസിയോട് സംസാരിക്കുകയുണ്ടായി. അതിലെ കൗതുകകരമായ ഒരു കാര്യം സ്വയം പര്യാപ്തരായ, ചിന്തിക്കാൻ കഴിവുള്ള സ്ത്രീകളുടെ അന്നത്തെ അവസ്ഥ ഇന്ന് ഇവിടെ കാണാൻ കഴിയുന്നു എന്ന ലോറയുടെ നിരീക്ഷണമാണ്. 1976 മുതൽ ലോകമൊട്ടാകെ ചർച്ച ചെയ്യപ്പെടുന്ന ആൺ നോട്ടം എന്ന തന്റെ സിദ്ധാന്തത്തിനു മാറ്റങ്ങൾ വരുത്തിയത് അടിവരയിടുമ്പോൾ തന്നെ, ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്ന സാഹചര്യം ഒരു പക്ഷെ അന്ന് ബ്രിട്ടനിൽ തങ്ങൾ അനുഭവിച്ചതിൽ നിന്ന് വ്യത്യസ്തമല്ലായിരിക്കാം എന്നവർ ഊഹിക്കുന്നു. തന്റെ സിദ്ധാന്തത്തിൽ പുനഃപരിശോധിക്കപ്പെട്ട മേഖലകൾ വരെ എത്താൻ കേരളത്തിലെ പഠിതാക്കൾക്ക് കഴിയാത്തതിന് പ്രധാന കാരണം ആൺകാഴ്ചയെ സംബന്ധിക്കുന്ന സമൂഹത്തിന്റെ ചിന്തയില്ലായ്മയായിരിക്കാം എന്നും ലോറ അഭിപ്രായപ്പെടുന്നു.

മലയാള സിനിമയിലെ നടീനടന്മാരുടെ സംഘടന എ എം എം എയുടെ ജനറൽ സെക്രട്ടറി ഇക്കഴിഞ്ഞ ദിവസങ്ങളിൽ മാധ്യമ ശ്രദ്ധ നേടിയത് അതിജീവിച്ച സഹപ്രവർത്തകയെ മരിച്ചുപോയവൾ



എന്ന് വിളിച്ചുകൊണ്ടായിരുന്നു. മൾവി പരിതപിച്ചതുപോലെ, ഇനി എത്രവർഷങ്ങളെടുക്കും ഈ വ്യവസായ മേഖലയിലെ സ്ത്രീകളോട് തുല്യതയുടെ സാമാന്യ യുക്തിയോടെ പെരുമാറാൻ എന്നത് ഒരു ഫെമിനിസ്റ്റ് ചോദ്യം മാത്രമായി കാണുന്നിടത്താണ് ചലച്ചിത്ര വ്യവസായത്തിന്റെ അനാരോഗ്യം.

ലിംഗപദവി രാഷ്ട്രീയത്തെ മുൻനിർത്തി കേരളത്തിൽ നടന്നിട്ടുള്ള പ്രതിരോധങ്ങളിൽ ലൈംഗിക തൊഴിലാളികളുടെ ഒന്നിച്ചുകൂടലിനു ശേഷം ശരീരം ഏറ്റവും പ്രധാന ചർച്ചാവിഷയമായി വരുന്നത് ഡബ്ള്യുസിസിയുടെ പൊതുസംവാദങ്ങളിലായിരിക്കാം. തൊഴിൽ പരമായ കാരണങ്ങൾ ഉടലിന്റെ വസ്തുവൽക്കരണം നിലനിർത്തുമ്പോൾ സ്ത്രീതൊഴിലാളികളുടെ അവകാശങ്ങൾ സിനിമ എന്ന സാംസ്കാരിക വ്യവസായ മണ്ഡലത്തിൽ ഏതുരീതിയിലാണ് പരിഗണിക്കപ്പെടുന്നത് എന്നതിന് ഒരു തീരുമാനവും ഉണ്ടായിട്ടില്ല. 1998ൽ ഒരു വ്യവസായമായി പ്രഖ്യാപിക്കപ്പെട്ടതിനുശേഷവും ഈ മേഖലയിലെ തൊഴിലാളികളുടെ സന്ദേഹങ്ങൾ അഭിസംബോധന ചെയ്യുന്ന നിയമങ്ങളൊന്നും കേരളത്തിൽ നിലവിൽ വന്നിട്ടില്ല. ബ്രിട്ടീഷ് നിയമത്തിന്റെ ഭാഗമായിരുന്ന സിനിമാട്ടോഗ്രാഫ് ആക്ട് ഒഴിച്ച് വേറൊരു പ്രത്യേകനിയമവും ഈ മേഖലയിൽ നിലവിലില്ല എന്നത് സ്വകാര്യ മൂലധനത്തിന്റെ ബലത്തിൽ മാത്രം നിലനിൽക്കുന്ന ഇത്തരം വ്യവസായങ്ങളിൽ പുതുമയല്ല. 2014ൽ പുറത്തുവന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മറ്റി നിർദ്ദേശങ്ങൾ മാത്രമാണ് ഈ മേഖലയെ പൊതുവായി ഉൾക്കൊള്ളുന്ന ഒരു മാർഗ്ഗരേഖ. ഒരു പ്രമുഖ നടി ആക്രമിക്കപ്പെട്ടതിനു ശേഷം മാത്രമാണ് 90 വർഷം പൂർത്തിയാക്കിയ ഈ തൊഴിലിടത്തെ നവീകരിക്കുന്നതിന്റെ അത്യാവശ്യം ബോധ്യപ്പെട്ട് സ്ത്രീകളുടെ ഇടയിൽ നിന്നുതന്നെ ആഴത്തിലുള്ള ചിന്തയും, സംഘം ചേരലിനുള്ള ഒരു ഉദ്യമവും ഫലം കാണുന്നത്. 2017 മെയ് 18നു ഡബ്ല്യൂസിസി മുഖ്യമന്ത്രിയെ കണ്ടു നൽകിയ പരാതിയിലാണ് സ്ത്രീകളുടെ പങ്കാളിത്തമുള്ള തൊഴിലിടം എന്ന നിലയിൽ സിനിമ എന്ന കൾച്ചറൽ ഇൻഡസ്ട്രിയെ പരിഷ്കരിക്കുന്നതിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതും ജസ്റ്റിസ് ഹേമയുടെ നേതൃത്വത്തിലുള്ള കമ്മറ്റി സ്ത്രീകളുടെ അവസ്ഥ പഠിക്കാനായി രൂപീകരിക്കപ്പെടുന്നതും. അടൂർ കമ്മറ്റിയുൾപ്പെടെ ഓരോ ഗവണ്മെന്റുകളും നിയോഗിച്ചിട്ടുള്ള മറ്റെല്ലാ പ്രധാന കമ്മറ്റിറിപ്പോർട്ടുകളുടെയും അവസ്ഥ ഹേമ കമ്മറ്റിക്ക് ഉണ്ടാവരുതെന്നു ഡബ്ള്യുസിസി ആഗ്രഹിക്കുന്നു. ജസ്റ്റിസ് ഹേമ 2019 ഡിസംബറിൽ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ ഈ മേഖലയിൽ സ്ത്രീകൾക്കെതിരെ നിലനിൽക്കുന്ന എല്ലാവിധ ചൂഷണങ്ങളെക്കുറിച്ചും വളരെ കൃത്യമായ സൂചനകൾ നൽകി. ചരിത്രപരമായി ഇത്തരമൊരു രേഖ ഇന്ത്യയിൽ ഒരിടത്തും ലഭ്യമല്ല എന്നിരിക്കെ ഈ റിപ്പോർട്ട് വളിച്ചം കാണേണ്ടത് പരമപ്രധാനമാണ്.

തുല്യതക്കുവേണ്ടിയുള്ള സംവാദങ്ങളിലും അവസര സമത്വത്തിനായുള്ള നിരന്തര പരിശ്രമങ്ങളിലും കഴിഞ്ഞ മൂന്നുവർഷമായി ഏർപ്പെട്ടിരിക്കുന്ന സംഘടന -ആക്രമിക്കപ്പെട്ട സഹപ്രവർത്തകക്ക് നീതി, പോഷ് ആക്ടിന്റെ സിനിമാ മേഖലയിലെ നിർവഹണം, ഹേമകമ്മറ്റി റിപ്പോർട്ടിന്മേലുള്ള ഗവണ്മെന്റിന്റെ തീരുമാനങ്ങൾ എന്നീ പ്രധാന വിഷയങ്ങളെ ഉറ്റുനോക്കുന്നു. ഒരുസംഘടന എന്ന നിലയിൽ ആദ്യത്തെ കൂടിവരവ് മുതൽ മൂന്നു കാര്യങ്ങളെ മുൻനിർത്തിയാണ് ഡബ്ള്യൂ സീസിയുടെ പ്രവർത്തനം മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്- സ്ത്രീ- സിനിമ -കൂട്ടായ്മ. അനൗപചാരികമായി നിലവിൽ വന്നതുമുതൽ ഈ കൂട്ടായ്മയുടെ ശ്രദ്ധ സംഘടനാ പ്രവർത്തനത്തെ കേന്ദ്രീകൃതമായ വാർപ്പ് മാതൃകകളിൽ നിന്നും പുറത്ത് കൊണ്ടുവരിക എന്നതായിരുന്നു.ചലച്ചിത്ര മേഖലയിൽ ഇന്ന് നിലനിൽക്കുന്ന എല്ലാ സംഘടനകളും വ്യക്തികേന്ദ്രീകൃതമായ, ശ്രേണീ സ്വഭാവമുള്ള അധികാരമാണ് കൈകാര്യം ചെയ്യുന്നത്. കളക്ടീവ് മോഡ് ഓഫ് വർക്ക് അഥവാ കൂട്ടായനേതൃത്വം അടിസ്ഥാനമാക്കിയെന്ന ആശയം മറ്റെല്ലാത്തരം നേതൃത്വരീതികളെക്കാൾ സമയവും കേന്ദ്രീകൃതമല്ലാത്ത ഇടപെടലുകളും ആവശ്യപ്പെടുന്നു. എന്നാൽ ഇതുവരെ രൂപീകരിക്കപ്പെട്ടതിൽ ഏറ്റവും ജനാധിപത്യപരവും സ്ത്രീവാദപരവുമായ സമീപനമാണ് കളക്ടീവുകൾക്ക് ഉള്ളതെന്ന് ആഗോളമായി തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്ങനെ ഉള്ളിൽ നിന്നും പുറത്തു നിന്നുമുള്ള കാഴ്ച്ചയിൽ ഇന്ത്യയിലെ സ്ത്രീ പ്രസ്ഥാനങ്ങളുടെ ചരിത്രത്തിൽ വളരെ വ്യത്യസ്തമായ ഒരു അധ്യായമാണ് ഡബ്ള്യൂ സി സി രചിക്കുന്നതെന്ന് നിസ്സംശയം പറയാം .



ചർച്ചാവിഷയം

**ആശ**
കേരള ഹൈക്കോടതിയിൽ അഭിഭാഷകയാണ്

# തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ ഭരണഘടനാപരമായ ഉത്തരവാദിത്വം

**വെ**ള്ളിത്തിരയുടെ വെള്ളിവെളിച്ചത്തിൽ പ്രകാശിക്കുവാൻ ആഗ്രഹിക്കാത്തവർ കുറവാണ്. കലാപരമായ കഴിവുകൾ കൂടുതൽ ശ്രദ്ധയോടെ പരിപാലിക്കുകയും വളർത്തിയെടുക്കുകയും ചെയ്തു കൊണ്ട് , സ്വയം പ്രകാശിപ്പിക്കുന്ന തോടൊപ്പം ഒരു തൊഴിൽ എന്ന നിലയിലും സ്വീകരിക്കാവുന്ന ഇന്ന് വളരെയേറെ സ്വീകാര്യമായി കൊണ്ടിരിക്കുന്ന മേഖലയാണ് സിനിമ. ബഹുസ്വരതയുടെ സമ്മേളനമായ സിനിമ ഏറ്റവും ജനപ്രീതിയാർജ്ജിച്ച കലാ മാധ്യമം ആയിരിക്കുന്നു . നാടകവും നൃത്തവും സംഗീതവും മറ്റ് കലാരൂപങ്ങളെയും എല്ലാം സംയോജിപ്പിച്ചുകൊണ്ട് കൂടുതൽ പേരിലേക്ക് എത്തിയ കൂടുതൽ കാലം നിലനിൽക്കുന്നതുമായ സിനിമ എന്ന കലാവിഷ്ക്കാര മാധ്യമം കേവലം കലകൾക്കപ്പുറം ആധുനിക സാങ്കേതികതയുടെ വിവിധ തരത്തിലുള്ള വിദ്യകളുടെ പ്രയോഗവത്ക്കരണത്തിലൂടെയാണ് നമുക്ക് അനുഭവവേദ്യമാകുന്നത്.

സിനിമയും സീരിയലുകളും മ്യൂസിക്

ആൽബം തുടങ്ങിയ മറ്റു വീഡിയോ ഉൽപാദനങ്ങളും സവിശേഷമായ ഒരു തൊഴിൽ ഇടമാണ് പ്രദാനം ചെയ്യുന്നത്. മൊത്തത്തിൽ സിനിമ എന്ന് ഇത്തരത്തിലുള്ള എല്ലാ സാങ്കേതിക ഉപാധികളോടെയുള്ള കലാവിഷ്ക്കാരങ്ങളെ വിളിക്കാം. സിനിമ കേവലം കല മാത്രമല്ല എന്നും അതൊരു വ്യവസായമായി കഴിഞ്ഞു എന്നും അതിൽ കോർപ്പറേറ്റ് വൽക്കരണം പോലും സംഭവിച്ചു കഴിഞ്ഞു എന്നതും പലപ്പോഴും നാം ഓർക്കുന്നില്ല. ആയിരക്കണക്കിന് മനുഷ്യർ പണിയെടുക്കുന്ന ഈ കലാരൂപത്തെ വ്യവസായമായി കാണുമ്പോൾ ഇന്ത്യയിലെ എല്ലാ തൊഴിൽ നിയമങ്ങളും പുനർ വായിക്കേണ്ടിവരും.

തൊഴിൽ നിയമങ്ങൾ സിനിമാമേഖലയിലും ബാധകമാണ് എന്ന് പ്രത്യേകം പറയേണ്ടതില്ല. എന്നാൽ തൊഴിൽ നിയമങ്ങൾ രൂപീകരിക്കുന്ന കാലത്ത് സിനിമ ഇന്നത്തെ വിധത്തിലുള്ള ഒരു വ്യവസായമായി മാറിയിട്ടുണ്ടായിരുന്നില്ല. പൊതുവേ നിലവിലുള്ള തൊഴിൽ നിയമങ്ങൾ ബാധകമാണെങ്കിലും സിനിമ എന്ന വ്യവസായം ഉൽപാദിപ്പിക്കുന്നത് കലയാണ്. അധ്വാനവും മൂലധനവും മാത്രം പോര, സർഗാത്മകത കൂടി വലിയ അളവിൽ ഉപയോഗിക്കപ്പെടുന്ന ഈ വ്യവസായത്തിൽ പതിയിരിക്കുന്ന ചൂഷണങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുന്നതിന് പുതിയ നിയമം നിർവഹിക്കുകയോ നിലവിലെ നിയമങ്ങളിൽ വലിയ ഭേദഗതികൾ കൊണ്ടുവരികയോ വേണ്ടിവരും . സിനിമയിലെ പ്രധാന തൊഴിലാളികളായ അഭിനേതാക്കൾ ടെക്നീഷ്യന്മാർ തുടങ്ങിയവരെല്ലാം ഒരു കരാറിൽ ഏർപ്പെട്ടു കൊണ്ട് അവരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് പ്രവർത്തിച്ചുവരികയാണ്. ഒരു കോർപ്പറേറ്റ് നിയമപ്രകാരം രൂപീകരിക്കപ്പെട്ട കമ്പനിയോ ഒരു കൂട്ടം വ്യക്തികളോ ഒരു വ്യക്തിയോ ആണ് സിനിമാ നിർമാണം നടത്തുന്നത്. ആ നിർമ്മാതാവ് സിനിമയുടെ കഥ മുതൽ എല്ലാ തൊഴിലെടുക്കുന്നവർ വരെയുള്ളവരുടെ മൂല്യശേഷിയെ പണം കൊടുത്തു വാങ്ങുകയാണ്.

അഭിനയിച്ച നടീനടന്മാരുടെയോ കഥ, തിരക്കഥ, സംഭാഷണം , സംഗീതം തുടങ്ങിയവ എഴുതിയവരുടെയോ സംവിധായകന്റെയോ ഛായാഗ്രാഹകന്റെയോ സംയോജകന്റെയോ അല്ല ആ സിനിമ എന്ന ഉൽപ്പന്നം. അതേസമയം തന്നെ മേൽ പറഞ്ഞവരുടെ ഐഡന്റിറ്റി സിനിമയിൽ കൃത്യമായി തന്നെ ഉണ്ടാകുന്നുമുണ്ട്. ഇത്തരത്തിൽ സങ്കീർണമാണ് സിനിമ എന്ന ജനപ്രിയ കലാരൂപം. സിനിമാ വ്യവസായത്തിലെ തൊഴിലിടം ഓരോ സീനുകൾക്ക് അനുസരിച്ച് മാറിക്കൊണ്ടിരിക്കും. മലനിരകളിലോ താഴ്വാരങ്ങളിലോ ആഴക്കടലിലോ ഉത്സവപ്പറമ്പുകളിലോ കുളിമുറിയിലോ ഓടുന്ന വാഹനങ്ങളിലോ എവിടെയും സിനിമ ഉണ്ടാകുന്നു.



കണിശമായ ഒരു തൊഴിലിടം സിനിമയിൽ ഇല്ല. അത് മാറിക്കൊണ്ടേയിരിക്കുന്നു. സിനിമ ലൊക്കേഷനിലേക്ക് വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ മുതൽ അതിനാൽ ഒരു അഭിനേത്രി തന്റെ തൊഴിലിടത്തിലാണ് അവരുടെ തൊഴിൽ അവകാശങ്ങൾ അപ്പോൾ മുതൽ തുടങ്ങി അവർ സിനിമയുടെ എല്ലാ ജോലിയും കഴിഞ്ഞ് വീടണയുന്നത് വരെയാകുന്നു. പ്രശസ്ത സിനിമാ നടി വീട്ടിൽ നിന്നും പുറപ്പെട്ട് ഡബ്ബിങ് സ്റ്റുഡിയോയിലേക്ക് പോകുന്ന വഴിയിലാണ് ക്രൂരമായി അക്രമിക്കപ്പെടുന്നത്. ഒരു തൊഴിൽ നിയമവും ആ അഭിനേത്രിയെ സഹായിക്കാൻ ഉതകിയില്ല എന്നത് നിയമത്തിന്റെ വലിയ ന്യൂനതയായി കാണേണ്ടതുണ്ട്. ലോക്ഡൗൺ സമയത്ത് കാസ്റ്റിംഗ് കോളിന് പോയി ഹോട്ടൽമുറിയിൽ തടവിലാക്കപ്പെട്ട പെൺകുട്ടികളും സിനിമയിൽ അവസരം തേടി ഓഡീഷനും മറ്റും പോകുന്നവരും നിർമാതാവിനും സംവിധായകനും ഫോട്ടോയും വീഡിയോയും അയക്കുന്നവരും ആരും സംരക്ഷിക്കപ്പെടുന്നില്ല. അവരുടെ നേരെ ഉണ്ടാകുന്ന അതിക്രമങ്ങളെ അഭിസംബോധന ചെയ്യുന്ന നിയമങ്ങളിലും ഒരു നടിയെ/നടനെ സിനിമാ മേഖലയിൽ നിന്നും ഊരുവിലക്ക് നടത്തി അവസര നിഷേധം നടത്തുന്ന പ്രവണതയും ധാരാളം കാണുന്നുണ്ട്. ഇത്തരം പ്രവർത്തികളെ ചോദ്യം ചെയ്യാനോ തൊഴിൽ സംരക്ഷണം ഉറപ്പുവരുത്തുന്നതിനോ തൊഴിലാളി സംഘടനകൾ അഭിനേതാക്കളുടെ ആയിട്ടില്ല. കേവലം ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സംഘടന മാത്രമാണ് അഭിനേതാക്കളുടെതായി നിലവിലുള്ളത്. ആ സംഘടനയും സിനിമയുടെ മറ്റു ടെക്നിക്കൽ മേഖലയിലെ സംഘടനയും നിർമ്മാതാക്കളുടെ സംഘടനയും വിതരണക്കാരുടെ സംഘടനയും

പ്രദർശന തീയേറ്ററുകളുടെ സംഘടനയും സജീവമായിത്തന്നെ ഉണ്ടെങ്കിലും ഇതിൽ ഒരു സംഘടനയും അഭിനേതാക്കളുടെ തൊഴിൽ സംരക്ഷണത്തിനായി നിലകൊള്ളുന്നില്ല. പ്രത്യേകരീതിയിലുള്ള മാഫിയാ വൽക്കരണം സിനിമാ മേഖലയിൽ നടക്കുന്നുണ്ട് എന്ന ആരോപണം തള്ളിക്കളയേണ്ടതല്ല.

തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ സർക്കാറുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. സ്ത്രീ സൗഹൃദ പരമായ തൊഴിൽ പരിതസ്ഥിതി അവരുടെ സ്വതന്ത്രമായ കലാപ്രകടനത്തിനും ഏറ്റവും ശ്രേഷ്ഠമായ അഭിനയ മുഹൂർത്തങ്ങൾക്കും വഴിയൊരുക്കും. എന്നാൽ സിനിമാവ്യവസായം സ്ത്രീസൗഹൃദപരമല്ല.ഒട്ടുംതന്നെ സുതാര്യവുമല്ല. . ഈ മേഖലയിൽ ധാരാളം ചൂഷണങ്ങൾ നടക്കുന്നുണ്ടെങ്കിലും പരാതിപ്പെടുന്നവർ അപൂർവ്വമാണ്. അതിജീവനത്തിന് കഴിയാത്തവർ തൊഴിൽമേഖല ഉപേക്ഷിക്കുകയോ ജീവിതം തന്നെ വെടിയുകയോ ചെയ്തിട്ടുണ്ട്. തൊഴിലിടങ്ങളിലെ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് 2013ൽ കേന്ദ്രസർക്കാർ the sexual harassment of women at work place (prevention, prohibition and Redressal) Act എന്ന നിയമം കൊണ്ടുവന്നിട്ടുള്ളത്.

ഈ നിയമത്തിൽ 2(a) aggrieved woman എന്നാൽ 1) ഒരു തൊഴിലിടവുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവളോ അല്ലാത്തതോ ആയ ഏതു പ്രായത്തിലുള്ള ഒരു സ്ത്രീ എതിർകക്ഷിയാൽ ലൈംഗികാതിക്രമത്തിന് വിധേയമാകുമ്പോൾ, 2) ഒരു താമസസ്ഥലം അല്ലെങ്കിൽ വീടുമായി ബന്ധപ്പെട്ട് ആ ഇടത്തിൽ ജോലി ചെയ്യുന്ന ഏതു പ്രായത്തിലുള്ള ഒരു സ്ത്രീ എന്നാണ്. രണ്ടാം വകുപ്പിലെ ( *a*)(1) പ്രകാരം അവരുടെ കൂടെയുള്ളതോ അല്ലാത്തതോ ആയ ഒരു സ്ത്രീ എന്നാണ്.

അതുപോലെ തന്നെ രണ്ടാം വകുപ്പ് പ്രകാരം വർക്ക് പ്ലേസ് തൊഴിലിടത്തിന്റെ നിർവചനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. (1). സർക്കാരിന്റെയോ പ്രാദേശിക അധികാര സ്ഥാപനത്തിന്റെയോ സർക്കാർ കമ്പനിയുടെയോ കോർപ്പറേഷന്റെയോ കോർപ്പറേറ്റ് സൊസൈറ്റി സ്ഥാപിച്ചതോ, ഉടമസ്ഥതയിൽ ഉള്ളതോ നിയന്ത്രിക്കുന്നതോ അല്ലെങ്കിൽ മുഴുവനായോ ഭാഗികമായോ ഫണ്ടുകൾ മുഖേന ധനസഹായം നൽകുന്നതോ ആയ ഏതെങ്കിലും വകുപ്പുകളോ സംഘടനകളോ ഏറ്റെടുത്ത സ്ഥാപനങ്ങളോ ഓഫീസോ ബ്രാഞ്ചോ യൂണിറ്റോ എന്നും. 2) ഏതെങ്കിലും സ്വകാര്യമേഖല സംഘടനയോ സ്വകാര്യ സംരംഭമോ അണ്ടർടേക്കിങ്ങോ എന്റർപ്രൈസസോ സ്ഥാപനമോ എസ്റ്റാബ്ലിഷ്മെന്റോ സൊസൈറ്റിയോ ഗവൺമെൻറ് ഇതര സംഘടനകളോ യൂണിറ്റോ സേവനദാതാവോ വാണിജ്യപരമായതോ പ്രൊഫഷണൽ വൊക്കേഷണലോ വിദ്യാഭ്യാസപരമോ വിനോദപരമോ വ്യവസായികമോ ആരോഗ്യ സേവനങ്ങളോ ധനകാര്യപ്രവർത്തികളോ നടത്തുന്നതിൽ ഉൽപാദനം, വിതരണം , വിൽപ്പന , സേവനം എന്നിവ ഉൾപ്പെടുന്നു . 3) അസംഘടിത മേഖലയിലെ തൊഴിലിടം എന്നാൽ വ്യക്തിയുടെയോ സ്വയം തൊഴിൽ ചെയ്യുന്നവരുടെയോ ഉടമസ്ഥതയിലുള്ള ഒരു

ഒരു എന്റർപ്രൈസസിൽ ഉൽപാദനമോ വിൽപനയോ ഏതെങ്കിലും വിധത്തിലുള്ള സേവനം

നൽകുകയോ ചെയ്യുന്ന തൊഴിലാളികളെ പത്തിൽ കുറവ് *തൊഴിലെടുക്കുന്നയിടം* എന്നിങ്ങനെ നിർവചിച്ചിരിക്കുന്നു. ഈ നിർവചനമനുസരിച്ച് ക്ഷേമകാര്യത്തിനായി പ്രവർത്തിക്കുന്ന ട്രസ്റ്റും സൊസൈറ്റിയും സംഘടനകളും എല്ലാം തന്നെ തൊഴിലിടം എന്ന നിർവചനത്തിൽ ഉൾപ്പെടുന്നു.

ഉദാഹരണമായി മലയാള സിനിമാ മേഖലയിലെ അഭിനേതാക്കളുടെ സംഘടനയായ Association of Malayalam Movie Artists അഭിനേതാക്കളുടെ ക്ഷേമ കാര്യങ്ങൾക്ക് വേണ്ടിയാണ് രൂപീകൃതമായിട്ടുള്ളതെങ്കിലും ഈ സംഘടന പലപരിപാടികൾ നടത്തുകയും അതിൽ ധാരാളം അഭിനേതാക്കൾ പങ്കെടുക്കുകയും ചെയ്തു വരുന്നു. സിനിമാ നിർമ്മാണം നടത്തുന്നത് ഒരു കമ്പനിയോ വ്യക്തിയോ വ്യക്തികളോ ആയിരിക്കെ അവർ മാത്രമാണ് തൊഴിൽദാതാക്കൾ എന്നും സിനിമയിൽ തൊഴിലെടുക്കുന്ന ഒരു സ്ത്രീയുടെ നേരെ




ലൈംഗിക അതിക്രമം നടന്നാൽ(തൊഴിലെടുക്കുന്ന സമയങ്ങളിലും സ്ഥലത്തും വെച്ച്) അതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിർമ്മാതാവിന് മാത്രമാണ് എന്നാണ് പൊതുവേ കരുതിയിരിക്കുന്നത്. എന്നാൽ 2(ജി) വകുപ്പ് പ്രകാരം എംപ്ലോയീസ് അഥവാ തൊഴിൽ ദാതാവിനെ നിർവചിച്ചിരിക്കുന്നു. തൊഴിൽദാതാവ് എന്നാൽ ഏതെങ്കിലും വകുപ്പുകൾ സംഘടനകൾ, ഉദ്യമം, സ്ഥാപനം, സംരംഭം , സ്ഥാപനം , ഓഫീസ് , ശാഖ, ഘടകം അല്ലെങ്കിൽ സർക്കാരോ പ്രാദേശിക സർക്കാരോ ഒരു ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്ന ഒരു ഉദ്യോഗസ്ഥനോ 2) സബ് ക്ലോസിൽ പരാമർശിക്കാത്ത തൊഴിലിടം എങ്കിൽ ഒരു തൊഴിലിടത്തിലെ മാനേജ്മെന്റോ സൂപ്പർവിഷനോ നിയന്ത്രണത്തിനോ ഉത്തരവാദിത്തപ്പെട്ടയാൾ എന്നും. മാനേജ്മെൻറ് എന്നാൽ ഒരു സംഘടന രൂപീകരണത്തിനോ ഭരണത്തിനോ ഉത്തരവാദിത്തപ്പെട്ട ഒരു വ്യക്തിയോ ബോർഡോ കമ്മിറ്റിയോ എന്നത് ഉൾപ്പെടുന്നു .

POSH നിയമത്തിൽ രണ്ടാം വകുപ്പിൽ തൊഴിലിടം, തൊഴിൽദാതാവ്, അതിക്രമിക്കപ്പെട്ട സ്ത്രീ എന്നിവ കൃത്യമായി നിർവചിച്ചിരിക്കുന്നു. ഈ നിർവചനങ്ങൾ പ്രകാരം അസോസിയേഷൻ ഓഫ് മലയാളം മൂവി.ആർട്ടിസ്റ്റസ് എന്ന സംഘടനയും ഇതെ തരത്തിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചുവരുന്ന ഏതൊരു സംഘടനയും ട്രേഡ് യൂണിയനുകളും എല്ലാം തന്നെ തൊഴിൽ ദാതാവ് എന്ന നിർവചനത്തിൽ വരുന്നതിനാൽ ഈ POSH ആക്ട് സ്ത്രീഅഭിനേതാക്കളുടെ സംരക്ഷണത്തിനായി നിയമാനുസരണം പ്രവർത്തിക്കേണ്ടതും അവരുടെ തൊഴിലിടങ്ങളിൽ സംഭവിക്കുന്ന എല്ലാവിധ ലൈംഗികവും അല്ലാത്തതുമായ അതിക്രമങ്ങളിൽ പരാതിപ്പെടാൻ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതുമാണ്. ഈ പ്രവർത്തനങ്ങളിലൂടെയാണ് ഈ സംഘടനകളെ നിയമവിധേയമാക്കാൻ സാധിക്കുന്നത് . മാത്രമല്ല സിനിമാ മേഖലയെ നിയന്ത്രിക്കുന്നതിനായി ഒരു റെഗുലേറ്ററി അതോറിറ്റി രൂപീകൃതമാകേണ്ടതും അനിവാര്യമാണ്. സിനിമ, സീരിയൽ തുടങ്ങിയ പെർഫോർമൻസ് കലകളെ തങ്ങളുടെ പ്രൊഫഷൻ ആയി സ്വീകരിക്കുന്നവർക്ക് എല്ലാവിധ തൊഴിൽ അവകാശങ്ങളും ലഭ്യമാക്കേണ്ടത് സർക്കാറിന്റെ ഉത്തരവാദിത്വമാണ്. സിനിമാമേഖലയിൽ നടന്ന ചൂഷണങ്ങളെ പഠിക്കാനായി രൂപീകരിച്ച് പ്രവർത്തിച്ച ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ട് സർക്കാറിന് സമർപ്പിക്കപ്പെട്ടിട്ടും നാളിതുവരെ റിപ്പോർട്ടിന്മേൽ നടപടികളെടുക്കുകയോ റിപ്പോർട്ട് നിയമസഭയിലോ സ്ത്രീകളെയും കുട്ടികളെയും സംരക്ഷിക്കുന്നതിനായി രൂപീകൃതമായ നിയമസഭ കമ്മിറ്റിയിലോ വെയ്ക്കുകയോ ജനങ്ങൾക്ക് ലഭ്യമാകുന്ന രീതിയിൽ പബ്ലിക് ഡോക്യുമെന്റാക്കുകയോ ചെയ്തിട്ടില്ല എന്നതും ഈ കാര്യത്തിൽ സർക്കാർ കാണിക്കുന്ന ഉദാസീനതയാണ്. സിനിമാമേഖലയിലെ ചൂഷണങ്ങൾ അതിക്രമങ്ങൾ പെരുകിക്കൊണ്ടിരിക്കുന്ന മാഫിയ വൽക്കരണം ഏറ്റവും ദോഷകരമായി ബാധിക്കുന്നത് സ്ത്രീകളെയാണ്. ഭരണഘടന ഉറപ്പുനൽകുന്ന സമത്വം, തൊഴിലിടങ്ങളിലെ സംരക്ഷണം, വിവേചനമില്ലായ്മ എല്ലാം കാറ്റിൽപറത്തി ഒരു കൂട്ടം വ്യക്തികളുടെ നിയന്ത്രണത്തിൽ ഒതുക്കുന്ന സിനിമ വ്യവസായ കുത്തകവത്ക്കരണത്തെ ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ അനുവദിക്കരുത് . അത് തികഞ്ഞ നീതിനിഷേധമാണ്.



**ബീന പോൾ**
ഇന്ത്യൻ സിനിമയിലെ എഡിറ്റിങ്ങിലെ സ്ത്രീ സാന്നിദ്ധ്യമായ ബീനാ പോൾ സംസ്ഥാന ദേശീയ അവാർഡ് ജേതാവും ഐ.എഫ്.എഫ്.കെ.യുടെ മാർഗ്ഗദർശിയായ ആർട്ടിസ്റ്റിക് ഡയറക്ടറുമാണ്. ഡബ്ല്യൂ.സി.സി. സ്ഥാപകാംഗവും ചലച്ചിത്ര അക്കാദമി വൈസ് ചെയർപെഴ്സണുമാണ്.

# നീതിക്കു വേണ്ടിയുള്ള പോരാട്ടങ്ങൾ

ഫെബ്രുവരി 2017 ഞങ്ങളുടെ മനസ്സിൽ പതിഞ്ഞ മാസമാണ്. ചലച്ചിത്രമേഖലയിൽ ജോലി ചെയ്യുന്ന നമ്മളിൽ പലരും കൂട്ടമായ നിശബ്ദതയിൽ നിന്ന് കുലുങ്ങി പുറത്തുവരാൻ നിർബന്ധിതരായ മാസം. കുറ്റകൃത്യത്തെ തുടർന്നുള്ള ആഴ്ചകളിൽ ഒരു ഭയാനകമായ നാടകം അനാവരണം ചെയ്യപ്പെടുന്നതാണ് ഞങ്ങൾ കണ്ടത്. അന്ന് ഞങ്ങളിൽ ചിലർ ആദ്യമായാണ് മനോഭാവത്തിലും എണ്ണത്തിലും പുരുഷാധിപത്യം നിലനിൽക്കുന്ന ഒരു വ്യവസായത്തിലെ
സ്ത്രീകളായിരിക്കുന്നതിനെക്കുറിച്ച് അർത്ഥവത്തായ സംഭാഷണങ്ങൾ നടത്തി തുടങ്ങുന്നത്. സ്വാഭാവികമായി, മറ്റു ആധുനിക സാമൂഹിക പ്രസ്ഥാനങ്ങളെപ്പോലെ ഞങ്ങളുടെ തുടക്കവും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായിരുന്നു – ആദ്യം ഉണ്ടായത് ഒരു whatsapp ഗ്രൂപ്പാണ്. നമ്മളെല്ലാവരും ചെറിയ ദ്വീപുകളായിട്ടാണ് പ്രവർത്തിച്ചിരുന്നത് എന്ന തിരിച്ചറിവാണ് ആദ്യമുണ്ടായത്... ഞങ്ങളുടെ പ്രൊഫഷണൽ പ്രശ്നങ്ങളെക്കുറിച്ച് സ്വകാര്യ രഹസ്യങ്ങൾ എന്ന മട്ടിലാണ് ഞങ്ങളോരുരുത്തരും കരുതിയിരുന്നത്. പരസ്പരം സംസാരിച്ചപ്പോഴാണ് ഒറ്റപ്പെടൽ കുറയുന്നതായി തോന്നിയതും ഇവയിലെ സാമാന്യത ഞങ്ങൾക്ക് കണ്ടെത്താനായതും.

ഞാൻ മലയാള സിനിമയിൽ പ്രവർത്തിക്കുന്ന ഈ മൂന്ന് പതിറ്റാണ്ടു കാലത്ത് അനുഭവിച്ച ഏകാന്തതയെക്കുറിച്ചും അത് അതിസാധാരണമായി കണക്കാപ്പെടുന്നതിൽ എന്റെ അതിശയത്തെ കുറിച്ചും അവിടെ സംസാരിച്ചു.

ഈ സംഭാഷണങ്ങളിൽ നിന്ന് വിമൻ ഇൻ സിനിമാ കളക്റ്റീവ് ഉയർന്നുവന്നു. പൂർണ്ണമായും രൂപപ്പെട്ട ആശയങ്ങളല്ല, ആശയക്കുഴപ്പത്തിലായ പര്യവേക്ഷണങ്ങളായിരുന്നു ആദ്യം ഉണ്ടായത്. ഞങ്ങൾ അക്കാലത്ത് ഞങ്ങളുടെ സഹപ്രവർത്തകയെ പിന്തുണയ്ക്കാനും ഈ സംഭാഷണങ്ങളിൽനിന്ന് പുതിയ അർത്ഥങ്ങളുണ്ടാക്കാനും ആഗ്രഹിച്ചു. വലിയ ചലച്ചിത്ര സമൂഹത്തിന്റെ പിന്തുണ ഞങ്ങൾക്ക്

ഞങ്ങളുടെ പ്രൊഫഷണൽ പ്രശ്നങ്ങളെക്കുറിച്ച് സ്വകാര്യ രഹസ്യങ്ങൾ എന്ന മട്ടിലാണ് ഞങ്ങളോരുരുത്തരും കരുതിയിരുന്നത്. പരസ്പരം സംസാരിച്ചപ്പോഴാണ് ഒറ്റപ്പെടൽ കുറയുന്നതായി തോന്നിയതും ഇവയിലെ സാമാന്യത ഞങ്ങൾക്ക് കണ്ടെത്താനായതും.
ഞാൻ മലയാള സിനിമയിൽ പ്രവർത്തിക്കുന്ന ഈ മൂന്ന് പതിറ്റാണ്ടു കാലത്ത് അനുഭവിച്ച ഏകാന്തതയെക്കുറിച്ചും അത് അതിസാധാരണമായി കണക്കാപ്പെടുന്നതിൽ എന്റെ അതിശയത്തെ കുറിച്ചും അവിടെ സംസാരിച്ചു.

ആവശ്യമായിരുന്നു. കൂടാതെ ഈ വിഷയങ്ങളുടെ അടിയന്തിരാവസ്ഥയെക്കുറിച്ച് ബോദ്ധ്യപ്പെടുത്താൻ സർക്കാരിനെ സമീപിക്കുക എന്ന തീരുമാനത്തിലെത്തി.

ഗ്രൂപ്പിന്റെ ഘടന ജൈവികമായി ഉണ്ടായി വന്നു. സ്ത്രീകൾ പതുക്കെ ഇടപെട്ടു തുടങ്ങി. കാവൽക്കാരില്ലായിരുന്നെങ്കിലും, ഒരിക്കലും ചർച്ച ചെയ്യപ്പെടാതിരുന്ന പ്രശ്നങ്ങളെക്കുറിച്ചും

ആശങ്കകളെക്കുറിച്ചും പലരും സംസാരിച്ചുതുടങ്ങിയതിനാൽ പരസ്പര വിശ്വാസത്തിന്റെ ആവശ്യമുണ്ടായിരുന്നു. സെറ്റുകളിലെ സുരക്ഷയെക്കുറിച്ചും ഓൺലൈൻ അബ്യൂസുകളെക്കുറിച്ചും എന്നു തുടങ്ങി അതുവരെ ചർച്ചചെയ്യപ്പെടാത്ത പല പ്രശ്നങ്ങളിൽ ഒന്നു മാത്രമായിരുന്നു ലൈംഗിക ചൂഷണം. സ്വന്തം തൊഴിലിലുള്ള ചങ്ങാതിമാരുടെ കൂട്ടായ്മ ഉണ്ടാക്കാൻ പറ്റിയതിന്റെ സന്തോഷവും ഉണ്ടായി.

ചലച്ചിത്രമേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ കാര്യത്തിൽ ഒരു കണക്കും നിലവിൽ ലഭ്യമല്ല എന്ന് ഈ സംഭാഷണങ്ങളിൽ ഞങ്ങൾക്ക് മനസ്സിലാക്കാൻ പറ്റി. സിനിമകളുടെ ഉള്ളടക്കത്തെക്കുറിച്ച് അത്രയധികം പഠനങ്ങൾ

ആവശ്യത്തെക്കുറിച്ചും കേരള മുഖ്യമന്ത്രിയെ സന്ദർശിച്ച് രേഖാമൂലം സമർപ്പിക്കാനുള്ള തീരുമാനം ഒരു കൂട്ടായ്മ എന്ന നിലയിലും സിനിമാവ്യവസായത്തെ സംബന്ധിച്ചും ഒരു നാഴികക്കല്ലായിരുന്നു.

അന്നുണ്ടായിവന്ന മാധ്യമശ്രദ്ധയും വ്യവസായത്തിനുള്ളിൽ നിന്നുള്ള പ്രതികരണവും ഞങ്ങൾക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നില്ല. ഓർത്തുനോക്കുമ്പോൾ ആ പെട്ടന്നുണ്ടായ പൊതുജന ശ്രദ്ധ, സംഭവിക്കേണ്ടിയിരുന്ന ഒരു നിമിഷമാണെന്ന് മനസ്സിലാവുന്നു... ഞങ്ങൾ ചരിത്രപരമായ ഒരു നിമിഷത്തിലേക്ക് എത്തിപ്പെട്ടിരുന്നു...മലയാള സിനിമ വീണ്ടും മുൻനിരയിൽ!




നിലവിലുള്ളപ്പോൾ സെലിബ്രിറ്റികളോ മറ്റു പ്രത്യേകതകളില്ലാത്തവരോ ആയ ഈ വ്യവസായത്തിലെ സ്ത്രീ തൊഴിലാളികൾ മിക്കവാറും അദൃശ്യരാണ്. യൂണിയനോ മറ്റു അസോസിയേഷനുകളോ കൂടുന്ന മീറ്റിംഗുകളിൽ ഞങ്ങളുടെ പ്രശ്നങ്ങളോ ആശങ്കകളോ ഒരിക്കലും അഭിസംബോധന ചെയ്യപ്പെട്ടിട്ടില്ല.

കേസന്വേഷണവുമായി ബന്ധപ്പെട്ട് ഞങ്ങൾക്കുണ്ടായിരുന്ന ആശങ്കകളെക്കുറിച്ചും ഈ തൊഴിൽ രംഗത്തെ സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കേണ്ടതിന്റെ അടിയന്തിരമായ

ഞങ്ങളുടെ ചിന്തകളുടെ ആദ്യത്തെ ദൃഢമായ ആവിഷ്കാരമായിരുന്നു മുഖ്യമന്ത്രിക്കുള്ള കത്ത്. ആ കത്തിൽ നടന്നുകൊണ്ടിരുന്ന അന്വേഷണത്തിൽ സമയബന്ധിതമായി നടപടിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മലയാള ചലച്ചിത്ര വ്യവസായത്തിലെ സ്ത്രീകളുടെ അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ ഒരു കമ്മീഷന്റെ ആവശ്യകതയെക്കുറിച്ചുമാണ് ഉണ്ടായിരുന്നത്. ചില അടിസ്ഥാന തൊഴിൽ ആനുകൂല്യങ്ങൾ സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടുവെന്ന് ഞങ്ങൾ ചൂണ്ടിക്കാട്ടി. ഈ

വ്യവസായത്തിൽ നിലവിലുള്ള ഓഴിവാക്കൽ മനോഭാവത്തെക്കുറിച്ചും സ്ത്രീകൾക്ക് സുരക്ഷിതമായി പ്രവർത്തിക്കാനുള്ള ചില സംവിധാനങ്ങളുടെയും സുരക്ഷിതമായ പരിസ്ഥിതിയുടെയും അഭാവത്തെക്കുറിച്ചും ഞങ്ങൾ സംസാരിച്ചു.

മലയാള ചലച്ചിത്ര വ്യവസായത്തിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാനായി സർക്കാർ മൂന്ന് അംഗങ്ങളുള്ള ഹേമ കമ്മീഷൻ രൂപീകരിച്ചു. അത് ഞങ്ങൾക്ക് വലിയ പ്രതീക്ഷയാണ് തന്നത്. ജസ്റ്റിസ് ഹേമയും മറ്റ് രണ്ട് അംഗങ്ങളും വ്യവസായത്തിൽ നിന്നുള്ള നിരവധി സ്ത്രീകളെ സന്ദർശിച്ച് വളരെ വിശദമായി സാക്ഷ്യങ്ങളും മറ്റു വിവരങ്ങളും രേഖപ്പെടുത്തി. ഡബ്ല്യു.സി.സിക്ക് ഇത് വലിയ പ്രതീക്ഷയുടെ കാലഘട്ടമായിരുന്നു. ഈ റിപ്പോർട്ട് കാണുമ്പോൾ സർക്കാർ ചില സംവിധാനങ്ങൾക്ക് അനുകൂലമായി പ്രവർത്തിച്ച് പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും എന്ന് ഞങ്ങൾ വിശ്വസിച്ചു.

കേസിലെ നാടകീയമായ വഴിത്തിരിവുകളുമായി ഏതാണ്ട് പൊരുത്തപ്പെടുന്ന രീതിയിൽ 'വെളിപ്പെടുത്തലു'കളും പുരുഷ സഹപ്രവർത്തകരുടെ പൂർണ്ണ അവിശ്വാസവും തുടർന്നുകൊണ്ടിരുന്നു. വ്യവസായത്തിലെ പ്രതികരണം ആദ്യം ഊഹക്കച്ചവടമായിരുന്നു, പിന്നീടത് പൂർണമായ ഒഴിവാക്കലായി. വ്യവസായം ആരെയാണ് ഇഷ്ടപ്പെടുന്നതെന്നും പിന്തുണയ്ക്കുന്നതെന്നും വ്യക്തമായിരുന്നു.

ഡബ്ല്യുസിസിയിൽ നിന്നുള്ള അംഗങ്ങൾ ആദ്യമായി വ്യവസായത്തിലെ പുരുഷ മേധാവിത്വത്തെ ചോദ്യം ചെയ്തു. രണ്ട് അംഗങ്ങൾ 'അമ്മ'യിൽ നിന്ന് രാജിവച്ചു, ചിലർ നീണ്ട ചർച്ച മുന്നോട്ടുകൊണ്ടുപോയി. എന്നാൽ ആഴത്തിലുള്ള ചോദ്യങ്ങൾക്ക് ഇന്നും ഉത്തരം ലഭിച്ചിട്ടില്ല. അംഗങ്ങളെപ്പോലും അറിയിക്കാതെ ഒരു ഐസി (ഇന്റേണൽ കമ്മിറ്റി) ഉണ്ടാക്കികൊണ്ട് അമ്മ പ്രതികരിച്ചു. മാധ്യമങ്ങൾ ഈ ആശയത്തെ ഇത്തിരി മസാല ചേർത്താണ് സ്വാഗതം ചെയ്തത്. എങ്കിലും ഞങ്ങൾ എന്താണെന്ന് മനസിലാക്കുന്ന ധാരാളം പേരുണ്ടായിരുന്നു, സമാനമായ പോരാട്ടങ്ങളിലൂടെ കടന്നുപോയവരുണ്ടായിരുന്നു.

ഞങ്ങൾ തുടങ്ങിയ 'അവൾക്കൊപ്പം' കാമ്പെയ്നിനായി ഞങ്ങൾ സാധ്യമായ എല്ലാ ഫോറങ്ങളിലും പിന്തുണ ഉണ്ടാക്കാൻ ആരംഭിച്ചു. അംഗങ്ങൾ പലയിടങ്ങളിലും എഴുന്നേറ്റു നിന്ന് സംസാരിച്ചു. കേസ് എങ്ങനെയാണ് മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നതെന്ന് ഞങ്ങൾ നിരന്തരം ജാഗരൂകരായിരുന്നു. അപകീർത്തിപ്പെടുത്തുന്നതോ അവഹേളിക്കുന്നതോ ആയ പല സന്ദർഭങ്ങളിലും ഞങ്ങൾ വനിതാ കമ്മീഷനെ അറിയിച്ചു. അതുവരെ അവഗണിക്കപ്പെട്ട പല ആശങ്കകളും ശക്തമായി ഞങ്ങൾ ഉന്നയിച്ചു. കേരളത്തിലെ ചലച്ചിത്ര വ്യവസായം അതിന്റെ 90ാം വർഷത്തിലേക്ക് കടക്കുമ്പോൾ പോലും ലിംഗപരമായ പ്രശ്നങ്ങൾ മനസിലാക്കുന്നതിലുണ്ടായിട്ടുള്ള അഭാവം വ്യക്തമാണ്.

ഞങ്ങൾ ഒരു ഓർഗനൈസേഷനായി 2017 നവംബറിൽ നിയമപരമായി രജിസ്റ്റർ ചെയ്തു. ഞങ്ങളുടെ ദൗത്യവും ദർശനവും ഞങ്ങളുടെ മെമ്മോറാണ്ടത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്.

അംഗത്വ പരിപാടിയിലൂടെ മലയാള ചലച്ചിത്ര വ്യവസായത്തിലെ ലിംഗസമത്വവുമായി ബന്ധപ്പെട്ട് അവബോധം വളർത്തുക, പ്രചരണം നടത്തുക, വാദിക്കുക എന്നതായിരുന്നു പ്രധാന കാര്യങ്ങൾ. ഞങ്ങൾ ആവേശഭരിതരും മുന്നോട്ടുപോകാൻ തയ്യാറായവരുമായിരുന്നു!

ആ ഡിസംബറിലെ 22-ാമത് ഐ.എഫ്.എഫ്.കെ. രജിസ്ട്രേഷനു ശേഷമുള്ള ഞങ്ങളുടെ ആദ്യത്തെ പൊതുപരിപാടി ആയിരുന്നു. ഞങ്ങൾ ഒരു സ്റ്റാളിനായി പണം സ്വരൂപിച്ചു, ലിംഗഭേദം സംബന്ധിച്ച് ഒരു ചെറിയ ലഘുലേഖ തയ്യാറാക്കി, ഒരു സിഗ്നേച്ചർ കാമ്പെയ്നും നടത്തി. ഞങ്ങൾ വ്യവസായത്തിലെ "ലിംഗപരമായ പ്രശ്നങ്ങൾ" സംബന്ധിച്ച് ഒരു ഓപ്പൺ ഫോറവും നടത്തി.

ഫോറത്തിന് ശേഷം എല്ലാ നരകവും അഴിഞ്ഞുവീണു. ഫിലിമിലെ ഉള്ളടക്കത്തെക്കുറിച്ചുള്ള ചർച്ചകൾ പൂർണ്ണമായും തെറ്റിദ്ധരിപ്പിക്കപ്പെടുകയും തെറ്റായി ചിത്രീകരിക്കപ്പെടുകയും ചെയ്തു. വ്യവസായത്തെത്തന്നെ രണ്ടായി വിഭജിച്ച പോലെയായിരുന്നു അത്! അശ്ലീല വ്യക്തിഗത ട്രോളിംഗിനും വിമർശനത്തിനും പുറമെ ഓർഗനൈസേഷനെ അവഹേളനത്തോടും സംശയത്തോടും കൂടി പലരും കണ്ടു.

ഈ ചോദ്യങ്ങൾ മുമ്പൊരിക്കലും ഉന്നയിക്കപ്പെട്ടിട്ടില്ലേ? പിന്നെ എന്തിനാണ് ഞങ്ങൾക്ക് ഇത്രയും അപമാനം ഏൽക്കേണ്ടിവന്നത്?

ഞങ്ങൾ ഒരു ഐവറി ടവറിൽ നിന്ന് സംസാരിക്കുന്ന, വ്യവസായത്തിൽ പ്രത്യേക പദവിയുള്ള വരേണ്യ സ്ത്രീകളാണെന്നായിരുന്നു കടുത്ത വിമർശനം. സത്യത്തിൽ നിന്ന് വളരെ അകലെയായിരുന്നു അത്. ഞങ്ങളും മറ്റ് സഹപ്രവർത്തകരെപ്പോലെ നിരന്തരം സമരം, കഠിനാധ്വാനം, പ്രതികൂല സാഹചര്യങ്ങൾ എന്നിവയിലൂടെ വ്യക്തിഗത സ്ഥലങ്ങൾ ഉണ്ടാക്കിയവരാണ്.

ഞങ്ങളിൽ പലരും സുരക്ഷിതരായിരുന്നില്ല, പലരും ആശയക്കുഴപ്പത്തിലായിരുന്നു. പക്ഷെ ചങ്ങാതിമാരുമായി ഇത്തരം വിഷയങ്ങൾ

സംസാരിക്കാനും പങ്കിടാനും ഏത് ഫോറത്തിലും ചർച്ചചെയ്യാനുമുള്ള തിരഞ്ഞെടുപ്പാണ് ഞങ്ങളെ വ്യത്യസ്ഥരാക്കിയത്. ഞങ്ങൾക്ക് ധാരാളം പിന്തുണക്കാർ ഉണ്ടായിരുന്നു, പക്ഷേ എല്ലായ്പ്പോഴും എതിരാളികളുടെ ശബ്ദങ്ങളാണ് ഉച്ചത്തിൽ കേട്ടതും കേൾക്കപ്പെട്ടതും.

കൂട്ടായ്മയുടെ രൂപവത്കരണത്തെ പലരും പിറുപിറുത്തുകൊണ്ട് സ്വാഗതം ചെയ്തു. കേസ് പിന്തുണയ്ക്കേണ്ടതുണ്ട്, സൗകര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്, അത് അംഗീകരിക്കപ്പെടാൻ താരതമ്യേന എളുപ്പമായിരുന്നു. എന്നാൽ ആൺമനോഭാവം ചോദ്യം ചെയ്യപ്പെട്ടത് പലർക്കും ഭീഷണിയായി. ഇതിനൊരുപാട് ദോഷങ്ങളുണ്ടായി. കൂട്ടായ്മയുടെ രൂപീകരണം കൊണ്ട് എല്ലാവർക്കും വ്യക്തിഗതമായ നഷ്ടങ്ങളുണ്ടായി.

സുരക്ഷയും പരിഹാര സംവിധാനങ്ങളും ആയിരുന്നു അടിയന്തര പ്രശ്നങ്ങൾ. ഈ തൊഴിൽ ശൃംഖലയിൽ ആരാണ് എല്ലാ തൊഴിലാളികളുടെയും, പ്രത്യേകിച്ചും സ്ത്രീകളുടെ സുരക്ഷയ്ക്ക് ഉത്തരവാദി? ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ഇടങ്ങളുണ്ടോ, സംവിധാനങ്ങളുണ്ടോ? വ്യവസായത്തിൽ സ്ത്രീകൾക്ക് ഉണ്ടായിരുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് വിവിധ തരത്തിലുള്ള പരാതികൾ ഞങ്ങൾക്ക് വീണ്ടും വീണ്ടും ലഭിച്ചുകൊണ്ടിരുന്നു. ഇവ 'നിസ്സാരമായ', വിചിത്രമായി സ്പർശിക്കുന്നതിനെക്കുറിച്ചുള്ള പ്രശ്നങ്ങൾ, അനാവശ്യമായ എസ് എം എസ് ലഭിക്കുന്നതിനെക്കുറിച്ചുള്ള വിഷയങ്ങൾ എന്നിവയിൽ തുടങ്ങി കൂടുതൽ ഗുരുതരമായ ലൈംഗിക പീഡന പരാതികൾ വരെ പലതുമായിരുന്നു.

Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013 ന്റെ സുപ്രീംകോടതി വിധി പ്രകാരം സ്ത്രീകൾ ജോലി ചെയ്യുന്ന എല്ലാ തൊഴിലിടങ്ങളിലും

ആഭ്യന്തര സമിതികൾ (IC) നിർബന്ധമാണ്. അത്തരമൊന്ന് നിലവിലില്ലാത്ത സാഹചര്യത്തിൽ തൊഴിൽ സ്ഥലത്തിന്റെ ജില്ലാ ഭരണകൂടത്തിനാണ് ഈ വിഷയങ്ങളിൽ ഉത്തരവാദിത്തം.

ഇത്തരം വിഷയങ്ങളിൽ ഒരു വ്യവസ്ഥ ഉണ്ടാക്കാനായി ഈ വ്യവസായത്തിലെ നിലവിലുള്ള യൂണിയനുകളുമായും അസോസിയേഷനുകളുമായും ചർച്ച നടത്താൻ ഞങ്ങൾ ആഗ്രഹിച്ചു.

ഈ ആഗ്രഹത്തെ ഇല്ലാതാക്കിയത് ഒരു പ്രത്യേക ആരോപണത്തിനു ശേഷമാണ്... മലയാള സിനിമയുടെ "നല്ല" പേര് ഡബ്ല്യുസിസി ചെളിയിലൂടെ വലിച്ചിടുകയായിരുന്നു എന്നതാണത്! ഒരു കോടതിയെ സമീപിക്കുക എന്നതായിരുന്നു ഏക പോംവഴി. സിനിമവ്യവസായത്തിൽ പോഷ് ആക്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് ഡബ്ല്യു.സി.സി 2019 ൽ പൊതുതാൽപര്യ ഹർജി ഫയൽ ചെയ്തു. കേസ് നടന്നുകൊണ്ടിരിക്കുന്നു.

പല സംഭവങ്ങളും സംഘടനയുടെ ജനനത്തെ വളരെയധികം പ്രക്ഷുബ്ധമാക്കി. എന്നാൽ ഗ്രൂപ്പിനുള്ളിലെ ഞങ്ങളുടെ ബന്ധങ്ങളെ അത് ശക്തമാക്കി. ശക്തരായ സ്ത്രീ പ്രൊഫഷണലുകൾ സമ്മർദ്ദത്തിൽ ഒത്തുചേർന്നതിനാൽ ഞങ്ങൾക്ക് പര്യവേക്ഷണങ്ങൾ ഞങ്ങളുടെ താക്കേണ്ടതുണ്ടായിരുന്നു... പരസ്പരം അഭിപ്രായങ്ങളും വിശ്വാസവും ഉണ്ടാക്കേണ്ടതുണ്ടായിരുന്നു.. ലിംഗപരമായ പ്രശ് നങ്ങൾ മുമ്പത്തേക്കാൾ വളരെ ആഴത്തിൽ മനസ്സിലാക്കേണ്ടതുണ്ടായിരുന്നു... പിന്തുടരാൻ ഉദാഹരണങ്ങളൊന്നുമില്ല, ഉപദേശിക്കാനും ആരുമില്ല. ഒരു പിന്തുണാ ഗ്രൂപ്പാകണോ? നാമെല്ലാവരും ഒരേ രാഷ്ട്രീയം പങ്കിടുന്നുണ്ടോ? ഒരു ബഹുജന അധിഷ്ഠിത സംഘടനയാവണോ? എന്താണ് സംഘടനയുടെ ദൗത്യം / ദർശനം? ഞങ്ങൾ ഒരു ട്രസ്റ്റായി അല്ലെങ്കിൽ ഒരു അസോസിയേഷനായി രജിസ്റ്റർ ചെയ്യണോ? പ്രായോഗികതയ്ക്ക് പുറമെ ആഴത്തിലുള്ള ചോദ്യങ്ങളായിരുന്നു കൂടെയുള്ളത്... സ്ത്രീ ശബ്ദങ്ങൾക്കുള്ള ഇടം വേണം... ഞങ്ങൾ പ്രവർത്തിച്ച സിനിമകളുടെ ഉള്ളടക്കത്തോടുള്ള ഉത്തരവാദിത്തം... ഒരു ഫെമിനിസ്റ്റ് എന്നതിന്റെ അർത്ഥം... അനന്തമായ ചോദ്യം ചെയ്യലും ചർച്ചകളും ആയിരുന്നു. പരിഹാരത്തിനും പരാതി സംവിധാനങ്ങൾക്കും പുറമെ ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നു...സെറ്റുകളിലെ സൗകര്യങ്ങളുടെ പ്രശ് നം, സ്ത്രീകളോടുള്ള മനോഭാവം, സഹപ്രവർത്തകർ, കരാറുകൾ, പ്രതിഫലം, നയത്തിലെ പ്രാതിനിധ്യം. കമ്മിറ്റികളോ തിരഞ്ഞെടുക്കപ്പെട്ട ബോഡികളോ അവരുടെ കാഴ്ചപ്പാടുകൾ കേൾക്കുന്നതിന് വളരെ കുറച്ച് വനിതാ അംഗങ്ങൾക്ക് മാത്രമേ അവസരം ലഭിക്കൂ. ചലച്ചിത്ര വ്യവസായത്തിലെ എല്ലാ സ്ഥാപനങ്ങളിലും ഒരു നിർബന്ധിത ശതമാനം സ്ത്രീപ്രാതിനിധ്യമാണ് ഡബ്ല്യു.സി.സി ആവശ്യപ്പെടുന്നത്.

മലയാളത്തിൽ ചലച്ചിത്ര വ്യവസായത്തിൽ സ്ത്രീകളുടെ അഭാവത്തെക്കുറിച്ചും ഞങ്ങൾ വളരെയധികം ആശങ്കാകുലരായിരുന്നു. വളരെ കുറച്ച് സ്ത്രീകൾ മാത്രമാണ് ഈ തൊഴിൽ ഏറ്റെടുക്കുന്നത്, മുന്നോട്ടു പോവുന്നത്. മറ്റ് ഭാഷാ ഫിലിം ഇൻഡസ്ട്രീസ് പ്രത്യേകിച്ച് ബംഗാളിയിലും ഹിന്ദിയിലുമൊക്കെ കൂടുതൽ കൂടുതൽ സ്ത്രീകൾ പ്രവേശിക്കുന്ന കാലത്ത് മലയാള വ്യവസായം കൂടുതൽ യാഥാസ്ഥിതികമായാണ് കാണപ്പെടുന്നത്.

അഥവാ ഉണ്ടെങ്കിൽത്തന്നെ ആർട്ടിസ്റ്റ്, മേക്കപ്പ്,

വസ്ത്രധാരണം മുതലായ സാമ്പ്രദായിക 'പെൺ' ജോലികളിലാണ് കൂടുതൽ പേരുമുള്ളത്. ഞങ്ങളുടെ കുറച്ച് അംഗങ്ങൾ അസിസ്റ്റന്റ് ഡയറക്ടർമാരായി പ്രവർത്തിച്ചിട്ടുണ്ട്. ചിലർ സാങ്കേതിക വിദഗ്ധരാണ്. പക്ഷേ നിർണായക ജോലികളിൽ, മലയാള ഫിലിം പ്രൊഡക്ഷനിലും പോസ്റ്റ് പ്രൊഡക്ഷനിലും പുരുഷന്മാരാണ് ആധിപത്യം പുലർത്തുന്നത്. ഇത് അടിസ്ഥാനപരമായ ഒരു പ്രശ്നമായാണ് ഞങ്ങൾ മനസിലാക്കുന്നത്. കൂടുതൽ സ്ത്രീകളില്ലെങ്കിൽ മാറ്റം ബുദ്ധിമുട്ടായിരിക്കും. മാറ്റേണ്ട മനോഭാവങ്ങളെ തിരിച്ചറിഞ്ഞ് ഞങ്ങൾ തൊഴിലിൽ പ്രവേശിക്കാൻ സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നു. പരിശീലനം വഴിയും, വ്യക്തിപരമായ പ്രോത്സാഹനം വഴിയും, സർക്കാർ ഇടപെടലോടുകൂടിയും ഈ വിഷയത്തിൽ ഒരു മാറ്റമുണ്ടാക്കാനാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്.

ഫേസ്ബുക്ക് ഡബ്ല്യുസിസിയുടെ ജാലകമാണ്, പലപ്പോഴും എഫ്ബി ഗ്രൂപ്പിനുള്ളിൽ നടന്നതെല്ലാം പ്രതിഫലിപ്പിക്കുന്നില്ല. 2018 ലും 2019 ലും ഡബ്ല്യുസിസി രണ്ട് പ്രധാന കോൺഫറൻസുകൾ നടത്തി. ആദ്യമായി മലയാള സിനിമയുടെ എല്ലാ മേഖലകളിൽ നിന്നുമുള്ള സ്ത്രീകൾ പൊതുജനങ്ങൾക്ക് മുന്നിൽ വന്ന് ആഖ്യാനം പിടിച്ചെടുക്കുകയെന്ന ലക്ഷ്യത്തോടെ, അവരുടെ മാറ്റത്തിനുള്ള കാർമികത്വം ഏറ്റെടുത്തുകൊണ്ട് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്തു. ഇത് മാറ്റത്തെക്കുറിച്ചുള്ള ശുപാർശകളോടെ വിശദമായി റിപ്പോർട്ടുണ്ടാക്കുക എന്ന ഒരു ഫലത്തിന് കാരണമായി. രണ്ടു സമ്മേളനങ്ങളും സാഹോദര്യത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്ന പ്രധാന സംഭവങ്ങളായിരുന്നു. ഫിലിം ഇൻഡസ്ട്രിയിൽ മുമ്പ് നടന്ന ഒന്നുപോലെയുമായിരുന്നില്ല.

ഹേമ കമ്മീഷൻ 2020 ആദ്യ ആഴ്ചയിൽ റിപ്പോർട്ട് സമർപ്പിച്ചു. അവരുടെ പഠനം എന്താണെന്ന് അറിയാനും മനസിലാക്കാനും ഞങ്ങൾ ആകാംഷയോടെ കാത്തിരുന്നു. നിർഭാഗ്യവശാൽ ഇന്നുവരെ, ആവർത്തിച്ചുള്ള ഓർമ്മപ്പെടുത്തലുകൾക്കു ശേഷവും ഡബ്ല്യുസിസിയുമായി അവർ റിപ്പോർട്ട് പങ്കിട്ടിട്ടില്ല. ഈ സുതാര്യതയുടെ അഭാവത്തിൽ ഞങ്ങൾ അമ്പരന്നു.

ഡബ്ല്യു.സി.സി പി.കെ റോസി ഫിലിം സൊസൈറ്റിയും ഫാത്തിമ ബീഗം റിസർച്ച് കേന്ദ്രവും സ്ഥാപിച്ചു. ഇവ രണ്ടും സ്ത്രീകളുടെ ചരിത്രപരമായ അവസരങ്ങളെ ഗൗരവമായി മനസ്സിലാക്കാൻ സഹായിച്ചിട്ടുണ്ട്.


ഞങ്ങളോരോരുത്തരെയും ഇപ്പോൾ വ്യക്തിപരമായും തൊഴിൽപരമായും ടാർഗെറ്റുചെയ്യുന്നത് പതിവാണ്. ഇത് പലപ്പോഴും ഗ്രൂപ്പിൽ നിരവധി പിരിമുറുക്കങ്ങളും ചർച്ചകളും സൃഷ്ടിച്ചിട്ടുണ്ട്.

ഞങ്ങൾ ഓരോരുത്തരും പരസ്പരം കൈകോർത്ത് പിടിക്കുന്നു, കാര്യങ്ങൾ ചെയ്യുന്നു. ഡബ്ല്യുസിസി എന്താണ് ചെയ്തത്? ഞങ്ങളോട് പലപ്പോഴും പലരും ചോദിക്കാറുണ്ട്... ഇത് എളുപ്പമുള്ള ചോദ്യമാണ്. ഇന്ന് മലയാള സിനിമയിൽ ജോലി ചെയ്യുന്ന ഏതൊരു സ്ത്രീയും, ഇതിൽ അംഗമായവരും അല്ലാത്തവരും ഒരു മാറ്റത്തിന് സാക്ഷ്യം വഹിക്കും എന്നതാണുത്തരം. സെറ്റിലുള്ള സ്ത്രീകളെ ആരും നിസ്സാരമായി കാണാൻ ഇനി അനുവദിക്കില്ല. ജോലി ചെയ്യുന്ന സ്ത്രീകൾ സ്വന്തം കാർമികത്വവും അവകാശങ്ങളും തിരിച്ചറിയണം എന്നതാണ്.. ഒരാൾ ഒരു അംഗം ആയിരിക്കണമെന്നില്ല, ഡബ്ല്യുസിസി നിലവിലുണ്ടെന്ന വസ്തുത മതി ഇത്തരം മാറ്റങ്ങൾക്ക്. 'Refuse the Abuse' എന്ന ഓൺലൈൻ കാമ്പെയ്നിൽ വ്യവസായത്തിലുടനീളമുള്ള സ്ത്രീകളുടെ പങ്കാളിത്തമുണ്ട്. അതിന്റെ ഭാഗമാകാൻ നിങ്ങൾ ഒരു സ്ത്രീ മാത്രമായാൽ മതി. ഡബ്ല്യു.സി.സി. അംഗത്വം ഉണ്ടാവുക, പുരുഷാധിപത്യ അധികാര പോരാട്ടങ്ങൾ നമുക്കിടയിൽ ഉണ്ടാവുക എന്നതല്ല... ആരാണ് നേതാവ്? എല്ലാവരും...

മലയാള ചലച്ചിത്ര വ്യവസായത്തിലെ യൂണിയൻ ഫെഫ്ക ഒരു വനിതാ വിഭാഗത്തിന്റെ രൂപീകരണം പ്രഖ്യാപിച്ചത് ഒരു പ്രധാന തുടക്കമായിരുന്നു. ഇത് ആദ്യമായാണ് ഫിലിം ഇൻഡസ്ട്രിയിൽ സംഭവിക്കുന്നത്... വനിതാ യൂണിയൻ അംഗങ്ങൾ നിർബന്ധമായും അംഗങ്ങൾ, വനിതാ ജീവനക്കാർക്കു മാത്രമായി ഒരു വിഭാഗം. സ്ത്രീകളുടെ സംഘാടനം ഒരു വലിയ കാൽവെയ്പ്പാണ്.

ഡബ്ല്യുസിസി എല്ലായ്പ്പോഴും പലതും ആഘോഷിക്കാൻ ആഗ്രഹിക്കുന്നു. മലയാള സിനിമയിലെ സ്ത്രീകളെ അഭിനന്ദിക്കുക! ഞങ്ങൾ സ്ത്രീകളും ജോലി ചെയ്യുകയും സംഭാവന നൽകുകയും ചെയ്തിട്ടുണ്ട് എന്ന് അംഗീകരിക്കപ്പെടണം. ജന്മദിനങ്ങൾ, അവാർഡുകൾ, വാർഷികങ്ങൾ എന്നിവ പലതുമുണ്ട് ആഘോഷിക്കേണ്ടവ! പിന്തുണയ്ക്കുന്നവർ മാത്രമല്ല സെന്റർ സ്റ്റേജ് സഹപ്രവർത്തകരായ സ്ത്രീകൾക്കും ഇതൊക്കെ അവകാശപ്പെട്ടതാണ്.

മാറ്റം മന്ദഗതിയിലാണ്, വ്യവസായത്തിലെ വനിതകൾക്കായുള്ള ഗ്രൂപ്പ് എന്ന നിലയിൽ നമുക്കറിയാം... എന്നാൽ, കുളിപ്പിച്ച വെള്ളത്തിന്റെ കൂടെ കുഞ്ഞിനെ കളഞ്ഞാൽ പറ്റില്ലല്ലോ. അത് മലയാള സിനിമയെ പിന്നിലേക്കല്ലേ തള്ളുക... എല്ലാവരോടും നീതിപൂർവകമായ ഭാവിയിലേക്ക് കുതിക്കാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു!




**ദിയ സന**
സാമൂഹ്യപ്രവർത്തക, നടി, മോഡൽ

# സ്ത്രീവിരുദ്ധതയിൽ നിന്നും പുറത്തുകടക്കേണ്ട സിനിമാതൊഴിൽ

**ലോ**കത്താകമാനം സ്ത്രീകൾ അവരുടെ കുടുംബത്തിനകത്തും പുറത്തും വിവേചനം അനുഭവിക്കുന്നുണ്ട്. ആധുനിക സമൂഹത്തിൽ കുടുംബസങ്കൽപ്പം ഉണ്ടാകുന്നത് തന്നെ സുരക്ഷിതത്വ ബോധത്തെ ചൊല്ലിയാകുമ്പോഴും അപ്രകാരമുള്ള സുരക്ഷിതത്വം സ്ത്രീയെ അടിച്ചമർത്തി കെട്ടിപൊക്കിയെടുത്തിട്ടുള്ളതാണെന്നതിലാണ് ഈ ആധുനികതയിലെ സ്ത്രീവിരുദ്ധതയുടെ ആഴം മനസ്സിലാക്കാൻ കഴിയുന്നത്. പ്രത്യുത്പാദന പ്രകൃയയിൽ സ്ത്രീയാണ് പൂർണ്ണ പങ്ക് വഹിക്കേണ്ടതായി വരുന്നത്. അതിനാൽ തന്നെ, കുഞ്ഞുങ്ങളെ വളർത്താനും, കുടുംബ കാര്യങ്ങൾ നോക്കാനും, അതുവഴി പൂർണ്ണമായും പുരുഷ നിയന്ത്രണ കുടുംബത്തിലെയും അതുവഴി സമൂഹത്തിലെയും നടത്തിപ്പുകാരി [illegible] തസ്തികയിലേക്ക് മാത്രമായി സ്ത്രീ ചുരുങ്ങാൻ നിർബന്ധിതയായി മാറുന്നു. മുൻപ്, ഒഴിച്ച് നിർത്താൻ കഴിയാത്ത ഇടങ്ങളിൽ മാത്രമാണ് സ്ത്രീകളെ പുരുഷനിയന്ത്രിത സമൂഹം പരിഗണിച്ചിരുന്നത്. പിന്നീട് ആത്മാഭിമാന ബോധമുള്ള സ്ത്രീകൾ തങ്ങളുടെ സ്പേസുകൾ ബലപ്രയോഗത്തിലൂടെ പുരുഷനിൽ നിന്നും പിടിച്ചെടുത്തു തുടങ്ങിയതിലൂടെ, കലിപൂണ്ട പാട്രിയാർക്കിയിൽ വ്യവസ്ഥിതി സ്ത്രീകളെ കൃത്യമായി ചട്ടം ചെയ്ത് മാറ്റി നിർത്തൽ പരിശീലിച്ചു. ഫിസിക്കലി മാറ്റി നിർത്താൻ സാധിക്കാത്ത സാഹചര്യത്തിൽ അവർ പ്രതിഫലത്തിലും, തൊഴിലിടത്തിലെ സ്ഥാനമാനങ്ങളിലുമായി അത്തരം വിവേചനം അവഗണനയ്ക്ക് പകരമായി പ്രയോഗിക്കാൻ തുടങ്ങി.

നായകന് പ്രേമിക്കാനും, കാണികളിൽ കുളിര് കോരിയിടനായുള്ള ടൂൾ ആയും സ്ത്രീ ശാരീരത്തെ  സിനിമയിൽ ഉപയോഗിക്കുന്നതിലുള്ള ശരികേടിനെ കുറിച്ച് ചിന്തിക്കാൻ സ്വയം പ്രഖ്യാപിത സ്ത്രീപക്ഷ സിനിമാ പ്രവർത്തകർക്ക് പോലും സാധിയ്ക്കുന്നില്ലായെന്നത് ഗുരുതരമാണ്. സ്ത്രീ തൊഴിലാളികൾക്ക് പ്രതിഫലത്തിനപ്പുറം ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന മറ്റു പല വിട്ടുവീഴ്ച്ചകൾക്കും തയ്യാറാകേണ്ടി വരുന്നതും, അതിനെ തുറന്ന് പറയുന്നവരെ മാറ്റി നിർത്തുന്നതും, പരസ്യമായ ബഹിഷ്ക്കരണ ആഹ്വാനങ്ങൾ മുഴക്കി ഒറ്റപ്പെടുത്തുന്ന പ്രവണതയും നിരുത്സാഹപ്പെടേണ്ടതാണ്. പാരമ്പര്യവാദികളായ സിനിമാ പ്രവർത്തകർക്ക് ലഭിക്കുന്ന അഡ്ജസ്റ്റ്മെൻറ് മ്യൂച്ചൽ പിന്തുണയുടെ അടിസ്ഥാനത്തിലാണ് ഇത് തുടർന്നു പോരുന്നതെന്ന് കൊണ്ട് തന്നെ അതിനെതിരെ സംഘടിതമായി എതിർക്കുകയും [illegible] നടപ്പിൽ വരുത്തേണ്ടതുമുണ്ട്.



ഫോട്ടോഫീച്ചർ

# ചരിത്രത്തിൽ ഇടം നഷ്ടപ്പെട്ട ചലച്ചിത്ര പ്രവർത്തകർ




## ഏലിസ് ഗീ ബ്ലാഷ്

ഫ്രാൻസിൽ ജനിച്ച് സംവിധാനം എന്ന തൊഴിൽ ഉണ്ടാവുന്നതിന് മുമ്പ് ചലച്ചിത്രങ്ങൾ സംവിധാനം ചെയ്ത വ്യക്തി. 1896 ൽ ആദ്യ ചലച്ചിത്രം 'ദ് കേബേജ് ഫെയ്റി' സംവിധാനം ചെയ്തു.

## ഡൊറോത്തി ആർസ്നർ

1919 മുതൽ 1943 വരെ സജീവമായി അമേരിക്കൻ സിനിമാരംഗത്ത് ഉണ്ടായിരുന്ന വ്യക്തി. 1922 ലെ പ്രശസ്തമായ 'ബ്ലഡ് എന്റ് സാന്റ്' എന്ന ചിത്രം മുതൽ നിരവധി സിനിമകളിൽ ചിത്രസംയോജക .





## യെലിസെവെറ്റ സ് വിലോവ

പതിനാലാം വയസ്സിൽ ചിത്ര സംയോജനം ആരംഭിച്ച യെലിസെ വെറ്റ റഷ്യൻ മൊൻടാഷ് സാങ്കേതികവിദ്യയുടെ പ്രാരംഭകയായിരുന്നു. 1939 മുതൽ 1956 വരെ നൂറോളം ഡോക്യുമെന്ററികളും വാർത്താ റീലുകളും സംവിധാനം

# ചരിത്രത്തിൽ ഇടം നഷ്ടപ്പെട്ട ചലച്ചിത്ര പ്രവർത്തകർ



## വെർണ ഫീൽഡ്സ്

ആദ്യകാല ശബ്ദ / ചിത്രസംയോജ കയായിരുന്നു വെർണ. അതിപ്രശസ്തമായ 1975 ലെ 'ജോവ്സ് ' എന്ന ചലച്ചിത്രത്തിലെ സംഭാവനക്ക് അക്കാദമി അവാർഡ് നേടി.

## മാർഗ്രറ്റ് ബൂത്ത്

പതിനേഴാം വയസ്സ് മുതൽ സിനിമയിൽ ചിത്രസംയോജക യായി സജീവ സാന്നിധ്യം. സംവിധാന സഹായിയും ആയിരുന്നു.






## ഫ്രാൻസസ് മാരിയൻ

അറിയപ്പെടുന്ന തിരക്കഥാകൃത്തായിരുന്നു. തിരക്കഥ എന്ന രൂപത്തിന് തന്നെ അടിസ്ഥാനം മാരിയന്റെ എഴുത്തുകളായിരുന്നു.

പെൺപക്ഷം



അജിത കെ.

# നീതിയുടെ പ്രക്രിയ ഇനിയും അകലെയാണ് !

നടിയെ ആക്രമിച്ച കേസിൽ അടുത്തകാലത്ത് ഉണ്ടായ ഒരു സംഭവമാണ് വിചാരണക്കോടതിയിലെ ജഡ്ജിക്ക് (അതും ഒരു സ്ത്രീ)യുടെ പ്രതിഭാഗത്തോടുള്ള തുറന്ന പക്ഷപാതിത്വം. സാക്ഷികളെ ഏതാണ്ട് എല്ലാവരെയും മൊഴിമാറ്റം ചെയ്യിക്കുന്നതിൽ മുഖ്യപ്രതിയായ പ്രശസ്തനടൻ വിജയിച്ചു എന്ന് സാക്ഷി വിസ്താരങ്ങൾ തുടരുമ്പോൾ തന്നെ സംസാരമുണ്ടായിരുന്നു . എന്നാൽ വിധി പറയേണ്ട ജഡ്ജിയും ഇതുപോലെ നിറം മാറുന്നത് വേദനാജനകമാണ്. പ്രമാദമായ പല കേസുകളിലും ഇത് സംഭവിച്ചിട്ടുണ്ട് എന്നത് ചരിത്രമാണ് . അതുകൊണ്ട് സാമാന്യബുദ്ധിയുള്ള ആരും ഞെട്ടുന്നില്ല. എന്നാൽ നീതിയുടെ പ്രക്രിയ ഇത്ര നീതിരഹിതവും നിഷ്ഠൂരവുമാണെന്ന് മനസ്സിലാക്കിയ നമ്മുടെ നടി ജഡ്ജിയെ മാറ്റണമെന്ന ആവശ്യം ഹൈക്കോടതി മുമ്പാകെ ഉന്നയിച്ചിരിക്കുകയാണ് . ആ ആവശ്യത്തെ സർക്കാർ നിയമിച്ച സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറും പിന്തുണച്ചുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ആത്മധൈര്യത്തോടെ ഈ സാഹചര്യങ്ങളോട് പൊരുതിനിക്കുന്ന നമ്മുടെ നടിയോടൊപ്പം നിൽക്കുകയെന്നതാണ് ഈ വിഷയത്തിൽ നമുക്ക് ചെയ്യാനുള്ളത്.

ഈ കേസിനെ ആസ്പദമാക്കി സിനിമാ മേഖലയിൽ നടക്കുന്ന ലിംഗപരമായ വിവേചനങ്ങളും ചൂഷണങ്ങളും പീഡനങ്ങളും അന്വേഷിക്കാൻ ജസ്റ്റിസ് ഹേമ കമ്മീഷനെ സർക്കാർ നിയമിച്ചിട്ട് രണ്ടു വർഷം കഴിഞ്ഞു. സർക്കാരിന് ഈ കമ്മീഷൻ റിപ്പോർട്ട് നൽകിയിട്ട് കുറച്ചുമാസങ്ങളായി എന്നും കേൾക്കുന്നു. അതിലെ നിർദ്ദേശങ്ങൾ പ്രസിദ്ധീകരിക്കാനോ, പൊതുചർച്ചയ്ക്ക് വിടാനോ പോലും സർക്കാർ ഇതുവരെയും തുനിഞ്ഞിട്ടില്ല. അതോടൊപ്പമാണ് വിചാരണ കോടതിയുടെ ഈ ശത്രുതാപരമായ നിലപാട്. സർക്കാർ എപ്പോഴാണ് ഈ അനങ്ങാപ്പാറ നയം തിരുത്തുക?

സ്ത്രീകൾക്കുനേരെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങൾക്ക് നേരെ, പാർശ്വവൽക്കരിക്കപ്പെട്ടവർക്കു നേരെ നടക്കുന്ന ഇത്തരം അക്രമങ്ങൾക്ക് നീതിയുടെ പ്രക്രിയ എല്ലായ്പ്പോഴും ഒരു മരീചികയായി തുടരുമെന്ന സന്ദേശമാണോ പൊതു സമൂഹം ഇതിൽ നിന്ന് ഉൾക്കൊള്ളേണ്ടത്. സ്ത്രീകളെ ലൈംഗികവൈകൃതത്തോടെ ഫേസ്ബുക്കിൽ കുറെ നാളുകളായി തെറി വിളിച്ചു കൊണ്ടിരുന്ന ഒരു വിദ്വാനെതിരെ ഭാഗ്യലക്ഷ്മി, ദിയ സന, രോഷ്ന എന്നിവർ ശക്തമായി പ്രതികരിച്ചപ്പോൾ അവർക്കെതിരെ ജാമ്യമില്ലാത്ത വകുപ്പ് പ്രകാരം പോലീസ് കേസെടുത്തു . ആ 'മഹാനെ'തിരെ എളുപ്പത്തിൽ ജാമ്യത്തിലിറങ്ങാവുന്ന വകുപ്പു പ്രകാരമാണ് കേസെടുത്തത്. മുൻകൂർ ജാമ്യം നിഷേധിക്കപ്പെട്ട ഭാഗ്യലക്ഷ്മിയും കൂട്ടുകാരും ഇപ്പോൾ സർക്കാരിന്റെ ഔദാര്യത്തിൽ പുറത്തു കഴിയുന്നു . അവരെ അറസ്റ്റ് ചെയ്യുന്ന ഒരു നടപടിയുണ്ടായാൽ കേരളത്തിലെ സ്ത്രീസമൂഹം ഒന്നടങ്കം പ്രതിഷേധിക്കുമെന്ന് സർക്കാറിന് അറിയാം. സ്വന്തം മക്കളെ കൊണ്ട് സ്വന്തം നെഞ്ചത്ത് ചിത്രം വരപ്പിച്ചു ഫേസ്ബുക്കിലിട്ട രഹനഫാത്തിമ ക്കെതിരെ ജാമ്യമില്ലാത്ത വകുപ്പു പ്രകാരം കേസെടുത്ത സംഭവവും നടന്നിട്ട് അധികകാലമായിട്ടില്ല. അപ്പോൾ സൈബർ നിയമങ്ങൾ ഇല്ലാത്തത് കൊണ്ടല്ല അത് പുരുഷനെതിരെ പൊതുവേ പ്രയോഗിക്കാൻ നീതിയുടെ സംവിധാനങ്ങൾ തയ്യാറാവുന്നില്ല എന്നാണ് ഇതിനർത്ഥം.

കോഴിക്കോട് ഐസ്ക്രീം പാർലർ, സൂര്യനെല്ലി, വിതുര , കിളിരൂർ, കവിയൂർ തുടങ്ങിയ ദശകങ്ങൾക്ക് മുമ്പുള്ള കേസുകളുടെ അതേ സ്ഥിതി തന്നെയാണ് ഇപ്പോഴും തുടരുന്നത് എന്ന് ഇത്തരം ഓരോ അനുഭവവും നമ്മെ പഠിപ്പിക്കുന്നു. ജിഷാ വധക്കേസും വാളയാറും പാലത്തായിയുമൊക്കെ നമ്മുടെ കൺമുമ്പിലുണ്ടല്ലേ? ഇനി വരാൻ പോകുന്ന മറ്റൊരു പ്രധാനമായ കേസാണ് ബിഷപ്പ് ഫ്രാങ്കോ പ്രതിയായിട്ടുള്ള കേസ്. അതിന്റെ ചരിത്രവും ഇതുപോലൊക്കെ തന്നെയാകുമോ? നീതിയുടെ പ്രക്രിയ എല്ലായ്പ്പോഴും ഇരയ്ക്ക്, പീഡനമേൽക്കുന്നവർക്ക്, ആക്രമിക്കപ്പെടുന്നവർക്ക് കയ്യെത്തിപ്പിടിക്കാനാവാത്ത വിധം അകലെയാണോ? ഇത്തരം സാഹചര്യങ്ങളോട് ജനാധിപത്യത്തിന്റെ എല്ലാ സാധ്യതകളുമുപയോഗിച്ച് നമുക്ക് ചെറുത്തു നിന്നേ പറ്റൂ.



ബെറ്റി ലൂയിസ്

എസ്.എഫ്.ഐ.യിലൂടെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പ്രവേശിച്ച ബെറ്റി 1995 ൽ തുടക്കം മുതൽ ഏഷ്യാനെറ്റിൻറെയും 2000 മുതൽ കൈരളി ചാനലിൻറയും വളർച്ചയിൽ നിർണ്ണായക പങ്കു വഹിച്ചു. കൈരളി ചാനൽ പ്രമോഷൻ ഡയറക്ടറായിരുന്നു. സ്വരലയ സിക്രട്ടറിയാണ്.

# ഇവിടെ പുരുഷനും സ്ത്രീക്കും രണ്ടു നീതി

**ലോ**കത്തിലെ എല്ലാ രാജ്യങ്ങളിലെ സ്ത്രീകളും കുഞ്ഞുങ്ങളും, സുരക്ഷിതത്വം അർഹിക്കുന്നവരാണ്. അത് അവരുടെ കുടുംബങ്ങളിലാണെങ്കിലും, സമൂഹത്തിലാണെങ്കിലും, തൊഴിലിടങ്ങളിലാണെങ്കിലും. ഇതോടൊപ്പം ഒരു കാര്യം കൂടി ഓർക്കണം. പുരുഷമേധാവിത്വം നിലനിൽക്കുന്ന ഈ സമൂഹിക വ്യവസ്ഥയിൽ തന്നെ ചിലപ്പോഴെങ്കിലും ചില പുരുഷന്മാരും ഇരകളാക്കപ്പെടാറുണ്ട്. അതേ സമയം ഏറ്റവും ക്രൂരവും ഹീനവും വ്യാപകവുമായ വിവേചനത്തിനും അടിച്ചമർത്തലിനും ചൂഷണത്തിനും വിധേയരാക്കപ്പെടുന്നത് സ്ത്രീകളും, ലിംഗഭേദമെന്യേ കുഞ്ഞുങ്ങളുമാണ്.

ഇവിടെ ജനാധിപത്യവിരുദ്ധമായ അധികാരപ്രയോഗത്തിന്റെ പ്രശ്നങ്ങളും കാണാൻ കഴിയും. മേധാവി സ്ത്രീയോ പുരുഷനോ അഥവാ സവർണരോ ആയിക്കോട്ടെ, അവർ ഇച്ഛിക്കുന്നതാണ് തീരുമാനമായി നടപ്പിൽ വരിക.. അത് കുടുംബത്തിലായാലും, ഭരണകൂടത്തിലായാലും തൊഴിലിടത്തിലായാലും സമൂഹത്തിലായാലും..

1995 മുതൽ എന്റെ പ്രവർത്തന മേഖല ടെലിവിഷൻ ചാനലുകളിലായിരുന്നു. അതിനു മുൻപായി മഹിളാ അസോസിയേഷന്റെ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുകയായിരുന്നു. ഇടയ്ക്കു മൂന്നു മാസം ഡൽഹിയിലെ ഒരു സ്കൂളിൽ ജോലി നോക്കി. ഈ രണ്ടു ജോലികളിലും ഞാൻ റിപ്പോർട്ട് ചെയ്തിരുന്നത് സ്ത്രീകളോടായിരുന്നു.

ഏഷ്യാനെറ്റിൽ ജോലി ചെയ്യുന്നത് ഇതിനു ശേഷമാണ്. അവിടെ ഞങ്ങൾ പങ്കെടുക്കുന്ന അവലോകന യോഗങ്ങളിൽ ഓരോരുത്തർക്കും പറയുവാനുള്ളത് അവതരിപ്പിക്കാൻ നിർബന്ധം പിടിക്കുന്ന സമീപനമാണ് ശ്രീ ശശികുമാർ കാണിച്ചിട്ടുള്ളത്. അത് വിയോചിപ്പുകളും ആവാം. ജീവിതത്തിൽ പിന്നീട് പല ഇടങ്ങളിലേക്കും ചേക്കേറിപ്പോയ ഞങ്ങളിലെല്ലാവർക്കും ഓർമയിൽ സൂക്ഷിക്കാനും പാഠങ്ങൾ ഉൾകൊള്ളാനും ലഭിച്ച അവസരമായിരുന്നു ആ പ്രഭാത യോഗങ്ങൾ. തൊഴിലിടങ്ങളിൽ തുറന്നു സംസാരിക്കാൻ സ്വാതന്ത്ര്യം പകർന്നു തന്ന ആ സംസ്കാരത്തെ 'ശശികുമാർ സ്കൂൾ' എന്ന് പല അവസരങ്ങളിലും അഭിമാനത്തോടെ ഞാൻ ഓർക്കുമായിരുന്നു.

ജോലി ചെയത ഇടങ്ങളിലൊന്നും തന്നെ ഒരു സ്ത്രീ എന്ന വിവേചനം എനിക്ക് നേരിടേണ്ടി വന്നിട്ടില്ല. വ്യക്തിപരമായ വിഷമതകൾ തരണം ചെയ്യേണ്ട അവസരങ്ങൾ പലതും ഉണ്ടായിട്ടുണ്ടെങ്കിലും.

ഏഷ്യാനെറ്റിൽ നിന്നും കൈരളിയിലേക്ക് മാറിയപ്പോൾ പുരുഷന്മാർ സാധാരണ ഏറ്റെടുക്കാറുള്ള തസ്തികയാണ് എനിക്കു ലഭിച്ചത്. പല പ്രൊജക്ടുകളിലും ക്രൂവിന്റെ കൂട്ടത്തിൽ സ്ത്രീയായി ഞാൻ മാത്രമേ ഉണ്ടാകാറുണ്ടായിരുന്നുള്ളു. പലയിടങ്ങളിലും തനിയെ യാത്രകൾ ചെയ്യേണ്ടി വന്നിട്ടുണ്ട്. പക്ഷെ സ്ത്രീ എന്ന നിലയിൽ ഒരു പ്രയാസവും എനിക്കവിടെ ഒരിക്കലും ഉണ്ടായിട്ടില്ല.

കൈരളിയുടെ തുടക്കക്കാലത്തു തിരുവനന്തപുരം വടക്കേ കൊട്ടാരത്തിൽ കൈരളി ടീവി പ്രവർത്തിച്ചു കൊണ്ടിരിക്കുമ്പോൾ, പ്രോഗ്രാം പ്രൊഡക്ഷനിലുള്ളവർക്ക്, പലപ്പോഴും, പകൽ രാവാവുന്നത് പോലും അറിയില്ലായിരുന്നു. ഇൻഡോർ വർക്ക് അല്ലെങ്കിൽ പോസ്റ്റ് പ്രൊഡക്ഷൻ ജോലികൾ നീണ്ടു പോകുമ്പോൾ പുറത്ത് വെയിലാണോ മഴയാണോ എന്നൊന്നും ഓർക്കാറില്ലായിരുന്നു. അക്കാര്യത്തിൽ ആൺ-പെൺ വ്യത്യാസമില്ലാതെ സന്തോഷത്തോടെ എല്ലാവരും പ്രവർത്തിക്കുമായിരുന്നു. ആരും നിർബന്ധിച്ചിട്ടല്ലായിരുന്നു ഞങ്ങൾ അങ്ങിനെ ജോലി ചെയ്തിരുന്നത്. ഞങ്ങൾക്കെല്ലാം കൈരളി ഒരു വികാരമായിരുന്നു. പ്രൊഡ്യൂസർമാരായ സന്ധ്യ ബാലസുമയ്ക്കും, സജിത മഠത്തിലിനും, ക്യാമറയിലെ ലൈലയ്ക്കും, ലൈബ്രറിയിലെ ചിത്രയ്ക്കും റീസെപ്ഷനിലുണ്ടായിരുന്ന വനിതാ

ജീവനക്കാർക്കും, ന്യൂസിലെ വനിതാ സഹപ്രവർത്തകർക്കും എല്ലാവർക്കും അന്നത്തെ ഞങ്ങളുടെ ഉത്സാഹത്തെ കുറിച്ച് ഇതേ അഭിപ്രായമായിരിക്കും ഉണ്ടാവുക...

ഇതെല്ലാം പരാമർശിക്കപ്പെടുമ്പോഴും പല തൊഴിലിടങ്ങളിലും സ്ത്രീകളുടെ തൊഴിൽ ജീവിതം സുഗമമല്ല എന്ന് ഒട്ടു മിക്ക സ്ത്രീകൾക്കും അനുഭവബോധ്യമുള്ളതാണ്. പല മേഖലകളിലും സ്ത്രീ ചൂഷണം ചെയ്യപ്പെടുന്നു. ശബ്ദമുയർത്തുന്നവരെ ഒരു ജനാധിപത്യ ബോധവുമില്ലാതെ അടിച്ചമർത്തുന്നത് ഈ 'പ്രബുദ്ധ കേരളത്തിൽ' പോലും നമുക്ക് കാണാൻ കഴിയുന്നു. ഒരേ തൊഴിൽ മേഖലയിലെ സഹപ്രവർത്തകക്കെതിരെ പരാമർശങ്ങൾ തൊഴിലിടത്തിനും സംഘടനയ്ക്കും പുറത്തു പറയാൻ അമിതമായി ഉത്സാഹിക്കുന്ന പുരുഷൻമാരെ നമുക്കറിയാം. എന്നാൽ അത് സംബന്ധിച്ച വിശദീകരണം നൽകാൻ നിർബന്ധിതയാകുന്ന സ്ത്രീക്കു അതിനുള്ള സ്വാതന്ത്ര്യം പുരുഷധിപത്യ സമൂഹം തടയുന്നു. ഇവിടെ പുരുഷനും സ്ത്രീക്കും രണ്ടു നീതി എന്നത് വ്യക്തം...

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ അത് തൊഴിലിടത്തിലായാലും, സൈബറിടത്തിലായാലും, മറ്റെവിടെയാണെങ്കിലും, കർശനമായി നിർത്തലാക്കേണ്ടത് സമൂഹത്തിന്റെ നന്മക്കും ആരോഗ്യകരമായ സംസ്കാരത്തിനും അനിവാര്യമാണ്... അതിനുതകുന്ന വിദ്യാഭ്യാസവും ബോധവൽക്കരണവും നിയമങ്ങളും നടപ്പിലാക്കേണ്ടത് ഏതൊരു ഭരണകൂടത്തിന്റെയും പ്രഥമ കടമകളിൽ ഒന്നാണ്...

('സൂര്യനെല്ലി' ക്കാലത്ത് എഴുതിയ കവിതയാണ് - പുനർജന്മം . ഇത്തിരി ഇടത്തിന് വേണ്ടി പൊരുതുന്ന സ്ത്രീകളുടെ ജീവിതം ഒരു മാറ്റമില്ലാതെ തുടരുന്ന ഇക്കാലത്തും ഈ കവിതയുടെ നിലപാട് പ്രസക്തമെന്നു ഞാൻ കരുതുന്നു)

കവിത

# പുനർജ്ജന്മം



വിജയലക്ഷ്മി

അനക്കമറ്റ വീടിന്റെ
തടവിൽത്താന്ത ചിത്തയായ്
ഇരുട്ടുവീണ ദിക്കിൽച്ചെ-
ന്നിരിക്കുന്നവളാരിവൾ?

നിഴലിൽവീണു നിസ്തേജം
നീറുംവെണ്മതിയെന്നപോൽ
നിറംകെട്ട മുഖം കാണാം
നീലകേശത്തഴപ്പിലായ്.

വിളിക്കുന്നുണ്ടോടിയെത്തും
കുളിർകാറ്റിന്റെ കൈവിരൽ
ഒളിക്കുന്നു മുഖംപൊത്തി-
ക്കരച്ചിൽ കെട്ടകണ്മണി.

അഗ്നിപർവതമാകാം നീ
വിഴുങ്ങിപ്പോയ സങ്കടം
അതിനെക്കൈവെടിഞ്ഞാലു-
മകലെസ്സാഗരോർമ്മയിൽ.

കല്ലെറിഞ്ഞീടുവാൻ കൊല്ലാ-
നെല്ലാരും വന്നടുക്കിലും
അവരിൽപ്പാപിയല്ലാത്തോ-
നാരുള്ളൂ കല്ലെടുക്കുവാൻ?

ഉറയൂരിപ്പുത്തനാകു-
മുയിർനേടുന്ന പാമ്പുപോൽ
ഉരച്ചു മാറ്റുകിന്നേ നി-
ന്നവസാദങ്ങളൊക്കെയും

സർപ്പമഞ്ചം വിരിച്ചിട്ടു
പുഞ്ചിരിക്കൊണ്ടു നിൽക്കയായ്
അധർമ്മം പാതവക്കത്തി-
ന്നതിനെക്കണ്ടിടായ്ക നീ.

അണുബോംബിന്നകത്താഗ്നേ-
യാസ്ത്രമെന്നതു മാതിരി
വസിക്കുന്നു സർവ്വശക്ത-
യായ ചണ്ഡിക നിന്നിലും.

വിഷാദത്തിൻ കൊടും കായൽ-
പ്പരപ്പിൽപ്പെട്ട തോണിയെ
വീണ്ടെടുക്കുക ജന്മത്തിൻ
വിധാതാവാത്മശക്തിയെ.

നിത്യദുഃസ്വപ്ന സങ്കീർണ്ണ
കാളരാത്രിയിൽ നിന്നു നീ
ഉണർന്നാവൂ പ്രഭാതത്തെ-
ക്കണക്കുന്നതശീർഷയായ്!

*(40 വർഷമായി മലയാള കവിതാരംഗത്ത് സജീവം.അടിച്ചമർത്തപ്പെട്ട സ്വതന്ത്രചേതനയുടെ അമർഷമാവിഷ്കരിക്കുന്ന കവിയത്രി. മൃഗശിക്ഷകൻ, തച്ചന്റെമകൾ , ഊഴം, ജ്ഞാനമഗ്ദലന ,സീതാദർശനം എന്നിവയാണ് ചില മുഖ്യരചനകൾ .ആദ്യ സമാഹാരത്തിന് ബാലാമണിയമ്മയും രണ്ടാമത്തേതിന് സുഗതകുമാരിയും അവതാരിക നൽകി.)*



പി.ഇ.ഉഷ
കേരള മഹിള സമഖ്യ സൊസൈറ്റി
(കെ.എം.എസ്.എസ് )
ഡയറക്ടറായിരുന്നു




# തൊഴിലിടത്തിലെ ലിംഗനീതി

*പശ്ചിമഘട്ട സംരക്ഷണത്തിനായുള്ള ലോങ് മാർച്ചിൽ പങ്കെടുത്ത് പാരിസ്ഥിതിക പ്രവർത്തനങ്ങൾക്ക് നേതൃനിരയിൽ പ്രവർത്തിച്ചു . സ്ത്രീകളുടെയും കുട്ടികളുടെയും ആദിവാസികളുടെയും അവകാശ സംരക്ഷണത്തിനായി ദീർഘകാലമായി പോരാടുന്നു. കേരള മഹിള സമഖ്യ സൊസൈറ്റി ( കെ.എം.എസ്.എസ് ) ഡയറക്ടറായിരുന്നു . തൊഴിലിടത്തിലെ സ്ത്രീപീഡനത്തിനെത്തിരായ പോരാട്ടത്തിൽ പി.ഇ.ഉഷയുടെ കേസ് ഒരു നാഴികക്കല്ലായിരുന്നു*

ജസ്റ്റിസ് രഞ്ജൻ ഗോഗോയ് ആണ് നീതിയുടെ കാവലാൾ എന്ന് കരുതിയിരിക്കെ ആണ് അദ്ദേഹത്തിന്നെതിരെ ലൈംഗികപീഡന പരാതി വരുന്നത് . ഇരയായ സ്ത്രീയെ ജോലിയിൽ നിന്ന് പിരിച്ചു വിട്ടു . അവർ സുപ്രീംകോടതിയിലെ ജീവനക്കാരിയായിരുന്നു. അവരുടെ കുടുംബത്തെ നന്നായി ഉപദ്രവിച്ചു. അങ്ങനെയൊക്കെ ചെയ്യുമ്പോഴും ഈ പരാതി വ്യാജമാണെന്ന പ്രചാരണവും വലിയ തോതിൽ നടക്കുന്നണ്ടായിരുന്നു. തൊഴിൽ സ്ഥലത്ത് സ്ത്രീകൾക്ക് അഭിമാനത്തോടെ തൊഴിലെടുത്തു ജീവിക്കാൻ ഉള്ള അവകാശങ്ങങ്ങൾക്കായുള്ള മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചത് സുപ്രീം കോടതിയായിരുന്നു. അത് 1996 ലായിരുന്നു വിശാഖ മാർഗ്ഗനിർദ്ദേശങ്ങൾ. അതിനു ശേഷം ദശാബ്ദങ്ങൾക്കു ശേഷമാണ് POSH (Prevention of sexual harassment at work place) വരുന്നത് , 2013ൽ . തൊഴിൽ ചെയ്തു ജീവിക്കുന്ന സ്ത്രീകൾ അരക്ഷിതമായി പൊരുതി ക്ഷീണിച്ചു കഴിഞ്ഞു പോരുന്ന അവസ്ഥകൾ .സുപ്രീംകോടതി പുറപ്പെടുവിച്ച വൈശാഖ മാർഗ്ഗനിർദേശങ്ങൾ വലിയ പ്രാധാന്യത്തോടെയാണ് സ്വീകരിക്കപ്പെട്ടത്. അഭിമാനത്തോടെയുള്ള സുരക്ഷിതമായ തൊഴിലിടം ഇന്ത്യൻ സ്ത്രീക്ക് യാഥാർഥ്യമാകുന്നുവെന്ന പ്രതീതിയുണ്ടായി . ഈ മാർഗ്ഗനിർദേശങ്ങൾക്ക് അടിസ്ഥാനമായ കേസ്

അതിലേറെ ശ്രദ്ധേയമായ ഒന്നാണ്. രാജസ്ഥാനിലെ ബൻവാരിദേവിയുടെ കേസ്. അവരെ അവരുടെ തൊഴിൽ സ്ഥലത്തു വെച്ച് ബലാൽസംഗം ചെയ്തുവെന്ന കേസ്. അതിപ്പോഴും കോടതിയിൽ വിധി കാത്തു കിടക്കുകയാണ്. തൊഴിലിടത്തിലെ സുരക്ഷാ സംബന്ധിച്ച കേസിലാണ് മാർഗ്ഗനിർദേശങ്ങൾ ഉണ്ടായത്.

വിശാഖ മാർഗ്ഗനിർദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനായി സുപ്രീംകോടതി കൃത്യമായി അവലോകനം ചെയ്തു കൊണ്ടിരുന്നു. സംസ്ഥാന ഭരണത്തലവന്മാർക്ക് നിരന്തരം സർക്യൂലർ വന്നുകൊണ്ടിരുന്നു. കൊല്ലവസാനം എല്ലാവരും കറക്കിക്കുത്തി ഫോർമാറ്റ് പൂരിപ്പിച്ചുകൊടുത്തു കോടതിയെ തൃപ്തിപ്പെടുത്തിക്കൊണ്ടിരുന്നു. അതേസമയം ഇത് നടപ്പാക്കാൻ വിശേഷിച്ചും ഇന്റേണൽ കമ്മറ്റി രൂപീകരിക്കുന്ന കാര്യത്തില ടക്കം വലിയ അലംഭാവം ഉണ്ടായിരുന്നു. ആരും നിർദേശങ്ങൾക്കനുസരിച്ചുള്ള കമ്മിറ്റി ഉണ്ടാക്കാൻ ധൈര്യപ്പെട്ടില്ല എന്ന് മാത്രമല്ല എന്നാൽ ഞാൻ ഇപ്പോൾ കാണിച്ചുതരാം എന്നമട്ടിൽ കുറ്റാരോപിതന്റെ സ്വന്തക്കാരെകൊണ്ടും ബന്ധുക്കാരെക്കൊണ്ടും യൂണിയൻകാരെക്കൊണ്ടും കമ്മറ്റി ഉണ്ടാക്കി പേടിപ്പിച്ചു കളഞ്ഞു. മാർഗ്ഗനിർദേശങ്ങൾ എല്ലാം ആണധികാരത്തിന്റെ മുന്നിൽ തോറ്റുതൊപ്പിയിട്ടു. നമുക്ക് എന്ത് സുപ്രീംകോടതി . നമ്മൾ തന്നെ നമ്മുടെ കോടതി എന്ന് ആണധികാരം ഒപ്പുവെച്ചു നെഞ്ച് വിരിച്ചു. പരാതികൊടുത്ത പെണ്ണുങ്ങൾ ഏതൊക്കെയോ മാളത്തിൽ ഒളിച്ചു, ജീവച്ഛവമായി മറുപരാതികൾ കൊണ്ട് പൊറുതിമുട്ടി. അങ്ങനെയൊക്കെ വിശാഖയുടെ വർത്തമാനങ്ങൾ. ഇത് അട്ടിമറിച്ചിടാൻ നടത്തിയ ആണധികാരഗവേഷണങ്ങൾക്ക് പൊതുസ്വഭാവമുണ്ടായിരുന്നു. അത് അങ്ങ് സുപ്രീംകോടതി തൊട്ടു ഇങ്ങു ഇവിടത്തെ സാധാരണ ഒരു കുഞ്ഞു സംസ്ഥാന ഓഫീസ് വരെ ഒരേ സ്വഭാവം പുലർത്തി. മറ്റെന്തിനേക്കാളും ഏകതാനത ഉള്ളത് ലിംഗപരമായ അതിക്രമങ്ങൾക്കാണല്ലോ. അതായത് ഒന്നാമത് സ്ഥാപിക്കാൻ പോകുന്നത് അങ്ങനെ ഒരതിക്രമം നടന്നിട്ടില്ല, നടന്നാൽ തന്നെ അത് ലൈംഗികമല്ല , ഇനി അതുണ്ടായി എന്ന് സമ്മതിച്ചാൽ തന്നെ ആ കുറ്റാരോപിതൻ അല്ല ചെയ്തത് .അടുത്തത് കുറ്റാരോപിതൻ , ലളിതൻ ,നിഷ്കളങ്കൻ, കുടുംബസ്ഥൻ ,ലിംഗതുല്യതക്കായ് അക്ഷീണം പരിശ്രമിക്കുന്നവൻ .മറുവശത്ത് പരാതിക്കാരി, അഹങ്കാരി, ദുർനടപ്പ് സംശയിക്കപ്പെടുന്നവൾ, ജോലിചെയ്യാത്തവൾ, കുഞ്ഞുങ്ങളുണ്ടെങ്കിൽ അവരെ നോക്കാത്തവൾ വേഷഭൂഷാദികൾ സ്വീകാര്യമല്ലാത്ത രീതിയിൽ അണിയുന്നവൾ. അങ്ങനെ കെട്ടുകഥകൾ കുറെ

**ലിംഗതുല്യതക്കായി കയറു പൊട്ടിക്കുന്നതിലല്ല കാര്യം സാമാന്യ ജനങ്ങൾക്ക് ലിംഗതുല്യതക്കായി ഉണ്ടായിട്ടുള്ള അത്യാവശ്യ സംവിധാങ്ങൾ അതിന്റെ ആത്മാവ് കളയാതെ മര്യാദക്ക് വൃത്തിയിലും വെടുപ്പിലും കൊണ്ട് നടക്കുന്നതിലാണ്.കേരളത്തിൽ പരാതികൊടുത്തിട്ടുള്ള സ്ത്രീകളുടെ ഒരു കൺവെൻഷൻ വിളിച്ചാൽ അറിയാം അവരുടെ പരാതിയാനന്തര അനുഭവങ്ങൾ.**

പടച്ചു വിടാൻ പ്രത്യേക സംവിധാനം തന്നെ ഉണ്ടാകും. ഇന്റേണൽ കമ്മറ്റി രൂപീകരണവുമായി ബന്ധപ്പെട്ടു ഉണ്ടായിട്ടുള്ള ആശയവിനിമയത്തിൽ ഇപ്പോഴും കേട്ടിട്ടുള്ള ഒരുകാര്യം ഒരു പ്രതിനിധി വേണം ഒരു വലിയ ദ് ഉള്ള ആള് വേണ്ട നമ്മൾക്കു മാനേജ് ചെയ്യാൻ പറ്റുന്ന ആള് വേണം. ഒന്ന് ഒപ്പിച്ചു കൊടുക്കണം. റിപ്പോർട്ട് ഒക്കെ എഴുതിക്കൊടുക്കുകയും വേണം.പ്രശ്നമുണ്ടാകാത്ത രീതിയിൽ .

ലിംഗതുല്യതക്കായി കയറു പൊട്ടിക്കുന്നതിലല്ല കാര്യം സാമാന്യ ജനങ്ങൾക്ക് ലിംഗതുല്യതക്കായി ഉണ്ടായിട്ടുള്ള അത്യാവശ്യ സംവിധാങ്ങൾ അതിന്റെ ആത്മാവ് കളയാതെ മര്യാദക്ക് വൃത്തിയിലും വെടുപ്പിലും കൊണ്ട് നടക്കുന്നതിലാണ്.കേരളത്തിൽ പരാതികൊടുത്തിട്ടുള്ള സ്ത്രീകളുടെ ഒരു കൺവെൻഷൻ വിളിച്ചാൽ അറിയാം അവരുടെ പരാതിയാനന്തര അനുഭവങ്ങൾ. ഇത് ഏറെ കുറെ ഫോർമൽ സെക്ടർ. ഇൻഫോർമൽ സെക്ടറിന്റെ പറയണ്ട. നടപ്പാക്കുന്നുവെന്നാര് നോക്കുന്നു. തൊഴിൽ സംഘടനകളുടെ ശ്രദ്ധയിൽപെട്ടിട്ടുള്ള ഒരു സംഘടനയുമില്ലല്ലോ. ഇത് പുരുഷനെതിരായ നിയമമായി വ്യാഖ്യാനിക്കപ്പെടുന്നുവെന്നുണ്ട് എന്ന് കാണാം . യഥാർത്ഥത്തിൽ ഇത് സ്ത്രീകളുടെയും പുരുഷന്മാരുടെയും പ്രവർത്തനം കൂടുതൽ ആഹ്ലാദകരമാക്കുന്ന സുഗമമാക്കാനുള്ള ഒരു നയമാക്കി വളർത്തിക്കൊണ്ട് വരേണ്ടതിനു പകരം പുരുഷന് ഭീതിയുണ്ടാക്കുന്ന തരത്തിൽ വളച്ചൊടിക്കപ്പെടുകയാണ്. തൊഴിലുമായി ബന്ധപ്പെട്ടുള്ള സംഘടനകൾ അവരുടെ ഇക്കാര്യത്തിലെ പരിമിതി മറികടക്കേണ്ടതുണ്ട് .അവിടെയാണ് അവരുടെ ലിംഗതുല്യത സംബന്ധിച്ച നയം വ്യക്തമാക്കേണ്ടത് .



**നസീമ നസ്റീൻ**
ഫ്രീലാൻസ് ആർട്ടിസ്റ്റും ജെന്റർ ആക്ടിവിസ്റ്റുമാണ്



# അണിയറയിലെ അദൃശ്യ ശരീരങ്ങൾ

ക്യുവെർ ജീവിതം / ക്യുവെർ ആയിരിക്കുക എന്നാൽ ദൃശ്യതയും, ശബ്ദവുമില്ലാതെ അരികുകളിലും അണിയറകളിലും ഉപജീവിക്കുക എന്നതുകൂടിയാണ് ഹെട്രോനോർമേറ്റീവ് സമൂഹങ്ങളിലെ യാഥാർത്ഥ്യം. ഒരു സാംസ്കാരിക വ്യവഹാരം എന്നനിലയിലും, തൊഴിലിടമെന്ന നിലയിലും എത്രമാത്രം പുരുഷകേന്ദ്രീകൃതമായ മുതലാളിത്ത അധികാരസ്വരൂപമാണ് മലയാളസിനിമ എന്നത് നിശ്ശബ്ദരാക്കപ്പെട്ട മനുഷ്യരുടെയും, പറയപ്പെടാതെപോയ ഉള്ളടക്കത്തിന്റേയുമെല്ലാം അടിച്ചമർത്തിയ ചരിത്രങ്ങളിൽനിന്നു മനസിലാക്കാം. പി. കെ. റോസിയെ നാടുകടത്തിയ മലയാള സിനിമയുടെ വരേണ്യ ചരിത്രത്തിൽ ചവിട്ടിനിന്നു അതിലെ ക്യുവെർ മനുഷ്യരുടെ ചരിത്രത്തെ അന്വേഷിക്കുന്നിടത്തുതന്നെയുണ്ട് ഒരു അസംബന്ധം . മെയ്ക്കപ്പ്, വസ്ത്രാലങ്കാരം, നൃത്തം മറ്റ് അനുബന്ധ അണിയറ വൃത്തികൾ എന്നിവയിലെല്ലാം ക്യുവെർ മനുഷ്യരുടെ, വിശേഷിച്ച് ഗേ, ട്രാൻസ് ആളുകളുടെ സാന്നിധ്യത്തിന് സിനിമയോളം പഴക്കമുള്ള തമസ്കൃത ചരിത്രമുണ്ട്. സിനിമയുടെ ആവിർഭാവ കാലത്ത് ക്രോസ്സ് ഡ്രസ്സ് ചെയ്ത് പെൺവേഷങ്ങൾ ചെയ്തിരുന്ന പലരും വിമത ലിംഗ-ലൈംഗിക അനുഭാവങ്ങൾ പുലർത്തിയിരുന്നവരാകാം എന്നൊരു സാധ്യതയുമുണ്ട് (സ്ത്രൈണത ഉള്ള ഹെട്രോ പുരുഷന്മാരെയല്ല ഉദ്ദേശിച്ചത്). അദൃശ്യരിലും അദൃശ്യരായ ജനിക്കുമ്പോൾ സ്ത്രീയായി അടയാളപ്പെടുത്തപ്പെട്ടവരെക്കുറിച്ച് (Constitutional Minority) ഊഹിക്കാൻ പോലുമാവില്ലന്നുള്ളത് മറ്റൊരു ക്രൂര യാഥാർത്ഥ്യമാണ്. എന്തായാലും സ്ത്രൈണതയുള്ള, കുണുങ്ങിനടക്കുന്ന, വിധേയത്വമുള്ള ശരീരങ്ങളെയും, സാന്നിധ്യങ്ങളെയും കാമനകളുടെ കല/ കമ്പോളം അതിന്റെ അണിയറകളിൽ അദൃശ്യരാക്കി നിലനിർത്തിയിരുന്നു .പുരുഷകേന്ദ്രികൃത വ്യവസ്ഥിതി സ്ത്രീകളെക്കുറിച്ച് വെച്ചുപുലർത്തുന്ന സ്റ്റീരിയോടൈപ്പിക്കൽ സങ്കല്പനങ്ങൾ തന്നെയാണ് ക്യുവെർ സാന്നിധ്യങ്ങളോടുള്ള സഹിഷ്ണുതയെയും നിർണയിച്ചിരുന്നത്/ നിർണയിച്ചുകൊണ്ടിരിക്കുന്നത്.

മലയാള സിനിമ എന്ന സാംസകാരിക വ്യവഹാരത്തിലും, വിനിമയത്തിലും, വിപണിയിലും ക്യുവെർ ഉള്ളടക്കങ്ങൾക്ക് ഒരുകാലത്തും സ്വീകാര്യത ഉണ്ടായിട്ടില്ല. നൂറുവർഷത്തെ മുഖ്യധാരാ മലയാള സിനിമയുടെ ചരിത്രത്തിൽ വിരലിലെണ്ണാവുന്നത്ര പ്രാധിനിത്യം പോലും ഒരു സാമൂഹിക ഭൂരിപക്ഷ സമുദായത്തിന് ( constitutional minority പരിരക്ഷണം വെച്ച് സാമൂഹ്യ ഭൂരിപക്ഷം എന്ന സമുദായ യാഥാർഥ്യത്തെ റദ്ദ് ചെയ്യാനാവില്ല )ഉണ്ടായിട്ടില്ല എന്നതുതന്നെ എത്രമാത്രം അയിത്തവും, സ്റ്റിഗ്മയുമാണ് മലയാള സിനിമ ക്യുവെർ ജീവിതത്തോടും. ആഖ്യാനങ്ങളോടും വച്ചുപുലർത്തുന്നത് എന്ന് വെളിവാക്കുന്നുണ്ട്.

തിരശീലക്ക് അഭികാമ്യമായ ഉള്ളടക്കമായി ക്യുവെർ ജീവിതങ്ങളും, കഥകളും, സാന്നിധ്യങ്ങളും അംഗീകരിക്കപ്പെടാത്തത് സിനിമ ഉണ്ടാക്കുന്നവരെയും, കാണുന്നവരെയും, വിപണിയെയുമെല്ലാം സ്വാധീനിക്കുന്ന പൊതുബോധം എന്നത് ഒരു സദാചാര നിർമ്മിതി ആയതുകൊണ്ടാണ്, സവർണ ഹിന്ദു-കൊളോണിയൽ പാട്രിയാർക്കിക് യുക്തികളാണ് അതിന്റെ കാതൽ എന്നുള്ളതുകൊണ്ടാണ്. സിസ് ഹെട്രോ പ്രേമഗാനങ്ങളും, ഉള്ളടക്കങ്ങളും സ്വന്തം ഭാവനയിൽ പുനർവ്യാഖ്യാനിച്ച് കേൾക്കുകയും, കാണുകയും ചെയ്ത് സിനിമക്കൊപ്പം സഞ്ചരിക്കേണ്ട ഗതികേടിലാണ് നൂറുവർഷത്തിനിപ്പുറവും ക്യുവെർ സമുദായം. ക്യുവെർ ഉള്ളടക്കങ്ങളെ തിരശീലയിലെത്തിക്കാൻ പരിഗണനാർഹമായ ശ്രമങ്ങൾ സ്വതന്ത്ര സിനിമകളിൽ ഉണ്ടായെങ്കിലും, ആളുകളിലെത്തിക്കാൻ വഴികൾ കിട്ടാതെ അതൊക്കെ അങ്ങനെ മൂടപ്പെടുകയാണ് പതിവ് . കൊമേർഷ്യൽ സിനിമയുടെ ഫോർമാറ്റിൽ കഥപറയാൻ ശ്രമിച്ചിട്ടും സഞ്ചാരത്തിനും (ലിജി ജെ പുല്ലപ്പള്ളി, 2004 ), മൂത്തൊൻ (അരികുവൽക്കരിക്കപ്പെടുന്ന സമൂഹങ്ങളുടെ കഥ എങ്ങനെ പറഞ്ഞാലും പരിസരം എപ്പഴും അവസാനം ചേരിയിലും, മയക്കുമരുന്നിലും, അധോലോകത്തിലുമെത്തുന്ന ശീലത്തോടും, ട്രാൻസ് കഥാപാത്രത്തിന്റെ പോട്രീയൽനോടും, കടലൊറ്റക്ക് താണ്ടാൻ തന്റേടമുള്ള ടോംബോയ്ഷ് ആയിട്ടുള്ള കുട്ടിയെ അവസാനം മുടിവളർത്തി ഡിസയറബിൾ ആയ 'സ്ത്രീ'യാക്കിയതുമെല്ലാം ഒരുതരം ക്യുവെർ ഒബ്ജെക്റ്റിഫിക്കേഷൻ പോൺ ആയിട്ടാണ് തോന്നിയത്. സിനിമയുടെ ഉദ്ദേശശുദ്ധിയേയും, പ്രേമരംഗങ്ങൾ ക്യുവെർ സമുദായത്തിന് കൊടുത്ത അതിർപ്പത്തെയും അംഗീകരിച്ചേ പറ്റൂ സ്വീകാര്യത കിട്ടാഞ്ഞത് അത് പോതുബോധത്തിനെ അസ്വസ്ഥമാക്കുന്നുണ്ട് എന്നതുകൊണ്ടാണ്. ജനസമ്മിതിയും വിപണിവിജയവും നേടിയത് ചാന്തുപൊട്ട്, ഞാൻ മേരിക്കുട്ടി തുടങ്ങിയ അങ്ങേയറ്റം ഹോമോഫോബിക് ആയ ഉഡായിപ്പുകൾക്കും. സദാചാര സമൂഹത്തെ നോവിക്കാതെ, അതിന്റെ ഉള്ളിൽ കെട്ടിക്കിടന്നു നാറുന്ന



ഹോമോഫോബിയക്ക് സാധൂകരണം കൊടുത്ത്, നാളിതുവരെ തെരുവിൽ നിന്ന് ക്യുവെർ മനുഷ്യരും, മനുഷ്യാവകാശ പ്രവർത്തകരും, ആക്റ്റിവിസ്റ്റുകളുമെല്ലാം ചേർന്ന് ഒച്ചയെടുത്തുണ്ടാക്കിയ ദൃശ്യതയെ, ഇടത്തെ എത്ര എളുപ്പത്തിലാണ് ഇക്കൂട്ടർ ഏറ്റെടുപ്പുനടത്തി വിറ്റുകാശാക്കിയതും, ക്യുവെർ സംരക്ഷക പട്ടം സ്വന്തമാക്കിയതും. സിസ് ഹെട്രോ അഭിനേതാക്കൾ അഭിനയശേഷി മാറ്റുരക്കാൻ ട്രാൻസ് കഥാപാത്രങ്ങളെ കെട്ടിയാടുന്നു, ട്രാൻസ് മനുഷ്യർ അണിയറകളിൽ അദൃശ്യരായി തുടരുന്നു. അവസര സമത്വമോ, നൈതികതയോ ഇവരുടെ 'കഴിവിന്റെ' ഏബിളിസ്റ്റ് ലോകത്തിനെ, ബോധത്തിനെ അലട്ടുന്നില്ല. ക്യുവെർ മനുഷ്യർക്ക് എന്നെങ്കിലും സ്വന്തം കഥകൾ പറയുവാനും, ഉണ്ടാക്കുവാനും സാധിക്കുന്നിടത്തെ, അവസരങ്ങൾ ഉണ്ടാവുന്നിടത്തെ ഇത്തരം വയലൻസുകളെ ചെറുക്കുവാൻ സാധിക്കുകയുള്ളു.

തിരശ്ശീലയിൽ നിന്ന് അകറ്റി, അണിയറയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ക്യുവെർ മനുഷ്യരുടെ അദ്ധ്വാനത്തെ മലയാള സിനിമാവ്യവസായം ഒരുകാലത്തും അംഗീകരിക്കുകയോ, അടയാളപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇൻഡസ്ട്രിയിൽ സ്ത്രീകൾ അനുഭവിക്കുന്നതിനു സമാനമായ അതിക്രമങ്ങൾ അനുഭവിക്കുകയും, അർഹിക്കുന്ന അംഗീകാരമോ, വേതനമോ കിട്ടാതെ, ലൈംഗികചൂഷണങ്ങൾക്കും ക്രൂരമായ അധികാരപ്രയോഗങ്ങൾക്കും വിധേയരാവുകയും ചെയ്യുന്നു. ഒരു തൊഴിലിടമെന്നനിലയിൽ മുഖ്യധാരാ മലയാള സിനിമ സ്വംശീകരിച്ചിരിക്കുന്ന, ആദർശവൽക്കരിച്ചിരിക്കുന്ന വിവേചനപരമായ ബോധ്യങ്ങളോട് സംവദിക്കുക എന്നത് എത്രമാത്രം ബുദ്ധിമുട്ടുള്ള കാര്യമാണ് എന്നുള്ളത് ഡബ്ലിയൂസീസിയുടെ രൂപീകരണവും, ഇടപെടലുകളും, അതിനോടുള്ള ഇൻഡസ്ട്രിയുടെയും, പൊതുസമൂഹത്തിന്റെയും മനോഭാവങ്ങളിൽ നിന്നും വ്യക്തമാവുന്നുണ്ടല്ലോ. ലോകത്തെമ്പാടുമുള്ള ക്യുവെർ മൂവ്മെന്റിന്റെ ചരിത്രത്തിൽ, ഫെമിനിസ്റ്റ് മൂവ്മെന്റുകൾ അതിനെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്, പരിപോഷിപ്പിച്ചുണ്ട്, വിശാലമാക്കിയിട്ടുണ്ട് എന്ന് അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. ബയോളജിക്കൽ എസ്സെൻഷ്യലിസത്തെ കുടഞ്ഞെറിഞ്ഞുകൊണ്ടുള്ള സ്ത്രീകളുടെ നേതൃത്വത്തിലുള്ള പോരാട്ടങ്ങൾക്ക് ക്യുവെർ മനുഷ്യരുമായി സഖ്യങ്ങൾ സാധ്യമായിട്ടുണ്ട്.

മുഖ്യധാരാ മലയാള സിനിമയുടെ അബോധത്തെ പൊളിച്ചെഴുതുവാനും, ഇൻഡസ്ട്രിയിലെ വിവേചനപരമായ, സ്ത്രീവിരുദ്ധമായ, വരേണ്യമായ, ഹോമോഫോബിക്കായ, ഇസ്ലാമോഫോബിക്കായ നടപ്പുശീലങ്ങളെ തകർക്കുവാനും പലതരം സ്വത്വ സ്ഥലങ്ങളിൽനിന്നുള്ള, അരികുകളിൽ നിന്നുള്ള മനുഷ്യർ സംഘടിച്ചേതീരൂ.

അണിയറയിൽ നിന്ന് തിരശീലയിലേക്കു അന്തസ്സോടെ നടന്നു കയറാൻ ദളിതർക്കും, ആദിവാസികൾക്കും, ലിംഗ -ലൈംഗിക




## മുഖ്യധാരാ മലയാള സിനിമയുടെ അബോധത്തെ പൊളിച്ചെഴുതുവാനും, ഇൻഡസ്ട്രിയിലെ വിവേചനപരമായ, സ്ത്രീവിരുദ്ധമായ, വരേണ്യമായ, ഹോമോഫോബിക്കായ, ഇസ്ലാമോഫോബിക്കായ നടപ്പുശീലങ്ങളെ തകർക്കുവാനും പലതരം സ്വത്വ സ്ഥലങ്ങളിൽനിന്നുള്ള, അരികുകളിൽ നിന്നുള്ള മനുഷ്യർ സംഘടിച്ചേതീരൂ.

ന്യൂനപക്ഷത്തിനും, അരികുവൽക്കരിക്കപ്പെടുന്ന മറ്റ് ബഹുജങ്ങൾക്കും സാധ്യമാവുന്ന ഒരു നാളെ, സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെ, സുരക്ഷിതരായി ജോലിചെയ്യുവാനുള്ള സാഹചര്യങ്ങളുള്ള ഒരു നാളെ ഒക്കെ ഉണ്ടായിവരുന്നിടത്തെ അണിയറയിലെ അദൃശ്യ ശരീരങ്ങൾക്കു ദൃശ്യത ഉണ്ടാവൂ, നീതികിട്ടൂ .



ചർച്ചാവിഷയം



വിജി പെൺകൂട്ട്

അധ:സ്ഥിതരുടെ അവകാശപ്പോരാട്ടങ്ങളിൽ മുന്നണിപ്പടയാളിയാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള ട്രേഡ് യൂണിയനുകളോട് ചേർന്ന് എല്ലാ തുറകളിലുമുള്ള പൗരാവകാശങ്ങൾക്കായി പ്രവർത്തിക്കുന്നു. പെൺകൂട്ട് എന്ന അസംഘടിത സ്ത്രീതൊഴിലാളികളുടെ സംഘടനയുടെ സ്ഥാപകാംഗം

# സംഘടിക്കുക, പ്രതിരോധിക്കുക

ഒരുപാട് സ്ത്രീകൾ ജോലി ചെയ്യുന്ന അസംഘടിത മേഖലയിൽ നിയമങ്ങൾക്കൊന്നും തന്നെ കുറവൊന്നുമില്ല .ഉള്ള നിയമങ്ങൾ നടപ്പിലാക്കപ്പെടാത്തതിന്റെ അവസ്ഥയുള്ളതുകൊണ്ടാണ് നമ്മൾക്കുപോലും ഇവിടെ സംഘടനയുണ്ടാക്കേണ്ടി വന്നത്. നിയമം ഉണ്ടായാൽ മാത്രം പോരാ, തൊഴിലാളികൾക്കനുകൂലമായി നിയമങ്ങൾക്ക് ഭേദഗതികൾ ചെയ്യേണ്ടിവരും, അതിനുപോലും തൊഴിലാളികൾ ശബ്ദമുണ്ടാക്കേണ്ടി വരും. നിയമങ്ങൾ ഉണ്ടായിട്ടുപോലും അസംഘടിത മേഖലയിൽ സ്ത്രീ തൊഴിലാളികളെ മനുഷ്യരായിട്ടുപോലും പരിഗണിക്കുകയോ,തൊഴിലാളിയായിട്ടു അംഗീകരിക്കുകയോ ചെയ്യുന്നില്ല.

നമ്മൾ സംഘടിക്കുക. നിയമങ്ങൾ ഉണ്ടാക്കുവാനും, നടപ്പിലാക്കുവാനും നമ്മൾ സംഘടിച്ചെ തീരു,സംഘടിതരായി നമ്മൾ മുന്നോട്ടു വന്നേ പറ്റൂ. ഉള്ള നിയമങ്ങൾ നടപ്പിലാക്കാനും, ഇല്ലാത്ത നിയമങ്ങൾ ഉണ്ടാക്കുവാനും നമ്മൾക്ക് പറ്റും .നിയമങ്ങൾ ഉണ്ടായിട്ടുപോലും ഞങ്ങൾ അനുഭവിച്ചത് അറിയാലോ, ഒന്ന് മൂത്രമൊഴിക്കാൻ പോലും സ്ഥലമില്ല, ഒന്നിരിക്കാൻ പോലും പറ്റില്ല, ജോലിസമയം നിജപ്പെടുത്തുന്നില്ല, നമ്മളും മനുഷ്യരാണല്ലോ. ഇന്ത്യയിൽ അല്ലെങ്കിൽ കേരളത്തിൽ ജീവിക്കുന്ന മനുഷ്യരെന്ന നിലയിൽ നമുക്കും അതിനുള്ള അവകാശങ്ങൾ ഉണ്ട്. ഏത് മേഖലയിലാണ് നമ്മൾ ജോലിചെയ്യുന്നത്, നമ്മൾ തൊഴിലുടമയാണോ, തൊഴിലാളിയാണോ,

## സിനിമ മേഖലയിലാണെങ്കിൽ ഞാൻ അറിഞ്ഞിടത്തോളം സംഘടിതമാണ്, അത് സംഘടിത മുതലാളിത്തമാവാം, അല്ലെങ്കിൽ സംഘടിത പുരുഷാധിപത്യം ആവാം. സംഘടനകൾക്കൊന്നും ഒരു കുറവുമില്ല. പക്ഷെ യഥാർത്ഥത്തിൽ ഏതു തൊഴിലാളികൾക്കാണ് അതിൽ പങ്കാളിയാവാൻ കഴിയുന്നത്, ഏത് തൊഴിലാളികൾക്കാണ് അത് ഉപയോഗപ്പെടുന്നത് എന്ന് നമ്മൾ വേർതിരിച്ചു മനസിലാക്കണം.

എല്ലാത്തിനും വേർതിരിച്ച നിയമങ്ങൾ ഇവിടുണ്ട്, അവകാശങ്ങൾ ഉണ്ട്. അത് പ്രാബല്യത്തിൽ വരുത്തുക എന്നതാണ്. സംഘടിച്ച് അത് നമ്മൾക്ക് നേടിയെടുക്കാൻ പറ്റും.

സിനിമ മേഖലയിലാണെങ്കിൽ ഞാൻ അറിഞ്ഞിടത്തോളം സംഘടിതമാണ്, അത് സംഘടിത മുതലാളിത്തമാവാം, അല്ലെങ്കിൽ സംഘടിത പുരുഷാധിപത്യം ആവാം. സംഘടനകൾക്കൊന്നും ഒരു കുറവുമില്ല. പക്ഷെ യഥാർത്ഥത്തിൽ ഏതു തൊഴിലാളികൾക്കാണ് അതിൽ പങ്കാളിയാവാൻ കഴിയുന്നത്, ഏത് തൊഴിലാളികൾക്കാണ് അത് ഉപയോഗപ്പെടുന്നത് എന്ന് നമ്മൾ വേർതിരിച്ചു മനസിലാക്കണം. തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഒരു അവസ്ഥയുണ്ടെങ്കിൽ, സ്ത്രീകളാണെങ്കിൽ തീർച്ചയായിട്ടും ഇരട്ട ചൂഷണത്തിന് വിധേയരാകും, അത് ഏത് മേഖലയിലാണെങ്കിലും. അപ്പൊ സ്ത്രീകൾ സംഘടിക്കുക, സംഘടിച്ചില്ലെങ്കിൽ അവകാശങ്ങൾ നേടിയെടുക്കാനാവില്ല. നമ്മുടെ അവകാശങ്ങൾ പിടിച്ചു വാങ്ങാൻ നമുക്ക് പറ്റണം. അത് വേറാരും കൊണ്ടത്തരില്ല. ഉള്ളതുകൂടി പിടിച്ചുപറിക്കുന്നതാണ് കണ്ടോണ്ടിരിക്കുന്നത്. സിനിമമേഖലയിലാണേൽ അസംഘടിത മേഖലയിലെ അവസ്ഥപോലെ തുല്യ വേതനമോ, മണിക്കൂറുകൾ നിജപ്പെടുത്തലോ ഒന്നുമില്ല എന്നാണ് ഞാൻ മനസിലാക്കുന്നത് . ഒരു തൊഴിലിടമെന്ന നിലയിൽ തൊഴിൽ നിയമങ്ങൾ ഉണ്ടാവണം. ഇല്ലെങ്കിൽ ഉണ്ടാക്കണം , അതിനു സംഘടിതരാകണം. ഏത് മേഖലയിലായാലും മനുഷ്യരായിട്ടുപോലും പരിഗണിക്കപ്പെടാത്തതുകൊണ്ട് സ്ത്രീകൾ നിർബന്ധമായും സംഘടിക്കണം. കാരണം സിനിമ മേഖല ഏറ്റവും കഠിനമായ മുതലാളിത്ത, പുരുഷാധിപത്യ മേഖലയാണ് എന്ന് തിരിച്ചറിയണം, സംഘടിക്കണം.







ഡോ. ജാൻസി ജോസ്

# വാസ്തവം

സിനിമയിലെ സ്ത്രീവിരുദ്ധതക്ക് ശക്തമായി കൈയടിക്കുന്നവരാണ് നമ്മൾ . സിനിമ മാത്രമല്ല, കലകളൊന്നിലും പെണ്ണിന് പെണ്ണിന്റെ സ്വത്വം അംഗീകരിച്ചു കിട്ടുന്നില്ല. ഇതു പറഞ്ഞാൽ തോന്നും ജീവിതത്തിലുണ്ടെന്ന് അല്ലേ? ഇല്ലേ ഇല്ല. ഈ പ്രപഞ്ചത്തിലാകെ ആൺപ്രഭാവത്തിന്റെ കണ്ണഞ്ചിക്കുന്ന കിരണങ്ങൾ മാത്രമേ പടർന്നു പന്തലിക്കുന്നുള്ളൂ. പെണ്ണ് തന്റെ സ്വത്വം വീണ്ടെടുക്കാനുള്ള പ്രയത്നം ആരംഭിച്ചിട്ട് നൂറ്റാണ്ടുകളായിട്ടും, സ്വതന്ത്രയായി നിൽക്കാനുള്ള പോരാട്ടം ആരംഭിച്ചിട്ട് ശതകങ്ങളായിട്ടും എവിടെച്ചെന്നു നിൽക്കുന്നു എന്ന് ഇന്നു നാട്ടിൽ നടക്കുന്ന പെൺവിരുദ്ധ സംഭവങ്ങളിലൂടെ മനസിലാക്കാവുന്നതേയുള്ളൂ.ഏതു മേഖലയും സ്ത്രീവിരുദ്ധ നിലപാടുകളാൽ നിറഞ്ഞിരിക്കുകയാണ്. ആൺ കാഴ്ചകളെയും ആൺകോയ്മകളേയും പരിപാലിക്കാൻ മാത്രം ഇടം കണ്ടെത്തുന്ന സിനിമാലോകത്ത് സ്ത്രീകൾക്ക് എന്തു സ്ഥാനം?

പഴയകാലത്തു നിന്നും വളരെ മുന്നോട്ടു പോയിരിക്കുന്നു  എന്ന് ഊറ്റം കൊള്ളുമ്പോഴും സിനിമാലോകത്ത് നടക്കുന്ന സ്ത്രീവിരുദ്ധത നമ്മോടു പറയുന്നത് ഇന്നും പെണ്ണിനെ ആസ്വാദന സ്രോതസ്സായി മാത്രം കണ്ടു വരുന്ന വലിയൊരു വിഭാഗത്തെക്കുറിച്ചാണ് .ഒരു പക്ഷേ നമ്മുടെ ചരിത്രത്തിലില്ലാത്ത തരത്തിലാണല്ലോ പെൺവേട്ട നടന്നത്. ക്വട്ടേഷൻ എന്ന വാക്കോ പ്രവൃത്തിയോ ആദ്യമായല്ല നമ്മുടെ നാട്ടിൽ വരുന്നത്. എന്നാൽ ബലാത്സംഗത്തിന് ക്വട്ടേഷൻ കൊടുക്കുന്ന ഏർപ്പാട് ആദ്യമായിത്തന്നെയാണ് നാം കേൾക്കുന്നത്. ബലാത്സംഗ സീനുകൾ ആസ്വദിക്കുന്ന മനസ്സുള്ള സമൂഹം തന്നെയാണ് ഇവിടേയും പെണ്ണിന് പ്രതികൂലമായി നിൽക്കുന്നത്.

സിനിമയിൽ എത്ര മികവു തെളിയിച്ചവരാണെങ്കിലും പെണ്ണാണെങ്കിൽ എന്തും ചെയ്യാം എന്ന് കരുതുന്ന ഒരു മനോഭാവം നിലനിൽക്കുന്നതു കൊണ്ടു തന്നെ താരസംഘടനയും പ്രതിക്കനുകൂലമാകുന്നു എന്നത് മറന്നു കൂടാ.മാത്രമല്ല കലയും സംസ്കാരവും തോളോടുതോൾ ചേർന്നു നിൽക്കേണ്ടതാണെകിലും സിനിമ എന്ന കലയിൽ സംസ്കാര ശൂന്യത ആടിത്തിമിർക്കുന്നതു കാണാം. സിനിമയിലേക്കു വരുന്ന എല്ലാ പെണ്ണുങ്ങളും വിളിച്ചാൽ വരും എന്നാണ് സിനിമക്കകത്തുള്ളവരും പുറത്തുള്ളവരും കരുതുന്നത്. പീഡിപ്പിക്കപ്പെട്ട നടിക്കൊപ്പം നിൽക്കാത്തതുപോലെ തന്നെ അപമാനിക്കപ്പെടുന്ന ഒരു പെണ്ണിനൊപ്പവും പുരുഷമൂല്യബോധമുള്ള ആരും നിൽക്കുന്നില്ല എന്നത് സിനിമയിലെ സംസ്ക്കാരശൂന്യത തന്നെയാണ് കാണിക്കുന്നത്.ഇതിനെ പ്രതിരോധിക്കാൻ പെണ്ണുങ്ങൾ തന്നെ മുന്നോട്ടിറങ്ങേണ്ടി വരും.തത്വങ്ങൾക്കും സംഹിതകൾക്കൊന്നിനും തന്നെ ആൺബോധത്തെ തിരുത്താൻ കഴിയുമെന്നു തോന്നുന്നില്ല. അതു കൊണ്ടു തന്നെയാവണം നിയമം കൈയിലെടുത്തതു തെറ്റാണെന്ന് ബോധ്യമുണ്ടായിട്ടും തന്നെ തെറി പറഞ്ഞ വിദ്വാനെ കൈകാര്യം ചെയ്ത ഭാഗ്യലക്ഷ്മിയുടെ പക്ഷത്ത് നിൽക്കുന്ന സ്ത്രീപക്ഷവാദികളെ നമുക്ക് കാണാൻ കഴിഞ്ഞത് എനിക്കൊന്നേ പറയാനുള്ളൂ.സംസക്കാരം കൈമോശം വന്ന കല കലയാകുന്നില്ല; കൊലയ്ക്കു സമാനമാകുന്നേയുള്ളൂ. ■



ജയശ്രീ. ഏ. കെ


*പ്രൊഫസര്‍: കമ്മ്യൂണിറ്റി മെഡിസിന്‍. പരിയാരം മെഡിക്കല്‍ കോളേജ്. പഠനം. എം ബി ബിഎസ്. തിരുവനന്തപുരം മെഡിക്കല്‍ കോളേജില്‍ നിന്ന് 1985 എം. ഡി. കമ്മ്യൂണിറ്റി മെഡിസിന്‍. ആംഡ് ഫോഴ്സസ് മെഡിക്കല്‍ കോളേജ്. പൂനെ1993 ഫെലോഷിപ്പ് ഇന്‍ HIV മെഡിസിന് 2002 പ്രവര്‍ത്തന മേഖല: പൊതുജനാരോഗ്യം, മാനസികാരോഗ്യം, ലൈംഗികാരോഗ്യം*

# സ്ത്രീകള്‍ക്ക് സ്വന്തമാകേണ്ട ഭൂമികകള്‍

1987 ല്‍ തിരുവനന്തപുരം കേന്ദ്രമായ പ്രചോദന എന്ന സ്വതന്ത്ര സ്ത്രീവിമോചനസംഘടനയുടെ രൂപീകരണത്തില്‍ പങ്ക്, 1995 ല്‍ പിന്തള്ളപ്പെട്ടവരുടെ അവകാശങ്ങള്‍ക്കും ആരോഗ്യത്തിനുമായി *Foundation for Integrated Research (FIRM)* രൂപീകരിച്ചു. മാനസികപ്രശ്നങ്ങളുള്ളവര്‍, ലൈംഗിക വിമതര്‍, ലൈംഗികത്തൊഴിലാളികള്‍, മായക്കുമരുന്നുപയോഗം മൂലം പ്രശ്നം അനുഭവിക്കുന്നവര്‍, എയ്ഡ്സ് ബാധിതര്‍ എന്നിവരുടെ ഇടയില്‍ പ്രവര്‍ത്തിച്ചു ആന്ധ്രയില്‍ ലൈംഗിക തൊഴിലാളികള്‍ക്കായി നാരീസക്ഷം, ഗോദാവരി മഹിളാ സമഖ്യ എന്ന സം ഘടനകള്‍ക്ക് രൂപം നല്‍കുന്നതില്‍ പങ്കുണ്ടായി. വിശാലമായ ശൃംഖല എന്ന തരത്തില്‍, National Net work of Sex Workers Organizations, Voice against 377, Entertainment Workers Organization എന്നിവയുമായി ബന്ധപ്പെട്ട് പ്രവര്‍ത്തിച്ചു. കേരള സ്ത്രീവേദി, ശാസ്ത്രസാഹിത്യ പരിഷത്ത് എന്ന സംഘടനകളിലും പ്രവര്‍ത്തിച്ചിട്ടുണ്ട്.

"പുരുഷ മേല്‍നോട്ടമില്ലാത്ത സ്ത്രീസൗഹാര്‍ദ്ദമാണ് ഫെമിനിസത്തിന്റെ കാതല്‍."

നീതിക്കായി നിയമങ്ങള്‍ ഉണ്ടാക്കിയെടുക്കുകയും നിയമത്തിനപ്പുറം നീതി തേടുകയും ചെയ്യുന്ന പ്രക്രിയയിലാണിന്ന് ലോകത്താകമാനമുള്ള സ്ത്രീകള്‍. കാല്‍നൂറ്റാണ്ട് മുമ്പ് രാജസ്ഥാനിലെ ബന്‍വാരിയിലൂടെ ഊര്‍ജ്ജം ഉണര്‍ത്തിയ സുരക്ഷിതത്വത്തിനായുള്ള പോരാട്ടം 2013 ല്‍ തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയുന്ന നിയമത്തില്‍ എത്തി. വിശാഖ കേസെന്ന് അറിയപ്പെട്ട നീണ്ട നിയമ പോരാട്ടത്തിന്റെ നേട്ടമാണത്. കീഴ്ജാതിയില്‍പ്പെട്ട ബന്‍വാരിയുടെ വിട്ടുവീഴ്ചയില്ലാത്തതും നിര്‍ഭയവുമായ പോരാട്ടമാണ് മൊത്തം



സ്ത്രീനീതി മനീഷ വാല്മീകിയിലെത്തുമ്പോഴും നില നില്‍ക്കാന്‍ ഇടം തിരയുകയാണ്. സ്വന്തം ഇടം ഏതാണ് ? ചെയ്യേണ്ട തൊഴിലെന്താണ്? സുരക്ഷിതത്വം വീടിനുള്ളിലോ പുറത്തോ? എന്നിങ്ങനെ ഒടുങ്ങാത്ത ചോദ്യങ്ങളുമായി അലയുകയാണ് സ്ത്രീകള്‍. 1992 ല്‍ ബന്‍വാരിയില്‍ നിന്ന് തുടങ്ങിയ, സ്ത്രീകളുടെ സ്ത്രീകളുടെയും അവകാശസംരക്ഷണത്തിനുള്ള നിയമങ്ങള്‍ക്ക് ഇന്ത്യയില്‍ തുടക്കം കുറിച്ചതെന്നത് ശ്രദ്ധേയമാണ്.

അധഃസ്ഥിതാവസ്ഥയില്‍ നിന്നുള്ള മോചനത്തിനും, അഭിമാനത്തോടെയും അവകാശത്തോടെയും നിലയുറപ്പിക്കാനുമായുള്ള

സ്ത്രീകളുടെ ഐക്യപ്പെടൽ ആരംഭിച്ചത് അതിനും എത്രയോ മുമ്പാണ്. ഇന്ത്യയിൽ മാത്രമല്ല, ലോകത്തെല്ലായിടത്തും സ്ത്രീകൾ ഒരേ പോലെ അരക്ഷിതരാണെന്ന തിരിച്ചറിവ് വ്യാപകമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഒരു ആശയത്തിന്റെയോ ഒരു വ്യക്തിയുടെയോ പിന്നിൽ അണി നിരക്കുന്നതിന് ബദലായി, വ്യത്യസ്തരായ സ്ത്രീകൾ അവരവർ നിലയുറപ്പിച്ചിട്ടുള്ള അതാതിടങ്ങളിൽ നിന്ന് കണ്ണി ചേർന്ന് കരുത്താർജ്ജിക്കുന്നതാണ് സ്ത്രീ പക്ഷ രാഷ്ട്രീയത്തിന്റെ സവിശേഷത. ജാതിയും വർണ്ണവും പോലെയുള്ള നീചവ്യവസ്ഥകളാൽ കെട്ടുപിണഞ്ഞ് അദൃശ്യവും സങ്കീർണ്ണവുമാകുന്ന സ്ത്രീ അവസ്ഥകളെക്കുറിച്ചുള്ള ബോദ്ധ്യവും സ്ത്രീപ്രസ്ഥാനങ്ങൾക്കുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾ ഉയർത്തുന്ന പ്രതിരോധവും, ജാതിവെറിക്കെതിരായ ദളിത് സ്ത്രീകളുടെ ശബ്ദവും ആഗോളമായ സ്ത്രീസാഹോദര്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പുകളും തമ്മിൽ ഐക്യദാർഢ്യപ്പെടുകയും വിയോജിപ്പുകൾ അടി വരയിടുകയും ചെയ്യുന്നതാണ് സ്ത്രീമുന്നേറ്റത്തിന്റെ ശക്തി.

എൺപതുകളിൽ കേരളത്തിലുണ്ടായ നവ സ്ത്രീവിമോചനപ്രസ്ഥാനം അക്കാലത്ത് തന്നെ സിനിമയിൽ സ്ത്രീകൾ സഹിക്കുന്ന ശ്വാസംമുട്ടലിനെ പറ്റി സംസാരിക്കുകയും അവിടെ സ്ത്രീകൾ സംഘടിക്കുന്നത് ആഗ്രഹിക്കുകയും ചെയ്തിരുന്നു. മറ്റു പുരോഗമനപ്രസ്ഥാനങ്ങളിൽ നിന്ന് സ്വയം വിഛേദിച്ച് കൊണ്ട് സ്ത്രീകളെ സാമൂഹ്യമായി രൂപപ്പെട്ട ഒരു ഗണമായി തിരിച്ചറിഞ്ഞ് സ്വതന്ത്രമായി സംഘടിക്കുകയാണ് ഈ പ്രസ്ഥാനം ചെയ്തത്. അംഗബലത്തേക്കാൾ ആശയദാർഢ്യം കൊണ്ടാണ് അത് സമൂഹത്തിൽ പ്രതിഷ്ഠ നേടിയത്. സിനിമ പോലെ വ്യത്യസ്ത മേഖലകളിലും ഒറ്റക്കും കൂട്ടായും സ്ത്രീകൾ നടത്തുന്ന ആത്മാഭിമാനസമരങ്ങൾ ഇത് തന്നെയാണ് പിന്തുടരുന്നത്. സ്ത്രീപ്രസ്ഥാനങ്ങൾ എപ്പോഴും പരമ്പരാഗതമായ ഒരു അധികാരഘടന വച്ച് പുലർത്താറില്ല. അധികാരകേന്ദ്രങ്ങളോട് ശക്തമായി ഏറ്റുമുട്ടേണ്ടി വരുന്ന സന്ദർഭങ്ങളിൽ മാത്രമാണ് അത് വേണ്ടി വരുന്നത്. വ്യക്തമായ നിലപാടിൽ നിന്നും വൈകാരികമായ ഊർജ്ജത്തിൽ നിന്നും സ്ത്രീകൾ സന്ദർഭോചിതമായി ഐക്യപ്പെടുകയാണ് ചെയ്യുന്നത്. അത് കൊണ്ട് എപ്പോൾ വേണമെങ്കിലും ഘടന രൂപപ്പെടും. അത് മുകളിൽ നിന്ന് അ ടിച്ചേല്പിക്കേണ്ടതില്ല. സ്ത്രീകളുടെ ഉറക്കെയുള്ള ശബ്ദം, കൂട്ടായ ശബ്ദം അധികാര കേന്ദ്രങ്ങളെ കൂടുതൽ ബാദ്ധ്യസ്ഥവും പ്രതിബദ്ധവുമാക്കും. അത് നിർണ്ണായക സാന്ദ്രത (Critical mass)യിലെത്തുമ്പോൾ പഴയ ഘടനകൾ പൊളിയുകയും പുതിയവ രൂപപ്പെടുകയും ചെയ്യും. നിർഭയ കേസ് ക്രിമിനൽ ലോ അമെന്റ്മെന്റിലേക്ക് നയിക്കപ്പെട്ടത് അങ്ങനെയാണ്.

സാധാരണ സ്ത്രീപ്രസ്ഥാനങ്ങളിലുള്ളവർ നിരന്തരം നേരിടേണ്ടി വരുന്ന ഒരു ചോദ്യം ഇപ്പോൾ സംഘടന ഇല്ലേ, പ്രവർത്തനങ്ങൾ ഇല്ലേ എന്നുള്ളതാണ്. അടിച്ചുറപ്പിക്കുന്ന ഘടന പുരുഷാധിപത്യസംസ്കാരത്തിന്റേതാണ്. കൂടുതൽ മാനവികവും സ്ത്രീസൗഹാർദ്ദപരവുമായ



ഘടനകൾ സ്വയം രൂപപ്പെടുന്നതും ക്രമേണ ഏണി പോലെയുള്ള ഘടനകളെ തുടച്ചു നീക്കാൻ ബലം ആർജ്ജിക്കുന്ന തുമായിരിക്കും. വിയോജിപ്പുകൾ അടയാളപ്പെടുത്താനും അവ ചർച്ച ചെയ്യാനും വിയോജിപ്പിൽ തുടരാനും വീണ്ടും ഐക്യപ്പെടാനും ഒക്കെയുള്ള തുറന്ന ഘടനയാണ് സ്ത്രീപ്രസ്ഥാനം പിന്തുടരുന്നത്.

2017 ൽ വിമൻ ഇൻ സിനിമ കളക്ടീവ് രൂപപ്പെടുമ്പോഴേക്കും ഈ സ്ത്രീപ്രസ്ഥാനത്തിന്റെ സവിശേഷതകൾ അവർക്ക് ആവിഷ്കരിക്കാൻ കഴിഞ്ഞു. അനിവാര്യമായ ഒരു സന്ദർഭത്തിലാണ് ഡ.ബ്ള്യു.സി.സി രൂപപ്പെടുന്നത്. കാലങ്ങളായി യാതൊരു വിധ ചോദ്യങ്ങളുമില്ലാതെ നിലനിർത്തിയിരുന്ന ഒരു തരം മാടമ്പി സംസ്കാരം അതിന്റെ ജീർണ്ണതയുടെ ഉച്ചിയിലെത്തി നിലം പൊത്തുന്ന പോലത്തെ അവസ്ഥയാണ് കാണാൻ കഴിഞ്ഞത്. സ്ത്രീകളെ എങ്ങനെയും കൈകാര്യം ചെയ്യാമെന്ന ധാരണ പരക്കെ ഉണ്ടായിരുന്നിരിക്കണം. മുമ്പ് എത്രയോ ഉന്നതരായ നടികൾ ആത്മഹത്യയിലേക്കെത്തി ചേർന്നു സ്ത്രീകളിൽ അഭിമാനം വളരുന്ന കാര്യം അറിയുകയോ അവർ പറയുന്നത് മനസ്സിലാക്കാനുള്ള മിനിമം ബോധം വളർത്തിയെടുക്കുകയോ ചെയ്യാത്ത ആൾക്കാരാണ് ഇപ്പോഴും ഈ മേഖലയിൽ ആധിപത്യം പുലർത്തി ക്കൊണ്ടിരിക്കുന്നത്. ആണുങ്ങൾ ചെയ്യുന്ന വൃത്തികേടിന്റെ അപമാനം സ്ത്രീകൾ ചുമക്കേണ്ടി വരുന്ന വിരോധാഭാസം എന്നും സ്ത്രീകൾ ഏറ്റെടുത്തു നടക്കുമെന്ന വിചാരത്തിനേറ്റ അടിയായിരുന്നു സിനിമയിലെ സ്ത്രീകളുടെ ഉയിർത്തെഴുന്നേൽപ്പും തുടർന്ന് രൂപപ്പെട്ട ഡ.ബ്ള്യു.സി.സിയും . സാമ്പത്തികമായോ തൊഴിൽപരമായോ സാമൂഹ്യമായോ ഉണ്ടാകുന്ന നഷ്ടങ്ങളും വക വെക്കാതെ കുറച്ച് സി നിമാനടിമാർ, സിനിമയിൽ ജോലി ചെയ്യുന്ന മറ്റ് സ്ത്രീകൾക്ക് കൂടി ശബ്ദമാകുന്നത് സ്ത്രീപ്രസ്ഥാനങ്ങൾക്ക് അഭിമാനകരമായ അനുഭവമായിരുന്നു. ഇന്ത്യയിൽ തന്നെ ഇങ്ങനെയൊരു മൂവ് ആദ്യമായിട്ടാണ്. മറ്റ് സംസ്ഥാനങ്ങളിലുള്ളവരെയും അത് പ്രചോദിപ്പിച്ചിട്ടുണ്ട്. അതിപ്പോഴും അവർ തുടർന്ന് കൊണ്ട് പോകുന്നത് കാണുമ്പോൾ സ്ത്രീപ്രസ്ഥാനത്തിനാകമാനം പ്രതീക്ഷയാണ്. എത്ര ആർജ്ജവത്തോടെയാണ് കുറച്ച് പേരേയുള്ളു എങ്കിലും, പാർവ്വതിയും, രമ്യയും റിമയുമെല്ലാം നിലപാടെടുത്തു കൊണ്ട് ഫെമിനിസ്റ്റ് ധാർമ്മികതയും സഖ്യവും പങ്കിടുന്നത്. നേരത്തെ തന്നെ പ്രസ്ഥാനങ്ങളുടെ ഭാഗമായിരുന്ന ബാക്കിയെല്ലാവരും അവരവരുടെ നിലപാടുകളിൽ നിന്ന് സംവാദങ്ങളിലൂടെ ഉരുക്കിയെടുക്കുന്ന ഉറപ്പാണ്, ജീർണ്ണിച്ചതെങ്കിലും പന്തലിച്ചു കിടക്കുന്ന മാടമ്പി സംസ ്കാരത്തെ കുടഞ്ഞു കളയാൻ പ്രാപ്തിയുണ്ടാക്കുന്നത്.

കൃത്യമായ സന്ദർഭത്തിലുള്ള രൂപപ്പെടൽ, അയവോടെയുള്ള ഘടനയും ആശയപരമായ ഐക്യദാർഢ്യവും, വ്യത്യസ്ത നിലപാടുകളോടുള്ള പരസ്പര ബഹുമാനം ഇവയൊക്കെ ഡ.ബ്ള്യു .സി.സിയുടെ സവിശേഷതകളായി ഞാൻ മനസ്സിലാക്കുന്നു. ഘടനയെക്കുറിച്ച് സൂചിപ്പിച്ചത് എന്താണെന്ന് വച്ചാൽ, സ്ത്രീപക്ഷനിയമങ്ങൾ കൊണ്ട് വരുമ്പോൾ സാമൂഹ്യവ്യവസ്ഥിതിയിലേക്ക് കൂടി നീളുന്ന ഘടനാപരമായ മാറ്റങ്ങൾ നമ്മുടെ ഉള്ളിലുണ്ടാവണം എന്നത് കൊണ്ടാണ്. നിലവിലുള്ള നിയമനടപ്പാക്കലുകളുടെ ബാഹ്യസ്വാധീനങ്ങളെ മനസ്സിലാക്കിയും അവയെ കുലുക്കിയും ചിലപ്പോൾ പിഴുതെറിഞ്ഞും ചിലപ്പോൾ പരാജയപ്പെട്ടും പുതിയ തന്ത്രങ്ങൾ ആവിഷ്കരിച്ചും ഒക്കെയാണ് മുന്നോട്ടു പോകാനുള്ളത്. വിനോദ വ്യവസായമെന്ന, പടർന്ന് പന്തലിച്ച വലിയൊരു മണ്ഡലത്തിൽപ്പെടുന്ന ഒന്നാണ് സിനിമ. ജാതിപരമായ വേർതിരിവ് പോലെ വ്യത്യസ്തമായി അടിച്ചമർത്തപ്പെട്ട സ്ഥലങ്ങളിൽ നിന്ന് വരുന്ന, വിവിധ തരം തൊഴിലിൽ ഏർപ്പെടുന്നവർ ഈ മേഖലയിലുമുണ്ട്. ഈ ഒരു ബോദ്ധ്യവും കളക്ടീവിനെ ആർജ്ജവമുള്ളതാക്കുന്നു. തൊഴിലിടങ്ങളിലെ സുരക്ഷിതത്വം ഒരു പ്രധാന അജണ്ടയാകുമ്പോൾ അത് ഈ മേഖലയിലെ എല്ലാ സ്ത്രീകൾക്കും ഒരു പോലെ ആവശ്യമുള്ളതാണ്.

2013ൽ ഇന്ത്യ ഗവണ്മെന്റ് കൊണ്ട് വന്ന തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമം തടയാനുള്ള നിയമം സിനിമാ മേഖലയിൽ പറ്റില്ല എന്ന് ആർക്കെങ്കിലും കരുതാനാവുമെങ്കിൽ അത് ജീർണ്ണതക്കുമപ്പുറത്ത് സാമാന്യ ബുദ്ധിയില്ലായ്മ കൂടിയാണ്. അല്ലെങ്കിൽ ഈ നിയമം എന്താണെന്ന് അറിയാൻ പോലും കൂട്ടാക്കുന്നില്ല. തീർച്ചയായും നടപ്പാക്കുന്നതിന് ഇന്നത്തെ സമൂഹത്തിൽ ഒട്ടേറെ വെല്ലുവിളികളുണ്ട്. എന്നാൽ, എല്ലായിടത്തും ഇതുണ്ടാവണമെന്ന് അസ ന്ദിഗ്ധമായി നിയമത്തിൽ പറയുന്നു.

'ഭരണഘടന ഉറപ്പ് നൽകിയിട്ടുള്ള മൗലികാവകാശങ്ങളുടെ അർത്ഥവും ഉള്ളടക്കവും ലിംഗപരമായ സമത്വത്തിന്റെ എല്ലാ വശങ്ങളെയും ഉൾക്കൊള്ളാൻ പര്യാപ്തമാണ്.' എന്ന് ജസ്റ്റിസ് വർമ്മ പറയുന്നുണ്ട്. ഇന്ത്യയുടെ ഭരണഘടനക്കനുസൃതമായും 'കൺവെൻഷൻ റ്റു എലിമിനേറ് ആൾ ഡിസ്ക്രിമിനേഷൻ എഗൈൻസ്റ്റ് വിമൻ (CEDAW) 'എന്ന അന്താരാഷ്ട്ര ഉടമ്പടിയെ പിന്തുടർന്നുമാണ് 2013 ലെ നിയമം . വിശാഖ കേസ് തുടങ്ങി പല സംഭവങ്ങളും സ്ത്രീ പ്രസ്ഥാനങ്ങൾ പിന്തുടരുകയും

രേഖപ്പെടുത്തുകയും അത് നിയമ മാറ്റത്തിനായി സമർപ്പിക്കുകയും ചെയ്തതിന്റെ ഫലമാണത്. ലൈംഗികാതിക്രമം ഇന്ത്യയിൽ എവിടെ നടന്നാലും അത് മൗലികാവകാശങ്ങളുടെ ലംഘനമാണ്. നിയമത്തിന് മുന്നിൽ പൗരർക്കുള്ള തുല്യാവകാശം (Article 14), ലിംഗപദവി ഉൾപ്പെടെ എല്ലാ വിവേചനങ്ങൾക്കും എതിരായ അവകാശം (Article 15), മൗലികസ്വാതന്ത്ര്യം (Article 19), അന്തസ്സോടെ ജീവിക്കാനുള്ള അവകാശം (Article 21) എന്നിവയെല്ലാം തന്നെ, പാരമ്പര്യത്തിന് വിരുദ്ധമായി കുടുംബത്തിനു പുറത്ത് സ്ത്രീകൾക്ക് സ്വതന്ത്രമായി വരുമാനമുണ്ടാക്കുന്ന പണിയെടുക്കാനുള്ള അവകാശം കൂടിയാണ് ഉറപ്പ് ചെയ്യുന്നത്. ലൈംഗീകാതിക്രമങ്ങളിൽ നിന്ന് മുക്തി നേടുകയെന്നത് ഇതിന്റെ മൂന്നുപാധിയാണ്. ശീലങ്ങളും മൂല്യങ്ങളും മാറ്റാത്തിടത്തോളം തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം പുരുഷന്മാർക്ക് നൽകുന്നത് ലൈംഗീകമായ ആഡംബരവും ആധിക്യവുമാണ്. ഇത് മാറ്റിയെടുക്കുക എന്നത് അവകാശങ്ങൾ അനുഭവിക്കുന്ന എല്ലാ പൗരരുടെയും ഉത്തരവാദിത്വം കൂടിയാണ്. തൊഴിൽ ചെയ്യുന്നിടത്ത് നീതിപൂർവമായ അന്തരീക്ഷം ഉണ്ടാക്കാൻ ആവശ്യമായ നിയമങ്ങളും നടപടികളും നിർമ്മിച്ചെടുക്കാൻ ആർട്ടിക്കിൾ 42 അനുശാസിക്കുന്നുണ്ട്. ലൈംഗികാതിക്രമം, ഭരണ ഘടന ഉറപ്പ് തരുന്ന മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന തിരിച്ചറിവിന്റെ പ്രയോഗതല പരിഹാരമാണ് വിശാഖ ഗൈഡ്ലൈനിലൂടെയും പിന്നീട് നിയമത്തിലൂടെ യും കണ്ടത്. അത് തൊഴിലിടങ്ങളിൽ പ്രാവർത്തികമാക്കുന്നതിന് ഓരോ സ്ഥലങ്ങളിലും നിതാന്ത പരിശ്രമം ആവശ്യമാണ്. നിയമം വ്യവഹാരത്തിന്റെ തുടക്കം മാത്രമേ ആയിട്ടുള്ളൂ. തൊഴിലിടങ്ങളിലെ ഇന്നത്തെ അവസ്ഥ പരിശോധിച്ചാൽ അത് വ്യക്തമാകും.

സ്ത്രീകളെ സംബന്ധിച്ച് എന്താണ് തൊഴിൽ? എന്താണ് തൊഴിലിടം? എന്നതിലൊക്കെ അവ്യക്തത നിൽക്കുന്നു എന്നതാണ് ഏറ്റവും വലിയ വെല്ലുവിളി. സ്ത്രീകൾ ചെയ്യുന്ന പല ജോലികളും ജോലിയായി കാണുന്നില്ല. ഔദ്യോഗിക കണക്കുകൾ അനുസരിച്ച് 20–25 ശതമാനം മാത്രം ജോലി ചെയ്യുമ്പോൾ യഥാർത്ഥത്തിൽ 85 ശതമാനം സ്ത്രീകളും എന്തെങ്കിലും ജോലി ചെയ്യുന്നവരാണ്.

ആരാണ് തൊഴിലെടുക്കുന്നവൾ? സ്ത്രീകളുടെ സ്വയം തിരിച്ചറിവ് ഇതിൽ പ്രധാനമാണ്. സാമൂഹ്യമായ സ്വന്തം അസ്തിത്വം ചിലപ്പോൾ സ്ത്രീകൾ തിരിച്ചറിയുന്നില്ല. എന്നാൽ, അവരും സമൂഹത്തിന് വേണ്ടിയാണ് എല്ലാ പണിയും ചെയ്യുന്നത്. കുടുംബത്തിലേത് പോലും. ആരാണ് തൊഴിൽ ദാതാവ് ? അത് എല്ലാ മേഖലയിലും വ്യക്തമാക്കാനുള്ള ഉത്തരവാദിത്വം ഗവണ്മെന്റ് ഏറ്റെടുക്കണം. തൊഴിലിന്റെ നിയന്ത്രണം കയ്യിലുണ്ടാവുകയും അതിൽ നിന്ന് നേട്ടമുണ്ടാക്കുകയും ചെയ്യുന്നവർ നേരിട്ട് തൊഴിൽദാതാവല്ലെങ്കിൽ പോലും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതമായ തൊഴിലിടം ഒരുക്കുന്നതിൽ തൊഴിൽദാതാക്കൾ മുൻ കയ്യെടുക്കേണ്ടതുണ്ട്. കമ്മിറ്റികൾ ഉണ്ടോ എന്ന പരിശോധിക്കുക, വേണ്ട അവബോധം തൊഴിൽ ചെയ്യുന്നവരിലുണ്ടാക്കുക, കാലാകാലങ്ങളിൽ ഇവയുടെ പ്രവർത്തനങ്ങളെ പറ്റിയും അവയുണ്ടാക്കുന്ന ഫലങ്ങളെ പറ്റിയും റിപ്പോർട്ട് തയാറാക്കുക എന്നതും അവർ ചെയ്യേണ്ടതാണ്.

തൊഴിലിനും ലൈംഗികാതിക്രമത്തിനും നിർവചനം കൊണ്ട് വരാൻ വിശാഖ വിധിക്കു കഴിഞ്ഞു. പരിഹാരത്തിനായി സ്ഥാപനവും നടപടികളും കൊണ്ട് വരുകയും ഉത്തരവാദിത്വം വ്യക്തികളുടെ ചുമലിൽ നിന്ന് സ്ഥാപനങ്ങളിലേക്ക് മാറ്റുകയും ചെയ്തു. ഈ നിയമ പ്രകാരം തെളിവ് കൊണ്ട് വരാനുള്ള ബാദ്ധ്യത കുറ്റാരോപിതനാണ്.

സ്ത്രീകൾക്ക് അസ്വസ്ഥതയുണ്ടാക്കുന്ന എന്തും, അത് ലൈംഗികച്ചുവയുള്ള നോട്ടമോ പദപ്രയോഗമോ ആയാൽ പോലും അത് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലി സ്ഥലത്ത് അവൾക്കുണ്ടാകുന്ന ഭീഷണികളെയും സമ്മർദ്ദങ്ങളെയും പരിഗണിക്കേണ്ടതുണ്ട്. പരാതി പരിഹാര കമ്മിറ്റിയുടെ അദ്ധ്യക്ഷ സ്ത്രീയാകണമെന്നും അംഗങ്ങളിൽ പകുതിയിലധികം പേരും സ്ത്രീകളാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പൊതു മേഖലയിലും സ്വകാര്യ മേഖലയിലും സ്വയം തൊഴിൽ ചെയ്യുന്നവരിലും സന്നദ്ധപ്രവർത്തനങ്ങളിലും കരാറിൽ ജോലി ചെയ്യുന്നവർ, ട്രെയിനികൾ, വിദ്യാർത്ഥിനികൾ എന്നവരിലുമെല്ലാം ഇത് ബാധകമാക്കിയിട്ടുണ്ട്. തൊഴിലിനായി സന്ദർശിക്കുന്ന സ്ഥലങ്ങളും യാത്രാ വഴികളും തൊഴിലിടത്തിൽ പെടും. കായിക വിനോദം, കലാപ്രവർത്തനങ്ങൾ എന്നതെല്ലാം ഇതിൽ പെടുമെന്ന് എടുത്ത് പറഞ്ഞിട്ടുണ്ട്.

ലൈംഗികാതിക്രമം എന്താണെന്നും പലർക്കും മനസ്സിലാകുന്നില്ല. ഞങ്ങൾ പ്രേമത്തോടെ നൽകുന്ന ലാളനകൾ എങ്ങനെ അതിക്രമമാകുമെന്നാണ് സംശയം. സ്ത്രീകളെ സ്വതന്ത്ര വ്യക്തികളായല്ലാതെ , ഏതെങ്കിലും ആണിന്റെ അനുബന്ധമായി മാത്രം കരുതുന്നത് കൊണ്ടാണ് സമ്മതം എന്ന സംഗതിക്ക് യാതൊരു വിലയുമില്ലാത്തത്. ആരുടെ അനുബന്ധമാണെന്നതിൽ മാത്രമാണ് തർക്കമുള്ളത്. ലൈംഗികാതിക്രമത്തിന് വ്യത്യസ്ത നിർവചനങ്ങൾ വേണ്ടിവരും. അവ വീണ്ടും വീണ്ടും പുതുക്കേണ്ടതായും വരും. അത് കടന്നുപിടിക്കൽ,

ശരീര ദ്രോഹം എന്നിവ മാത്രമല്ല, പരസ്പര പ്രേമത്തോടെയും സമ്മതത്തോടെയും അല്ലാത്ത വാക്കുകളോ നോട്ടമോ കൂടിയാണെന്ന് മനസ്സിലാക്കണം. സമ്മതമെന്നത് പറഞ്ഞാലും പറഞ്ഞാലും മനസ്സിലാകാത്ത കാര്യമാണ്. മൗനം സമ്മതമല്ലെന്നും, നോ പറഞ്ഞില്ലെങ്കിലും സമ്മതം തന്നിട്ടില്ലെന്നും തിരിച്ചറിയാനാവാത്ത വിധം ആണത്തം തള്ളി വരുകയാണ് പല സന്ദർഭങ്ങളിലും . പിന്നീട് ചുറ്റുമുള്ളവരുടെ മുഴുവൻ ന്യായീകരണങ്ങളും ഇതുറപ്പിക്കാനാണ്. പല മേഖലകളിലും ഇത് നില നിൽക്കുന്നെങ്കിലും, പരാതിപ്പെട്ടിട്ട് വലിയ കാര്യമെങ്കിലും, പരാതി സ്വീകരിക്കാൻ ഒരാളുണ്ടാവും. സിനിമാ മേഖലയിൽ അതില്ലെന്ന് മാത്രമല്ല, അവിടേക്ക് വരുന്ന സ്ത്രീകൾ സമ്മതം മുമ്പേ തന്നെ എറിഞ്ഞ് തന്നിട്ടാണ് വരുന്നതെന്ന ധാരണ കൂടി നില നിൽക്കുന്നുണ്ട്.

സ്ത്രീപക്ഷ നിയമങ്ങൾ ഘടനാപരമായ മാറ്റങ്ങൾ കൂടി കൊണ്ട് വരാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കടുത്ത ശിക്ഷ എന്നതിനേക്കാൾ സാംസ്കാരിക മാറ്റമാവണം ഇതിന്റെ പരിണിതി. ഇളകാത്തതെന്നതിനേക്കാൾ , അയവുള്ളതും എന്നാൽ ബലമുള്ളതുമായ ഘടന. ആശയ കൈമാറ്റത്തിലൂടെ ഉറപ്പ് കൈവരിക്കുന്നതും, നിരന്തരം നിരീക്ഷിച്ചും ചർച്ച ചെയ്തും മാറ്റാവുന്നതുമായ ഘടന. നിയമ പരിഹാര കമ്മിറ്റി തൊഴിലിടത്തിൽ തന്നെ സ്ഥാപിക്കുകയാണിത് ചെയ്യുന്നത്. അത് പരാതിക്കാർക്ക് അലഞ്ഞു തിരിയാൻ ഇട വരുത്താതിരിക്കാനും എളുപ്പത്തിൽ പ്രാപ്യമാക്കാനും വേണ്ടിയാണ്. എന്നാൽ, ഉള്ളിലെ അധികാരതാൽപ്പര്യം ബാധിക്കാതിരിക്കാനായി, യോഗ്യതയുള്ള ഒരു ബാഹ്യ അംഗത്തെ ഇതിൽ ഉൾപ്പെടുത്തണമെന്ന നിർബ്ബന്ധവുമുണ്ട്.

നേരെ ശിക്ഷക്ക് പോകുന്നതിന് പകരം പ്രതിക്ക് തെറ്റു മനസിലാക്കി മാപ്പപേക്ഷിക്കാനും മനം മാറ്റത്തിനും ഒത്തു തീർപ്പിനും നടപടിക്രമത്തിന്റെ ഭാഗമായി തന്നെ ഇത് അവസരം നൽകുന്നുണ്ട്. എന്നാൽ, ഈ മാറ്റമുണ്ടാകാത്ത പക്ഷം ശിക്ഷക്ക് നിർദേശം കൊടുക്കുകയും ചെയ്യാം. തികച്ചും സ്ത്രീസൗഹാർദ്ദപരമായും ജനാധിപത്യപരമായും നീതിന്യായ ഘടനയിൽ വരുന്ന മാറ്റം കൂടിയാണിത്.

ഈ നിയമം തൊഴിൽ ചെയ്യുന്ന എല്ലാ സ്ത്രീകൾക്കുമുള്ളതാണ്. സിനിമ എന്നത് സ്ത്രീകൾ വളരെ വൈവിദ്ധ്യമാർന്ന ജോലികൾ ചെയ്യുന്ന വ്യവസായമാണ്. പുരുഷ മേൽകോയ്മയുള്ള, സ്ത്രീകളെ നന്നായി ചൂഷണം ചെയ്യുന്ന ഇടമാണ് സിനിമ എന്ന് തിരിച്ചറിഞ്ഞു കഴിഞ്ഞതാണ്. എല്ലാ സ്ത്രീകൾക്കും ഇത് ഉറക്കെ വിളിച്ച് പറയാൻ കഴിയുന്നില്ല എന്നത് കൊണ്ട് മാത്രം അവരുടെ അവകാശം ഇല്ലാതാകുന്നില്ല. മീ ടൂ ക്യാംപയിൻ തുടങ്ങിയത് സിനിമാ രംഗത്തു നിന്നായിരുന്നല്ലോ . വളരെ മുതിർന്ന, ഉന്നത നിലയിലുള്ളവർ പോലും വർഷങ്ങളായി കൊണ്ട് നടന്ന അസ്വസ്ഥതകൾ പുറത്ത് പറയാൻ തുടങ്ങി. സ്ത്രീകളുടെ ഉള്ളിൽ നിന്നും ശക്തി പുറത്തേക്ക് ഒഴുകി ഐക്യദാർഢ്യമായി മാറുകയാണ്. ഒരാൾ പുറത്ത് പ്രശ്നം കൊണ്ട് വരുകയും മറ്റുള്ളവരുമായി പങ്ക് വക്കുകയും ചെയ്യുമ്പോൾ അനുഭവിക്കുന്ന വൈകാരികാനുഭവം രാഷ്ട്രീയവും കൂടിയാണ്. അങ്ങനെ വ്യക്തിപരമായത് കൂട്ടായ്മയുടെ ശക്തിയാകുന്നു.
അനീതി അനുഭവിച്ച വ്യക്തിയുടെ അവകാശവാദത്തിന് കൂടുതൽ അംഗീകാരം കിട്ടുകയും ചെയ്യുന്നു. സിനിമയിലും അത്തരമൊരു അനിവാര്യമായ സന്ദർഭത്തിന്റെ സൃഷ്ടിയാണ് കളക്ടീവ്.

സ്ത്രീകൾ തൊഴിൽ ചെയ്യുന്നത് അംഗീകരിക്കാത്ത ഒരു സമൂഹത്തിൽ തൊഴിലിടങ്ങളിൽ നടക്കുന്ന അതിക്രമങ്ങൾ ആരും കേൾക്കില്ല. സ്ത്രീകളുടെ പുറത്തുള്ള ജോലി വിലയില്ലാത്തതായി കരുതുന്നത് മൂലം തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമത്തെക്കുറിച്ച് അവർക്ക് മിണ്ടാൻ പറ്റാതെയാകുന്നു. നൃത്തവും മറ്റു ആനന്ദസേവനങ്ങളും മതങ്ങളിലൂടെയും ആചാരങ്ങളിലൂടെയും സ്ത്രീകളുടെ കടമയായി നില നിർത്തിയിരുന്നതിനാൽ, അവ തൊഴിലായി കണക്കാക്കാൻ പൊതുവെ വൈമുഖ്യം കാണാം. ഈ മേഖലകളിൽ പലപ്പോഴും കടന്നുകയറ്റമാണോ സ്വാഭാവികമായ പെരുമാറ്റമാണോ എന്ന് തിരിച്ചറിയാനും പ്രയാസമുണ്ടാകും. സ്ത്രീശരീരം തന്നെ ആനന്ദോപാധിയാക്കുന്ന തരത്തിലാണ് കലയും സംസ്കാരവും വിളങ്ങിയിരുന്നത്. അതിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാൻ പൊതുവെ പുരുഷസമൂഹത്തിന് കഴിയുന്നുമില്ല. ഒറ്റക്ക് ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾ അവരുടെ തന്നെ കുഴപ്പം കൊണ്ടാണോ അതുണ്ടായത് എന്ന് സ്വയം സംശയിക്കുന്ന തരത്തിൽ കണ്ടീഷൻ ചെയ്യപ്പെട്ടിരിക്കുകയാണ്. പുറത്ത് പറഞ്ഞാൽ പിന്തുണ കിട്ടാനുള്ള യാതൊരു അന്തരീക്ഷവും സ്ഥാപനങ്ങളിലോ പൊതുവിടത്തിലോ ഇല്ല. മീ റ്റു ക്യാംപയിനു ശേഷം വർഷങ്ങൾക്ക് മുൻപ് പറയാൻ കഴിയാതെ പോയ സംഭവങ്ങൾ സ്ത്രീകൾ പറയാൻ മുതിരുന്നത്, അത്രത്തോളം അവർ അസ്വസ്ഥരായി ജീവിച്ചത് കൊണ്ടാണ്. പോലീസും ജുഡീഷ്യറിയും മറ്റ് അധികാരകേന്ദ്രങ്ങളും ഇതിൽ നിന്ന് മുക്തമല്ല. പല സ്ത്രീകളും ഒറ്റക്ക് വില കൊടുത്ത് പല സംഭവങ്ങളും പുറത്ത് കൊണ്ട് വരുകയും പരസ്പരം ചേർത്ത് പിടിക്കുകയും ഉണ്ടായി. അതിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ട് കൊണ്ട്

മറ്റു പലയിടത്തും അത് ആവർത്തിക്കപ്പെടുന്നു. ഇത്തരം ഒറ്റപ്പെട്ട ചേർത്ത് നിൽപ്പുകൾ കൂട്ടായ ബോധമായി ഉരുത്തിരിയുമ്പോഴാണ് ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുന്നത്. ഏകാന്തമായ തുരുത്തുകളിൽ നിന്ന് പുറത്തേക്കു കടക്കാൻ ആഹ്വാനം ചെയ്യുന്നതും , വ്യക്തിയും സ്ത്രീസമൂഹവും തമ്മിലുള്ള അതിർവരമ്പ് മായ്ക്കുന്നതുമാണ് സ്ത്രീപക്ഷരാഷ്ട്രീയം. സ്ത്രീകൾ ഉള്ളിലെ ശക്തി തിരിച്ചറിയുകയും അത് പങ്ക് വെക്കപ്പെടുകയും ചെയ്യുന്നത് വഴി സംഘടനകൾ രൂപപ്പെടുന്നു.

സിനിമയിൽ മാത്രമല്ല, മറ്റ് പല മേഖലകളിലും ഇതേ അവസ്ഥ തന്നെയാണ് നില നിൽക്കുന്നത്. പൊതുമേഖലയിൽ മാത്രമാണ് നിയമത്തിനനുസരിച്ച് കംപ്ലെയിന്റ് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളത്. അത് തന്നെ എല്ലായിടത്തുമില്ല. ഉള്ളയിടത്ത് തന്നെ സ്ത്രീകൾക്ക് അതിനെക്കുറിച്ച് ഒന്നുമറിയില്ല. അറിഞ്ഞാൽ തന്നെ വെല്ലുവിളികൾ ഏറെയാണ്.

**വെല്ലുവിളികൾ**

കമ്മിറ്റി ഉണ്ടായിട്ടും ആരും പരാതി കൊണ്ട് വരാത്തതെന്താണ്? ഒന്ന്, ഇതിനെ കുറിച്ച് അറിയാത്തതാണ്. രണ്ട്, സ്ത്രീകളുടെ വ്യക്തിപരവും തൊഴിൽ പരവും സാമൂഹ്യവുമായ ബന്ധങ്ങൾ അധികാര ബന്ധങ്ങളുമായി ഇഴ ചേർന്ന് ഒട്ടും അനുകൂല സാഹചര്യമുണ്ടാക്കുന്നില്ല. സ്ത്രീ, ലൈംഗികത, ലൈംഗികാതിക്രമം, തൊഴിൽ, തൊഴിലിടം എന്നിവയെല്ലാം തന്നെ പുരുഷകേന്ദ്രിത സങ്കൽപ്പനങ്ങളാൽ ചുറ്റി വരിഞ്ഞു കിടക്കുന്നതു കൊണ്ട്, അവ ഇഴ പിരിച്ചെടുക്കുകയും പുതിയവ നിർമ്മിക്കുകയുമൊക്കെ നിരന്തരം നിയമ പരിപാലനത്തിൽ ആവശ്യമായി വരുന്നു. സ്ത്രീകൾ ബലാൽസംഗം ക്ഷണിച്ചു വരുത്തുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു എന്ന കഥകൾ നില നിൽക്കുന്നിടത്ത്, തൊഴിൽസ്ഥലത്ത് സ്ത്രീകളെ കാണുമ്പോൾ അവരുടെ സൗന്ദര്യം പുകഴ്ത്തുന്നത് തങ്ങളുടെ ആൺധർമ്മമാണെന്നു കരുതുന്നിടത്ത്, പഠനത്തിനോ, ജോലിക്കോ ആയി കീഴ് ജോലി ചെയ്യുന്ന പെണ്ണുങ്ങൾ സ്വന്തം ഉടമസ്ഥതയിലുള്ള ലൈംഗികവസ്തുക്കളാണെന്ന ആൺ ബോധം ഉറച്ച് പോയിടത്ത്, നിയമം കൊണ്ട് വരുകയും അത് നടപ്പാക്കുകയും ചെയ്യുന്നത് എത്രയും ദുഷ്കരമാണെന്ന് സ്ത്രീകൾ തിരിച്ചറിഞ്ഞു കൊണ്ടിരിക്കുകയാണ്.

സ്ത്രീകൾ തൊഴിലെടുക്കുന്നത് തൊഴിലായി കാണാതിരിക്കുന്നതാണ് പൊതു മനോഭാവം. തൊഴിലെടുക്കുന്നെങ്കിൽ തന്നെ വീട്ടിലെ പുരുഷനേക്കാൾ പദവി കുറഞ്ഞ തൊഴിൽ മാത്രമാണ് സ്ത്രീക്കായി വിഭാവനം ചെയ്തിട്ടുള്ളത്. തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അദ്ധ്വാന ചൂഷണത്തോടൊപ്പം ലൈംഗിക സേവനം കൂടിയാണ് പ്രതീക്ഷിക്കപ്പെടുന്നത്. പുറത്തെ തൊഴിൽ സ്ത്രീക്ക് പറഞ്ഞിട്ടുള്ളതല്ലാത്തതിനാൽ തൊഴിലിനു പോകുന്ന സ്ത്രീകളുടെ ഉള്ളിലും ഒരു കുറ്റബോധം ഒളിഞ്ഞിരിക്കും. ഈ ബോധം കാരണമാണ് നിയമമുണ്ടായിട്ടും തൊഴിലിടങ്ങളിൽ നീതി നടപ്പാക്കാൻ കഴിയാതെ വരുന്നത്. കൃത്യമായ ഘടനയോട് കൂടിയ തൊഴിലുകളുടെ കാര്യം അങ്ങനെയാകുമ്പോൾ അസംഘടിത മേഖലയിലും സിനിമ പോലെ തൊഴിൽ ദാതാവ് മാറി വരുന്ന ഇടങ്ങളിലും ഇത് കൂടുതൽ ദുർഘടമാകും. സാംസ്കാരിക ഘടനയാണ് ഇവിടെ മാറ്റി മറിക്കേണ്ടി വരുന്നത്.

പലപ്പോഴും കടുത്ത ശിക്ഷയെ കുറിച്ചുള്ള ഭയമാണ് പരാതി നല്കുന്നവരെയും കുറ്റക്കാരുടെ അടുത്ത ആൾക്കാരെയും ഇത് എങ്ങനെ എങ്കിലും ഇല്ലാതാക്കാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ, അത് തുറന്ന് സമ്മതിച്ച് മാപ്പപേക്ഷിക്കാൻ ചുറ്റുമുള്ളവരിൽ നിന്ന് പ്രേരണ ഉണ്ടാകുന്നില്ല. അതിന് ഇന്നത്തെ ആണത്ത ജീവിതം അനുവദിക്കുന്നില്ല എന്നതാണ്. കേസ് അട്ടിമറിക്കൽ ചെയ്യാനാണ് കൂടുതൽ സാഹചര്യമുള്ളത്. സ്ത്രീകൾക്ക് തന്നെ ഇത് മനസ്സിലാകാത്തതിനാലും പുരുഷാധിപത്യത്തിന് കീഴടങ്ങി ജീവിച്ച ശീലത്തിൽ നിന്ന് വിടാൻ എളുപ്പമല്ലാത്തതിനാലും അവർ സ്വയം പിൻ വലിയുന്നു. സ്ഥാപനത്തിലെ കൂടുതൽ സ്ത്രീകളും കുറ്റവാളിയെ പിന്തുണക്കുകയോ മിണ്ടാതിരിക്കുകയോ ചെയ്യുന്നതായാണ് കാണുന്നത്. സ്ത്രീകൾ തൊഴിലെടുക്കുമ്പോഴും അത് അസംഘടിത മേഖലയിലായതു കൊണ്ടും സ്ഥിരവരുമാനമില്ലാത്തതു കൊണ്ടും കുറഞ്ഞ വേതനം കിട്ടുന്നത് കൊണ്ടും സ്വതന്ത്രജീവിതം സാദ്ധ്യമാകുന്നുമില്ല. സ്ത്രീകളെ ഇങ്ങനെ അധഃസ്ഥിതരായി നിലനിർത്തുന്ന ആൺബോധത്തിൽ ബന്ധുക്കളായ പുരുഷന്മാരും അബോധ തലത്തിൽ പങ്ക് വഹിക്കുന്നുണ്ട്. പരാതി കൊടുക്കുന്ന സ്ത്രീകൾക്കെതിരെ പല വിധ പ്രതിരോധ തന്ത്രങ്ങളാണ് കൊണ്ട് വരുന്നത്. അവൾ മോശക്കാരിയാണെന്ന് തെളിയിക്കാനുള്ള വ്യഗ്രതയാണ് സാധാരണ കാണുന്നത്. കുറ്റക്കാരെ കേൾക്കാൻ വിളിക്കുമ്പോൾ അവർ ചോദ്യങ്ങൾക്കുത്തരം തരുന്നതിന് പകരം പരാതിക്കാരിയുടെ സ്വഭാവ ദൂഷ്യം വിവരിക്കുന്നത് സാധാരണമാണ്. ചിലർ അതിനുള്ള തെളിവുകൾ ശേഖരിച്ചായിരിക്കും വരുന്നത്. ഏതൊരു കുറ്റവാളിക്കും സ്ത്രീയുടെ ചാരിത്ര്യത്തിന് മേൽ പോലീസ് ചമയാമെന്നതാണ് നമ്മുടെ സംസ്കാരം. പ്രാദേശികതലത്തിലുള്ള രാഷ്ട്രീയപാർട്ടിയിലെയും ജോലി സ്ഥലത്തെയും എല്ലാ തട്ടിലുമുള്ള പുരുഷന്മാർ, വീട്ടുകാർ, പോലീസ്, ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളിലുള്ളവർ, അധികാരികൾ, തുടങ്ങി വിവിധ കോണുകളിൽ നിന്നും പരാതി പിൻവലിക്കാനുള്ള

സമ്മർദ്ദമുണ്ടാവുന്നു.

തൊഴിൽ തന്നെ നഷ്ടപ്പെടുന്ന അവസ്ഥയിലേക്കാണ് അവർ എത്തപെടുന്നത്. ചിലർക്ക് ജീവനു പോലും ഭീഷണി നേരിടുന്ന തരത്തിൽ പ്രശ്നമുണ്ടാകും. ഇത് മാറ്റിയെടുക്കുക കൂടി ഇതോടൊപ്പം ആവശ്യമാണ്. നിയമം നിലവിൽ വന്നിട്ടുണ്ടെങ്കിൽ പോലും അതുപയോഗിക്കാൻ സാധാരണ സ്ത്രീകൾ തയാറാകുന്നില്ല എന്നത് ഗൗരവത്തോടെ നോക്കേണ്ടതാണ്. അത് കൊണ്ട് തന്നെ ഏതെങ്കിലും സ്ത്രീകൾ പരാതിപ്പെടാൻ തയാറാകുമ്പോൾ അത് വലിയ വാർത്തയാകും. ഇതിന് രണ്ട് വശങ്ങളുണ്ട്. ഒരു വശത്ത്, ഈ സ്ത്രീക്ക് കൂടുതൽ ഭീഷണിയും സമ്മർദ്ദവും അപമാനവുമൊക്കെ ഉണ്ടാകാം. അതെ സമയം തന്നെ ഇത് മറ്റുള്ളവർക്ക് പ്രേരണയാവുകയും ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകാത്തിടത്ത് അതുണ്ടാകാനുള്ള ത്വരകമാവുകയും ചെയ്യും. എന്നാൽ, ഈ സ്ത്രീകൾ അവരുടെ ജീവിതത്തിൽ എത്ര വലിയ വില കൊടുക്കേണ്ടി വരുന്നു എന്നുള്ളത് മറ്റുള്ള എല്ലാ സ്ത്രീകളും മനസ്സിലാക്കണം. ബഹുവിധമായ ആസന്നാപകടങ്ങളിലേക്ക് വഴുതി കൊണ്ടിരിക്കുന്ന അവസ്ഥയിലായിരിക്കുന്നവർ. അവർക്ക് പരമാവധി പിന്തുണ അപ്പോൾ ആവശ്യമാണ്. പരാതിക്കാരുടെ സ്വാഭാവഹത്യ നടത്തുക എതിരാളികളുടെ സ്ഥിരം സ്വഭാവമാണ്. ഇവിടെ സമാനരായവരുടെ പിന്തുണ വളരെ വലുതാണ്. എല്ലാ സ്ത്രീപ്രസ്ഥാനങ്ങളും നിരുപാധികമായ പിന്തുണ നൽകുമ്പോൾ അത് സാമൂഹ്യബോധമായി പരിണമിക്കും. സാധാരണ നടത്തുന്ന ബോധവൽക്കരണത്തെക്കാൾ വലിയ മാറ്റം അതുണ്ടാക്കും.

വെല്ലുവിളികൾ പലതാണ്. ഇപ്പോഴത്തെ പുരുഷാധിപത്യവ്യവസ്ഥയോട് പൊരുത്തപ്പെട്ടാണ് സ്ത്രീകൾ അതിജീവനം നടത്തി കൊണ്ടിരിക്കുന്നത്. അതിനെതിരെ കലഹിച്ച് നിൽക്കുന്നത് ചുരുക്കം സ്ത്രീകൾ മാത്രമാണ്. പ്രിവിലേജുകൾ നഷ്ടപ്പെടുന്നതിനാൽ ഏതു തരത്തിലും ഇത് തടയാനുള്ള നീക്കങ്ങൾ അത് ലഭിക്കുന്നവരുടെ ഭാഗത്ത് നിന്നുണ്ടാകും. ചിലർ അറിയാതെ തന്നെ ഈ മൂല്യബോധം ഉൾക്കൊള്ളുന്നവരാണ്. സ്ത്രീകൾ ഇഷ്ടപ്പെട്ടു കൊണ്ടാണ് വിധേയരാകുന്നതെന്ന് ചിന്തിക്കുന്നവരുമുണ്ട്. സ്ത്രീയുടെ താല്പര്യത്തോടെയുള്ള ലൈംഗിക ഇടപെടലുകളും, ചൂഷണവും തമ്മിൽ വേർ തിരിക്കാൻ പുരുഷാധിപത്യ കാഴ്ചക്ക് കഴിയുന്നില്ലെന്നത് വലിയ പരിമിതിയാണ്. ഈ കാഴ്ചയിൽ, സ്ത്രീകൾക്ക് പ്രത്യേകമായ ലൈംഗിക താൽപ്പര്യമില്ല. അവർ പുരുഷന്റെ ആവശ്യമനുസരിച്ച് സദാ സന്നദ്ധരാകണം. അല്ലെങ്കിൽ ഒരിക്കലും അങ്ങനെയാകാൻ പാടില്ല. ഈ ധാരണയൊക്കെ മാറാൻ നല്ല വിദ്യാഭ്യാസം ആവശ്യമാണ്. വളരെ രൂക്ഷമായ പ്രതികരണങ്ങളാണ് എതിരെ നിൽക്കുന്നവരിൽ നിന്ന് നേരിടേണ്ടി വരുന്നത്. ഉയർന്ന പദവിയിലുള്ള സ്ത്രീകൾ പോലും മാനസികമായി തകർന്നു പോകുന്നത് കാണാം. സാമൂഹ്യമായി പിന്നോക്ക വിഭാഗങ്ങളിലെ സ്ത്രീകളുടെ കാര്യത്തിൽ, അവർക്ക് ശബ്ദിക്കാനുള്ള അവസരം പോലും പലപ്പോഴും നിഷേധിക്കപ്പെടുകയാണ്. ഓരോ സന്ദർഭവും തിരിച്ചറിഞ്ഞുള്ള, സവിശേഷമായ പ്രശ്നങ്ങളുള്ളവർക്ക് പ്രത്യേക ശ്രദ്ധ നൽകി കൊണ്ട് സ്ത്രീപ്രസ്ഥാനം ഐക്യപ്പെടേണ്ടതുണ്ട്. ജാതി വ്യത്യാസങ്ങളില്ലാതെ അക്രമങ്ങളുണ്ടാകുമെങ്കിലും പ്രതികരിക്കുമ്പോൾ വ്യത്യാസങ്ങളുണ്ടാകും. ചിലരുടെ ശബ്ദം കൂടുതൽ ശ്രവിക്കപ്പെട്ടെന്നുവരും. അങ്ങനെ വരുമ്പോൾ കേൾക്കപ്പെടാത്തവരുടെ ശബ്ദം വേദികളിലെത്താൻ മറ്റുള്ളവർ ശ്രദ്ധിക്കണം. പൊതുലക്ഷ്യത്തിൽ ഉറച്ച് നിന്നുള്ള സംവാദങ്ങൾ ഫെമിനിസ്റ്റ് ധാർമ്മികത വളർത്തുകയും ദിശ ഉറപ്പിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്ഥാനത്തിനുള്ളിൽ തന്നെ ജാതീയവും വർഗ്ഗപരവും ഒക്കെയായ വ്യത്യസ്തത കളെപ്പറ്റിയുള്ള ധാരണകൾ ഇന്ന് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്കുണ്ട്. എന്നാലും നിരന്തരം ഇതേ പറ്റി ജാഗരൂകരായിരിക്കേണ്ടതുണ്ട്. മറ്റുള്ളവരുടെ സ്ഥലത്ത് പോയി അവരെ കേൾക്കാൻ കഴിയണം.

പരാതികൾ നല്കുന്നവർക്കും സംഘങ്ങൾക്കും വൈകാരികവും രാഷ്ട്രീയവുമായ ദീർഘകാലത്തെ നിരന്തരമായ പ്രവർത്തനം ആവശ്യമായി വരുന്നത് വലിയ വെല്ലുവിളിയാണ്. ഇതിനിടയിൽ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പലരും നേരിടുന്നു. സാമ്പത്തികമായ ആവശ്യവും വലിയ പ്രതിബന്ധമാണുണ്ടാക്കുന്നത്. ദീർഘ കാലം കൊണ്ട് നേടിയതെല്ലാം പ്രതിലോമകരമായ ചില നീക്കങ്ങളുടെ സന്ദർഭത്തിൽ പിന്നോട്ടടിക്കുകയും ചെയ്യാം. എല്ലാ വ്യത്യസ്തതകളെയും അംഗീകരിച്ചു കൊണ്ട് തന്നെ ഒരുമിച്ച് നിൽക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണിതൊക്കെ വിരൽ ചൂണ്ടുന്നത്. എല്ലാവരും ഒരു സംഘടനയിൽ തുടരേണ്ടതില്ല. മറ്റുള്ളവർ പറയുന്നത് പോലെ അത് ദൗർബ്ബല്യമോ പരാജയമോ അല്ല. അതെ സമയം, ഒരുമിച്ച് ശബ്ദിക്കേണ്ടിടത്ത് ഒരുമിച്ച് ശബ്ദിക്കണം. ഞഇഇ യെ സംബന്ധിച്ച് ഒറ്റക്കുള്ള വ്യക്തികൾ, അതിനുള്ളിലുള്ളവർ, സമാനമായ മറ്റ് സംഘങ്ങളിലുള്ളവർ, മറ്റ് സ്ത്രീപ്രസ്ഥാനങ്ങൾ ഇതെല്ലാമായി ഹൃദയം കൊണ്ട് ഐക്യപ്പെടാൻ സാധിക്കേണ്ടതുണ്ട്. അങ്ങനെയാണെന്നാണ് അതിന്റെ വക്താക്കൾ എഴുതുന്നതിൽ നിന്ന് മനസ്സിലാകുന്നത്. വിവിധ സ്ഥലത്ത് നിന്ന് വ്യത്യസ്തമായ സ്വരങ്ങളുണ്ടാകുന്നത് ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ ശക്തിയാണ്, ദൗർബ്ബല്യമല്ല.



പ്രീത കെ.കെ.
അഡ്വക്കേറ്റ്,
കേരള ഹൈക്കോടതി




# തൊഴിലുമായി ബന്ധപ്പെട്ട ഏതു സ്ഥലവും തൊഴിലിടം ആണ്

ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി 1979 -ൽ സ്വീകരിച്ച സ്ത്രീകൾക്കെതിരെ എല്ലാവിധത്തിലുള്ള വിവേചനങ്ങളും അവസാനിപ്പിയ്ക്കാനുള്ള ഉടമ്പടി (സിഡോ) -(CEDAW) അംഗീകരിച്ച് എല്ലാരാജ്യങ്ങളും. പെൺകുട്ടികൾക്കും സ്ത്രീകൾക്കും എതിരായുള്ള എല്ലാവിധ വിവേചനങ്ങളും അവസാനിപ്പിക്കുവാനും അവർക്ക് മൗലിക- മനുഷ്യാവകാശ-തത്വങ്ങളും, തുല്ല്യതയും ഉറപ്പാക്കുന്നതിനും പ്രതിജ്ഞാബദ്ധരാണ്.

ഈ ഉടമ്പടിപ്രകാരം രാജ്യത്ത് നിലവിലുള്ള സ്ത്രീകൾക്കെതിരെ വിവേചനത്തിനിടയാക്കുന്ന നിയമങ്ങൾ, നിബന്ധനകൾ, ആചാരങ്ങൾ, പ്രയോഗങ്ങൾ എന്നിവ നിരോധിക്കുകയോ, പരിഷ്ക്കരിക്കുകയോ ചെയ്യണം. കൂടാതെ, പെൺകുട്ടികൾക്കും സ്ത്രീകൾക്കുമെതിരായുള്ള അതിക്രമങ്ങൾ ഇല്ലാതാക്കുന്നതിനായി ഗാർഹികപീഡനവും, ലൈംഗിക വ്യാപാരവും തടയുകയും ബലാൽസംഗവും, ലൈംഗിക അതിക്രമങ്ങളും കുറ്റമായി കരുതുകയും ചെയ്യണം. തെരഞ്ഞെടുപ്പുകളിലും പൊതുജനഹിതപരിശോധനകളിലും മത്സരിക്കാനും വോട്ടുചെയ്യുന്നതിനും സർക്കാർതലത്തിൽ ഔദ്യോഗികപദവി വഹിക്കുന്നതിനും അവസരം നൽകി സ്ത്രീകളുടെ രാഷ്ട്രീയപങ്കാളിത്തം ഉറപ്പാക്കണം. ശൈശവവിവാഹവും നിർബന്ധിതവിവാഹവും നിർത്തലാക്കുക. ലിംഗ പദവി വിവേചനമില്ലാതെ ഇഷ്ടമുള്ള ജോലിയോ തൊഴിലോ വ്യവസായമോ തെരെഞ്ഞടുക്കാനുള്ള അവകാശം ഉറപ്പാക്കുക എന്നിവ നിർബന്ധമായും അംഗരാജ്യങ്ങൾ പാലിക്കേണ്ടതാണ്.

അന്തരാഷ്ട്ര ഉടമ്പടികളും, ദേശീയതലത്തിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളും വിവേചനങ്ങളും അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീക

രിക്കുകയും, സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടും, ആഗോളതലത്തിൽ പൊതു-സ്വകാര്യഇടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നിലനിൽക്കുകയാണ്.

തൊഴിലിടങ്ങളിൽ സ്ത്രീകൾ സാധാരണ നേരിടുന്ന വിവേചനങ്ങളുടെ ഒരു രൂപം ലൈംഗികപീഡനമാണ്. ലൈംഗിക സ്വഭാവമുള്ള അനാവശ്യവും അസ്വീകാര്യവുമായ പെരുമാറ്റത്തെയാണ് അത് സൂചിപ്പിക്കുന്നത്. തൊഴിലിടങ്ങളിൽ നടക്കുന്ന ലൈംഗിക പീഡനം വിവേചനത്തിന്റെ ഒരു ഭാഗമാകുന്നു. അത് ഒരു വ്യക്തിയുടെ ലിംഗത്തെ അടിസ്ഥാനമാക്കിയതുകൊണ്ടും എല്ലായിടവും നിലനിൽക്കുന്ന സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ വിപുലീകരണമാണെന്നും തിരിച്ചറിയേണ്ടതാണ്. ലൈംഗിക പീഡനം പ്രത്യക്ഷമാകണമെന്നില്ല. പക്ഷേ രാജ്യത്താകമാനമുള്ള സർക്കാർ, സർക്കാരേതര സംഘടനകളിൽ അത് നിലനിൽക്കുന്നുണ്ടെന്ന് വ്യക്തമാണ്. മാത്രമല്ല അത് തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ലൈംഗികാതിക്രമം എന്നത് ലിംഗപദവി അടിസ്ഥാനമാക്കിയുള്ള അതിക്രമത്തി (Violence)ന്റെ ഒരു രൂപവും മൗലികഅവകാശങ്ങളുടെ ലംഘനവുമാകുന്നു. സ്ത്രീപുരുഷൻ അടങ്ങുന്ന എല്ലാ തൊഴിലാളികളെയും പീഡനത്തിൽ നിന്നും അതിക്രമങ്ങളിൽ നിന്നും അന്തരാഷ്ട്ര ഉടമ്പടികൾ വാഗ്ദാനം ചെയ്യുന്ന അവകാശങ്ങളാൽ സംരക്ഷിക്കേണ്ടതാണ്. സ്ത്രീയും പുരുഷനും അവരുടെ ദിവസത്തിന്റെ കൂടുതൽ സമയവും ചിലവഴിക്കുന്ന പ്രവർത്തന മേഖല എന്ന നിലയിൽ തൊഴിലിടം സംരക്ഷിതവും സുരക്ഷിതവും അവരുടെ ജോലിയും ഉത്തരവാദിത്വവും നിറവേറ്റാൻ സഹായകരമാകുന്ന അന്തരീക്ഷത്തിലായിരിക്കണം എന്നത് വളരെ പ്രാധാന്യമുള്ളതാണ്. തിരിച്ചറിയപ്പെടേണ്ട മറ്റൊരു പ്രധാന കാര്യം തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങളുടെ പരിണിതഫലമായി ഇരകൾക്ക്, വളരെക്കാലം നീണ്ടുനിൽക്കുന്ന പ്രതികൂലവും അസുഖകരവുമായ മാനസിക ശാരീരിക ബുദ്ധിമുട്ടുകളും തൊഴിൽ നഷ്ടവും ഉണ്ടാകുന്നു. ഇത് രാജ്യത്തിന്റെ ഉൽപാദനക്ഷമതയെ തന്നെ ബാധിക്കുന്നു.

**വിശാഖ മാർഗ നിർദ്ദേശങ്ങൾ**

ഇന്ത്യയിൽ തൊഴിൽ സ്ഥലത്തെ ലൈംഗികാതിക്രമങ്ങൾ രാജ്യം നേരിടുന്ന വലിയ പ്രശ്നമായി തിരിച്ചറിഞ്ഞതും, നിയമത്തിന്റെ കീഴ്വഴക്കമായതും വിശാഖ കേസിലൂടെയാണ് (വിശാഖ വി. രാജസ്ഥാൻ സംസ്ഥാനം 1997) ദളിതയും സാമൂഹ്യ പ്രവർത്തകയുമായ ബൻവാരിദേവി രാജസ്ഥാൻ സർക്കാരിന്റെ ശൈശവ വിവാഹ നിരേധനത്തിനു വേണ്ടി പ്രവർത്തിച്ചതിനാൽ ഉയർന്ന സമുദായക്കാരായ പുരുഷന്മാരാൽ ബലാത്സംഗം ചെയ്യപ്പെട്ടു. ഇതിനെതിരെ കോടതിയിൽ എത്തിയ ബൻവാരിദേവിക്ക് ഉയർന്ന സമുദായക്കാരായ പുരുഷന്മാർ താഴ്ന്ന ജാതിക്കാരിയെ ബലാത്സംഗം ചെയ്യില്ല എന്ന വിധിയാണ് ലഭിച്ചത്. കോടതി വിധിക്കെതിരായി വിശാഖ എന്ന സ്ത്രീസംഘടന മറ്റുനാലു സംഘടനകൾക്കൊപ്പം ഇന്ത്യൻ സുപ്രീം കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചു. അപ്പോഴാണ് ഇന്ത്യയിൽ തൊഴിൽസ്ഥലത്തെ ലൈംഗികാതിക്രമങ്ങൾ നേരിടാൻ തദ്ദേശ നിയമം ഇല്ലെന്നും അതിനാൽ അന്തർദേശീയ ഉടമ്പടിയായ സിഡോയിൽ നിന്നും മാർഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുകയും, പുതിയ നിയമം ഉണ്ടാകുന്നതുവരെ അതു നിയമമായി പരിഗണിക്കണം എന്നുമുള്ള വിധിയാണ് ഉണ്ടായത്. അതിന്റെ അടിസ്ഥാനത്തിലാണ് ചരിത്രപരമായ വിശാഖ മാർഗ നിർദ്ദേശങ്ങൾ രൂപം കൊള്ളുന്നത്. തൊഴിൽ സ്ഥലത്തെ ഓരോ ലൈംഗികപീഡന സംഭവങ്ങൾ മൗലികാവകാശങ്ങളായ ലൈംഗിക തുല്ല്യത മാത്രമല്ല, സ്ത്രീകൾക്ക് ഏതു ഉദ്യോഗവും, തൊഴിലും, വ്യാപാരവും അല്ലെങ്കിൽ വ്യവസായവും നടത്തുവാനുള്ള സ്വാതന്ത്ര്യത്തേയും നിഷേധിക്കുന്നു എന്ന് ഈ കേസിലൂടെ തിരിച്ചറിഞ്ഞു. തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനനിർവചനം ഉൾക്കൊള്ളുന്നതോടൊപ്പം ഇത്തരം പ്രവൃത്തികൾ അപമാനകരം മാത്രമല്ല,, ആരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഭീഷണിയാണെന്നും അതുകൊണ്ടുതന്നെ ലൈംഗിക പീഡന നിവാരണമാർഗങ്ങൾക്ക് ഊന്നൽ നൽകണമെന്നും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ സ്ഥലത്തെ ലൈംഗികാതിക്രമം തടയുന്നതിനും പരിഹരിക്കുന്നതിനുമാവശ്യമായ മാർഗ നിർദ്ദേശങ്ങളും നിയമവും ഉണ്ടായെങ്കിലും ബൻവാരിദേവി ഇപ്പോഴും സ്വന്തം കേസിൽ നീതിക്കായി കോടതികൾ കയറുകയാണ്.

തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം (തടയൽ, നിരോധനം പരിഹാരം) നിയമം 2013 തൊഴിലിടങ്ങളിലെ ലൈംഗിക പീഡനങ്ങളിൽനിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകുകയും, ലൈംഗിക പീഡനമായി ബന്ധപ്പെട്ടതും അതിലേക്കു വന്നു ചേരുന്നതുമായ എല്ലാം കാര്യങ്ങളും നിരോധിക്കുകയും പരാതികൾക്ക് പരിഹാരമുണ്ടാക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ തൊഴിലിടങ്ങളിലെ ലൈംഗിക പീഡനം ഇന്ത്യൻ ഭരണഘടനയുടെ അനുചേദം 14,15 എന്നിവ വിഭാവനം ചെയ്യുന്ന മൗലികാവകാശങ്ങളായ നിയമത്തിനു മുന്നിൽ തുല്ല്യത , ലിംഗപരമായ വിവേചനമില്ലായ്മ എന്നിവയും, അനുഛേദം 21 പ്രകാരം അന്തസ്സോടെ ജിവിക്കാനുള്ള അവകാശവും, ലൈംഗികാതികക്രമങ്ങളില്ലാതെ സുരക്ഷിതമായ അന്തരീക്ഷത്തിൽ ഏത് തൊഴിലും വ്യവസായവും ചെയ്ത് ജീവിക്കാനുള്ള സ്ത്രീകളുടെ സ്വതന്ത്ര്യത്തെയും ലംഘിക്കുന്നു.

ഈ നിയമത്തിലെ പ്രധാന നിർവചനങ്ങൾ

1, പരാതിക്കാരിയായ സ്ത്രീ എന്നാൽ എതിർ

കക്ഷിയുടെ ലൈംഗികപീഡനത്തിനു ഇരയായിട്ടുള്ള, തൊഴിൽ സ്ഥലവുമായി ബന്ധപ്പെട്ട, തൊഴിലുള്ളതോ അല്ലാത്തതോ ആയ ഏത് പ്രായത്തിലുള്ള സ്ത്രീയും; വാസസ്ഥലമോ വീടോ ആണെങ്കിൽ അവിടെ ജോലി ചെയ്യുന്ന ഏത് പ്രായത്തിലുള്ള സ്ത്രീയും; ഗാർഹിക തൊഴിലാളിയും ഉൾപ്പെടുന്നു.



2, തൊഴിലാളി എന്നാൽ സ്ഥിരമായോ താൽക്കാലികമായോ പ്രത്യേകകാര്യത്തിനു വേണ്ടിയോ ദിവസവേതനത്തിനോ, നേരിട്ടോ, ഏജൻറ് മുഖേനയോ, പ്രധാനതൊഴിലുടമയുടെ അറിവോട് കൂടിയും അറിവില്ലാതെയും ഏത് ജോലിക്കും തൊഴിലിടത്തിൽ നിയമിച്ചിട്ടുള്ള, കോൺട്രാക്റ്റർ ഉൾപ്പെടെ വേതനത്തിനുവേണ്ടിയും അല്ലാതെയും സ്വന്തം ഇഷ്ടപ്രകാരവും അല്ലാതെയും തൊഴിൽ വ്യവസ്ഥകൾ പ്രകടമായതും അല്ലാത്തതും, സഹപ്രവർത്തകൻ, കരാർ തൊഴിലാളി, പ്രോബേഷനർ, ട്രെയ്നി, അപ്രന്റീസ് ഉൾപ്പെടെ അതേ രീതിയിൽ വരുന്ന ഏതൊരാളും ജീവനക്കാരൻ ആകുന്നു.

3, തൊഴിലിടം

1) ഏതു വകുപ്പും, സംഘടന, വ്യവസായം, വ്യവസായസംരംഭം, സ്ഥാപനം, കാര്യാലയം, സർക്കാരുകളോ തദ്ദേശഅധികാരികളോ നേരിട്ടോ അല്ലാതെയോ, മുഴുവനായോ, ഭാഗികമായോ സാമ്പത്തിക സഹായം നൽകുന്ന വ്യവസായസംരംഭത്തിന്റെ ബ്രാഞ്ചുകൾ, യൂണിറ്റുകൾ സർക്കാരിനുസ്വന്തമായതോ നിയന്ത്രണത്തിലുള്ളതോ ആയ കമ്പനികൾ, കോർപ്പറേഷനുകൾ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

2) സ്വകാര്യ മേഖലയിലുള്ള സംഘടന, സ്വകാര്യ സംരംഭം, വ്യവസായസ്ഥാപനം, വ്യവസായസംരംഭ സ്ഥാപനം, സൊസൈറ്റി, ട്രസ്റ്റ, സർക്കാരേതര സംഘടനകൾ.

3) ആശുപത്രികളും നേഴ്സിംഗ് ഹോമുകളും

4) ഏതു സ്പോർട്സ് സ്ഥാപനവും, സേറ്റഡിയം സ്പോർട്സ് കോംപ്ലക്സ്, മത്സരം ഗെയിംസ് എന്നിവ നടക്കുന്ന സ്ഥലം, താമസത്തിനോ, സ്പോർട്സിനോ അതുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തികൾക്കോ ഉപയോഗിക്കുന്ന സ്ഥലം.

5) തൊഴിൽ സമയത്തും അല്ലാത്തപ്പോഴും തൊഴിലാളി സന്ദർശിക്കുന്ന ഏതു സ്ഥലവും തൊഴിലുടമ ഏർപ്പെടുത്തിയിട്ടുള്ള വാഹനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ.

6) വാസസ്ഥലവും വീടും.

ഈ തൊഴിലിടങ്ങളിലെ നിയന്ത്രണവും മേൽനോട്ടവുമുള്ള ഏതൊരു വ്യക്തിയും തൊഴിലുടമയാണ്. ഈ ഇടങ്ങളിലൊക്കെ സ്വതന്ത്രവും സുരക്ഷിതവുമായ അന്തരീക്ഷം സ്ത്രീകൾക്ക് ഒരുക്കുവാനുള്ള ബാധ്യത തൊഴിലുടമയിൽ നിക്ഷിപ്തമാണ്.

4. അസംഘടിത മേഖല തൊഴിലിടവുമായി ബന്ധപ്പെട്ട് വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വ്യവസായ സംരംഭം, സ്വയം തൊഴിലിന്റെ ഭാഗമായി നിയമിതരായിട്ടുള്ള തൊഴിലാളികളും, ഉൽപാദനം, സാധനങ്ങളുടെ വിപണനം, മറ്റുതരത്തിലുള്ള സേവനങ്ങൾ നൽകുന്നവർ, 10 പേരിൽ താഴെ തൊഴിലാളികളെ നിയമിച്ചിട്ടുള്ള സംരംഭങ്ങൾ.

5. ലൈംഗിക പീഡനം

താഴെ പറയുന്നതിൽ ഒന്നോ അതിലധികമോ അസ്വീകാര്യമായ പ്രവർത്തികളോ പെരുമാറ്റമോ (നേരിട്ടും അല്ലാതെയും)

1. ശാരിരീക സ്പർശനവും കൈയ്യേറ്റവും

2. ലൈംഗിക താത്പര്യങ്ങൾക്ക് വേണ്ടി ആവശ്യപ്പെടുകയോ അഭ്യർത്ഥിക്കുകയോ ചെയ്യുക.

3. ലൈംഗിക ചുവയുള്ള പരാമർശം നടത്തുക.

4. അശ്ലീല ചിത്രങ്ങൽ കാണിക്കുക

e. അസ്വീകാര്യമായ ലൈംഗിക സ്വഭാവമുള്ള ശാരീരിക, വാചിക അവാചികമായ ഏത് തരം പെരുമാറ്റവും.

പരാതികമ്മറ്റികളുടെ രൂപികരണം ഈ നിയമത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്.

തൊഴിലിടങ്ങളിലെ ലൈംഗിക പരാതികളുമായി ബന്ധപ്പെട്ട് അതാത് സ്ഥാപനങ്ങളിലെ ഇന്റേണൽ പരാതികമ്മറ്റികളിലോ (ICC) 10ൽ താഴെ തൊഴിലാളികൾ ഉള്ള സ്ഥാപനമാണെങ്കിൽ ലോക്കൽ പരാതി കമ്മറ്റികളിലോ (LCC) പരാതി നൽകാം. ഈ കമ്മറ്റികൾക്ക് സിവിൽ കോടതിയുടെ അധികാരം ഉണ്ടായിരിക്കുന്നതാണ്. പീഡനത്തിനിരായ ഏത് സ്ത്രീക്കും (ICC/LCC) പരാതിയുടെ ഗൗരവം അനുസരിച്ച് അവസാന സംഭവത്തിനുശേഷം മൂന്ന് മാസത്തിനുള്ളിൽ പരാതി എഴുതി നൽകാം.

ലൈംഗികാകർഷണമല്ല അധികാരവും ഭയപ്പെടുത്തലും ആണ് ലൈംഗികപീഡനത്തിനുകാരണം. അത് ലിംഗപദവി വാർപ്പ് മാതൃകകളും തൊഴിൽ സ്ഥലത്തെ അധികാരശ്രേണി ഘടനയും തിരിച്ചു

കൊണ്ടുവരുന്നു. പീഡിപ്പിക്കുന്ന ആളിന്റെ ഉദ്ദേശ ത്തെയല്ല പീഡനത്തിനു ഇരയായ ഒരു വ്യക്തിയെ ഇത് എങ്ങനെ ബാധിക്കുന്നു എന്നതാണ് ലൈംഗിക പീഡനനിയമം നേരിടുന്നത്. ക്ഷമിക്കുന്നത് ഒരി ക്കലും ഇത്തരം പെരുമാറ്റം സ്വാഗതാർഹമാണെന്ന് അത്ഥമാക്കുന്നില്ല. സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാധാരണ ജിവിതത്തിന് ഈ നിയമം തടസ്സമാകു ന്നില്ല.

വിശാഖയിൽ നിന്നും മീടു(Me too)ൽ എത്തു മ്പോൾ നിലനിൽക്കുന്ന നൈതികതയുടെ വീഴ്ച യിൽ നിന്നാണ് മീ ടു ക്യാമ്പയിനുകൾ ഉയർന്നു വരു ന്നത്. സുപ്രീംകോടതി പുറപ്പെടുവിച്ച വിശാഖ മാർഗ്ഗ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതി നുള്ള  നിസംഗതമൂലം സ്ത്രീകൾക്ക് സുരക്ഷിത മായ ഒരു തൊഴിലന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഭര



ണകൂടം പൂർണ്ണമായി വിജയിച്ചില്ല. മീ ടു ക്യാമ്പയിൻ സമൂഹത്തിൽ ഉറങ്ങ് കിടന്ന ജീർണ്ണാവസ്ഥയെ തുറന്ന് കാണിക്കുന്ന പ്രകടിതരൂപമാണ്; പരിഹാരമ ല്ല. ഇന്ന് തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങളെ നേരിടുന്നതിന് ഒരു നിയമമുണ്ട്. മീ ടൂ ക്യാമ്പയിൻ ആർജിച്ചെടുത്ത പുതിയ ശക്തിയും ഊർജ്ജവും നിലവിലുള്ള നിയമ സംവിധാനത്തെ പുതുക്കുന്ന തിനും, ലിംഗനീതിയുടെ പുത്തൻ സങ്കൽപ്പങ്ങളെ സാമുഹ്യനിയമ സംവിധാനങ്ങളിലേക്ക് തുന്നി ചേർക്കുന്നതിനും ഉതകേണ്ടതാണ്.

സമൂഹത്തിൽ ശക്തമായി നിലനിൽക്കുന്ന ആൺകോയ്മ സ്ഥാപനവൽക്കരിക്കപ്പെട്ടതും, നീതി ശാസ്ത്രങ്ങളാൽ നീതികരിക്കപ്പെട്ടതും, സാമൂഹ്യ ബോധത്തിന്റെ ആഴങ്ങളിൽ അലിഞ്ഞു ചേർന്നിട്ടു ള്ളതും ആണ്. ഇങ്ങനെ ജീർണ്ണിക്കപ്പെട്ട സമൂഹ ത്തിന്റെ ദുർലക്ഷണങ്ങളാണ് ബലാൽസംഗം, ഗാർഹികപീഡനം, ആസിഡ് അറ്റാക്ക്, തൊഴിലിടങ്ങ ളിലെ ലൈംഗികപീഡനം എന്നിവയായി പുറത്തുവരു ന്നത്. ഇവയ്ക്കെതിരെ സ്ത്രീകൾ നടത്തുന്ന ശക്ത മായ സമരങ്ങളാണ് സമൂഹമാധ്യമങ്ങളിലൂടെ ഉയർന്ന് കേൾക്കുന്ന മീ ടൂ ക്യാമ്പയിൻ.  അത് സ്ത്രീകളുടെ ഒരുമയുടെ ശക്തി തെളിയിക്കുന്നു.

ആൺകോയ്മ ആൺ അധികാരമാണ്. ആൺ വർഗ്ഗത്തിന് അത് പക്ഷപാതപരമായ  അവകാശം നൽകുന്നു.  അധികാരത്തിന്റെ ഭാഷയാണ് പുരുഷന് മനസ്സിലാകുന്നതും, മാറ്റുന്നതും. എന്നാൽ പുത്തൻ സാമ്പത്തിക വ്യവസ്ഥിതി സ്ത്രീകളെ ഒഴിച്ച് നിർത്താനാവാതെ വന്നിരിക്കുന്നു.  അവർ ഇന്ന് വലിയ തൊഴിൽ ശക്തിയാണ്. സ്ത്രീയുടെ കൈതാങ്ങ് ഇല്ലാതെ സാമ്പത്തിക വ്യവസ്ഥിതിക്ക് നിലനിർത്താനാകില്ല. തൊഴിലിടങ്ങളിൽ ലൈംഗിക അതിക്രമം നടത്തുന്ന പുരുഷനെ സമൂഹത്തിൽ തുറന്ന് കാണിക്കുന്നതിനും അവരുടെ സ്വകാര്യവും ഔദ്യോഗികവുമായ ജീവിതത്തെ താളം തെറ്റിക്കുന്ന തിനും മീ ടൂ ക്യാമ്പയിന് കഴിഞ്ഞിട്ടുണ്ട്. തൊഴിൽ ശക്തിയായ സ്ത്രീകൾ തൊഴിലിടങ്ങളിൽ പീഡനവി ധേയമാകുന്നത് രാജ്യത്തിന്റെ ഉൽപാദനക്ഷമത യെയും സാമ്പത്തിക വ്യവസ്ഥിതിയെയും ബാധിക്കും എന്ന തിരിച്ചറിവുമുണ്ടായിട്ടുണ്ട്. പുരുഷ ഭാഷഅധികാരമാണെങ്കിൽ,  ഭയത്തിന്റെ  ഭാഷയും അവർ തിരിച്ചറിഞ്ഞു. ആ  ഭയം സൃഷ്ടിക്കുവാൻ മീ ടൂ വിന് കഴിഞ്ഞു എന്നതാണ് പുതിയകാലത്തെ പുതിയ പെൺതൊഴിൽ നിയമ വിപ്ലവം.


വിഷയ സൂചിക :-

*1) തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം (തടയൽ, നിരോ ധനം, പരിഹാരം) നിയമം 2013, സംയുക്ത ട്രേഡ് യൂണിയൻ വനിതാ സമിതി പ്രസിദ്ധീകരിച്ചത്-വിവർത്തനം -ലേഖിക.*

*2) സിഡോ, പ്രസാധകർ, പിഎൽഡി, ന്യൂഡൽഹി, അന്വേഷി വിമൻസ് കൗൺസിലിംങ് സെന്റർ, കോഴിക്കോട്.*

*3) ദി ഹിന്ദു, മീറ്റു ഡിബേറ്റ്*



ജാനകി
*കോഴിക്കോട് സർവ്വകലാശാല*
*ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക*

വഴിത്താരകൾ


# ബിമലയെ വീണ്ടും കാണുമ്പോൾ

സത്യജിത് റേയുടെ ശതാബ്ദി അനുസ്മരണങ്ങളുടെ ഭാഗമായി ഇൻസൈറ്റ് പബ്ലിക്ക ഇറക്കുന്ന സി.വി രമേശൻ എഡിറ്റ് ചെയ്ത പുസ്തകത്തിൽ, ഘോരേ ബായരെ എന്ന ചിത്രം തുറന്നിടുന്ന ചില വായനാസാധ്യതകളെകുറിച്ച് ഞാനെഴുതിയ ലേഖനത്തിന്റെ ചില ഭാഗങ്ങൾ ആണ് നവംബറിലെ വഴിത്താരകൾ നിങ്ങൾക്ക് മുന്നിൽ എത്തിക്കുന്നത്.




ബിമലയെ വീണ്ടും കാണുമ്പോൾ

"സ്ത്രീകൾക്ക് ദുഷിച്ചവരാവാം; അത് പ്രശ്നമല്ല. അവരെ മനുഷ്യരാ ക്കുകയാണ് വേണ്ടത്.അത് തന്നെയാണ് അദ്ദേഹം ചെയ്തത്".1 സത്യജിത് റേയുടെ സ്ത്രീകഥാ പാത്രങ്ങളെ കുറിച്ച് , അദ്ദേഹത്തിന്റെ ചിത്രത്തിലൂടെ, തന്റെ ചലച്ചിത്രജീവിതം ആരംഭിച്ച അപർണ സെന്നിന്റെ വാക്കുകളാണിവ.




പിൻ തലമുറകളെ ആഴത്തിൽ സ്വാധീനിച്ച ചലച്ചിത്രപ്രതിഭയായി റേ ആദരിക്കപ്പെടുമ്പോഴും, അദ്ദേഹത്തിന്റെ കലാസൃഷ്ടികളും, പ്രതിനിധാനങ്ങളും ബാക്കിവെച്ച ആശങ്കകളും,ആകുലതകളും, അവ ഉയർത്തിയ നിശിത വിമർശനങ്ങളും ആ കലാജീവിതത്തിന്റെ അവിഭാജ്യഘടകം തന്നെയാണ്.ഒരു കാലഘട്ടത്തിന്റെ സന്ദിഗ്ധാവസ്ഥയുടെ മുദ്രണങ്ങളാണ്.അവ്യക്തവും, അപൂർണ്ണങ്ങളുമായ സത്യങ്ങളുടെ ഇടയിൽ പെട്ട് കുഴങ്ങുന്ന ജീവിതങ്ങളുടെ സൗന്ദര്യത്തെ അന്വേഷിക്കുന്ന സിനിമയാണ് റേയുടെ ഘോരേ ബായരെ. സമീപകാലത്തു ഇന്ത്യൻ ആനുകാലികങ്ങളിൽ ഈ സിനിമയുടെ വിവിധ തലങ്ങൾ നമ്മുടെ സാംസ്കാരിക ലോകത്തു ചർച്ച ചെയ്യപ്പെടുന്നുണ്ട് . സ്ത്രീ വിമോചനത്തെ കുറിച്ചുള്ള ആശയങ്ങളും, ദേശീയതാവാദങ്ങളും,രാജ്യസ്നേഹത്തെ കുറിച്ചുള്ള വിചിന്തനങ്ങളും ഈ കൃതിയെ നമ്മുടെ സ്മൃതിപഥത്തിലേക്ക് പുനരാനയിക്കുന്നു.




....


അഭ്രപാളിയിൽ ആളിക്കത്തുന്ന തീയുടെ പശ്ചാത്തലത്തിൽ ബിമല തന്റെ കഥ ഫ്ളാഷ്ബാക്കായി വിവരിക്കുന്നതിലൂടെയാണ് സിനിമ ആരംഭിക്കുന്നത്. മിക്കവാറും ബിമലയുടെ കാഴ്ചപ്പാടിലൂടെ നീങ്ങുന്ന ആഖ്യാനത്തിലേക്ക് ഇടയ്ക്കു മാത്രമാണ് , നിഖിലിലേക്കു ഫോക്കസ് വളരെ കുറച്ചു സമയത്തേക്ക് മാത്രം മാറുന്നത്.സ്ത്രീ അവളുടെ കഥ കുറ്റബോധത്തോടെ, പശ്ചാത്താപത്തോടെ പറയുന്ന ഈ പ്രക്രിയക്ക് ഒരു ഉച്ചാടനത്തിന്റെ സ്വഭാവമുണ്ട് . താൻ നിഖിലിനോട് ചെയ്ത അക്ഷന്തവ്യമായ അപരാധത്തിന്റെ കഥയായിട്ടാണ് പകിട്ടാർന്ന വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് ബിമല (സ്വാതിലേഖ ചാറ്റർജി ) സമീന്ദാർ കുടുംബത്തിലെ തന്റെ വൈവാഹിക ജീവിതത്തിന്റെ കഥ പറയുന്നത്.സമീന്ദാരായ നിഖിൽ വിദ്യാഭ്യാസ സമ്പന്നനും,പരിഷ്കൃതനും,പടിഞ്ഞാറൻ സംസ്കാരങ്ങളെ ഉൾക്കൊണ്ടിട്ടുള്ള ഉത്പതിഷ്ണുവായ, ചിന്താശീലനായ വ്യക്തിയാണ്.

സ്വപത്നി ആംഗലേയ ഭാഷയും സംസ്കാരവും അറിയണമെന്നും,സ്ത്രീ ഒരു സ്വതന്ത്ര വ്യക്തിത്വത്തിന് ഉടമയാകണമെന്നും അയാൾ വിശ്വസിക്കുന്നു. ...

അത്കൊണ്ട് തന്നെ താൻ ഗാഢമായി സ്നേഹിക്കുന്ന ബിമല, സന്ദീപിനെ പരിചയപ്പെടണമെന്നും സ്വദേശി പ്രസ്ഥാനത്തെ



കുറിച്ച് അവൾ കൂടുതൽ അറിയണമെന്നും ,നിഖിൽ തീവ്രമായി ആഗ്രഹിക്കുന്നു. സിനിമയുടെ ആദ്യഭാഗങ്ങൾ ഈ ദിശയിലേക്കു നീങ്ങുന്ന സ്വകാര്യനിമിഷങ്ങളുടെ 'അക ' കാഴ്ചകളാണ്. ബിമലയെ സ്നേഹപൂർവ്വം പരിഷ്കാരത്തിലേക്കു നിർബന്ധിക്കുന്ന നിഖിൽ,മിസ്സിസ് ഗിൽബിയുടെ മേൽനോട്ടത്തിൽ നടക്കുന്ന ബിമലയുടെ പിയാനോ പരിശീലനം, കണ്ണാടിയുടെ മുൻപിൽ നിന്ന് കൊണ്ട് പുതിയ തരത്തിലും വിധത്തിലുമുള്ള ബ്ലൗസുകൾ ധരിച്ചു തന്നിൽ തന്നെ അഭിരമിക്കുന്ന ബിമല — ഇതെല്ലാം നോക്കി ഫ്രെയ് മിൻറെ ഒരു കോണിൽ നിൽക്കുന്ന നിഖിൽ. അങ്ങിനെ നിഖിലിന്റെ നിരീക്ഷണ(സംരക്ഷണ) വലയത്തിനുള്ളിൽ നിന്ന്കൊണ്ട് പുറം ലോകത്തെ അറിയുന്ന ബിമലയിൽ നിന്നും, സ്വതന്ത്രമായി തനിക്കു ചുറ്റുമുള്ള ലോകവുമായി ഇടപഴകാൻ പുറത്തേക്കിറങ്ങുന്ന ബിമലയിലേക്കുള്ള മാറ്റവും അതിലൂടെ പഴയ ദാമ്പത്യ ജീവിതത്തിനു സംഭവിക്കുന്ന ഇടർച്ചകളുമാണ് നോവലിന്റെയും ചലച്ചിത്രത്തിന്റെയും ഒരു തലം.സവർണ്ണ യാഥാസ്ഥിതികതയുടെ ഇരുണ്ട ഭദ്രതയിൽനിന്ന് , സമരത്തിന്റെയും സഹനത്തിന്റെയും അസ്ഥിരമായ ഒരു രാഷ്ട്രീയ / സാമൂഹ്യ അവസ്ഥയിലേക്കുള്ള



നീക്കമാണ് ആഖ്യാനത്തിന്റെ മറ്റൊരു തലം.

.........

ബിമലയെ ഈ നൂറ്റാണ്ടിലും ചർച്ച ചെയ്യാൻ തക്ക വണ്ണം അവൾ നമ്മെ ആകർഷിക്കുന്നത് എന്ത് കൊണ്ടാണ്? കേവലം ആണ്കോയ്മയിൽ അധിഷ്ഠിതമായ ഒരു കുടുംബ സാമൂഹ്യ വ്യവസ്ഥയുടെ ഉത്കണ്ഠയാണോ ഈ സിനിമയിൽ മുന്തിനിൽക്കുന്ന ആഖ്യാന തന്തു ? പ്രത്യക്ഷ പാഠങ്ങളെ മറി കടന്നു പോകുന്ന ചിന്താധാരകൾ

സ്ത്രീക്ക് തന്റെ വിമോചന സങ്കൽപ്പങ്ങളെ സ്വയം നെയ്തെടുക്കാനുള്ള സ്വാതന്ത്ര്യത്തെ അന്വേഷിക്കുന്നുണ്ട് .ബിമലയുടെ ആഗ്രഹത്തിന്റെ പൂർത്തീകരണമാണോ അതോ നിഖിലിന്റെ പുരോഗമനേച്ഛയുടെ സാക്ഷാത്ക്കാരമാണോ ഇവിടെ നിർവഹിക്കപ്പെടുന്നത് ?രണ്ടു പുരുഷകർതൃത്വങ്ങൾ സൃഷ്ടിച്ചെടുക്കുന്ന വിമോചിതയായ സ്ത്രീയെ കുറിച്ചുള്ള സങ്കല്പങ്ങളുടെ തടവുകാരിയാണ് ബിമല. ആ കണ്ണാടിബിംബങ്ങളിൽ നിന്ന് അവൾ മോചിത ആകേണ്ടതുണ്ട്. വർണ്ണ ശബളമായ വസ്ത്രങ്ങൾ ധരിച്ചു തന്റെ ദുഃഖകഥ പറഞ്ഞു തുടങ്ങിയ ബിമല സിനിമയുടെ അവസാനത്തിൽ മൂന്നു ഡിസോൾവുകളിലൂടെ വൈധവ്യത്തിന്റെ നിറംകെട്ട വെളുപ്പിലേക്കു കടക്കുന്ന രംഗം ഹൃദയഭേദകമായ കാഴ്ചയാണ് . സദാചാരത്തിന്റെയും സമ്പ്രദായികതയുടെയും ലക്ഷ്മണരേഖകൾ ലംഘിച്ചതിന് ബിമല ശിക്ഷിക്കപ്പെടുകയാണ് എന്ന തരത്തിലുള്ള ലളിതവത്കരണങ്ങളെ നിരാകരിച്ചുകൊണ്ട് ഡാരിയസ് കൂപ്പർ ഇങ്ങിനെ കുറിക്കുന്നു: "വീട്ടിനകത്തും പുറത്തുമല്ലാത്ത ഒരിടത്ത് സ്വയം പ്രതിഷ്ഠി ക്കാൻ അവളെ നിർബ്ബന്ധിക്കുന്ന ചരിത്രത്തിന്റെ അനിവാര്യമായ ഇരയാക്കി അവളെ റേ മാറ്റുകയാണ് ."5

അതെ, ബിമല അവിടെ ഒടുങ്ങുന്നില്ല. സ്വാതന്ത്ര്യത്തിന്റെ ക്രിയാത്മകമായ സാധ്യതകൾ അവൾ അന്വേഷിക്കുന്നത് തുടരും.നിഖിലിന്റെയോ സന്ദീപിന്റെയോ പ്രതീക്ഷകൾക്കനുസരിച്ചു ചലിക്കുന്നതല്ല ബിമലയുടെ സ്വച്ഛന്ദമായ വളർച്ച.ആണ്കോയ്മയുടെ പരിരക്ഷണത്തിൽ നിന്ന് പുറത്തേക്ക് സാഹസികമായി കടക്കുമ്പോൾ അപകടങ്ങൾ ഉണ്ടാവാം,കണക്കു കൂട്ടലുകൾ പിഴച്ചേക്കാം— എന്നാൽ ആ അഗ്നിപരീക്ഷയും ബിമലയുടെ പരിവർത്തനത്തിന്റെ മുഖ്യഘടകം തന്നെയാണ്. അവയെ മറി കടന്നു കൊണ്ട് തന്റെ തന്നെ ശക്തിസ്രോതസ്സുകളെ സ്വയം കണ്ടെത്തുമ്പോഴാണ് ബിമല ഒരു വ്യക്തിയായി ത്തീരുന്നത്. അവിടെയാണവൾ പൂർണ്ണയാകുന്നതും. മാത്രമല്ല ബിമലയിലെ മാറ്റങ്ങളെ പരിഭ്രമത്തോടെ വീക്ഷിക്കുന്ന വേലക്കാരികൾ, വിധവയായതു കൊണ്ട് മാത്രം ചുരുങ്ങിയ ജീവിതം ജീവിച്ചു തീർക്കുന്ന നാത്തൂൻ — ഈ സ്ത്രീകളെ കൂടി ഉൾകൊള്ളുമ്പോഴാണ് ബിമലയുടെ രാഷ്ട്രീയബോധം തിടം വെക്കുകയുള്ളൂ. ഭദ്രമഹിള എന്ന തന്റെ സാമൂഹ്യപദവി തനിക്കു വെച്ച് നീട്ടുന്ന വിശേഷ അധികാരങ്ങളെ അവൾ തിരിച്ചറിയുകയുള്ളൂ.ഇടനാഴികളിൽ നിന്ന് പൊതുസ്ഥലത്തേക്ക് ആത്മവിശ്വാസത്തോടെ ഒറ്റയ്ക്ക് ഇറങ്ങി വരുന്ന ബിമലയെ പ്രതീക്ഷിച്ചുകൊണ്ടാണ് സിനിമ തന്റെ ഭാവിജീവിതം ഉറപ്പാക്കുന്നത്. സ്ത്രീയുടെ സ്വാതന്ത്ര്യ പ്രഖ്യാപനത്തെ അതിന്റെ എല്ലാ അർത്ഥത്തിലും ഉൾകൊള്ളാൻ ഇനിയും ഇന്ത്യൻ സമൂഹം തയ്യാറായിട്ടുണ്ടോ എന്ന പ്രകോപിപ്പിക്കുന്ന ചോദ്യമാണ് സിനിമയുടെ അവസാനദൃശ്യത്തിലെ വിധവയായ ബിമലയുടെ ഫ്രണ്ടൽ ഷോട്ട് . അതെ, റേയുടെ ബിമല നമ്മളെ കാണുകയാണ്. ചരിത്രത്തിന്റെ ഇടനാഴികളിലൂടെ.

ഉപ്പും മുളകും



പി. ഗീത

# വാളയാർ കേസ് പുനരന്വേഷണം വേണം

വാളയാറിലെ അട്ടപ്പള്ളം
ഒറ്റമുറി വീട്
2017 മാർച്ച് 13.

പന്ത്രണ്ടോ പതിമൂന്നോ ആകാം പ്രായം. ഭാഗ്യവതിയെന്ന ദളിതയായ കൂലിപ്പണിക്കാരിയുടെ മൂത്ത മകൾ ഉത്തരത്തിൽ തൂങ്ങിയാടി.

അവൾ മരിച്ചതിനെത്തുടർന്ന് അറസ്റ്റു ചെയ്യപ്പെട്ട പ്രതികളെ മണിക്കൂറുകൾക്കുള്ളിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ ആൾക്കാർ വന്ന് പോലീസ് സ്റ്റേഷനിൽ നിന്ന് ഇറക്കിക്കൊണ്ടു പോകുന്നു. ചേച്ചി തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ട നേരം വീട്ടിലുണ്ടായിരുന്ന ഇളയ മകൾ മുഖം മൂടിയ രണ്ടു പേർ ഓടിപ്പോകുന്നതു കണ്ടതായി പറഞ്ഞു. അവളുടെ അമ്മയോടും പോലീസിനോടും പറഞ്ഞു. പോലീസ് അതു രേഖപ്പെടുത്തിയില്ല. അവൾ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതു കണ്ടിട്ടുണ്ടെന്ന രക്ഷിതാക്കളുടെ മൊഴിയും രേഖപ്പെടുത്തപ്പെട്ടില്ല.

2017 മാർച്ച് 4.

ഇളയ കുട്ടി അതേ ഉത്തരത്തിൽ തൂങ്ങിയാടി. അവളുടെ മരണത്തെ തുടർന്നാണ് ആദ്യത്തെ കുട്ടിയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടു രക്ഷിതാക്കൾക്കു കിട്ടിയത്.

രണ്ടു കുട്ടികളുടെയും പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ അവർ പല തവണ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടതിന്റെ തെളിവുകൾ ഉണ്ടായിരുന്നു. ഇരുവരുടെയും മലദ്വാരവും ചുറ്റുപാടും വ്രണിതമായിരുന്നു. കുട്ടികൾക്ക് ക്ലാസിലെ ബെഞ്ചിൽ ഇരിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നുവത്രെ. കൊലപാതകമാകാനുള്ള സാധ്യത തള്ളിക്കളയാനാകില്ലെന്ന പോസ്റ്റുമോർട്ടം സർജന്റെ സൂചനകൾ അന്വേഷണ ഉദ്യോഗസ്ഥന്മാർ പാടേ അവഗണിച്ചു. കുട്ടികളുടെ ശവശരീരം ഏതോ ശ്മശാനത്തിൽ കൊണ്ടുപോയി കത്തിച്ചു കളഞ്ഞു. അവരുടെ നോട്ടുപുസ്തകങ്ങളും ബാഗുകളുമടക്കം എല്ലാം ദുർമരണപ്പെട്ടതിനാൽ ദുശ്ശകുനമാണെന്നു പറഞ്ഞ് കത്തിച്ചു കളഞ്ഞു.

പ്രതിഭാഗം വക്കീൽ ശിശുക്ഷേമ സമിതി ചെയർമാനായിരുന്നു. ഇക്കാര്യം ചൂണ്ടിക്കാണിച്ച പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. ജലജാമാധവനെ തൽക്ഷണം മാറ്റി യു ഡി എഫ് ഭരണകാലത്തെ പ്രോസിക്യൂട്ടറെ തൽസ്ഥാനത്തു നിയമിക്കുകയും ചെയ്തു.

പോക്സോ വകുപ്പുകൾ ചുമത്തി അറസ്റ്റു ചെയ്യപ്പെട്ട പ്രതികളെ തെളിവില്ലെന്നു പറഞ്ഞ് 2019 ഒക്ടോബർ 25 ന് വെറുതെ വിട്ടു. ദേശീയ ബാലാവകാശ കമ്മീഷൻ വാളയാർ രക്ഷിതാക്കളെ സന്ദർശിക്കാൻ വന്നു. എന്നാൽ ഒരു സാമുദായിക നേതാവ് അവരെ ഒക്ടോബർ 30 ന് തിരുവനന്തപുരത്തേക്കു കൊണ്ടുപോവുകയും ഒക്ടോബർ 31 ന് മുഖ്യമന്ത്രി സമക്ഷം എത്തിക്കുകയും ചെയ്തു. ദേശീയ ബാലാവകാശ കമ്മിഷൻ അവരെ കാണാതെ മടങ്ങിപ്പോയി. കൊലക്കേസിൽ കുറ്റാരോപിതനായ ഒരു പ്രശസ്ത വക്കീലിനെ ആ സാമുദായിക നേതാവു തന്നെ രക്ഷിതാക്കൾക്കായി ഏർപ്പാടു ചെയ്തു കൊടുത്തു.


ഇതിനിടയിൽ അന്വേഷണ ഉദ്യോഗസ്ഥനായിരുന്ന ഡിവൈഎസ്പി സോജന്റെ വിവാദ പരാമർശങ്ങൾ പുറത്തായി. ഈ കുട്ടികൾ ഇതാസ്വദിച്ചിരുന്നുവെന്ന് നിർലജ്ജം ആ പോലീസുദ്യോഗസ്ഥൻ ഒരു ചാനലിനോടു പറഞ്ഞു. പോക്സോ കേസായതിനാൽ അന്വേഷണ ഉദ്യോഗസ്ഥനെ പിരിച്ചുവിടണമെന്ന പൊതുജനാവശ്യം ഉയർന്നു. എന്നാൽ സർക്കാർ ഈ ഉദ്യോഗസ്ഥന് എസ്. പി. യായി സ്ഥാനക്കയറ്റം നല്കുകയാണുണ്ടായത്

ഇത്തരമൊരു സാഹചര്യത്തിലാണ് വാളയാർ കേസ് പുനരന്വേഷിക്കണമെന്ന ആവശ്യമുയർന്നത്. തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുമ്പിൽ കഴിഞ്ഞ ഒരു വർഷമായി സമരം നടന്നു വരികയാണ്. 2020 ഒക്ടോബർ 25 മുതൽ 31 വരെ വാളയാറിൽ അവരുടെ വീട്ടുമുറ്റത്തും സമരം നടന്നു.

2020 ഒക്ടോബർ 4ന് വാളയാർ കേസിലെ മൂന്നാം പ്രതി പ്രദീപ് കുമാറിനെ വയലാറിലെ വീട്ടിൽ ആത്മഹത്യ ചെയ്ത നിലയിൽ കാണപ്പെട്ടു. ഇയാൾ ദുരൂഹ സാഹചര്യത്തിലാണ് കുട്ടികളുടെ വീട്ടിനടുത്ത് വാടകക്കു താമസിച്ചിരുന്നത്. അയാൾക്കൊരു സ്ഥിര ജോലി പോലും ഉണ്ടായിരുന്നില്ല. ആരാണിയാളെന്ന അന്വേഷണം പോലീസിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. ഇയാളുടെ തൂങ്ങിമരണം ദുരൂഹമാണെന്ന അഭിപ്രായം പരക്കേ ഉയർന്നിട്ടുണ്ട്.

ഏതു കോണിൽ നിന്നു നോക്കിയാലും ഈ കേസിലെ അന്വേഷണം അപര്യാപ്തവും നിരുത്തരവാദപരവുമായിരുന്നു എന്നു കാണാവുന്നതാണ്. അതു കൊണ്ടു തന്നെ ഹൈക്കോടതി നിരീക്ഷണത്തിലുള്ള ഒരന്വേഷണമാണു നടക്കേണ്ടത്. തികച്ചും പുതിയ അന്വേഷണ ഉദ്യോഗസ്ഥർ, പുതിയ എഫ്. ഐ. ആർ. , പുതിയ കുറ്റപത്രം - എല്ലാം ഉറപ്പാക്കപ്പെടേണ്ടതുണ്ട്. അതോടൊപ്പം കുറ്റക്കാരായ പോലീസുദ്യോഗസ്ഥർ സോജനുൾപ്പടെയുള്ളവരെ പോക്സോ കേസിന്റെ പരിധിയിലേക്കു കൊണ്ടുവരേണ്ടതുമുണ്ട്. എന്തുകൊണ്ടെന്നാൽ പെൺകുട്ടികളുടെ ഭാവി സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് ഒരു ജനാധിപത്യവ്യവസ്ഥയുടെ പ്രാഥമിക കർത്തവ്യങ്ങളിൽ ഒന്നാണ്.

# സ്ത്രീ സൗഹൃദപരമായ സിനിമ മേഖല



**മിനി മോഹൻ**

അധ:സ്ഥിതരുടെ അവകാശപ്പോരാട്ടങ്ങളിൽ മുന്നണിപ്പടയാളിയാണ്. രാജ്യത്തിനകത്തും പുറത്തുമുള്ള ട്രേഡ് യൂണിയനുകളോട് ചേർന്ന് എല്ലാ തുറകളിലുമുള്ള പൗരാവകാശങ്ങൾക്കായി പ്രവർത്തിക്കുന്നു.

കോവിഡാനന്തര കാലഘട്ടത്തിലേക്ക് കടന്നുവന്ന ന്യൂ നോർമ്മൽ എന്ന പുതിയ സന്തുലനാവസ്ഥയെക്കുറിച്ച് ഏറെ ചർച്ച ചെയ്യുന്ന സമയമാണെല്ലോ? സാമൂഹികവ്യവസായിക സാമ്പത്തിക ആരോഗ്യ തുടങ്ങിയ എല്ലാ ട്രേഡിംഗ് മേഖലകളും പുതിയ നയ രൂപീകരണങ്ങളുമായി മുന്നോട്ടു പോകുമ്പോൾ ഇന്ത്യൻ സാമ്പത്തികത്തിന്റെ നല്ലൊരു പങ്കും വഹിക്കുന്ന സിനിമ മേഖല ഇത്തരം നയപരമായ എന്തെങ്കിലും ഇടപെടലുകളിൽ എവിടെയെങ്കിലും ഉണ്ടോ? സിനിമ തൊഴിൽ മേഖലയായും തൊഴിലിടമായും അംഗീകരിക്കുവാൻ കഴിയാത്ത അവസ്ഥയിൽ ഇന്നും തുടരുമ്പോൾ Post Pandemic New Normal Cinema മേഖലയെ പുനർഃവിചിന്തനം അനിവാര്യമാണ്.

ഏതു തൊഴിൽ ഇടവും സ്ത്രീസൗഹൃദ്ദവും സുരക്ഷയും ആരോഗ്യ പ്രതിരോധകരവും ആയിരിക്കണം എന്ന് അന്താരാഷ്ട്ര തൊഴിൽ നിയമങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കപ്പെടുന്നുവോ?

തൊഴിൽമേഖലയും തരം തിരിവുകളിൽ

സാംസ്കാരിക തൊഴിലിടം എന്നു നിശ്ചയിക്കപ്പെടുന്ന ഇടം ആയ സിനിമാ മേഖല നിർവചന ആശയ മൂടുപടത്തിൽ ഒതുക്കി പുരോഗമനാത്മകമായ യാതൊരു നയ രൂപീകരണത്തിലും ഭാഗഭാക്കാകാതെ ഉപരിപ്ലവമായ രസരീതി ശാസ്ത്രത്തിലും മൂലധന ക്രമീകരണത്തിലും മാത്രം ഊന്നി നിന്നു ചർച്ച ചെയ്യുവാനാണ് സാംസ്കാരിക പ്രമുഖർ എന്നും തത്പരർ ആയിരുന്നിട്ടേയുള്ളൂ. തൊഴിൽ സരണിയിലെ ഫ്രീലാൻസർ എന്ന പദവിയിൽ വളരെ കുറഞ്ഞ അംഗങ്ങൾ മാത്രം പണിയെടുക്കുകയും (തിരക്കഥ, സംവിധാനം) ബാക്കി എല്ലാം ഓഡീഷൻ തുടങ്ങി തിയറ്റർ വരെയെത്തുന്ന എല്ലാ ഇടങ്ങളിലും മൾട്ടി സ്ട്രക്ചർ എംപ്ലോയിമാരാൽ നിയന്ത്രിക്കപ്പെടുന്ന ഒരു സർവ്വീസ് മേഖലയാണ് യഥാർത്ഥത്തിൽ സിനിമവ്യവസായ മേഖലയും . ആർട്ടിസ്റ്റിക്ക് ഹൗസ് സിനിമ നിർമ്മാണവും. വ്യവസായ മേഖലകളുടെ കോർപ്പറേറ്റ് വത്കൃതമായ അവസ്ഥയും നിയോ ലിബറൽ പോളിസികളും മറ്റു ഏത് മേഖലയേയും പലതട്ടിൽ ആക്കിയതുപോലെ സിനിമാ വ്യവസായ മേഖലകളുടെ കോർപ്പറേറ്റ് വത്കൃതമായ അവസ്ഥയും നിയോലിബറൽ പോളിസികളും മറ്റ് ഏതു മേഖലയും പല തട്ടിൽ ആക്കിയത് പോലെ സിനിമ വ്യവസായത്തെയും പലതരത്തിൽ ചെറുകിട വൻകിട തൊഴിൽ ദാതാക്കൾ ആണ് സൃഷ്ടിച്ചത്. ഓഡിഷൻ മുതൽ തിയേറ്റർ കളക്ഷൻ വരെയുള്ള എല്ലാ മേഖലയിലും ടെക്നീഷ്യന്മാരും കായിക



അധ്യായന പ്രിയരും എല്ലാം ഇന്റലക്ചറൽ എക്സലൻസി ആണ്. തെരഞ്ഞെടുക്കപ്പെടേണ്ടത് എന്നയിടത്താണ് vdepotism , അപ്രമേയമായ അധികാരശ്രേണി വൈഭവം എന്നീ അധികാര പ്രയോഗങ്ങളിലൂടെ ഈ മേഖല കടന്നു പോകുന്നത്. നടന വൈഭവങ്ങളുടെ രസ കൂട്ടായ്മയിൽ കടന്നുകൂടുന്ന വഴിമാറി സഞ്ചാരങ്ങൾ എല്ലാം ഈ മേഖലയിലെ പ്രാഥമിക ഉന്നമനം  തൊഴിൽപരമായ സാംസ്കാരിക നിലവാരം ഉയർത്തി നിർത്തുക എന്നിവയ്ക്ക് ഊന്നൽ നൽകുന്നില്ല. എന്ന് നിലവിൽ സിനിമ മേഖലയ്ക്ക് വേണ്ടി ഉണ്ടായിട്ടുള്ള ഓരോ നിയമങ്ങളെയും എടുത്ത് പരിശോധിച്ചാൽ കാണുവാൻ കഴിയും.  നിർമ്മാതാവിന്റെ സ്വതന്ത്ര അവകാശത്തിന്മേൽ കെട്ടിപ്പൊക്കിയ ഓരോ നിയമങ്ങളിലും കരാർ എന്നത് വലുതും ചെറുതുമായ എല്ലാ കലാ ടെക്നീഷ്യന്മാർക്കും കീഴാള പ്രാതിനിധ്യവും അവകാശവും മാത്രമാണ് നൽകിയിട്ടുള്ളത്.

സിനിമ കാഴ്ച അവകാശമായി ചോദിച്ചു സിനിമാശാലകൾ തങ്ങളുടെ സൗകര്യത്തിനു ആവണമെന്ന് 1926 കൊല്ലം പട്ടണത്തിലെ ഫാക്ടറി വനിതാ തൊഴിലാളികളുടെ അവകാശം ചോദിച്ചു വന്നു എങ്കിലും സിനിമയിലെ അണിയറയിൽ സ്ത്രീ പ്രാതിനിധ്യം വേണമെന്ന് ആവശ്യം ഉന്നയിക്കാൻ സ്ത്രീകൾക്ക് ഇടമില്ലാത്ത ഇടമായി സിനിമ അണിയറകൾ നിറഞ്ഞുനിൽക്കുകയായിരുന്നു. സിനിമ ഡിസ്ട്രിബ്യൂഷൻ , തിയേറ്റർ നികുതി എന്നിവയിൽ മാത്രം ഊന്നിയുള്ള ചർച്ച മാത്രമായി സിനിമാ മേഖല ഒതുങ്ങി നിൽക്കുക. പല മേഖലകളിലും പേരിനു പോലും സ്ത്രീപ്രാതിനിധ്യം ഉണ്ടാക്കുവാനുള്ള സംവരണ ഇടങ്ങളാണ് സിനിമയും സാഹിത്യത്തിലെന്ന പോലെ സിനിമയിലും സ്ത്രീകളുടെ ഇടം കൃത്യമായി നേടിയെടുക്കാനായി പ്രയത്നിച്ചും കൊണ്ടിരിക്കുകയാണ്. ചലിച്ചു കൊണ്ട് തുടങ്ങിയ ചിത്രത്തിന്റെ ചരിത്രത്തിൽ രക്തസാക്ഷിയാകേണ്ടി വന്നതും സിനിമ സ്ത്രീ തൊഴിലാളിയായ സ്ത്രീയാണ് എന്നതും ചരിത്രപരമായ വർഗ്ഗ ലിംഗ സത്യമാണ്. സിനിമയിലെ പിന്നണി ഗായികയായ പി.ലീലയും സരോജിനിയുമെല്ലാം വർഗ്ഗ ലിംഗ അസമത്വം നേരിട്ട സ്ത്രീ തൊഴിലാളികളായിരുന്നു . മിസ് കുമാരി യിലേക്ക് എത്തുമ്പോൾ അത് വർഗ്ഗ ലിംഗ അസമത്വത്തിൽ നിന്നും ദളിത ലിംഗ വിവേചനങ്ങളുടെ അളവുകോലുകളുടെ വിടവുകളോളം വലുതാവുകയാണ് ചെയ്തത്. മൂലധന വിതരണം നടത്തുന്ന എന്റർടെയ്ൻമെന്റ് സെക്ടർ ആയ ഇവന്റ് മാനേജ്മെന്റ് പോലും തൊഴിൽമേഖലയെ ഡിഫൈൻ ചെയ്ത് തൊഴിലാളി അവകാശങ്ങളേയും വേതന നിർണയവും തൊഴിലിട ലൈംഗിക മാനസികപീഡനം നിയമങ്ങളെ കുറിച്ച്



- സ്ത്രീസൗഹൃദ തൊഴിലിട പരിശീലനങ്ങൾ നടപ്പിലാക്കണം.
- ഏതുതരം വയലൻസും ലൊക്കേഷനുകൾ തുടർ തൊഴിൽ സ്ഥലങ്ങൾ ഇവിടങ്ങളിൽ ഉണ്ടാകുവാനും ആവർത്തിക്കാനും അവസരങ്ങൾ ഉണ്ടാകരുതും.
- സൈബർ പരിരക്ഷ ഉറപ്പുവരുത്തുന്നു.
- ഐസിസി 28 വനിതാ ചെയറിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക .
- ഹേമ കമ്മീഷൻ റിപ്പോർട്ട് പൊതുസമൂഹത്തിൽ ചർച്ചക്കു വയ്ക്കുകയും ലിംഗനീതി നിർദ്ദേശങ്ങൾ പരാതി നൽകിയവർക്ക് പൊതു നിർദ്ദേശങ്ങൾ കൂടി സ്വാംശീകരിച്ച് നടപ്പിലാക്കാനും ശ്രദ്ധിക്കുക .
- പെൻഷൻഫണ്ട് (സാംസ്കാരിക പെൻഷൻഫണ്ട്) സിനിമ മേഖലയ്ക്ക് പ്രത്യേകമായി അനുവദിക്കുക .
- സിനിമാമേഖലയിലെ സഹജസ്വഭാവം പരിഗണിച്ച് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.
- തദ് അനുസരണമായി ടാക്സ്,  പ്രോഫിറ്റ് വെൽഫെയർ ഫണ്ട് മാറ്റിവയ്ക്കുക.
- സിനിമാ മേഖലയിലെ പ്രവർത്തനങ്ങൾ ഇടം നൽകുക.

ചർച്ച ചെയ്യുവാനും തയ്യാറായിട്ടും കോടതികൾ മൂലധന നിക്ഷേപം നടത്തുന്ന സിനിമ ഇൻഡസ്ട്രി ഇന്നും തൊഴിൽ നിയമങ്ങൾ ചർച്ചചെയ്യുകയോ രൂപീകരിക്കുകയോ നിയമങ്ങൾ നടപ്പിലാക്കുവാനോ ഉള്ള പ്രാഥമിക നടപടികൾക്കു പോലും തയ്യാറാവാൻ ധൈര്യം കാണിക്കാത്തത്.

മറ്റ് ഏതു തരം സിസ്റ്റത്തെ പോലെ തന്നെ ഇവിടെയും കോടികൾ മുതൽ മുടക്കുന്നവനും. പരസഹായത്താലും ലോണുകൾ മുഖാന്തരം ഇൻവെസ്റ്റ് ചെയ്യുന്നവനും. കോടികൾക്ക് കരാർ ഉണ്ടാക്കുന്നവരും ദൈനംദിന വേതനം നിശ്ചയിക്കപ്പെടുന്നവനും എന്ന അന്തരം നിലനിൽക്കുന്ന മൾട്ടി സ്ട്രക്ച്ചറൽ ഇൻഡസ്ട്രി തന്നെയാണ് സിനിമ ഇൻഡസ്ട്രിയും തട്ടുകളും തലങ്ങളും തിരിക്കേണ്ട ആവശ്യകത ഇവിടെയുണ്ട്. കോർപ്പറേറ്റ് മൂല്യബോധവും റാഡിക്കൽ മൂല്യബോധവും ഒരുമിപ്പിക്കേണ്ടതും ഏകോപിപ്പിക്കാൻ ആവശ്യമായ സമീപന നയം രൂപീകരിക്കേണ്ടതുണ്ട്. സെക്ടോറിയൽ വേതന തൊഴിൽ അവകാശങ്ങൾ നിർണ്ണയിക്കപ്പെടേണ്ടതുണ്ട്. ലിംഗ, വർഗ്ഗ, സംരക്ഷണ നിയമങ്ങൾ ഉറപ്പുവരുത്തേണ്ടതുണ്ട്. തൊഴിൽ സുരക്ഷാ മാനദണ്ഡങ്ങളിൽ ലിംഗബോധത്തിൽ ഊന്നിയുള്ള ആരോഗ്യപരിരക്ഷ . സുരക്ഷിത തൊഴിലിട പ്രോട്ടോകോളുകൾ രൂപീകരിക്കേണ്ടതുണ്ട് . (കീറത്തുണി മറച്ചു കൊടുക്കൽ അല്ല പരിരക്ഷ എന്ന മനോഭാവം മാറണം. പരിഷ്കൃത സാമൂഹിക ബോധങ്ങൾ നിർണയിക്കപ്പെടണം) പ്രൊഫഷണൽ ജോബ് കോൺട്രാക്ട് ഉണ്ടാവുകയും കോൺടാക്ട് ഒബ്ലിക്ട് ആയിരിക്കുകയും വേണം. തൊഴിൽ സംരക്ഷണ നടപടിക്രമങ്ങൾ നടപ്പിലാക്കേണ്ടതും ആവശ്യമായ സ്കിൽ അപ്ഗ്രേഡേഷൻ നടപ്പിലാക്കേണ്ടതും ആവശ്യമാണ്. വിലപേശൽ എന്നതിൽ നിന്നും മാറി സംരക്ഷിത വർഗ്ഗ അവകാശബോധം സൃഷ്ടിക്കപ്പെടണം.

ക്രിമിനൽ പശ്ചാത്തലങ്ങൾ, സീരിയലൈസ്ഡ് ക്രൈം എന്നീ പശ്ചാത്തലമുള്ളവർക്ക് തൊഴിലിട പ്രവേശന നിഷേധങ്ങൾക്ക് മാർഗ്ഗനിർദേശം നൽകുന്ന മോഡ്യൂൾ പ്രസിദ്ധീകരിച്ച നടപ്പിലാക്കണം.

■ സ്ത്രീസൗഹൃദ തൊഴിലിട പരിശീലനങ്ങൾ നടപ്പിലാക്കണം.

■ ഏതുതരം വയലൻസും ലൊക്കേഷനുകൾ തുടർ തൊഴിൽ സ്ഥലങ്ങൾ ഇവിടങ്ങളിൽ ഉണ്ടാകുവാനും ആവർത്തിക്കാനും അവസരങ്ങൾ ഉണ്ടാകരുതും.

■ സൈബർ പരിരക്ഷ ഉറപ്പുവരുത്തുന്നു.

■ ഐസിസി 28 വനിതാ ചെയറിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക .

■ ഹേമ കമ്മീഷൻ റിപ്പോർട്ട് പൊതുസമൂഹത്തിൽ ചർച്ചക്കു വയ്ക്കുകയും ലിംഗനീതി നിർദ്ദേശങ്ങൾ പരാതി നൽകിയവർക്ക് പൊതു നിർദ്ദേശങ്ങൾ കൂടി സ്വാംശീകരിച്ച് നടപ്പിലാക്കാനും ശ്രദ്ധിക്കുക .

■ പെൻഷൻഫണ്ട് (സാംസ്കാരിക പെൻഷൻഫണ്ട്) സിനിമ മേഖലയ്ക്ക് പ്രത്യേകമായി അനുവദിക്കുക .

■ സിനിമാമേഖലയിലെ സഹജസ്വഭാവം പരിഗണിച്ച് ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുക.

■ തദ് അനുസരണമായി ടാക്സ്, പ്രോഫിറ്റ് വെൽഫെയർ ഫണ്ട് മാറ്റിവയ്ക്കുക.

■സിനിമാ മേഖലയിലെ പ്രവർത്തനങ്ങൾ ഇടം നൽകുക.

സംഘടനാ സ്വാതന്ത്ര്യം നൽകുക. സ്ത്രീ പ്രാതിനിധ്യം സമസ്ത മേഖലകളിലും 1/3 എങ്കിലും തുടക്കത്തിലും തുടർന്ന് 50:50എന്ന അനുപാതത്തിൽ ഉറപ്പുവരുത്തുക. മാറിയ ലോകത്തെ യഥാർത്ഥ സ്ഥിതിഗതികൾ നിരീക്ഷണം ചെയ്ത ആവശ്യങ്ങളും അവകാശങ്ങളും മനസ്സിലാക്കി അവയെ സമാർജ്ജിക്കുവാൻ ഒത്തു പരിശ്രമിക്കുക .

മറ്റുള്ളവർ വാദിച്ച് പ്രശ്നങ്ങൾ പരിഹരിക്കും എന്നല്ല ഉണർന്നു രാഷ്ട്രീയ സ്വാതന്ത്ര്യത്തിനായി പോരാടുകയും പുരുഷന്മാരുടെ അനുഭാവം ആനുകൂല്യവും ചോദിച്ചു വാങ്ങുകയും ചെയ്യേണ്ടതാണ്. ഡബ്ല്യുസിസി സമരങ്ങൾ ഒക്കെയും അകവും പുറവും ഉള്ള ഉൾരാഷ്ട്രീയ ബോധങ്ങൾ ആണ് . വൈവിധ്യമുള്ളതും ഇവയെല്ലാം സഹജരെ രാഷ്ട്രീയ ബോധ്യമുള്ളവരായി ഉയർത്തിക്കൊണ്ടോ വരുന്നുണ്ട്. സാമ്പത്തിക നേട്ടങ്ങൾക്കതീതമായി ചിന്തിക്കുവാനും പഠിക്കുവാനും ചർച്ചകൾക്ക് വേദി ഒരുക്കുവാനും മാറ്റങ്ങൾക്ക് വേണ്ടി യുള്ള തുറവി ഉണ്ടാക്കുവാനും സഹായകരമായിട്ടുണ്ട് . അടച്ച മുറിയിലെ മീറ്റിങ്ങുകളിൽ നിന്നും ഇറക്കി പൊതു വേദിയിലേക്ക് നാവുകളെ ഉയർത്തുവാനും ചോദ്യ മറുചോദ്യങ്ങളായി പൊതുസമൂഹത്തിന്റെ ചിന്താമണ്ഡലങ്ങളിൽ ചെറുതും വലുതുമായ സംവാദങ്ങൾ ഉയർത്തുവാനും ഉള്ള ശേഷി വർധിപ്പിക്കുന്നുണ്ട് . മൂലധന നിക്ഷേപങ്ങളിൽ സൂക്ഷ്മതയോടെ നടക്കണം എന്ന ആശങ്ക ഉണർത്തി കൊണ്ടുവരുവാനും കഴിഞ്ഞത് സ്ത്രീ സിനിമ പോരാളികൾക്ക് അഭിമാനിക്കാവുന്നതാണ്.

കെട്ടകാലത്തിലെ പ്രത്യാശാനന്തര കാലം ഏക താനതയുടെ വാതായനങ്ങൾ ആകാം

ശാസ്ത്രം

സീമ ശ്രീലയം



പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ

# അന്താരാഷ്ട്ര ബഹിരാകാശ നിലയം- മനുഷ്യവാസത്തിന്റെ രണ്ടു പതിറ്റാണ്ടും ആകാശം കൈയെത്തിപ്പിടിച്ച വനിതകളും.

"ഒരു പക്ഷിക്ക് ഒറ്റച്ചിറകിനാൽ മാത്രം പറക്കാനാവില്ല. മനുഷ്യന്റെ ബഹിരാകാശപ്പറക്കലിൽ ഇനിയും സ്ത്രീകളുടെ സജീവ സാന്നിധ്യമില്ലാതെ മുന്നോട്ടു പോവാൻ സാധിക്കില്ല" ആദ്യ വനിതാ ബഹിരാകാശ സഞ്ചാരിയായ വാലന്റീന തെരഷ്ക്കോവയുടെ വാക്കുകളാണിത്. ഇത് വാസ്തവമാണെന്ന് കാലം തെളിയിച്ചു കഴിഞ്ഞു. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ മനുഷ്യൻ സ്ഥിരതാമസമാക്കാൻ തുടങ്ങിയിട്ട് ഈ നവംബർ 2-ന് രണ്ടു പതിറ്റാണ്ടു തികയുമ്പോൾ ആകാശം കൈയെത്തിപ്പിച്ച വനിതകളുടെ, ബഹിരാകാശ സഞ്ചാരമൊന്നും സ്ത്രീകൾക്കു പറഞ്ഞിട്ടുള്ളതല്ലെന്ന ധാരണ തിരുത്തിക്കുറിച്ച വനിതകളുടെ വിജയഗാഥ കൂടിയാണ് നമുക്കു മുന്നിലുള്ളത്. ഒപ്പം കഠിന പരിശീലനം ലഭിച്ചിട്ടും ഒരിക്കൽപ്പോലും ബഹിരാകാശപ്പറക്കൽ നടത്താൻ കഴിയാതെ പോയ മെർക്കുറി 13 പ്രോജക്റ്റിലെ





വനിതകളെപ്പോലെ സ്വപ്നങ്ങളുടെ ചിറകരിയപ്പെട്ടവരുമുണ്ട്. അന്താരാഷ്ട്ര ബഹിരാകാശ നിലയമടക്കം വിവിധ ബഹിരാകാശ ഗവേഷണ പ്രോജക്റ്റുകളുടെ പിന്നണിയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചിട്ടും അർഹിക്കുന്ന അംഗീകാരം കിട്ടാതെ പോയ, വെള്ളിവെളിച്ചത്തിലേക്ക് എത്താതെ പോയ വനിതകളും നിരവധി. എക്സ്പെഡിഷൻ-1 എന്ന ദൗത്യത്തിൽ സോയൂസ് ടി.എം 31 എന്ന റഷ്യൻ പേടകത്തിലേറി ബിൽ ഷെപ്പേഡ് എന്ന അമേരിക്കൻ ആസ്ട്രോനോട്ടും യൂറി ഗിഡ്സെൻകോ, സെർജി ക്രിക്കലേവ് എന്നീ റഷ്യൻ കോസ്മോനോട്ടുകളുമാണ് ആദ്യമായി നമ്മുടെ തലയ്ക്കു മീതെ ഭൂമിയെ ചുറ്റുന്ന ഈ ബഹിരാകാശ പരീക്ഷണ നിലയത്തിലെ താമസക്കാരായത്. ഈ ദൗത്യത്തിൽ സ്ത്രീകളാരും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ 2001-ൽ, രണ്ടാമത്തെ ദൗത്യ സംഘത്തിനൊപ്പം സൂസൻ ജെ,ഹെൻസ് എന്ന

യു.എസ്. വനിതയുമുണ്ടായിരുന്നു.

എന്നാൽ 2020 മാർച്ച് വരെയുള്ള കണക്കെടുത്താൽ 65 സ്ത്രീകൾ ബഹിരാകാശ യാത്ര നടത്തിക്കഴിഞ്ഞു. ഇതിൽ 38 സ്ത്രീകൾ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ദീർഘനാൾ താമസിക്കുകയും ശ്രമകരമായ പരീക്ഷണങ്ങളും ബഹിരാകാശ നടത്തങ്ങളുമൊക്കെ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. അപാരമായ മനക്കരുത്തും ശാരീരിക ക്ഷമതയും കഠിനാധ്വാനവും തീവ്ര പരിശീലനവും ആവശ്യമായ ബഹിരാകാശ പര്യവേക്ഷണങ്ങളിൽ നിന്ന് സ്ത്രീകളെ ഒഴിച്ചു നിർത്താൻ കഴിയില്ല എന്ന സ്ഥിതി യാഥാർത്ഥ്യമായിക്കഴിഞ്ഞു. ഗുരുത്വാകർഷണത്തിന്റെ അഭാവത്തിലുള്ള ജീവിതം,



ബഹിരാകാശ പരീക്ഷണങ്ങൾ, സ്പേസ് വാക്ക്, ബഹിരാകാശ നിലയത്തിന്റെ അറ്റകുറ്റപ്പണികൾ തുടങ്ങി അതിസങ്കീർണ്ണമായ ദൗത്യങ്ങളിലെല്ലാം സ്ത്രീകൾ മികവു തെളിയിച്ചു കഴിഞ്ഞു.

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള പറക്കൽ ദൗത്യങ്ങളിൽ വനിതകൾ കൈയെത്തിപ്പിടിച്ച റെക്കോർഡുകളും നിരവധി. 377 ദിവസം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ചെലവഴിച്ചു ചരിത്രം കുറിച്ച വനിതയാണ് പെഗ്ഗീ വിറ്റ്സൺ. അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ ആദ്യ വനിതാ കമാൻഡർ എന്ന നേട്ടവും ഈ അമേരിക്കക്കാരിക്കു സ്വന്തം. രണ്ടു തവണയായി ആകെ 322 ദിവസം ബഹിരാകാശത്തു വസിച്ച ഇന്ത്യൻ വംശജയാണ് സുനിതാ വില്ല്യംസ്. വിവിധ രാജ്യങ്ങളുടെ അതിരുകളോ മതിൽക്കെട്ടുകളോ ഇല്ലാത്ത ഭൂമിയാണ് താൻ ബഹിരാകാശത്തിരുന്നു കണ്ടതെന്നാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ രണ്ടാമത്തെ വനിതാ കമാൻഡർ കൂടിയായ സുനിത അഭിപ്രായപ്പെട്ടത്. എക്സ്ട്രാ വെഹിക്കുലാർ ആക്റ്റിവിറ്റി എന്ന ബഹിരാകാശ നടത്തിലും സുനിതാ വില്ല്യംസ് റേക്കോർഡിട്ടു. ആദ്യമായി സ്പേസ് ഷട്ടിൽ കമാൻഡർ സ്ഥാനം അലങ്കരിച്ച വനിതയാണ് എയ്‌ലീൻ കോളിൻസ്. അഞ്ചു തവണ ബഹിരാകാശപ്പറക്കൽ നടത്തിയ വനിതയാണ് ഷാനൻ ലൂസിഡ്. ആദ്യമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് വിനോദ സഞ്ചാരം നടത്തിയ വനിതയാണ് അനൂഷെ അൻസാരി. ഇറാനിൽ ജനിച്ച് പിന്നീട് അമേരിക്കൻ പൗരത്വമെടുത്ത അനൂഷെ 2006-ൽ റഷ്യയുടെ സോയൂസ് പേടകത്തിലേറിയാണ് ബഹിരാകാശ വിനോദയാത്ര നടത്തിയത്.

ബഹിരാകാശ സ്വപ്നങ്ങൾ കൈയെത്തിപ്പിടിച്ചു മടങ്ങുന്നതിനിടെ ഒരു കണ്ണീരോർമ്മയായി മാറിയ വനിതയാണ് കല്പനാ ചൗള. ഹരിയാനയിലെ കർണാലിൽ ജനിച്ച് ആകാശത്തെയും നക്ഷത്രങ്ങളെയും സ്നേഹിച്ച കല്പന നാസയുടെ കൊളംബിയ പേടകത്തിൽ രണ്ടു തവണ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പറന്നു. എന്നാൽ 2003 ഫെബ്രുവരി 1 ന് ഭൂമിയിലേക്കുള്ള മടക്കയാത്രയിൽ കൊളംബിയ സ്പേസ് ഷട്ടിലിനു തീ പിടിച്ചപ്പോൾ കല്പ്നയടക്കം ഏഴു ബഹിരാകാശ സഞ്ചാരികളുടെ ജീവനാണ് പൊലിഞ്ഞു പോയത്.

സ്ത്രീകൾ മാത്രമടങ്ങുന്ന ബഹിരാകാശ നടത്തത്തിലൂടെ കഴിഞ്ഞ വർഷം ജെസീക്ക മെയറും ക്രിസ്റ്റീന കോക്കും ചരിത്രത്തിൽ ഇടം പിടിക്കുന്നത് ലോകം കൈയടിയോടെ വീക്ഷിച്ചു. ഏഴു മണിക്കൂർ നീണ്ട ബഹിരാകാശ 'നടത്ത'ത്തിനിടെ ബഹിരാകാശ നിലയത്തിലെ ചില അറ്റകുറ്റപ്പണികളും ഇവർ വിജയകരമായി പൂർത്തിയാക്കി. ഇതു വരെ പന്ത്രണ്ടു വനിതകൾ സ്പേസ് വാക്ക് നടത്തിയിട്ടുണ്ട്. റഷ്യൻ ബഹിരാകാശ യാത്രികയായ സ്വെറ്റ്ലാന സവിറ്റ്സ കയാണ് സ്പേസ് വാക്ക് നടത്തിയ ആദ്യ വനിത. 2010-ൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള എസ്.ടി.എസ്- 131 ദൗത്യത്തിലെ ഏഴു പേരിൽ നാലു പേർ സ്ത്രീകളായിരുന്നു. ഡൊറോത്തി മെറ്റ്കാഫ് ലിൻഡർബർഗർ, സ്റ്റെഫാനീ വിൽസൺ, നവോകോ യാമസാക്കി, ട്രേസി കാഡ്‌വെൽ ഡൈസൺ എന്നിവരാണ് ആ ചരിത്രം കുറിച്ച വനിതകൾ. ഇങ്ങനെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിന്റെ ചരിത്രത്തിലും ബഹിരാകാശ ഗവേഷണങ്ങളിലുമൊക്കെ വിസ്മയ നേട്ടങ്ങൾ കൈയെത്തിപ്പിടിച്ച വനിതകൾ നിരവധിയാണ്. ബഹിരാകാശം നമുക്ക് അകലെയകലെയല്ല മറിച്ച് അരികെയരികെയാണെന്ന സന്ദേശമാണീ ഗഗന സഞ്ചാരിണികൾ നൽകുന്നത്.

**കഥ**



വത്സല നിലമ്പൂർ

# വികാരങ്ങളുടെ കളിയൂഞ്ഞാൽ

**വൈ**ശാഖ് അങ്ങനെയാണ്. ആരുമായും വലിയ അടുപ്പമില്ല. കൂട്ടുകൂടുന്നതോ സഹപാഠികളായാലും കസിൻസായാലും പെൺകുട്ടികളോടുമാത്രം. ഒരു ആണകലം എന്നും അവൻ സൂക്ഷിച്ചിരുന്നു. വീട്ടിൽ വേനലവധിക്കു വരുന്ന കസിൻസിന്റെ ഡ്രസ്സുകൾ കാണാതാവുന്നത് പതിവായിരുന്നു. അതിന് പാവം വീട്ടുവേലക്കാരി വഴക്കു കേൾക്കും.

ഒരു ഓണക്കാലം. അവധിക്കാലമായതിനാൽ ശോഭ ടീച്ചർ വീടുവൃത്തിയാക്കാൻ തുടങ്ങി. വൈശാഖിന്റെ മുറി പൂട്ടിയിട്ടിരുന്നു. ഏഴാം ക്ലാസിൽ എത്തിയതോടെ അവൻ സ്വന്തം ലോകം എന്ന പോലെ ആ മുറി പൂട്ടി സൂക്ഷിച്ചിരുന്നു.

ശോഭ ടീച്ചർ സ്പെയർ കീ തപ്പിയെടുത്തു മുറി തുറന്നു.

അടുക്കും ചിട്ടയുമുള്ള പരിചരണം കണ്ടു അവർക്ക് മകനെപ്പറ്റി അഭിമാനം തോന്നി. കിടയ്ക്ക വിരി ഒന്നു വലിച്ചിട്ടു തലയിണയുടെ സ്ഥാനം ശരിയാക്കി അവർ അലമാരയുടെ കണ്ണാടിവാതിലും ഒന്നു തുടച്ചു. പിന്നെ ചാരിയിട്ടിരുന്ന അലമാരയുടെ കതകു തുറന്നു. മുകൾ തട്ടുകളിൽ നിരതെറ്റാതെ ഒതുക്കിവെച്ച ഇസ്തിരി ഇട്ട വസ്ത്രങ്ങൾ. എന്നാൽ ഏറ്റവും താഴെ കുത്തിനിറച്ച പോലെ ഡ്രസ്സുകൾ. അവർ താഴെ ഇരുന്നു അവ ഒന്നാകെ പുറത്തേക്ക് വലിച്ചിട്ടു. വർണ്ണ വൈവിധ്യങ്ങളുടെ വൈരപ്പൊടികൾ കണ്ണിൽ തടഞ്ഞപ്പോൾ അമ്പരപ്പോടെ ഓരോന്നായി കുടഞ്ഞു നിവർത്തി നോക്കി. മൈനയുടെ നീല ഫ്രോക്ക്, നീരജയുടെ പട്ടുപാവാടയും ജമ്പറും, അനുവിന്റെ വിദേശിയായ ബ്രാകൾ കേതാരയുടെ പട്ടുസാരിയുടെ മാച്ചിങ്ങ്



ബ്ലൗസ് തന്റെ സെറ്റ് മുണ്ട്! ഈ ചെക്കൻ എന്തിനാ ഇങ്ങിനെ....

വേവലാതി ചിലന്തി വലകെട്ടിയ നെഞ്ചൊടെ ശോഭ ടീച്ചർ മുറി അടച്ചു പൂട്ടി.

ട്യൂഷൻ കഴിഞ്ഞു വൈശാഖ് തിരിച്ചെത്തിയപ്പോഴേക്കും ശോഭ ടീച്ചർ അടക്കാനാവാത്ത ക്ഷോഭത്തിലായിരുന്നു.

'എന്താ വൈശാഖ് നിന്റെ ഉദ്ദേശം. കുട്ടികളുടെ കാണാതായ അടിവസ്ത്രങ്ങൾവരെ നിന്റെ അലമാരയിൽ നിന്നാണ് കിട്ടിയത്. എന്തിന്? എന്തിനാ നിനക്ക് ഇതൊക്കെ? എടാ നീ ചെറിയ കുട്ടിയല്ല. പത്തിലാ പഠിക്കുന്നത്. അതിനിടെ ഇങ്ങനെ ഒക്കെ.'

'ഞാൻ നല്ല മാർക്ക് വാങ്ങിക്കുന്നുണ്ടല്ലോ. ഡ്രോയിംഗ് ഡാൻസ് സംഗീതം വയലിൻ എല്ലാത്തിലും മികച്ച് കലാതിലകവുമായി. ഇനിപ്പോ അമ്മക്കെന്താ വേണ്ടേ. അടിയുണ്ടാക്കുന്നില്ല രാഷ്ട്രീയത്തിലില്ല കൂട്ടുകൂടി പേരുചീത്തയാക്കി അമ്മയ്ക്കും അച്ഛനും തലവേദന ഉണ്ടാക്കുന്നില്ല. അതോണ്ട് എന്നെ എന്റെ പാട്ടിനു വിട്ടാമതി ശോഭ ടീച്ചർ കരഞ്ഞുപോയി 'ടാ നീ ഒന്ന് ആങ്കുട്ടികളെപോലെ ജീവിക്ക്. നീ ആൺകുട്ടികളുമായി കൂട്ടുകൂട് വല്ല സ്പോർട്സിലും ചേർന്നു പേരെടുക്ക്. ഇത് ഒരുമാതിരി എപ്പോ നോക്കിയാലും പെൺകുട്ടികളുടെ കൂട്ടത്തിൽ. ന്താ നിനക്ക് പ്രണയിക്കണം എന്നുണ്ടോ അതെങ്കിലും ചെയ്യ്. അല്ല കല്ല്യാണം കഴിക്കണംന്ന് ണ്ടോ അതിനും ഒരു ഇരുപതു വയസ്സെങ്കിലും ആവണ്ടേ '

' അമ്മേ വീണ്ടും വീണ്ടും പറയിക്കല്ലേ. ഞാൻ ആൺകുട്ടി അല്ല '

കയ്യിൽ ഇരുന്ന കനത്ത പുസ്തകം കൊണ്ട് അവർ അവന്റെ തലയ്ക്കടിച്ചു.

' നിന്നെ പ്രസവിച്ചതും ഊട്ടിയും ഉറക്കിയും കുളിപ്പിച്ചും വളർത്തിയതും ഞാനാ. നിന്നെ ആണാണ് എന്നറിഞ്ഞിട്ടുതന്നാ വളർത്തിയത്. അതുകഴിഞ്ഞ് എപ്പഴാ ടാ നീ പെണ്ണാവാൻ തുടങ്ങിയത്? '

അവർ കണ്ടു അവൻ കൈ നഖം കടിച്ചു കാലിന്റെ പെരുവിരൽ കൊണ്ട് നിലത്തെഴുതുന്നു.

'വൈശഖേ വേണ്ട എന്റെ മുന്നിൽ നിന്ന് ഗോഷ്ടി കാണിക്കല്ലേ. അച്ഛൻ അടുത്ത ആഴ്ച വരും ആ മനുഷ്യൻ ജീവൻ പണയം വെച്ച് അതിർത്തിയിൽ കിടന്നു ജോലി ചെയ്യണത് നിന്റെ പെൺവേഷം കെട്ടലു കാണാനാണോ എന്ന് അറിയണോലോ. അച്ഛൻ തീരുമാനിച്ചോളും നീ ആണാണോ പെണ്ണാണോ എന്ന്'

അച്ഛൻ വരുമ്പോഴേക്കും പരീക്ഷ തീരും. എങ്ങനെയും പിടിച്ചു നിൽക്കണം. ഒരു ഡിഗ്രി ഒരു ജോലി. അതുകഴിഞ്ഞ്..... വൈശാഖ് മെല്ലെ ടേബലിന്റെ വാതിൽ തുറന്നു. വിവിധ വർണ്ണങ്ങൾ ചുരത്തുന്ന നഖചായങ്ങളുടെ കൊച്ചു കുപ്പികൾ. ഇളം നിറങ്ങളുള്ള ലിപ്സ്റ്റിക്കുകൾ. മുടി പിന്നുകൾ. തിലകങ്ങൾ. അത്തർ. അവൻ അവയിലേക്ക് മുഖം ചേർത്തു.

വാക്സിങ്ങ് ചെയ്തു തിളക്കം വരുത്തിയ കൈകളെ അവൻ സ്വയം തലോടി. ആ കൈകൾ മറ്റുള്ളവരിൽ ചിരി പടർത്തുന്നത് എപ്പോഴും കണ്ടില്ല എന്നു നടിക്കുന്നു. എക്സാം കഴിഞ്ഞു വേണം മുടിവളർത്താൻ..

സ്വന്തം ശരീരത്തെ അവൻ സ്നേഹിക്കുകയും അതേസമയം വെറുക്കുകയുമായിരുന്നു. ഒരു പെണ്ണുടലുമായി ജനിച്ചിരുന്നെങ്കിൽ....

ആവും. ആയേപറ്റു. ബാത്ത്റൂമിൽ പോകാനവനു മടിയായിരുന്നു. തന്റെ ശരീരത്തിൽ ഏതോ വൈകൃതം പിടികൂടി എന്ന ധാരണ ആയിരുന്നു. 'മുറിച്ചു നീക്കും അവിടെ സ്ത്രീത്വത്തിന്റ കാമനകൾ വിടർത്തും. കൂടെ ചേരുന്ന കൂട്ടുകാരന് അലൗകീകമായ അനുഭൂതികൾ സമ്മാനിക്കാനാകും.... പക്ഷേ, അവിടെ എത്തിച്ചേരാൻ പണം വേണം. ശരിയായ ചികിത്സകളും പരിചരണവും വേണം.

അച്ഛൻ എത്തി. അമ്മയുടെ പരാതികൾ അതിരുകടന്നിരുന്നു. അച്ഛൻ അവന്റെ മുറിതുറന്നു. അദ്ദേഹത്തിന് കത്തിച്ചു നശിപ്പിക്കാൻ ഒരു പാട് വകകളുണ്ടായിരുന്നു അവിടെ. ചാമ്പലായ സ്വപ്നങ്ങൾക്കു മുന്നിൽ അടക്കിപ്പിടിച്ച അമർഷവുമായി അവൻ നിന്നു.

അടുത്ത ചാൻസ് സ്കൂളിൽ നിന്നും. അച്ഛൻ നിസ്സഹായതയോടെ മദ്യപിക്കുന്നതു നോക്കി അവൻ നിന്നു. വേച്ചുവേച്ച് അയാൾ എഴുന്നേറ്റു. കയ്യിൽ പാതി നിറച്ച ഗ്ലാസുമായി വൈശാഖിന്റെ മുന്നിൽ നിന്നു 'ദാ മദ്യമാണ്. നമ്മുടെ സമൂഹത്തിൽ ആണുങ്ങൾ കുടിക്കുന്ന സാധനം. കുടിക്കെടാ'

അവൻ മുഖം തിരിച്ചു. 'എടാ കുടിക്കാൻ. നീ ആൺകുട്ടി ആയ ടെൻഷൻ അല്ലെ. ഇതുകുടിച്ചാൽ എല്ലാ ടെൻഷനും പമ്പകടക്കും. മിലിട്ടറിയാടാ. കുടി' അവൻ പതിയെ സിറ്റിങ്ങ് റൂം വിടാൻ നോക്കി. അയാൾ അവന്റെ കവിളുകൾ വിരൽ കുത്തി പിടിച്ചു വാ പിളർത്തി മദ്യം ഒഴിച്ചു കൊടുത്തു. ഒരു ചീറ്റലോടെ വൈശാഖ് ഒഴിഞ്ഞുമാറി അവന്റെ മുറിയിലേക്കുനടന്നു. താളാത്മകമായ ആ നടപ്പ് അദ്ദേഹത്തിൽ കോപം ആളിക്കത്തിച്ചു. ഒറ്റ കുതിപ്പിന് അവനെ കയറിപ്പിടിച്ച് മുറിയിലേക്ക് കൂടെ കയറി. 'നീ ആണാണോ പെണ്ണാണോ ഇന്ന് ഞാൻ തിരുമാനിക്കും.' അവന്റെ വസ്ത്രങ്ങൾ വലിച്ചു പറിച്ചു കളയവേ അയാൾ കണ്ടു മകന്റെ അടിവസ്ത്രങ്ങൾ ലേഡീസ് പാന്റീസായിരുന്നു.

ബനിയനു പകരം സ്പോർട്സ് ബ്രാ ആയിരുന്നു. ശരീരം മുഴുവനും വാക്സിങ്ങ് ചെയ്തു മിനുക്കിയിരുന്നു. ചുണ്ടുകൾ കടിച്ചുപിടിച്ച് കണ്ണടച്ചു തന്റെ മുന്നിൽ നിൽക്കുന്ന രൂപത്തിൽ നിന്ന് മകൻ ഇറങ്ങിപ്പോകുന്നത് അയാളറിഞ്ഞു. തിരികെ വരാനാവാത്തവണ്ണം.

വൈശാഖിന്റെ റിസൾട്ട് വന്നു. എല്ലാ വിഷയത്തിലും സ്കൂളിൽ ടോപ്പായിരുന്നു. അവൻ ആഗ്രഹിച്ച വിഷയത്തിനുതന്നെ ചേർന്നു പ്ലസ് ടു പൂർത്തിയാക്കി. ദുരിതപൂർണ്ണമായിരുന്നു ആ രണ്ടു വർഷങ്ങൾ. കുറ്റപ്പെടുത്തലും കളിയാക്കലും അനാവശ്യ സ്പർശനങ്ങളും സഹിച്ച് ആൺബെഞ്ചിൽ ഒതുങ്ങിക്കൂടി അവൻ പഠിച്ചു. മാർഗ്ഗം എത്ര ദുരന്തപൂർണ്ണമെങ്കിലും

അവന് ആ വഴിക്കപ്പുറം ഒരു ലക്ഷ്യമുണ്ടായിരുന്നു.

ഡിഗ്രിക്ക് തമിഴ്നാട്ടിൽ ഒരു കോളേജിൽ തന്നെ ചേരണം എന്നത് അവനു വാശിയായിരുന്നു. ശോഭ ടീച്ചർ അവന്റെ ഭാഗം ചേർന്നു ഭർത്താവിനോടു സംസാരിച്ചു.

'ഇവിടെ എല്ലാവരും അവനെ കോമാളിയാക്കിയിരിക്കയാണ്. അവൻ നന്നായി പഠിക്കുന്നുണ്ടല്ലോ. ദൂരെ ആണെങ്കിലും അതുകൊണ്ട് ഗുണമേ ഉണ്ടാകു. ചിലപ്പോൾ പട്ടണജീവിതം അവനെ നന്നാക്കാനും മതി.'

കോളേജു വിട്ടുകഴിഞ്ഞാൽ മനോഹരിയായി ചമഞ്ഞൊരുങ്ങി തെരുവുകളിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യം പരമാവധി അവൻ ആസ്വദിച്ചു.

ഒരു സായാഹ്നസവാരിക്കിടയിലാണ് അത് സംഭവിച്ചത്. തൊട്ടരികെ ഒരു കാർ വന്നു നിന്നതും  അതിനകത്തായതും എങ്ങനെയെന്ന് അവനറിഞ്ഞില്ല.

'ഞാൻ... എന്തിനാണ് എന്നെ പിടിച്ചു കൊണ്ട് പോകുന്നത്. വിട്. ഞാൻ നിങ്ങൾ കരുതും പോലെ അല്ല' മറുപടി ചുണ്ടുകളിൽ കനത്ത ഒരു ടേപ്പ് ആയി ഒട്ടിപ്പിടിച്ചിരുന്നു.

മിനിറ്റുകൾക്കകം കാർ ഒരു മാളികവീടിന് മുന്നിൽ നിന്നു. അവൻ രാജകീയമായി അലങ്കരിച്ച ഒരു കിടപ്പറയിലെത്തി. അവിടെ ഇരട്ടകട്ടിലിന് ഓരം ചേർന്നു അഗ്നിവേശ് റാവുത്തർ ഇരിപ്പുണ്ടായിരുന്നു.

അവന്റെ എതിർപ്പ് വകവെക്കാതെ അഗ്നിവേശ് മേലുടുപ്പ് വലിച്ചു മാറ്റി അവനെ മടിയിലേക്കു കിടത്തി. അവന്റെ പുരുഷത്വം കയ്യിൽ തട്ടിയ അയാൾ ക്രുദ്ധനായി മുഖമടച്ച് അവനെ പ്രഹരിച്ചു.

അഗ്നിവേശ് കുപ്രസിദ്ധനായിരുന്നു ലൈംഗിക കാര്യത്തിൽ. അയാൾക്ക് സ്ത്രീയും പുരുഷനും വേണ്ട. ഒരു സുന്ദരി രൂപമുള്ള ശിഖണ്ഡിയെ പ്രാപിക്കാനാണ് ഇഷ്ടം. പക്ഷേ, കോപം തണുത്തപ്പോൾ തന്റെ കിടക്കയിൽ കിടന്നു കരയുന്ന ചെറുക്കന്റെ രൂപം അവഗണിക്കാനായില്ല. വൈരൂപ്യവും ഓക്കാനവും വേദനകളും നിറഞ്ഞ വഴികൾ തീർന്നപ്പോൾ വൈശാഖിനു പോകാൻ അനുമതി കിട്ടി. അതിനു മുമ്പ് അവനെ അടുത്തിരുത്തി അയാൾ അവന്റെ ഗതികേടുകൾ കേട്ടു.

' നീ ഓപ്പറേഷൻ ചെയ്യണം. നീ ആഗ്രഹിച്ചത് നേടിയെടുക്കണം. പക്ഷേ, അതിനു പണം വേണം. ഇവിടെ ഈ പട്ടണത്തിൽ എന്റെ ഒരു പാട് പരിചയക്കാരുണ്ട്. എന്നെ പോലെ വൈവിധ്യം ഇഷ്ടമായവർ. വാരിക്കോരി കാശുതരും ദാ ഇതുപോലെ' അഗ്നിവേശ് അലമാര തുറന്നു ഒരു കെട്ട് നോട്ടുകൾ അവന്റെ മടിയിലേക്കിട്ടുകൊടുത്തു.

അവധി ദിവസങ്ങളിൽ അതു പതിവായി. അഗ്നിവേശിനും അയാളുടെ സുഹൃത്തുക്കൾക്കും വൈശാഖ് പ്രിയപ്പെട്ടവനായി. ആ കൂട്ടത്തിൽ സ്ത്രീകളും ഉണ്ടായിരുന്നു. സ്ത്രീശരീരത്തിന്റെ മനോഹാരിതയിൽ മത്തുപിടിപ്പിക്കുമ്പോൾ അവന്റെ ലാളന ഏറ്റു സ്ത്രീകൾ മതിമയങ്ങിയിരുന്നു. ഒരു വർഷം കഴിഞ്ഞ് വൈശാഖ് ബാങ്ക് പാസ്ബുക്കുമായി അഗ്നിവേശിനെ തേടി എത്തി.

പ്രസിദ്ധമായ ഒരു ആശുപത്രിയിൽ വെച്ച് അവന്റെ ആഗ്രഹസഫലമായി. മുറിച്ചു മാറ്റലും കൂട്ടിചേർക്കലും പ്ളാസ്റ്റിക് സർജറികളും ഹോർമോൺ തെറാപ്പികളും അവൻ ആസ്വദിച്ചു കാത്തിരുന്നു.

തന്നിൽ സ്ത്രീവസന്തം വിടരുന്നതും ആത്മാവുമായി കൂടിച്ചേരുന്നതുമായ അനുഭൂതി അവനറിഞ്ഞു. അഗ്നിവേശും കൂട്ടുകാരും അവനോടൊപ്പം അത് ആഘോഷമാക്കി. അവർ അവനു പുതിയ പേരു നൽകി വൈശാഖശോഭ. വൈശാഖശോഭ മാസങ്ങൾക്കുശേഷം നാട്ടിലേക്ക് മടങ്ങി. സുന്ദരിയായ ആ യുവതിയെ ആരും തിരിച്ചറിഞ്ഞില്ല. അമ്മ ഒഴികെ. പക്ഷേ, അമ്മ അവസാനമായി അവനു നേരെ വാതിൽ അടച്ചു കുറ്റിയിട്ടു.

വൈശാഖശോഭ അഗ്നിവേശിന്റെ അടുത്തേക്ക് തിരിച്ചു വന്നു. പഠനം തുടങ്ങി. അവളുടെ സ്ത്രീത്വം അഭിമാനപൂർവ്വം അഗ്നിവേശിന്റെ സ്വപത്നിത്വം സ്വീകരിച്ചു.

ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ അന്നാണ് അഗ്നിവേശ് അറ്റാക്ക് വന്നു മരിക്കുന്നത്.

തനിക്കായി നീക്കിവെച്ച ഭീമമായ ബാങ്ക് ബാലൻസും ഒരു പിടി ഓർമ്മകളുമായി അവൾ കേരളത്തിന്റെ തലസ്ഥാന നഗരിയിലെത്തി.

പഴമയുടെ ചീഞ്ഞ കുപ്പായകീശയിൽ ഇനിയും തന്നെ കല്ലെറിയാൻ ജനങ്ങൾ ചരൽക്കല്ലുകൾ സൂക്ഷിച്ചിട്ടുണ്ട് എന്ന് വളരെ വേഗം തന്നെ വൈശാഖശോഭ തിരിച്ചറിഞ്ഞു. തന്റെ മുപ്പതാം വയസ്സിൽ അവൾ ഇംഗ്ലീഷ് സാഹിത്യവുമായി പ്രസിദ്ധയായി തുടങ്ങി. സെമിനാർ, ക്ലാസുകൾ, പ്രസംഗവേദികൾ, ചാനലുകളിൽ മുഖാമുഖം. എന്നും തിരക്ക്.

ആ തിരക്കിലേക്ക് ഓരം ചേർന്നു ഒരു അവ്യക്ത രൂപം. അവൾ അതു ശ്രദ്ധിക്കാൻ തുടങ്ങി. എല്ലാ പൊതുപരിപാടികളിലും അവന്റെ സാന്നിധ്യം ഉറപ്പായിരുന്നു. തന്നെക്കാൾ ഇളയവനെന്ന് തോന്നിക്കുന്ന അവനെ ഒരു സാഹോദര്യ വാത്സല്ല്യത്തോടെ വൈശാഖശോഭ ചേർത്തുനിർത്തി. ആയിടെ അവൾക്ക് മുബൈയിൽ ഒരു പരിപാടിയും കൂടെ ഒരു കമ്പനിയുടെ പരസ്യചിത്രത്തിൽ അഭിനയിക്കാനും അവസരം വന്നു. കൂടെ പോകാൻ പുതിയ കൂട്ടുകാരൻ സന്നദ്ധനായി.

ഹാരിസ് ഖാൻ കൂടെ വരാം എന്നു പറഞ്ഞത് അവൾക്ക് ആശ്വാസമായി. ഹാരിസ് കുറേക്കാലം വടക്കേ ഇന്ത്യയിലായിരുന്നു. ഹിന്ദി നന്നായി അറിയാം. അവിടെ അവനു സുഹൃത്തുക്കളുണ്ട്. അതുകൊണ്ട് ഹോട്ടലിലെ വിരസതയിൽ രാപാർക്കേണ്ട.

അവന്റെ കൂട്ടുകാരൻ ഹൈദർ ഷേക്കിന്റെ ബംഗ്ലാവിലായിരുന്നു താമസം. ഹൈദറിന്റെ ഭാര്യ സഫീന വൈശാഖയുടെ കൈകളിൽചാരുതയോടെ മെഹന്തിയുടെ നിറവും ഹൈദരാബാദ് ശൈലിയിലെ രൂപരേഖകളും ചാർത്തി കൊടുത്തു. കല്ലുകളും മുത്തുകളും പതിപ്പിച്ച വിലകൂടിയ ഇസ്ലാമിക വസ്ത്രങ്ങളും ധരിച്ച് ഹൈദറിന്റെ കുടുംബത്തോടൊപ്പം ഒരു വിരുന്നിന് പോയ സന്ധ്യയിലാണ് വൈശാഖശോഭ അസ്കർ അലി ഷേക്കിനെ കാണുന്നത്. അയാളുടെ സുഭഗത ഏതൊരു സ്ത്രീയുടെയും ഹൃദയത്തിന്റെ ജാലകപ്പൊളി തുറക്കുന്നതായിരുന്നു. വൈശാഖശോഭ തുറന്നുപോയ ജാലകത്തിലൂടെ അസ്കറിനെ നോക്കിയിരുന്നു. അയാൾ അടുത്തുവരികയും അവളുടെ കൈകൾ ചേർത്തുപിടിച്ചു സംസാരിക്കയും ചെയ്തു.

പിന്നീട് ഹൈദർഷേക്കിന്റെ വീട്ടിലെ നിത്യ സായാഹ്ന അതിഥിയായി അസ്കർ. ദിവസങ്ങൾക്കകം അസ്കറിന്റെ വിദേശ കാറിലേറി അവൾ മുംബൈ കണ്ടു. പഞ്ചനക്ഷത്ര ഹോട്ടലുകളിൽ അവർ ഉടലറിഞ്ഞു. അഗ്നിവേശ് ഒഴിച്ചിട്ടുപോയ ഇടം അസ്കർ കയ്യേറുകയായിരുന്നു.

കേരളത്തിലേക്ക് അസ്കർ അവളോടൊപ്പം വന്നു. അവളുടെ കൊച്ചു ഫ്ലാറ്റ് വിട്ട് അസ്കർ ഒരു ആഡംബര ഫ്ലാറ്റ് അവളുടെ പേരിൽ വാങ്ങി.മാസങ്ങൾ പിന്നിട്ടു.

ഒരു ദിവസം വൈശാഖശോഭയുടെ എല്ലാ പ്രിയപ്പെട്ടവർക്കും സന്ദേശം എത്തി. വൈശാഖശോഭ വിവാഹം കഴിക്കുന്നു. നാളെ ഉച്ച ഭക്ഷണം ദമ്പതികളുടെ കൂടെ. ആരാണ് വരൻ എന്നാർക്കും അറിയില്ല. അറിഞ്ഞവർ മൗനം പാലിച്ചു.

തലസ്ഥാനത്തെ പഞ്ചനക്ഷത്രഹോട്ടലിലെ അങ്കണം വിവാഹ പന്തലായി അണിഞ്ഞൊരുങ്ങി. കൃത്യം പതിനൊന്ന് മണിക്ക് ഓഡിറ്റോറിയം തുറന്നു അവിടെ വിവാഹമണ്ഡപം ഒരുങ്ങിയിരുന്നു. ചന്ദ്രശോഭയോടെ തിളങ്ങുന്ന മുഖം മാത്രം വെളിയിൽ കാണാം, കറുത്ത ബുർഖക്കുള്ളിൽ വൈശാഖശോഭ. ഇടിമുഴങ്ങിയ പ്രതീതിയോടെ ഏവരും എഴുന്നേറ്റു ആ കറുത്ത നീണ്ട കുപ്പായത്തിലേക്ക് ഭീതിയോടെ നോക്കി. പക്ഷെ, വധു ആഹ്ലാദവതിയായി ഇവന്റ് മാനേജർക്കുനേരേ കൈനീട്ടി മൈക്ക് വാങ്ങി. അവളുടെ പുരുഷരസം കലർന്ന ശബ്ദം സ്പീക്കറിലൂടെ ഒഴുകി എത്തി.

'പ്രിയരേ എന്റെ വിവാഹത്തിന് ഏവർക്കും സ്വാഗതം. ഞാൻ അസ്കർ അലി ഷേക്ക് എന്ന ഉറുദു എഴുത്തുകാരനെ വിവാഹം കഴിക്കുന്നു. മതവും ജാതിയും നോക്കി അല്ല ഞങ്ങൾ പ്രണയിച്ചത്. പക്ഷേ, ഞാൻ അസ്കർ വിശ്വസിക്കുന്ന അനുഷ്ഠിക്കുന്ന പ്രമാണത്തിലേക്ക് മാറിയിരിക്കുന്നു. ഇനിയും ഏകാന്ത ജീവിതം വയ്യ. ചേർത്തുപിടിക്കാൻ ഒരു കുടുംബമില്ലാതെ മുന്നോട്ടു നീങ്ങാൻ വയ്യ. അതുകൊണ്ട് അനുഗ്രഹിക്കണം. കൂടെ നിൽക്കണം 'അവൾ കൈകൂപ്പി. അതു കാണാൻ നിൽക്കാതെ ഉപഹാരപ്പെട്ടികൾ പോലും അവിടെ ഇട്ട് ഒരു വിഭാഗം ഇറങ്ങിപ്പോയി. വിദ്യാർഥികളും എഴുത്തുകാരും അധ്യാപകരും നിയമപാലകരും രാഷ്ട്രീയക്കാരും എല്ലാം അതിൽ പെടുമായിരുന്നു. പിറ്റേന്ന് എല്ലാ പ്രമുഖ പത്രങ്ങളിലും വൈശാഖശോഭ എന്ന ഫാത്തിമവൈശാഖയുടെ പടവും വാർത്തയും ആയിരുന്നു. അവൾ ലോകത്തിലെ ആദ്യത്തെ ട്രാൻസ്ജെൻഡർ ആയ മതം മാറിയവളായി ലോകം അറിഞ്ഞു.

അസ്കർ മഹർ ആയി അവളുടെ മൈലാഞ്ചി കൈകളിൽ നൂറ്റൊന്നു പവന്റെ കാപ്പുകൾ അണിയിച്ചു. വേദിയിൽ നിന്നും അവർ നേരെ മധ്യകേരളത്തിലെ ഒരു ഉൾനാടൻ പട്ടണത്തിലേക്ക് വരികയായിരുന്നു.

ഒരു മാസം അടച്ചിട്ട മുറിയിൽ മത അച്ചടക്ക പഠനവും ആരാധനാക്രമങ്ങളും പഠിപ്പിക്കലായിരുന്നു. എല്ലാം അതിജീവിച്ച് അവൾ പുറത്തിറങ്ങി. തന്റെ പൂജാമുറിയിനിന്നും പരമേശ്വരൻ പടിയിറക്കപ്പെട്ടിരിക്കുന്നു എന്നും നിലവിളക്കുകൾ തിരിയണക്കപ്പെട്ടിരിക്കുന്നുവെന്ന് അവളറിഞ്ഞു. നിലത്തുവിരിച്ചിട്ട കമ്പളവും തുറന്നു

വെച്ച തടിച്ച പുസ്തകവും ആണ് തനിക്ക് അസ്കറിന്റെ ദീർഘായുസ്സിനും തന്റെ നെടുമംഗല്യത്തിനും ദൈവത്തോട് തേടാനുള്ള വഴി തുറക്കുക

അവളുടെ ലോകം അസ്കറിലേക്ക് ചുരുങ്ങികൂടുകയായിരുന്നു. അധികം പൊതുപരിപാടികൾ പങ്കെടുക്കാതെ അഭിമുഖങ്ങൾക്കു മുഖം കൊടുക്കാതെ ഫാത്തിമവൈശാഖി ഒതുങ്ങി കൂടി. അതോ എഴുത്തിന്റെ ലോകത്തോടു ചെയ്ത അനീതിക്കെതിരെ ലോകം മുഖം തിരിച്ചതോ! പതിനേഴാം രാവുകൾ പലതവണ പുലർന്നസ്തമിച്ചു. അസ്കർ ഫാത്തിമവൈശാഖിയെ സന്ദർശിക്കുന്ന ഇടവേളകൾ നീണ്ടു പോയി. ജാലകതിരശീലനീക്കി കാരക്കയും ഏലവും ചവച്ചു അവൾ കാത്തുനിന്നു. ഒരിക്കൽക്കൂടി അവനെത്തി. കൂടെ പള്ളി അധികാരികളും.

നീണ്ട ഗ്ലാസിൽ ഏഴു വർണ്ണങ്ങൾ വിടർത്തിയ ഫലൂദ നൽകി. അവൾ അവരെ സൽക്കരിച്ചു. അവൾ സെറ്റിയിൽ ഇരുന്നു. കൺനിറയെ അസ്കറിനെ കാണുകയായിരുന്നു. അവൻ പറയാൻ തുടങ്ങിയത് ഹൃദയത്തിന്റെ കാത് തുറന്നു കേൾക്കാനവൾ വെമ്പി. അവൻ പറഞ്ഞുതുടങ്ങി 'ഞാൻ അസ്കർ അലി ഷേക്ക് എന്റെ മൂന്നാമത്തെ വധുവായ ഫാത്തിമ വൈശാഖി എന്ന സ്ത്രീയെ മൊഴിചൊല്ലുന്നു. മസ്ജിദ് അധികാരികൾ സാക്ഷി. തലാഖ് തലാഖ് തലാഖ്.

ഒന്നും തിരിച്ചറിയാതെ അവൾ പകച്ചിരുന്നു. പള്ളി അധികാരി എഴുന്നേറ്റു വിശദീകരിച്ചു' ഫാത്തിമാ നിങ്ങളെ അസ്കർ മൊഴിചൊല്ലിയിരിക്കുന്നു. അതും നിങ്ങളുടെ മുന്നിൽ വെച്ച്. നിങ്ങളുടെ ശാരീരികാവസ്ഥയും മാനസികനിലയുമായി ഇനിയും പൊരുത്തപ്പെടാനാകാത്തതിൽ

കാരണം ബോധിപ്പിച്ചു മൂന്ന് തവണ തലാഖ് ചൊല്ലിയിരിക്കുന്നു. ഇനിയും അസ്കർ അലിഷേക്കിന്റെ യാതൊരുവിധ സ്വത്തിനും അയാളുമായി ഒരു ബന്ധത്തിനും നിങ്ങൾ അർഹയല്ല. '

അവർ ഇറങ്ങിപ്പോയ വാതിലിനുമുന്നിൽ അവൾ വീണ്ടും അമ്പരപ്പോടെ നിന്നു. ആരോ പ്രചരിപ്പിച്ചു ഫാത്തിമ വൈശാഖി വീണ്ടുമൊരു തിരിച്ചു പോക്കിന് ഒരുങ്ങുകയാണ് എന്ന്. അതോടെ

ഭീഷണിയുടെ കാലങ്ങളായി പിന്നെ. വാചാലമായി ജീവിതത്തെ കൂടെ കൊണ്ടുനടന്നിരുന്ന അവൾക്ക് ഏകാന്തത അരോചകമായിരുന്നു. ജീവിതം തികച്ചും നിശബ്ദമായി. അരങ്ങുകളില്ല പ്രസംഗങ്ങളില്ല, ക്ലാസ് മുറികളിലെ സാന്നിധ്യമില്ല. ഒരു വരുമാന മാർഗം പോലും മുന്നിലില്ല. ബാങ്ക് ബാലൻസു തീർന്നു. ആരും കടംതരാനില്ല. ഫാത്തിമ വൈശാഖി ഫ്ലാറ്റ് വിൽക്കാൻ തിരുമാനിച്ചു. അപ്പോഴാണ് അറിയുന്നത് ആ ഫ്ലാറ്റ് അസ്കറിന്റെ പേരിലാണ്. ഭീമമായ തുക ടാക്സിന്റെ പേരിൽ വന്നപ്പോൾ അവൾ വീടുവിട്ട് ഇറങ്ങി. അസ്കർ മഹർ ഇട്ടിരുന്ന സ്വർണ്ണ കാപ്പുകളിൽ പലതും ഓരോ കാര്യങ്ങൾക്കായി അയാൾ തിരികെ വാങ്ങിയിരുന്നു. അവശേഷിക്കുന്ന നാല് കാപ്പുകൾ നല്ല ഭാരമുള്ളവയാണ്. വിറ്റാൽ ഒരു കൊച്ചു ഫ്ലാറ്റ് വാടകക്കെടുക്കാം. അവൾ സ്വർണ്ണക്കടയിലെത്തി. കാപ്പുകൾ ചെക്കിങ്ങിനുകൊണ്ടുപോയ ആൾ തിരിച്ചു വന്നു മാനേജറുടെ ചെവിയിലെന്തോ രഹസ്യം പറയുന്നു. അയാൾ ചോദിച്ചു 'മാഡം ഈ വളകൾ എവിടെ നിന്ന് കിട്ടി'

'ഞാൻ ഫാത്തിമ വൈശാഖി. എന്റെ ഭർത്താവ് അസ്കർ മെഹറായി തന്നതാണ് ഈ വളകൾ. എന്താ കാര്യം?'

'മാഡം നിങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. ഇത് സ്വർണ്ണമല്ല'

എന്റെ മകൾ ഞായറാഴ്ച അവധിക്കു വന്നപ്പോഴാണ് പറയുന്നത് 'അമ്മാ അമ്മയുടെ ഒക്കെ എഴുത്തുകാലത്ത് ഒരു ട്രാൻസ്ജെൻഡർ ഇല്ലായിരുന്നോ. മതം മാറ്റവും ഒക്കെ വിവാദങ്ങളായിട്ട്? '

' അതേ ഫാത്തിമ വൈശാഖി. എന്താ'

'അവർ എന്റെ ഓഫീസിനടുത്തുള്ള ഒരു ഭാരതീയം എന്ന അനാഥാലയത്തിലുണ്ട്'

'പോടി പെണ്ണേ അവർ ഉപേക്ഷിക്കപ്പെട്ടെങ്കിലും ധനികയാണ്'

'അല്ല. എല്ലാവരും പറയുന്നത് അവരാണ് എന്നാ'

എന്നിൽ ഉറങ്ങിക്കിടന്നിരുന്ന പത്രപ്രവർത്തക തലയുയർത്തി. തിങ്കളാഴ്ച അവളോടൊപ്പം ആലുവയിലേക്ക് ഞാനും പുറപ്പെട്ടു.

സിമന്റ് അടർന്ന തറയിൽ ശൂന്യതയിലേക്ക് കണ്ണും നട്ട് ഒരു മെലിഞ്ഞുണങ്ങിയ മുഷിഞ്ഞ തുണി ചുറ്റിയ രൂപം. സ്ത്രീരൂപം ലഭിച്ചു കഴിഞ്ഞു തിരുവനന്തപുരം നഗരത്തിലെ തുണിക്കടകളിൽ ഏറ്റവും മുന്തിയ സാരി തിരഞ്ഞെടുത്തിരുന്നു വൈശാഖി ശോഭ. മൈക്കിനുമുന്നിൽ ഇംഗ്ലീഷ് ഭാഷാ സംഗീതസരണി പോലെ പ്രസംഗിച്ചിരുന്നു അവർ. അതിബുദ്ധി മതി ആയിരുന്നു. മോഹങ്ങളുടെ പ്രണയത്തിന്റെ കുത്തൊഴുക്കിൽ തുഴനഷ്ടം വന്ന തോണിക്കാരിയായി. തിരിച്ചിറങ്ങുമ്പോൾ ആ കണ്ണുകളിൽ സ്വപ്നങ്ങൾ ചാരമായി കിടക്കുന്നത് ഒരു നോക്കു കണ്ടു. അപ്പോൾ ആശ്വസിച്ചു, നഷ്ടപ്പെട്ട സ്വന്തം പ്രണയം ദുരന്തമാകാതിരുന്നതിന്.

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara